.

**ധനകാര്യം**

## 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. ശക്തൻ): സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. പ്രശസ്ത ആംഗലേയ കവിയായ ജോൺ കീറ്റ്സിന്റെ ഒരു വരി എടുത്തുപറയട്ടെ. "A thing of beauty is a joy for ever" - സുന്ദരമായ ഒരു വസ്തു എപ്പോഴും സന്തോഷത്തെ നൽകിക്കൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റും ജനങ്ങൾക്ക് എപ്പോഴും സന്തോഷത്തെ നൽകിക്കൊണ്ടിരിക്കുന്നു. അധികാരത്തിൽ വന്നിട്ട് രണ്ട് വർഷം തികയാൻ പോകുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന മൂന്നാമത്തെ ബഡ്ജറ്റാണിത്. മുമ്പ് അവതരിപ്പിച്ച രണ്ട് ബഡ്ജറ്റുകളും നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ അവതരിപ്പിച്ച ഏറ്റവും നല്ല ബഡ്ജറ്റുകളായിരുന്നു. എന്നാൽ അതിനേക്കാൾ ഒരു പടികൂടി മുന്നിൽ നിൽക്കുന്ന ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ജീവിതത്തിലും രാഷ്ട്രീയത്തിലും ഭരണത്തിലും വേഗത ഒരു മുഖമുദ്രയാക്കി മാറ്റിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ഇന്ന് ഇൻഡ്യയിലെ മറ്റ് മുഖ്യമന്ത്രിമാർ ഒരു മാതൃകയായി സ്വീകരിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മറ്റ് മുഖ്യമന്ത്രിമാർ അനുകരിച്ചുതുടങ്ങിയിരിക്കുന്നു. അധികാരത്തിൽ വന്ന ഉടൻ 100 ദിവസത്തിനകത്ത് 107 പരിപാടികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും ആ ദിവസത്തിനകത്തുതന്നെ 102 പരിപാടി

കൾ പൂർത്തിയാക്കുകയും ചെയ്ത കർമ്മനിരതനായ മുഖ്യമന്ത്രി ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. വികസനത്തിന്റെ വിഹായസ്സിൽ പറന്നുയരാൻ ശ്രമിക്കുന്ന കേരളത്തിന് പുത്തൻ ചിറകുകൾ നൽകുന്ന ഒരു ബഡ്ജ റ്റാണിതെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. എൺപതിന്റെ നിറവിൽ നിൽക്കുന്ന ബഹുമാനപ്പെട്ട കെ.എം. മാണി 40-ന്റെ ചുറുചുറുക്കോടെ അവത രിപ്പിച്ചിരിക്കുന്ന പതിനൊന്നാമത്തെ....

<u>മി. സ്പീക്കർ:</u> ശ്രീ. കെ. എം. മാണിയുടെ വയസ്സ് എന്തിനാണിവിടെ പ്രഖ്യാപിക്കുന്നത്.

<u>ശ്രീ. എൻ. ശക്തൻ:</u> സർ, അത് എല്ലാവർക്കുമറിയാം. 40-ന്റെ ചുറു ചുറുക്കോടെ അവതരിപ്പിച്ചിരിക്കുന്ന പതിനൊന്നാമത്തെ ബഡ്ജറ്റ് കേരള ത്തിൽ ഇന്നുവരെ ഒരു ധനകാര്യമന്ത്രിക്കും 11 ബഡ്ജറ്റ് അവതരിപ്പിക്കുവാ നുള്ള ഭാഗ്യമുണ്ടായിട്ടില്ല. ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും ഒരു ധനകാര്യവകുപ്പുമന്ത്രിക്കും അതിന് കഴിഞ്ഞിട്ടില്ല എന്നാണ് ഞാൻ വിശ്വസി ക്കുന്നത്. പാർലമെന്റിലും അതിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റിന് ഇനി മൂന്നുവർഷം കൂടിയുണ്ട്. ആ മൂന്ന് വർഷവുംകൂടി ബഡ്ജറ്റ് അവതരിപ്പിച്ചു കഴിയുമ്പോൾ ശ്രീ. കെ.എം. മാണിയുടെ റിക്കോർഡ് പതിനൊന്നിൽ നിന്ന് പതിനാലായി മാറുകയാണ്. ഇൻഡ്യ കണ്ട ഏറ്റവും പ്രഗൽഭനായ ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ.എം. മാണിയെന്ന് പറയാൻ ഞാൻ ആഗ്രഹി ക്കുന്നു. രണ്ട് വർഷംകൂടി കഴിയുമ്പോൾ മറ്റൊരു റിക്കോർഡുകൂടി ശ്രീ. കെ. എം. മാണി സൃഷ്ടിക്കുകയാണ്. ഈ നിയമസഭയിൽ വന്നിട്ട് തുടർച്ച യായി 50 വർഷം പൂർത്തിയാക്കുന്ന ഒരു നിയമസഭാംഗം എന്ന റിക്കോർഡു കൂടി രണ്ട് വർഷം കഴിയുമ്പോൾ ശ്രീ. കെ. എം. മാണിക്ക് ലഭിക്കുകയാണ്.

ആർക്കും ഈ നിയമസഭയിൽ ഇതുവരെ 50 വർഷം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 48 വർഷം ശ്രീ. കെ.എം. മാണി പൂർത്തിയാക്കി. ഈ നിയമസഭയുടെ കാലാവധിക്കുള്ളിൽത്തന്നെ 50 വർഷവും പൂർത്തിയാക്കും. അത് ഇൻഡ്യയിൽത്തന്നെ മറ്റ് ഒരു സംസ്ഥാനത്തും ആർക്കുമതിനുകഴിഞ്ഞിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പാർലമെന്റിലും ആർക്കും അതിന് കഴിഞ്ഞിട്ടില്ല. ബ്രിട്ടീഷ് പാർലമെന്റിലും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലും അദ്ധ്വാന വർഗ്ഗ സിദ്ധാന്തം അവതരിപ്പിച്ച് അന്തർദേശീയ ആദരവ് പിടിച്ചുപറ്റിയ കേരളത്തിന്റെ അഭിമാനമാണ് ശ്രീ. കെ. എം. മാണി. ഒരു യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു ധനകാര്യവകുപ്പുമന്ത്രിയുടെ പേരിൽ ബഡ്ജറ്റ് പഠനകേന്ദ്രം ആരംഭിക്കുന്നതും കേരളത്തിൽ മാത്രമാണെന്ന് എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ പതിനൊന്ന് ബഡ്ജറ്റുകളിലൂടെ ഇൻഡ്യയ്ക്ക് മാതൃകയാകാവുന്ന ഒട്ടേറെ കാര്യങ്ങൾ കൊണ്ടുവരുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും ശ്രീ. കെ. എം. മാണിയുടെ ബുദ്ധിവൈഭവത്തിനും ഭാവനയ്ക്കും അനുഭവസമ്പത്തിനും കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. കർഷകത്തൊഴിലാളി പെൻഷനും കർഷക പെൻഷനും ഇൻഡ്യയിൽ ആദ്യമായി നടപ്പിലാക്കിയത് ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റുകളിലൂടെയാണ്. ലോകം മുഴുവൻ സാമ്പത്തിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ റവന്യൂ കമ്മിയും ധനകമ്മിയും പൊതുകടവും അനുവദനീയമായ നിരക്കിൽ നിറുത്തിക്കൊണ്ട് ജനക്ഷേമകരമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുകയെന്നുള്ളത് വളരെ ശ്രമകരമായ ഒരു ജോലിയാണ്. അത്യന്തം മോശമായ സാമ്പത്തിക സാഹചര്യം നിലനിൽക്കുമ്പോഴാണ് ഈ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ

വന്നത്. എന്നാൽ ദീർഘവീക്ഷണവും സാമ്പത്തിക അച്ചടക്കവുംകൊണ്ട് ആ പ്രതിസന്ധികളെ മുഴുവൻ തരണം ചെയ്യുന്നതിന് കഴിഞ്ഞു, ഇപ്പോൾ ഗവൺമെന്റിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടുവരികയാണ്. സമൂഹത്തിന്റെ അടിത്തട്ടിലുള്ള ദുർബല വിഭാഗങ്ങൾക്കും സാധാരണക്കാർക്കും പാവപ്പെട്ട വർക്കും ഇടത്തരക്കാർക്കും ആനുകൂല്യങ്ങൾ വാരിക്കോരി കൊടുക്കുന്ന ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞപ്പോൾത്തന്നെ കേരളത്തിലെ ജനങ്ങൾ പൊതുവെ ഇതിനെ സ്വാഗതം ചെയ്തിരിക്കുകയാണ്.

പ്രതിപക്ഷം ഉൾപ്പെടെ നിയമസഭയ്ക്ക് അകത്തും പുറത്തുമുള്ള മുഴുവൻ ആളുകളും ഈ ബഡ്ജറ്റിനെ ഏകദേശം പൂർണ്ണ മനസ്സോടുകൂടി സ്വാഗതം ചെയ്തിരിക്കുകയാണ്. ചില ചാനലുകളും പത്രങ്ങളും ഈ ബഡ്ജറ്റിനെക്കുറിച്ച് വളരെ നല്ല അഭിപ്രായം പറഞ്ഞു. മാണിസാറിന്റെ മാജിക്കാണെന്നുവരെ എടുത്തുപറഞ്ഞ മാധ്യമങ്ങളുണ്ടെന്നുള്ളത് സന്തോഷകരമായ ഒരു വസ്തുതയാണ്. മാജിക്ക് എന്നു പറഞ്ഞാൽ എന്താണ്? അത് എങ്ങനെ സംഭവിക്കുന്നു എന്ന അതിശയത്തോടുകൂടി, ഉത്കണ്ഠയോടുകൂടിയാണ് നമ്മൾ മാജിക് കാണുന്നത്. അത് സത്യമാണ്, പക്ഷെ അതെങ്ങനെ നടന്നു എന്ന് നമുക്ക് അതിശയം തോന്നാം. ആ അർത്ഥത്തിൽ തീർച്ചയായും ഇതൊരു മാജിക്കാണ് എന്നുപറഞ്ഞാലും തെറ്റില്ല. കഴിഞ്ഞ ബഡ്ജറ്റ് മാണിസാർ ഇവിടെ അവതരിപ്പിച്ചപ്പോൾ ഈ സഭയിലെ എല്ലാപേരും സ്തംഭിച്ചിരുന്നു പോയ ഒരു കാര്യമുണ്ട് അതിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം, എം.എൽ.എ. ഫണ്ടായ ഒരു കോടി രൂപയ്ക്കു പുറമെ ഓരോ നിയോജകമണ്ഡലത്തിനും അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ടായി 5 കോടി രൂപ വീതം നൽകുന്നു എന്നാണ്. കേരളത്തിൽ ഇന്നുവരെ അങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ല. ഈ നിയമസഭ

യിൽ എപ്പോഴും പറഞ്ഞുകേൾക്കുന്ന ഒരു പരാതി ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും പ്രതിപക്ഷത്തിന് ഒന്നും കൊടുക്കുന്നില്ല, ഭരണകക്ഷിക്ക് കൂടുതൽ കൊടുക്കുന്നു എന്നാണ്. പക്ഷെ അതിൽനിന്ന് വ്യത്യസ്തമായി, കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും വികസനപ്രവർത്തനങ്ങൾ നടക്കണമെന്ന സദുദ്ദേശത്തോടുകൂടി ആദ്യമായിട്ടാണ് അത് പ്രഖ്യാപിച്ചത്. പ്രതിപക്ഷ എം.എൽ.എ.മാരുൾപ്പെടെയുള്ള എല്ലാപേർക്കും അവരവരുടെ നിയോജകമണ്ഡലത്തിൽ തലയുയർത്തിപ്പിടിച്ചു നടക്കാൻ കഴിയുന്നത് അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് വന്നതുകൊണ്ടാണ്. മറ്റ് വികസനങ്ങൾക്കുപുറമേയാണിത് കൊടുത്തത്. 700 കോടി രൂപയുടെ ചെലവാണിതുമൂലം ഉണ്ടായത്. അന്ന് ആ പ്രഖ്യാപനം വന്നപ്പോൾ ഇത് നടക്കാൻ പോകുന്ന കാര്യമല്ല എന്ന ഒരഭിപ്രായം ഉയർന്നു വന്നു, ഇതിനെക്കുറിച്ച് ചോദ്യം ചെയ്യുകയുണ്ടായി. അങ്ങനെയൊരു ഫണ്ടില്ലായെന്ന് ഇന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ആർക്കെങ്കിലും കിട്ടിയില്ലായെന്ന് പറയാൻ കഴിയുമോ? 700 കോടി രൂപ ബാധ്യതയുള്ള ഒരു വൻ പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ കൊണ്ടുവന്ന് അത് യാഥാർത്ഥ്യമാക്കി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുന്ന സമയത്ത് നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്ക് 10.09 ശതമാനമായിരുന്നു. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്ന് 5 വർഷം ഭരിച്ചു. ആ 5 വർഷത്തെ സാമ്പത്തിക വളർച്ചാ നിരക്ക് ശരാശരി എടുത്തപ്പോൾ 7.58 ശതമാനം മാത്രമാണ്. 10.09 ശതമാനത്തിൽ നിന്ന് 7.58 ശതമാനത്തിലേക്ക് 5 വർഷം കൊണ്ട് വളർച്ചാനിരക്ക് കൊണ്ടുവന്നു. വീണ്ടും യു.ഡി.എഫ്. അധികാരത്തിൽ വന്നു. ആദ്യത്തെ ഒരു വർഷം കൊണ്ടുതന്നെ 9.5 ശതമാനത്തിലെത്തിക്കാൻ കഴിഞ്ഞു. ഈ സാമ്പത്തിക

വർഷം അവസാനിക്കുമ്പോൾ അത് 9.5 ശതമാനത്തിൽ നിന്ന് ഇനിയും വർദ്ധിക്കാൻ പോകുകയാണ്. അധികം കഴിയുന്നതിനുമുമ്പ് സാമ്പത്തിക വളർച്ചാ നിരക്ക് രണ്ടക്കത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാണ് ശ്രമിക്കുന്നത് എന്ന് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്-ന്റെ 5 വർഷക്കാലത്ത് മൂലധന ചെലവ് 9,497 കോടിയായിരുന്നു. എന്നാൽ യു.ഡി.എഫ്. അധികാരത്തിൽ വന്ന് 2 വർഷത്തിനുള്ളിൽത്തന്നെ, ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് 8,000 കോടിയാണെങ്കിൽ പോലും മാർച്ച് മാസം 31-ാം തീയതി കഴിയുമ്പോഴേക്കും മൂലധന ചെലവ് പതിനായിരം കോടിയോളം എത്തുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ 5 വർഷത്തെ മൂലധന ചെലവിന്റെ അത്രയുമെത്തിക്കാൻ അല്ലെങ്കിൽ അതിൽ കൂടുതൽ എത്തിക്കാൻ ഈ ഗവൺമെന്റിന്റെ രണ്ട് വർഷം കൊണ്ട് കഴിഞ്ഞു എന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷം പ്രതിശീർഷ വരുമാനം (per capita income) 55,667 രൂപയായിരുന്നു. എന്നാൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യവർഷം തന്നെ അത് 60,536 രൂപയാക്കി ഉയർത്താൻ കഴിഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷം 2010-2011-ൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 30,990 കോടി രൂപയായിരുന്നു. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യവർഷം അത് 38,010 കോടി രൂപയായി. യു.ഡി.എഫ്. ഗവൺമെന്റിന്റെ രണ്ടാമത്തെ വർഷം, അതായത് 2012-2013-ൽ 48,269 കോടി രൂപയായി. മൂന്നാം വർഷം അത് 58,057 കോടി രൂപയായി. മൂന്നു വർഷം

കൊണ്ടുതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ 5 വർഷത്തേതിന്റെ ഏതാണ്ട് ഇരട്ടിയിലധികം കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിയുകയാണ്. ധനകമ്മിയുടെ കാര്യമെടുത്താൽ, 13-ാം ധനകാര്യ കമ്മീഷൻ പറഞ്ഞിരിക്കുന്നത് നമ്മുടെ ജി.എസ്.ഡി.പി.യുടെ 3 ശതമാനം വരെ ധനകമ്മി(fiscal deficit) ആകാം എന്നാണ്. എന്നാൽ ഈ ബഡ്ജറ്റിൽ, അതിനും താഴെകൊണ്ടുവന്ന് 2.82 ശതമാനത്തിൽ നിറുത്താൻ കഴിഞ്ഞു എന്നുള്ളത് സന്തോഷകരമായ ഒരു വസ്തുതയാണ്. പദ്ധതി അടങ്കലിൽ 17,000 കോടി രൂപയിൽ 4,000 കോടിയോളം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്. നിലവിലുള്ളതിനെക്കാൾ 24 ശതമാനം കൂടുതലാണിത്. ഇതെല്ലാമാണെങ്കിലും ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ പ്രശ്നം നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവുതന്നെയാണ്. ലോകം മുഴുവൻ സാധനങ്ങളുടെ വില വർദ്ധിക്കുകയാണ്. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും സാധനങ്ങളുടെ വില വർദ്ധിക്കുന്നു. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും വില വർദ്ധിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ തന്നെ ചെയ്ത ഒരു നല്ല കാര്യം പാവപ്പെട്ടവർക്ക് ഒരു കിലോ അരിക്ക് ഒരു രൂപവച്ച് ഒരു മാസം 25 കിലോ അരിയും 2 രൂപ നിരക്കിൽ 8 കിലോ ഗോതമ്പും കൊടുക്കാൻ തീരുമാനിച്ചു എന്നതാണ്. അതോടൊപ്പം എ.പി.എൽ. വിഭാഗത്തിന് ഒരു കിലോ അരിക്ക് 2 രൂപ വച്ച് ഒരു മാസം 10 കിലോ അരിയും 2 രൂപ വച്ച് ഗോതമ്പും കൊടുക്കുന്നു. ഇത്രയുമായപ്പോഴേക്കും അരിയുടെ വില താഴ്ത്തിക്കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. ഇപ്പോൾ അരിയുടെ വില കുറഞ്ഞുതുടങ്ങി. ഒരു കിലോ അരിക്ക് 6-8 രൂപ

യുടെ കുറവ് നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുന്നു എന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ്. .........(ബഹളം).........അടുത്തകാലത്തായി അരിയുടെ വിലയിൽ ആറേഴ് രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഒരു സംശയവുമില്ല. സംശയമുണ്ടെങ്കിൽ ഒന്ന് പരിശോധിക്കണം. ഈ ഗവൺമെന്റ് ഒരു വർഷം അരിക്കുമാത്രം കൊടുക്കുന്ന സബ്സിഡി 640 കോടി രൂപയാണ്. കഴിഞ്ഞ ഗവൺമെന്റ് അരിക്ക് ഒരു വർഷം സബ്സിഡി കൊടുത്തിരുന്നത് വെറും 283.5 കോടി രൂപയാണ്. ഈ ഗവൺമെന്റ് അരി ഉൾപ്പെടെയുള്ള അത്യാവശ്യ സാധനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിലൂടെയും സഹകരണ വകുപ്പിലൂടെയും സാധാരണക്കാർക്ക് സബ്സിഡി നൽകികൊണ്ട് കൊടുക്കുന്നുണ്ട്. അതിനുവേണ്ടി ഒരു വർഷം 205 കോടി രൂപ ഈ ഗവൺമെന്റ് ചെലവഴിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് വെറും 76.31 കോടി രൂപയായിരുന്നു. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികൾ ഞാൻ ഓരോന്നായി വിശദീകരിക്കുന്നില്ല. കഴിഞ്ഞ 5 വർഷം ഭരിച്ചിട്ടും ഇടതുപക്ഷ ഗവൺമെന്റിന് സ്മാർട്ട് സിറ്റി നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്നത് യാഥാർത്ഥ്യമായിരിക്കുന്നു. സ്മാർട്ട് സിറ്റിയുടെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. അതുപോലെതന്നെ കൊച്ചി മെട്രോ യാഥാർത്ഥ്യമാകുന്നു. തിരുവനന്തപുരത്തും കോഴിക്കോടും മോണോ റെയിൽ. ഞാൻ ഓരോ പദ്ധതിയിലേക്ക് വരുന്നില്ല. ദീർഘനാളുകളായി നമ്മൾ ആവശ്യപ്പെട്ടിരുന്ന നമ്മുടെ സ്വപ്നപദ്ധതികളെല്ലാം യാഥാർത്ഥ്യമാകുന്നു. മാണിസാറിന്റെ കഴിഞ്ഞ 11 ബഡ്ജറ്റും നോക്കിയാൽ ഒരു കാര്യം കാണാൻ കഴിയും. ഞാൻ നിയമസഭയിൽ അംഗമാണെങ്കിലും അല്ലെങ്കിലും മാണിസാറിന്റെ ബഡ്ജറ്റുകൾ വായിക്കുന്ന ഒരു സ്വഭാവം എനിക്ക് ആദ്യം മുതലേ ഉണ്ട്. ഞാൻ 11 ബഡ്ജറ്റും

വായിച്ചിട്ടുണ്ട്. സമൂഹത്തിന്റെ അടിത്തട്ടിലുള്ള ദുർബല വിഭാഗങ്ങൾക്ക്, പാവപ്പെട്ടവർക്ക് വാരിക്കോരി കൊടുക്കുന്ന ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ മാണിസാറിന്റെ എല്ലാ ബഡ്ജറ്റിലും കാണാൻ കഴിയും. വിധവകൾക്കും അഗതികൾക്കുമുള്ള പെൻഷൻ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 300 രൂപയായിരുന്നു. അത് ഈ ഗവൺമെന്റ് വന്നപ്പോൾ 400 രൂപയും പിന്നീട് 525 രൂപയും ഇപ്പോൾ 700 ഉം രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുപോലെതന്നെ വിധവകളുടെ പെൺകുട്ടികളുടെ വിവാഹ ധനസഹായം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 10,000 രൂപയായിരുന്നത് ഈ ഗവൺമെന്റ് അധികാരമേറ്റ ഉടനെ 20,000 രൂപയാക്കി, ഇപ്പോൾ അത് 30,000 രൂപയാക്കി ഉയർത്തിയിരിക്കുന്നു. ക്യാൻസർ രോഗികൾക്കും കുഷ്ഠരോഗികൾക്കും ക്ഷയരോഗികൾക്കുമുള്ള പെൻഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 200 രൂപയായിരുന്നു. ഈ ഗവൺമെന്റ് അത് ആദ്യം 525 രൂപയും ഇപ്പോൾ 800 രൂപയുമാക്കി വർദ്ധിപ്പിച്ചു. 200 രൂപയായിരുന്ന പെൻഷൻ രണ്ടുവർഷം കൊണ്ട് 800 രൂപയാക്കി ഉയർത്താൻ കഴിഞ്ഞു. കിഡ്നി രോഗികൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ ഇല്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി തുടങ്ങി. അത് 525 രൂപയിൽ തുടങ്ങി ഇപ്പോൾ 900 രൂപയാക്കി ഉയർത്തിയിരക്കുകയാണ്. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കു നൽകുന്ന പ്രതിമാസ ഗ്രാന്റ് 250 രൂപയായിരുന്നത് ആദ്യം 525 രൂപയും ഇപ്പോൾ 700 രൂപയുമായി വർദ്ധിപ്പിച്ചു. 80 ശതമനത്തിൽ കൂടുതൽ വികലാംഗത്വമുള്ളവർക്കുള്ള

പെൻഷൻ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 400 രൂപയായിരുന്നു. ഇപ്പോൾ അത് 1000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്.

80 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ 400 രൂപയിൽ നിന്ന് കഴിഞ്ഞ പ്രാവശ്യം 900 രൂപയായും ഇപ്രാവശ്യം 1,100 രൂപയുമാക്കി. ആശാ വർക്കേഴ്സിന് 700 രൂപയും കർഷകത്തൊഴിലാളി പെൻഷൻ 300 രൂപയിൽ നിന്ന് 500 രൂപയുമാക്കി. പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് 600 രൂപ യിൽ നിന്ന് 900 രൂപയാക്കി. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 400 രൂപയിൽ നിന്ന് കഴിഞ്ഞ പ്രാവശ്യം 525 രൂപയും ഇപ്രാവശ്യം 700 രൂപയുമായി ഉയർത്തി. പത്രപ്രവർത്തകർക്കുള്ള പെൻഷൻ 4,500 രൂപയിൽ നിന്നും 7,000 രൂപയായും നോൺ-ജേർണലിസ്റ്റി നുള്ള പെൻഷൻ 2,500 രൂപയിൽ നിന്ന് 4,000 രൂപയായും ഉയർത്തി. ബഹു മാനപ്പെട്ട കെ. എം. മാണിയോട് ഒരു കാര്യം പറയട്ടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് 1,000 രൂപ വീതം വർദ്ധിപ്പിച്ചുനൽകാൻ തീരുമാനിച്ചു. എല്ലാവർക്കും 1,000 രൂപ വീതം വർദ്ധിപ്പിക്കാനാണ് തീരുമാനി ച്ചിരിക്കുന്നത്. പഞ്ചായത്ത് മെമ്പർമാർക്കും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർക്കും ജില്ലാ പഞ്ചായത്ത് മെമ്പർമാർക്കും 1,000 രൂപ വീതം വർദ്ധി പ്പിക്കുന്നതിൽ അല്പം പിശകുണ്ട്. അത് ശരിയല്ല. പഞ്ചായത്ത് മെമ്പർമാർക്ക് 1,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർക്ക് 1,500 രൂപയും, ജില്ലാ പഞ്ചായത്തിൽ മൂന്ന് പഞ്ചായത്തുകൾ വരുന്നുണ്ട്. അതി നാൽ ജില്ലാ പഞ്ചായത്തുകളിൽ യാത്ര ചെയ്യേണ്ടിവരുന്നവർക്ക് കുറഞ്ഞത്

2,000 രൂപയുടെയെങ്കിലും വർദ്ധനവ് വരുത്തണമെന്നും ബഹുമാനപ്പെട്ട കെ. എം. മാണിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ സീറോ ലാന്റ്ലെസ് സ്റ്റേറ്റായി നമ്മുടെ സംസ്ഥാനത്തെ ഉയർത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ട്. ഈ സർക്കാരിന്റെ തൊപ്പിയിലെ പൊൻതൂവലാണിത് എന്നാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. ഒരു സെന്റ് ഭൂമി പോലുമില്ലാത്ത ഈ സംസ്ഥാനത്തെ ലക്ഷക്കണക്കിനാളുകൾക്ക് മൂന്ന് സെന്റ് സ്ഥലം വീതം നൽകുവാനെടുത്ത തീരുമാനം മാതൃകാപരമായ ഒന്നാണ്. ഇതിന് ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നതിനുള്ള തീരുമാനം - കർഷകരുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ഞാൻ പറയുന്നില്ല, വളരെ പരിതാപകരമാണ്. അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം പലിശ എഴുതിത്തള്ളുവാനുള്ള തീരുമാനം വളരെ നല്ലതാണ്. അതുപോലെതന്നെ ചെറുകിട കർഷകർക്ക് പലിശരഹിത വായ്പ കൊടുക്കുന്നതും നല്ല കാര്യമാണ്. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 'മംഗല്യനിധി' ഏർപ്പെടുത്തിയതിനെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. ഈ സമൂഹത്തിൽ വളരെ ആഡംബര മായി കല്യാണം നടത്തുന്നവരിൽ നിന്ന് പണം സ്വരൂപിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്ന ഈ പദ്ധതി ഏറ്റവും നല്ല കാര്യമായി ഞാൻ കാണുന്നു. ഭവന രഹിതർക്ക് മൂന്ന് ലക്ഷം വീടുകൾ, യാചക പുനരധിവാസത്തിനുള്ള പദ്ധതി........, തൃപ്തി ഹോട്ടൽ നല്ല ഒരു തീരുമാനമാണ്. ഇന്ന് ഒരു ഊണിന് പുറത്ത് 30-35-40 രൂപ വിലയുള്ളപ്പോൾ 20 രൂപയ്ക്ക് ഊണ് കൊടുക്കുവാനുള്ള തീരുമാനം വളരെ നല്ലതാണ്. അതിനെ സംബന്ധിച്ച് ഒരു ചെറിയ

മാറ്റം ഞാൻ പറയട്ടെ, ഒരു താലൂക്കിൽ ഒരു തൃപ്തി ഹോട്ടൽ പോരാ. ഒരു താലൂക്കിൽ ഒരു തൃപ്തി ഹോട്ടൽ തുടങ്ങിയതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ട് ഒരു പഞ്ചായത്തിൽ ഒരു തൃപ്തി ഹോട്ടൽ അനുവദിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കുടുംബശ്രീ യൂണിറ്റുകളെ അതിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കണം. സാധാരണ ഒരു ഹോട്ടലിലെ തൊഴിലാളിക്ക് ഒരു ദിവസം 500 രൂപ ശമ്പളം കൊടുക്കണം. കുടുംബശ്രീയെ ഏൽപ്പിക്കുമ്പോൾ അതിലെ അംഗങ്ങൾ ശമ്പളം നോക്കാതെ ജോലി ചെയ്യും. അങ്ങനെ വളരെ ഫലപ്രദമായി ഇത് നടപ്പിലാക്കാൻ കഴിയും. ഒരു താലൂക്കിൽ ഒന്ന് എന്നുള്ളത് മാറ്റി ഒരു പഞ്ചായത്തിൽ ഒരു തൃപ്തി ഹോട്ടൽ തുടങ്ങണമെന്ന നിർദ്ദേശം ഞാൻ ബഹുമാനപ്പെട്ട കെ. എം. മാണിയുടെ മുമ്പാകെ സമർപ്പിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിക്ക് പെൻഷനും ഓണക്കോടിയുമുൾപ്പെടെ ഇത്രയേറെ നല്ല കാര്യങ്ങൾ ചെയ്ത ഒരു ബഡ്ജറ്റും ഇതുവരെ കേരളത്തിൽ ഉണ്ടായിട്ടില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തമിഴ്നാട്ടിൽ ഇതുപോലെ നല്ല കാര്യങ്ങൾ ചെയ്ത ഒരു കാലഘട്ടമുണ്ടായിരുന്നു. എം. ജി. ആർ. അവിടെ മുഖ്യമന്ത്രിയായിരുന്നപ്പോൾ അവിടത്തെ ജനങ്ങൾ അദ്ദേഹത്തെ വിളിച്ച ഓമനപ്പേര് 'ഏഴൈതോഴൻ' എന്നാണ്. പാവപ്പെട്ടവരെ ഇത്രത്തോളം സഹായിക്കുന്നതിന് തീരുമാനമെടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യമന്ത്രിക്കും ഒരു പേരിടട്ടെ, 'ഏഴൈതോഴൻ' എന്ന പേര് കേരളത്തിൽ നിങ്ങൾക്കാണ് യോജിക്കുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): 'ഏഴൈതോഴൻ' അല്ല, 'ഏഴൈതോഴർ' ആണ്.

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഭേദഗതി ഞാൻ സ്വീകരിക്കുന്നു. 'ഏഥൈതോഴൻ' എന്നത് 'ഏഥൈതോഴർ' ആയി തിരുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, 'ഏഥൈതോഴൻ' എന്നത് തമിഴിലാണ്. മലയാളത്തിൽ ഇതേ അർത്ഥം വരുന്ന ഒരു പേര് പറയണം.

ശ്രീ. എൻ. ശക്തൻ: സർ, മലയാള ഭാഷയിൽ അതിവിദഗ്ദ്ധനായ അങ്ങേയ്ക്കുതന്നെ അത് കണ്ടുപിടിക്കാവുന്നതാണ്. അധികവിഭവ സമാഹരണത്തിനായി 1,138 കോടി രൂപ - പാവപ്പെട്ടവരെ ഒരു തരത്തിലും ബാധിക്കാതെ 1,138 കോടി രൂപ സംഭരിക്കുന്നത് നല്ലതാണ്. മദ്യത്തിനും സിഗരറ്റിനും ആഡംബരക്കാറുകൾക്കുമെല്ലാം കൂടുതൽ നികുതി ഈടാക്കാനുള്ള തീരുമാനം നല്ലതാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പറയട്ടെ. നമ്മുടെ സംസ്ഥാനത്ത് താലൂക്കുകളുടെ പുനർവിഭജനം നടന്നിട്ട് പതിനെട്ട് വർഷം കഴിഞ്ഞിരിക്കുന്നു. പതിനെട്ട് വർഷംകൊണ്ട് ജനസംഖ്യയിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും വലിയ വർദ്ധനവ് വന്നിട്ടുണ്ട്. അടിയന്തരമായി നമ്മുടെ സംസ്ഥാനത്തെ താലൂക്കുകളുടെ പുനർവിഭജനം നടത്തണം. കാട്ടാക്കട താലൂക്ക് അനുവദിക്കണമെന്നത് കഴിഞ്ഞ 30-35 വർഷമായി ഈ സംസ്ഥാനത്തിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റുകളോട് എപ്പോഴും അഭ്യർത്ഥിക്കാറുള്ളതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെയും എന്റെയും നിയോജക മണ്ഡലം ഒരുമിച്ചുചേർന്നുവരുന്ന കാട്ടാക്കടയിൽ ഒരു പുതിയ താലൂക്ക് അനുവദിക്കണം. കഴിഞ്ഞ 10-20 വർഷമായി അധികാരത്തിൽ വരുന്ന എല്ലാ ഗവൺമെന്റുകളുടെയും മുന്നിൽ

അങ്ങനെയൊരു നിർദ്ദേശം വയ്ക്കുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറാണ് കാട്ടാക്കട താലൂക്ക് രൂപീകരണത്തിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിവച്ച തെന്ന് എനിക്കറിയാം. എത്രയുംവേഗം കാട്ടാക്കട താലൂക്ക് ഉൾപ്പെടെ സംസ്ഥാനത്ത് ആവശ്യമുള്ള പുതിയ താലൂക്കുകൾ അനുവദിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ട് വർഷം തികയാൻ പോകുന്ന ഈ സാഹചര്യത്തിൽ ഇനിയും കാലതാമസമില്ലാതെ പുതിയ താലൂക്കുകൾ അനു വദിക്കണം. കാട്ടാക്കട താലൂക്ക് നിർബന്ധമായും ഉണ്ടാകണം. ബഹുമാന പ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലം, എന്റെ നിയോജകമണ്ഡലം, ശ്രീ. എ. റ്റി. ജോർജിന്റെ നിയോജക മണ്ഡലം ഇതെല്ലാംകൂടി ചേർത്തുകൊണ്ട് കാട്ടാക്കട താലൂക്ക് അനുവദിക്കണമെന്ന ഒരു ആവശ്യം ഈ അവസരത്തിൽ ഞാൻ ഉന്നയിക്കുന്നു. കഴിഞ്ഞ പന്ത്രണ്ട് വർഷമായി വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറിയുടെ കാര്യം ഞാൻ ഈ നിയമസഭയിൽ സ്ഥിരമായി ഉന്നയിക്കുന്നുണ്ട്. ഒരു കാര്യത്തിൽ ഞാൻ വളരെ സന്തോഷവാനാണ്. കഴിഞ്ഞ ഒന്നേകാൽ വർഷമായി വിളപ്പിൽശാലയിൽ ചവർ സംസ്ക്കരണ ഫാക്ടറി പ്രവർത്തിക്കുന്നില്ല. അതിന് ഞാൻ ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കുന്നില്ല. പക്ഷെ മറ്റൊരു കാര്യത്തിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഒരു ഭാഗത്ത് തിരുവനന്തപുരം നഗരസഭ, മറുഭാഗത്ത് കോടതിയുടെ ഇടപെടൽ. അതിനിടയിൽ വിളപ്പിൽശാലയിലെ 30000-ത്തോളം ആളുകൾ സ്വന്തം ജീവൻ വെടിയാൻവരെ തയ്യാറായി, ഏത് പ്രതിസ ന്ധിയെയും തരണം ചെയ്ത് സമരം നടത്താൻ തയ്യാറായി നിന്നു. വേണമെ ങ്കിൽ അവരെ തല്ലിച്ചതച്ചുകൊണ്ട്, ലാത്തിച്ചാർജ്ജ് നടത്തി, കണ്ണീർ വാതകം പ്രയോഗിച്ച്, വെടിവെയ്പ്പ് നടത്തി ആ പ്രശ്നത്തെ നേരിടാമായിരുന്നു.

അവിടെ വലിയ രക്തച്ചൊരിച്ചിൽ ഒഴിവാക്കിയതിന് ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. നൂറുകണക്കിനാളുകൾ മരിച്ചുവീഴുമായിരുന്ന ഒരു പ്രശ്നം ഒഴിവാക്കി ഒരു രക്തച്ചൊരിച്ചിൽ അവസാനിപ്പിച്ച് ഇല്ലാതാക്കിയതിന് ഈ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും മന്ത്രിമാരെയും പ്രത്യേകം അഭി നന്ദിക്കുകയാണ്. ഇനി ഒരു ലോഡ് ചവർ പോലും വിളപ്പിൽശാലയിൽ വരാൻ അവിടത്തെ ജനങ്ങൾ അനുവദിക്കുകയില്ല എന്ന് തറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണെങ്കിലും അങ്ങ് താമസിക്കുന്നത് തിരുവനന്തപുരം നഗരത്തിലെ എന്റെ മണ്ഡലത്തിനുകീഴിൽ വരുന്ന പൂജപ്പുരയിലാണ്. വിളപ്പിൽശാല പൂട്ടിയതിനുശേഷം തലസ്ഥാന നഗരിയിൽ ഏതാണ്ട് അഞ്ച് ലക്ഷം ടൺ ചവർ കുന്നുകൂടി കിടക്കുകയാണ്. അത് ഈ സർക്കാരിന്റെ നേട്ടമാണെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. എൻ. ശക്തൻ</u>: ബഹുമാനപ്പെട്ട വി. ശിവൻകുട്ടീ, അങ്ങ് തിരുവന ന്തപുരം നഗരസഭാ മേയർ ആയിരുന്ന സമയത്താണ് വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറി ആരംഭിച്ചത്. അന്ന് അവിടത്തെ എം.എൽ.എ. ഞാനല്ല. ഞാനായിരുന്നു അവിടത്തെ എം.എൽ.എ. എങ്കിൽ ശ്രീ. വി. ശിവൻകുട്ടിയല്ല ആര് വിചാരിച്ചാലും അവിടെ ചവർ സംസ്ക്കരണ ഫാക്ടറി വരികയില്ലായിരുന്നു. അങ്ങ് കൊണ്ടുവന്ന ചവർ സംസ്ക്കരണ ഫാക്ടറി യുടെ പത്ത് വർഷത്തെ പ്രവർത്തനത്തിലൂടെ അവിടെയുള്ള ഏതാണ്ട് 30000-ത്തോളം ജനങ്ങൾ നിത്യരോഗികളായി മാറിയിരിക്കുന്നു. അവരുടെ ദയനീയസ്ഥിതി ഞാൻ എടുത്തുപറയുന്നില്ല. ഈ ഗവൺമെന്റ് അധികാര ത്തിൽ വരുന്നതിനുമുമ്പേ അവിടത്തെ ജനങ്ങൾ സമരത്തിലാണ്. ബഹുമാന

പ്പെട്ട മുഖ്യമന്ത്രി അവിടത്തെ സമരക്കാരുടെയും നഗരസഭാ പ്രതിനിധികളുടെയും എം.എൽ.എ.-മാരുടെയും ഒരുമിച്ചുള്ള യോഗം വിളിച്ചു. വിളപ്പിൽശാലയിലെ ജനങ്ങളെ ഇനിയും കഷ്ടപ്പെടുത്താൻ കഴിയുകയില്ല. അതിനാൽ ഒരു ബദൽ സംവിധാനം ആരംഭിക്കണമെന്നും ബദൽ സംവിധാനം ആരംഭിക്കുന്നതിന് ആവശ്യമുള്ള തുക സർക്കാർ നൽകാൻ തയ്യാറാണെന്നും മുഖ്യമന്ത്രി നഗരസഭയോട് പറഞ്ഞു. സാമ്പത്തിക സഹായം നൽകാമെന്ന് സർക്കാർ നഗരസഭയോട് പറഞ്ഞിട്ടും ഇത്രയും കാലമായിട്ടും ഒരു ബദൽ സംവിധാനം തിരുവനന്തപുരം നഗരസഭ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് ശ്രീ. വി. ശിവൻകുട്ടിക്ക് പറയാൻ കഴിയുമോ? ഞാൻ വേണമെങ്കിൽ മറുപടി പറയാം, പക്ഷെ നിങ്ങൾക്കത് കൊള്ളും എന്നുള്ളതുകൊണ്ട് ഞാൻ അതിന് മറുപടി പറയുന്നില്ല. ഈ വിഷയത്തിൽ തിരുവനന്തപുരം നഗരസഭ ഒരു ബദൽ സംവിധാനം ആരംഭിക്കാതിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട വി. ശിവൻകുട്ടിയോട് ഞാൻ പറയട്ടെ എത്രയുംവേഗം ബദൽ സംവിധാനം ആരംഭിച്ച് നഗരത്തിലെ ചവർ നഗരത്തിൽത്തന്നെ സംസ്ക്കരിക്കുന്നതിന് തയ്യാറാകണം വിളപ്പിൽശാലയിൽ അതിന് അനുവദിക്കുന്നതല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഗുരുദേവൻ ആദ്യമായി പ്രതിഷ്ഠ നടത്തിയ അരുവിപ്പുറം കേരളത്തിൽ സാമൂഹ്യ നവോത്ഥാനത്തിന് തിരികൊളുത്തിയ സ്ഥലമാണ്. അരുവിപ്പുറത്തിന് അർഹിക്കുന്ന പ്രാധാന്യം കിട്ടിയിട്ടുണ്ടോ എന്ന കാര്യം ഇപ്പോഴും സംശയമാണ്. ഒരു കാര്യം കൂടി എടുത്തു പറയട്ടെ, അന്താരാഷ്ട്ര പഠന കേന്ദ്രവും, ഒരു മ്യൂസിയവും, ഒരു ലൈബ്രറിയും അരുവിപ്പുറത്ത് അനുവദിക്കണം. അതിന് 46 ഏക്കർ വസ്തു അവിടെയുണ്ട്. അത് അനുവദിക്കണെ

മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഇതെല്ലാം പറയുമ്പോഴും ഒരു കാര്യം എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായി ട്ടില്ല. ജനങ്ങൾ വളരെ സംശയത്തോടും ഉത്കണ്ഠയോടും കൂടിയാണ് ഈ പദ്ധതിയെ കാണുന്നത്. ഇന്ന് രാവിലെ ചോദ്യോത്തര സമയത്ത് ഈ വിഷയം സഭയിൽ വന്നു. എം.എൽ.എ-മാരെല്ലാം അതിനെക്കുറിച്ച് ചോദ്യ ങ്ങൾ ചോദിച്ചു. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിൽ വിഴിഞ്ഞം തുറമുഖത്തെ ക്കുറിച്ച് പറഞ്ഞില്ല. പറയാത്തതിന് കാരണം അത് കേന്ദ്രത്തിന്റെ പദ്ധതി യല്ല, സംസ്ഥാന പദ്ധതിയാണ്. അതുകൊണ്ട് കേന്ദ്ര ബഡ്ജറ്റിൽ പറയേണ്ട കാര്യമില്ല. പക്ഷെ, നമ്മുടെ ബഡ്ജറ്റിലും പറഞ്ഞു പോയി എന്നല്ലാതെ സ്പെസിഫിക്കായി എടുത്തു പറഞ്ഞിട്ടില്ല. അതിനെ സംബന്ധിച്ച് വ്യക്തമായ ഒരു സമീപനം ബഡ്ജറ്റ് ചർച്ചയുടെ മറുപടിയിൽ അങ്ങ് പറയണം. ജന ങ്ങൾക്കൊരു സംശയമുണ്ട്. ജനങ്ങളുടെ സംശയം ദൂരീകരിക്കണം. വിഴിഞ്ഞം തുറമുഖം എന്താണ്? ഇന്ന് രാവിലെ അസംബ്ലിയിൽ പറഞ്ഞ തെല്ലാം ഞാൻ ശ്രദ്ധിച്ചതാണ്. എന്നാലും ചില കേന്ദ്രങ്ങൾ വിഴിഞ്ഞം തുറ മുഖം യാഥാർത്ഥ്യമാകില്ല എന്ന പ്രചരണം നടത്തുന്ന സാഹചര്യത്തിൽ മറുപടി പ്രസംഗത്തിൽ വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച് അങ്ങോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വ്യക്തമായ മറുപടി നൽകണമെന്ന് കൂടി ഞാൻ അഭ്യർത്ഥിക്കുന്നു. കരമന-കളിയിക്കാവിള നാല് വരിപ്പാതയുടെ നിർമ്മാണം തുടങ്ങിയിട്ട് ഒരുപാട് കാലമായി, ഇനിയും കാലതാമസം പാടില്ല. അത് അടിയന്തിരമായി പൂർത്തിയാക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു. സമ്പന്നരുടെ സമ്പത്തെടുത്ത് സാധാരണക്കാർക്ക് നൽകുന്ന എല്ലാ മേഖല

കൾക്കും പ്രയോജനം ചെയ്യുന്ന ഈ നല്ല ബഡ്ജറ്റിനെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, സഭയുടെ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ അഭിപ്രായങ്ങളോടും പുകഴ്ത്തലുകളോടും വികാരത്തോടും ഒന്നും തന്നെ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും യോജിക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. പ്രതിപക്ഷത്തിന് ബഡ്ജറ്റിനോട് എതിർപ്പാണ്. ഈ ബഡ്ജറ്റിന്റെ സവിശേഷത പ്രതിപക്ഷം മാത്രമല്ല ഭരണകക്ഷിയിലും ഒരു വിഭാഗം പരസ്യമായി അതൃപ്തി രേഖപ്പെടുത്തി കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിയുടെ അഭിപ്രായ പ്രകടനങ്ങൾ തന്നെ എടുക്കാം. ഇപ്പോൾ അത് വലിയ രാഷ്ട്രീയ വിവാദമായി തന്നെ വന്നിട്ടുണ്ട്. ഞാൻ ആ വശത്തേക്ക് കടക്കുന്നില്ല. അത് കൊണ്ടും കൊടുത്തും നീങ്ങിക്കോട്ടെ. പക്ഷെ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി പറഞ്ഞ കാര്യത്തിൽ ഒരു ശരിയുണ്ട് എന്ന കാര്യത്തിൽ സഭയ്ക്ക് അഭിപ്രായം ഉണ്ടാകാം. കേന്ദ്ര സർക്കാരിന്റെ നയം കാരണം കെ.എസ്.ആർ.ടി.സി അടച്ചുപൂട്ടലിന്റെ വക്കിലാണ്. അതിന് മുമ്പ് പ്രതിസന്ധിയില്ലെന്നല്ല. ഇതോടു കൂടി അവസാനത്തെ ആണി അടിക്കുകയാണ്. കഴിഞ്ഞ വർഷം യഥാർത്ഥത്തിൽ നൽകിയതിന്റെ പകുതി പണമാണ് കെ.എസ്.ആർ.ടി.സി.ക്ക് ഈ ബഡ്ജറ്റിൽ ഉള്ളത്. ആ മന്ത്രി എങ്ങനെയാണ് പ്രതികരിക്കേണ്ടത്? ഇതിന് മറുപടിയായി ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞത് 100 കോടിയെന്നുള്ളത് പ്ലാൻ ഫണ്ടാണ്. പ്ലാനിംഗ് ബോർഡ് തീരുമാനിച്ചതാണ്. പക്ഷെ ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി ആവശ്യപ്പെട്ടത് പ്ലാൻ ഫണ്ടിലുള്ളതല്ല. ഡീസലിന്റെ വില വർദ്ധിപ്പിച്ചതിലുള്ള നഷ്ടം അടിയന്തിരമായി നികത്തിയില്ലെ

ങ്കിൽ വണ്ടി മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. അത് നോൺ പ്ലാൻ എക്സ്പെൻഡീച്ചറാണ്. അത് ബഹുമാനപ്പെട്ട ധനമന്ത്രിക്കേ നൽകാൻ കഴിയുകയുള്ളൂ. പ്ലാനിംഗ് ബോർഡിന് നൽകാൻ കഴിയില്ല. ഇത്രയും പണം നൽകാനുള്ള വിഭവശേഷി സംസ്ഥാനത്തിനില്ലെന്നാണ് ബഹുമാനപ്പെട്ട ധനമന്ത്രിയുടെ അഭിപ്രായമെങ്കിൽ ലളിതമായൊരു ചോദ്യം ഉണ്ട്. ട്രാൻപോർട്ട് അടച്ചുപൂട്ടലിന്റെ വക്കിലും അതിന്റെ മന്ത്രി തന്നെ പ്രതിഷേധത്തിലുമായ സാഹചര്യത്തിലും സ്റ്റാമ്പ് ഡ്യൂട്ടി 25 ശതമാനം കുറച്ച് 750 കോടി രൂപയോളം വേണ്ടെന്നു വയ്ക്കാൻ അങ്ങേയ്ക്കെങ്ങനെ കഴിഞ്ഞു? സ്റ്റാമ്പ് ഡ്യൂട്ടി - ഗ്രാമങ്ങളിൽ ഏഴ് ശതമാനം, മുനിസിപ്പാലിറ്റിയിൽ എട്ട് ശതമാനം, കോർപ്പറേഷനിൽ ഒൻപത് ശതമാനം. രണ്ട് ശതമാനം പോയിന്റ് കുറയ്ക്കുമ്പോൾ 25 ശതമാനം. മാണി സാറിന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് 200 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ്. സർ, മറുപടി പ്രസംഗത്തിൽ ഇക്കാര്യം സഭയ്ക്ക് ഒന്ന് വിശദീകരിച്ച് തരണം. 4200 കോടി രൂപ സ്റ്റാമ്പ് ഡ്യൂട്ടി ആന്റ് രജിസ്ട്രേഷനിൽനിന്ന് കിട്ടുമ്പോൾ 1000 കോടി രൂപ രജിസ്ട്രേഷനിൽ പോയാലും ബാക്കി 3000 കോടി രൂപയില്ലേ, 3000 കോടി രൂപയുടെ 25 ശതമാനമെന്ന് പറയുന്നത് 750 കോടി രൂപ വരില്ലേ? പിന്നെങ്ങനെയാണ് 200 കോടി രൂപ എന്നത് കിട്ടിയത്. നാട്ടിലെ ജനങ്ങളോട് പറയാമല്ലോ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കാൻ എനിക്കൊരാഗ്രഹമുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കാൻ ഫെയർ വാല്യൂ നിശ്ചയിച്ചു. ഫെയർ വാല്യൂ ഇന്നൊന്നുമല്ല നിശ്ചയിച്ചത് 3 വർഷം മുമ്പല്ലേ? അന്നും കുറച്ചു. ഇനി കുറയക്ക്ണോ വേണ്ടയോ എന്നുള്ളതിൽ കുറയ്ക്കാൻ നയപരമായി തീരുമാനിച്ചു. പക്ഷെ ഇങ്ങനെ ഒരു പ്രതിസന്ധി കെ.എസ്.ആർ.ടി.സി. നേരിടുമ്പോൾ അതിന്

പണം നൽകുന്നത് പ്രധാനമാണ്. ശ്രീ. ചിദംബരം പറഞ്ഞതു പോലെ, സൂപ്പർ റിച്ചിനോട് എത്ര താഴ്മയായിട്ടാണ് പറഞ്ഞത് ഒരു വർഷവും കൂടി നിങ്ങൾ സഹിക്കണമെന്ന്. 5 ലക്ഷം കോടി രൂപ ഇളവ് കൊടുത്തിട്ട് ഏതാനും ആയിരം കോടി ഇങ്ങോട്ട് വാങ്ങിക്കാൻ വേണ്ടി എത്ര താഴ്മയായി ട്ടാണ് പറഞ്ഞത്. മാണി സാറിനും പറയാമായിരുന്നല്ലോ ഒരു വർഷവും കൂടി തുടരട്ടെ കെ.എസ്.ആർ.ടി.സി.യെ ഒന്നു രക്ഷിക്കട്ടെയെന്ന്. സി.എൻ.ജി വരു ന്നുണ്ട്. അത് വരുന്നതുവരെ നമുക്ക് മാസം തോറും ഇത്ര കൊടുക്കണം. സി. എൻ.ജി വന്നു കഴിഞ്ഞാലും എല്ലാ ബസിലും 5 ലക്ഷം രൂപ വച്ചെങ്കിലും ചെലവാക്കണം. 5,000 ബസുണ്ട്. അതുകൊണ്ട് ഈ വർഷം ഇങ്ങനെ തന്നെ നിൽക്കട്ടെയെന്ന് പറയാമായിരുന്നല്ലോ. എന്തേ അങ്ങനെ തോന്നാതെ പോയത്?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, കെ.എസ്.ആർ.ടി.സി.യുടെ പ്രോബ്ലം ഈ വർഷം കൊണ്ട് ഉണ്ടായതല്ലല്ലോ. പഴയ, കുമിഞ്ഞുകൂടിയ ഏർപ്പാടാണല്ലോ. എന്തുകൊണ്ട് നിങ്ങളുടെ കാലഘട്ടത്തിൽ ഈ കെ.എസ്.ആർ.ടി.സി-യെ ഒന്നു സ്റ്റെബിലൈസ് ചെയ്യാൻ, അതിനാവശ്യമായ ഫിനാൻഷ്യൽ സപ്പോർട്ട് കൊടുത്തില്ല?

ഡോ. ടി. എം. തോമസ് ഐസക്: ഇപ്പോൾ മാണി സർ കൊടുത്തതി നേക്കാളും കൂടുതൽ കൊടുത്തു കൊണ്ടിരുന്നു. ബസ് കൂടി, ഷെഡ്യൂൾ ക്യാൻസൽ ചെയ്തിട്ടുമുണ്ടായിരുന്നില്ല എന്നു മാത്രമല്ല അങ്ങ് ഫയൽ പരി ശോധിക്കണം. ധനവകുപ്പിന്റെ കൃത്യമായ സ്കീമുണ്ട്. അതിന്റെ debt എങ്ങനെ restructure ചെയ്യാമെന്നും അതിന്റെ കടബാധ്യതയെങ്ങനെ മാറ്റാം

അതിന്റെ അസറ്റ്സ് എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അതിനോടൊപ്പം ഒരിക്കലും ചെയ്യാൻ സാധിക്കുമെന്ന് വിചാരിക്കാത്ത ഒരു കാര്യം സി.എൻ.ജി, അത് ഇപ്പോൾ വന്നിരിക്കുന്നു. ഒരു സംശയവുമില്ല debt, restructure ചെയ്യുകയും സി.എൻ.ജി വരികയും ചെയ്താൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാകും. അതിന് താങ്ങ് വേണം. നിങ്ങളുടെ ബഡ്ജറ്റിൽ അതില്ല. ഇതാണ് വിമർശനം. അപ്പോൾ പണ്ടെന്തുകൊണ്ടു ചെയ്തില്ല എന്ന് ചോദിക്കുന്നതിൽ എന്തർത്ഥമാണുളളത്. കഴിഞ്ഞ വർഷം ചെയ്ത കാര്യം ഇപ്പോൾ വീണ്ടും ആവർത്തിക്കുന്നില്ല. കഴിഞ്ഞ തവണ ഭാഗാധാരങ്ങൾക്ക് മുഴുവൻ ആയിരം രൂപയായിരുന്നു. നൂറ് ഏക്കറുള്ള ആളിന്റെ ഭാഗാധാരമായാലും ആയിരം രൂപ. എന്ത് ന്യായമാണ് ഉളളത്. നമുക്ക് സ്വത്തവകാശം പിന്തുടർച്ചയായി കിട്ടുമ്പോൾ നമ്മൾ മെയ്യനങ്ങാതെ പൂർവ്വികരിൽ നിന്ന് കിട്ടുന്നതല്ലേ. അപ്പോഴല്ലേ കുറച്ച് പണം സർക്കാരിന് വേണമെന്ന് പറയുന്നതിന് വേണ്ടിയുള്ള ഉചിതമായ സന്ദർഭം. മാണിസർ അന്നും ഇന്നും ഒക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത് ഈ കൈമാറ്റങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് പണക്കാർ മാത്രമല്ല സാധാരണക്കാരുമുണ്ട് എന്നാണ്. എക്സംഷൻ കൊടുത്തോളൂ. പത്തേക്കർ വരെയുള്ള ഭൂമിക്ക് ഈ ഇളവ് കൊടുക്കണം. എന്തിനാണ് അതിനെക്കാൾ വലിയ ആളുകൾക്ക് ഇളവ് കൊടുക്കുന്നത്?

ശ്രീ. കെ. എം. മാണി: കർണാടകയിൽ ആയിരം രൂപയാണ്.

ഡോ. ടി.എം. തോമസ് ഐസക്: കർണാടകയല്ല. കേരളത്തിന്റെ പാരമ്പര്യം വേറെയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ കേരളത്തിന്റെ പാരമ്പര്യ ഗുണം എന്തോ അങ്ങേയ്ക്കുണ്ടെന്ന് പറഞ്ഞല്ലോ. പണക്കാരിൽ

നിന്നെടുത്ത് പാവപ്പെട്ടവർക്ക് കൊടുക്കുകയെന്നത്, അതില്ല. അതില്ല എന്ന തിന്റെ തെളിവ് ഞാൻ ഈ പറഞ്ഞത് തന്നെയാണ്.

അഗ്രികൾച്ചർ ഇൻകം ടാക്സിൽ നിന്നും വ്യക്തികളെ മുഴുവൻ ഒഴിവാക്കുമ്പോൾ നമ്മുടെ ധാരണ ഇത് എല്ലാ കൃഷിക്കാരും കൊടുക്കുമെന്നുള്ള താണ്. ഇപ്പോൾത്തന്നെ 20 ഏക്കറിന് മുകളിൽ സ്ഥലമുള്ളവർക്ക് മാത്രമേ ഇൻകം ടാക്സ് കൊടുക്കേണ്ടി വരുന്നുള്ളൂ. അവരെ മുഴുവൻ അഗ്രികൾച്ചർ ഇൻകം ടാക്സിൽ നിന്ന് ഒഴിവാക്കുന്നുവെന്ന് പറയുമ്പോൾ എന്താണ് ഉണ്ടാകുന്നത്? അഗ്രികൾച്ചർ ഇൻകം ടാക്സ് 47 കോടി രൂപ കിട്ടിക്കൊണ്ടിരുന്നത് 23 കോടി രൂപയായി. 2010-11-ൽ 47 കോടി രൂപ, 2011-12-ൽ 43 കോടി രൂപയായിരുന്നുവെങ്കിലും അന്ന് പിരിച്ചെടുത്തത് 22 കോടി രൂപ മാത്രമാണ്. ഇപ്പോൾ 23 കോടി രൂപയേ പിരിക്കുന്നുള്ളൂ. ഇതാണോ പണക്കാരന്റെ കൈയിൽ നിന്നും എടുക്കുന്നത്? ആഡംബര വസ്തുക്കളിന്മേലുള്ള നികുതി 13.5%-ൽ നിന്ന് 14.5% ആക്കിയെന്നല്ലേ അങ്ങ് പറയുന്നത്. ഈ ഉയർന്ന ബ്രായ്ക്കറ്റിലുള്ളതെല്ലാം ആഡംബര വസ്തുക്കളാണോ? വാറ്റിന്റെ ക്ലാസിഫിക്കേഷൻ 4 ശതമാനത്തിന്റെ ഒന്ന്, അതിന്റെ മുകളിൽ 12.5 ശതമാനത്തിന്റേത്. നാലുശതമാനത്തിൽ വരുന്നത് മുഴുവൻ എന്താണ്; അസംസ്കൃത വസ്തുക്കളാണ്, ഇന്റർമീഡിയറ്റ് പ്രോഡക്ട്സാണ്. ഫൈനൽ പ്രോഡക്ടിസിലാണ് ഈ 12.5%. അല്ലാതെ ആഡംബരവും ആവശ്യവും തമ്മിലുള്ള വ്യത്യാസമല്ല. ഏകവ്യത്യാസം പറയുന്നത് ധാന്യങ്ങൾ നാലിലാണ്. അതല്ലെങ്കിൽ എല്ലാം ഫൈനൽ പ്രോഡക്സിലാണ്. അതിനകത്ത് കൺസ്യൂമർ ഡ്യൂറബിൾ ഗുഡ്സ് മാത്രമല്ല എല്ലാ കൺസ്യൂമർ ഗുഡ്സും പെടും. അതിന്റെ

മേലെല്ലാം കഴിഞ്ഞ വർഷം 1%, ഈ വർഷം 1% അങ്ങനെ 2000 കോടി രൂപയുടെ വിലക്കയറ്റമുണ്ടാക്കിയിരിക്കുകയാണ്. മാണി സാറിന്റെ ധനനയമെന്താണ്? വിലക്കയറ്റത്തിന്റെ നാളുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതുകൊണ്ട് വിലക്കയറ്റം കുറയാൻ പോകുന്നില്ല. സ്റ്റാമ്പ് ഡ്യൂട്ടി കൂട്ടിയാലും വിലയെ ബാധിക്കാൻ പോകുന്നില്ല. അഗ്രികൾച്ചർ ഇൻകം ടാക്സ് നിലനിർത്തിയാലും കൂട്ടിയാലും വിലയെ ബാധിക്കാൻ പോകുന്നില്ല. വിലക്കയറ്റത്തിന്റെ നാളുകളിൽ അങ്ങയുടെ നികുതി ഇളവുകളെല്ലാം വിലക്കയറ്റം സൃഷ്ടിക്കാത്ത മേഖലയിലാണ്. അപ്പോൾ ഇനി പണം വേണം. എന്നാൽപ്പിന്നെ ഒരു ശതമാനം വാറ്റ് നികുതിയിൽ കൂട്ടാം, ഇതാണ് ഈ ധനനയം. അല്ലാതെ പണക്കാരുടെ കൈയിൽ നിന്നുമെടുത്ത് പാവപ്പെട്ടവർക്ക് കൊടുക്കുന്ന ഏർപ്പാടല്ല ഇത്. ഈ വിലക്കയറ്റം ഏറ്റവും കൂടുതൽ ബാധിക്കുക പാവപ്പെട്ടവരെയാണ്. യഥാർത്ഥത്തിൽ പാവപ്പെട്ടവന്റെ പോക്കറ്റടിക്കുന്ന ഏർപ്പാടാണ്. എന്നിട്ടും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറയുന്നത് പണക്കാരുടെ കൈയിൽ നിന്ന് എടുത്ത് കൊടുക്കുകയാണ് എന്നാണ്. ഇത്തരത്തിലുള്ള നിലപാട് എല്ലാവരേയും അതൃപ്തിയാക്കിയില്ലേ. എനിക്കാവശ്യമുള്ളത് കിട്ടി, തൃപ്തിയായി എന്നാണ് ഡോ. എം. കെ. മുനീർ പറഞ്ഞത്. ഭയങ്കര തൃപ്തി തന്നെ. 4000 കോടി രൂപയാണ് ഈ വർഷം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുംകൂടി കൊടുത്തിട്ടുള്ളത്. അത് 17000 കോടി രൂപയുടെ 23.5% വരും. എന്താണ് സംസ്ഥാന ധനകാര്യ കമ്മീഷൻ പറയുന്നത്? അടുത്ത വർഷം 30% കൊടുക്കണം. അങ്ങനെ പടിപടിയായി ഓരോ വർഷവും വർദ്ധിപ്പിക്കണം എന്നാണ്. കഴിഞ്ഞ വർഷം 25% ഉണ്ടായിരുന്നത് ഇപ്പോൾ 23% ആക്കിയിരിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ

അധികാര വികേന്ദ്രീകരണം ആരംഭിച്ചശേഷം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് സംസ്ഥാന സർക്കാർ ലംഘിക്കുന്നത് ആദ്യമായിട്ടാണ്. എന്നിട്ടും എനിക്ക് തൃപ്തിയാണെന്നാണ് പഞ്ചായത്ത് വകുപ്പുമന്ത്രിപറയുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദിനോട് വല്ല വിരോധവുമുണ്ടെങ്കിൽ മാണി സർ പറഞ്ഞതിനെ തൃപ്തിപ്പെടുത്താൻ പോകേണ്ട ആവശ്യമില്ല. അല്ലെങ്കിൽ ഐ.എ.വൈ.-യിലൂടെ എന്താണ് ചെയ്യാൻ പോകുന്നത്? ഇത് കഴിഞ്ഞ തവണയും ഇത്തവണയും ചോദിച്ചു. ചോദ്യം എന്നു പറയുന്നത് പ്രായോഗിക പ്രശ്നമാണ്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും എങ്ങനെയാണ് പ്ലാൻ ഉണ്ടാക്കുന്നത്? ഇപ്പോൾ 60000 രൂപ കൊടുക്കുന്നു. നേരത്തെ 48000 രൂപയായിരുന്നു. കേന്ദ്രസർക്കാർ കൂട്ടിയിട്ടുണ്ട്. ബാക്കി പണം എവിടെ നിന്ന് കണ്ടെത്തും? ചെറിയ തുക പോരാ. 800 കോടി രൂപയോളം വേണ്ടേ? ഈ നടപ്പുവർഷത്തെ വീടുകളുടെ ബാക്കിയില്ലേ? ഈ പണം എവിടെ നിന്നാണ് കൊടുക്കുക? ഈ ബഡ്ജറ്റിലുണ്ടോ? അതിനു പകരം അങ്ങ് പഞ്ചായത്തിനു ചെയ്തുകൊണ്ടിരിക്കുന്ന ഈ പരിപാടിക്ക് ഹൗസിംഗ് ബോർഡിനെ നോഡൽ ഏജൻസിയാക്കി വച്ചിരിക്കുകയാണ്. ആ നോഡൽ ഏജൻസിയൊക്കെ ചെയ്യുമെന്ന് പറയുമ്പോഴും ഗൃഹശ്രീ എന്ന് പറഞ്ഞ് വേറൊന്നിന് 90 കോടി മാറ്റിവച്ചിരിക്കുകയാണ്. പഞ്ചായത്തിന് ബഡ്ജറ്റിൽ പണം കൊടുക്കുമെന്ന് ഈ നിയമസഭയിൽ എത്ര പ്രാവശ്യം പറഞ്ഞു, എന്നിട്ട് എന്താണ് അഡീഷണലായി കൊടുത്തിരിക്കുന്നത്. അതേ സമയം നിലവിലുള്ള സ്കീമുകൾക്ക് കൊടുത്തു തീർക്കാൻ സാധിക്കാതെ വരുമ്പോൾ 90 കോടി രൂപ ഗൃഹശ്രീക്കു വേണ്ടി അനുവദിച്ചു. എന്നാലും മന്ത്രിക്ക് വളരെ തൃപ്തി തന്നെയാണ്. അല്ലെങ്കിൽ, ശ്രീ. പി. കെ. കുഞ്ഞാലി

ക്കുട്ടി ഇവിടെയില്ല. അദ്ദേഹം എങ്ങനെയാണ് തൃപ്തിപ്പെടുന്നത്. ശ്രീ. എളമരം കരീം സംസാരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. 2010-11-ൽ 873 കോടി രൂപ, 2011-12-ൽ 876 കോടി രൂപ, 2012-13-ൽ 873-ൽ നിന്ന് 902 കോടി രൂപയായി. ഈ വർഷം 915 കോടി രൂപ. കഴിഞ്ഞ വർഷം അനുവദിച്ച തുക തന്നെ ഈ വർഷവും വ്യവസായ വകുപ്പിന് നൽകി. എന്നാലും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും വളരെ തൃപ്തിയാണ്. തൊട്ടപ്പുറത്തിരിക്കുന്ന ശ്രീ. കെ. പി. മോഹനന്റെ കാര്യമെടുക്കാം. സാറും കൃഷിയുടെ വലിയ ആളാണല്ലോ. കൃഷിയെ ഏറ്റവും കൂടുതൽ ഉയർത്തി പിടിക്കുന്ന താങ്കൾ എന്താണ് ചെയ്തിട്ടുള്ളത്. കാർഷികമേഖലയിൽ കഴിഞ്ഞ വർഷം കൃഷിക്കും അലൈഡ് സെക്ടറുകൾക്കുമായി 3436 കോടി രൂപയാണ് അടങ്കൽ തുകയായി അനുവദിച്ചത്. ഇപ്പോൾ 3842 കോടി രൂപ. മൊത്തം ബഡ്ജറ്റ് ചെലവിന്റെ 9.41% കഴിഞ്ഞവർഷം കൃഷിക്കുണ്ടായിരുന്നുവെങ്കിൽ ഈ വർഷം 8.7%. കണക്കു നോക്കണം, ചില ഇനങ്ങൾ കിട്ടിയത് കൊണ്ടു പോരാ. കഴിഞ്ഞ വർഷം ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറിന്റെ 9.4% കൃഷിക്കുണ്ടായിരുന്നുവെങ്കിൽ ഈ വർഷം 8.7% മാണ്.

കൃഷി ഡിപ്പാർട്ട്മെന്റ് ചെലവാക്കുന്ന അത്രയും പ്ലാൻ തുക നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃഷിക്ക് വേണ്ടി ചെലവഴിച്ചിരുന്നു. ഇപ്പോൾ ആ നിബന്ധനയില്ല. വേണമെങ്കിൽ ചെലവഴിച്ചാൽ മതി. അതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയ്ക്ക് വകയിരുത്തിയതിന്റെ പകുതി തുക മാത്രമാണ് ചെലവഴിച്ചത്. ശ്രീ. കെ. എം. മാണി

സാറെ, അങ്ങയുടെ ഭരണകാലം കേരള ചരിത്രത്തിൽ കൃഷിക്ക് ഏറ്റവും കുറവ് വിഹിതം നീക്കിവച്ച വർഷങ്ങളായിട്ടായിരിക്കും അറിയപ്പെടുന്നത്. നമ്മൾ എന്തെങ്കിലുമൊക്കെ പ്രഖ്യാപിച്ചാൽ പോരാ, അവസാനം എത്തുമ്പോൾ പണത്തിൽത്തന്നെയാണ് കാര്യങ്ങൾ കിടക്കുന്നത്.

ശ്രീ. കെ. എം. മാണി: ഇക്കൊല്ലത്തെ ബഡ്ജറ്റിനെ ഗ്രീൻ ബഡ്ജറ്റായിട്ടാണ് കേരളത്തിലെ കൃഷിക്കാർ ആകമാനം സ്വീകരിച്ചിട്ടുള്ളത്. ബഡ്ജറ്റിലെ ആദ്യത്തെ എട്ട്-പത്ത് പരിപാടികൾ പരിശോധിച്ച് നോക്കൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ട് ദിവസമുണ്ട്. അങ്ങ് ഈ കണക്കൊക്കെ നോക്കിയതിനുശേഷം കൃത്യമായി മറുപടി പറയണം. പലരും പലതൊക്കെ പറയുന്നുണ്ടാകും. ഇവിടെയിരിക്കുന്ന ബഹുമാന്യരായ എം.എൽ.എ. മാരോട് എനിക്ക് പറയാനുള്ളത്, ചരിത്രത്തിൽ ആദ്യമായിട്ടാണ് അഞ്ച് കോടി രൂപ എം.എൽ.എ.-മാർക്ക് നൽകിയതെന്നാണ് ഇവിടെ നേരത്തെ സംസാരിച്ച ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞത്. 15 കോടി രൂപ ഒരു എം.എൽ.എ.-യ്ക്ക് ഒരു മണ്ഡലത്തിൽ കൊടുത്തിട്ടാണ് എന്ത് വേണമെന്ന് തീരുമാനിക്കാൻ പറഞ്ഞത്. അതുകൊണ്ട് അഞ്ച് കോടി രൂപയെങ്കിൽ മോശമല്ല, സന്തോഷമാണ്. ഈ 700 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിലുണ്ടോ; അത് എവിടെയാണ് വച്ചിരിക്കുന്നത്? കഴിഞ്ഞ വർഷത്തെ 700 കോടി രൂപ കൊടുത്തിട്ടില്ലായെന്നും ചുരുക്കം ചിലർക്കേ കിട്ടിയിട്ടുള്ളൂവെന്നും അത് ലാപ്സാകില്ല എന്നുമാണ് പറയുന്നത്. അതല്ല ചോദിക്കുന്നത്. ഇതൊന്നും എം.എൽ.എ.-മാർ മുഴുവൻ അറിഞ്ഞിട്ടില്ല. അഞ്ച് കോടി രൂപയുടെ അസെറ്റ് ഫണ്ടെന്ന് പറയുന്നത് ഈ വർഷത്തെ ബഡ്ജറ്റിൽ ഇല്ല. ഇത് പണം ഇല്ലാത്തതുകൊണ്ടാണോ? ശ്രീ. കെ. എം. മാണി സാറിനോട് ചോദിക്കുമ്പോൾ

പറയുന്നത് എന്നെക്കൊണ്ട് കടം മേടിപ്പിച്ച് വെള്ളത്തിലാക്കാൻ വേണ്ടി പറയുന്നുവെന്നാണ്. കേന്ദ്ര സർക്കാർ നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ മൂന്ന് ശതമാനം വായ്പ എടുക്കാനുള്ള അനുവാദം തന്നിട്ടുണ്ട്. നമ്മൾ പാസ്സാക്കിയ നിയമം അതാണ് പറയുന്നത്. പക്ഷേ ശ്രീ. കെ. എം. മാണി സാർ 2.82 ശതമാനം മാത്രമേ വായ്പ എടുക്കൂ. മൂന്ന് ശതമാനം വായ്പ അനുവദിച്ചിട്ടും 2.8 ശതമാനം മാത്രമേ വായ്പ എടുത്തിട്ടുള്ളൂവെന്നത് വലിയ നേട്ടമായിട്ടാണ് ഡെപ്യൂട്ടി സ്പീക്കർ പറയുന്നത്. യു.ഡി.എഫ് സർക്കാർ ഇവിടെ Fiscal Responsibility and Budget Management Act ആദ്യമായി കൊണ്ടുവന്നപ്പോൾ രണ്ട് ശതമാനം ഫിസ്ക്കൽ ഡെഫിസിറ്റ് എന്നാണ് ആ നിയമത്തിൽ പറഞ്ഞിരുന്നത്. അന്ന് ഞാൻ ചോദിച്ചു എന്താണ് നിങ്ങൾ പറയുന്നതെന്ന്? രണ്ട് ശതമാനം ഫിസ്ക്കൽ ഡെഫിസിറ്റ് വച്ചു കൊണ്ട് നിങ്ങളുടെ പദ്ധതികൾ നടത്താൻ പറ്റുമോ? കേന്ദ്ര ഗവൺമെന്റ് മൂന്ന് ശതമാനമെന്ന് പറഞ്ഞാൽ കേന്ദ്രത്തേക്കാൾ കൂടുതൽ പരിഷ്ക്കാരികളാ ണെന്ന് നമ്മൾ കാണിക്കണമല്ലോ. കഴിഞ്ഞ വർഷം ഭേദഗതി ചെയ്ത മൂലനിയമത്തിൽ 2 ശതമാനമാണ് കണക്ക്. പിന്നെ ആരും നിയമത്തെക്കുറിച്ച് ചിന്തിച്ചില്ലായെന്നുള്ളതുകൊണ്ട് പ്രശ്നമൊന്നും ഉണ്ടായില്ല. 2.8 ശതമാനം എന്നത് കഴിഞ്ഞവർഷത്തെ 3.12 ശതമാനമായി നിലനിർത്തിയിരുന്നുവെങ്കിൽ ഒരാളും കുറ്റം പറയില്ലായിരുന്നു. കേന്ദ്രമാണെങ്കിൽ 4.8 ശതമാനം ധനക്കമ്മി യുള്ളവരാണ്. ആ നിലയിൽ 3.12 ധനക്കമ്മി ഉണ്ടാക്കിയാലും വലിയ പ്രശ്ന മൊന്നുമില്ലായിരുന്നു. 1261 കോടി രൂപ ഉണ്ടാകുമായിരുന്നു. എല്ലാ എം. എൽ.എ. മാർക്കും അഞ്ച് കോടി രൂപയല്ല പത്ത് കോടി രൂപവച്ച് കൊടുക്കാ

മായിരുന്നു. ശ്രീ. കെ. എം. മാണി സാറിന് കൈയടി കിട്ടുകയും ഈ നാട്ടിൽ നല്ല മാറ്റങ്ങൾ വരികയും ചെയ്യുമായിരുന്നു. ഞാനൊരു രാഷ്ട്രീയ വിമർശന മായിട്ടല്ല പറയുന്നത്. അടിസ്ഥാന ധനനയത്തിൽ ഈ നാടിന്റെ വിക സനക്കുതിപ്പിന് നമ്മുടെ 9 ശതമാനം സാമ്പത്തിക വളർച്ച ഇവിടത്തെ വ്യവ സായത്തിലേയ്ക്കും കൃഷിയിലേയ്ക്കും സംക്രമിക്കണമെന്നുണ്ടെങ്കിൽ ഈ പശ്ചാത്തല സൗകര്യങ്ങൾ അടിയന്തരമായി വേണം. ആ പശ്ചാത്തല സൗകര്യ സൃഷ്ടിക്കുവേണ്ടി പണം സമാഹരിക്കുന്നതിന് സാധ്യമായ പോംവഴികൾ അങ്ങ് ഉപയോഗപ്പെടുത്താൻ തയ്യാറല്ലായെന്നുള്ളതാണ് എന്റെ വിമർശനം. ഈ വിമർശനങ്ങളുടെ അടിസ്ഥാനത്തിൽ വായ്പയെടു ക്കാമെന്നും, ധനക്കമ്മി മൂന്ന് ശതമാനമാക്കാമെന്നും ശ്രീ. കെ. എം. മാണി സാർ വിചാരിച്ചാലും പറ്റില്ലായെന്ന് ഞാൻ പറയുന്നു. എന്തുകൊണ്ടാണ്? കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ മുഴുവൻ എടുത്തുകഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാർ മൂന്ന് ശതമാനം എന്നുപറഞ്ഞ് തരുന്ന വായ്പ മൂന്ന് ശതമാനം വരില്ല. സംസ്ഥാന വരുമാനത്തിന്റെ മൂന്ന് ശതമാനമാണല്ലോ വായ്പ. സംസ്ഥാന വരുമാനം എത്രയാണെന്നുള്ള കേന്ദ്രത്തിന്റെ കണക്ക് വളരെ മിതമാണ്. അത് കഴിഞ്ഞ ഫിനാൻസ് കമ്മീഷൻ കണക്കുകൂട്ടിയെടുത്ത അനുമാനങ്ങളാണ്. കേരളം അതിനേക്കാൾ വളരെ സ്പീഡിലാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. കേരളം ഏഴര ശതമാനം വേഗതയിൽ വളരു മെന്ന അടിസ്ഥാനത്തിലാണ് കേന്ദ്രം എപ്പോഴും കണക്ക് കൂട്ടിക്കൊണ്ടിരിക്കു ന്നത്. അതുകൊണ്ട് അവരുടെ വായ്പ പറയുന്നതത്രയും എടുത്ത് കഴിഞ്ഞാൽ 2.82 ശതമാനം മാത്രമേ വരികയുള്ളൂ. ഞാൻ എഴുതിത്തരാം അടുത്ത വർഷം 2.7 അല്ലെങ്കിൽ 2.6 ശതമാനം ആയിരിക്കും. പബ്ലിക്ക്

അക്കൗണ്ട് വഴി മാത്രമേ മൂന്ന് ശതമാനത്തിൽ എത്തുകയുള്ളൂ. സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ ഡെപ്പോസിറ്റ് സമാഹരിക്കൽ മാത്രമാണ്. ശ്രീ. കെ. എം. മാണി സാറിന്റെ ധനനയം എന്താണ്? നിങ്ങളൊന്ന് വായിക്കേ ണ്ടതാണ്. പബ്ലിക്ക് അക്കൗണ്ട്-2010-11-ലെ ബഡ്ജറ്റിൽ 2,524 കോടി രൂപയാണ്. അതിന് പിന്നിലുള്ള വർഷം കണക്കാക്കണ്ട, കാരണം കുടിശ്ശിക കിട്ടിയതെല്ലാം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച വർഷമാണ്. ഈ വർഷം 470 കോടി രൂപയാണ്. സംസ്ഥാന വികസനത്തിനുവേണ്ടി ഒരു വിഭവസമാഹരണ മാർഗ്ഗമെന്ന നിലയിൽ നമ്മുടെ ട്രഷറി സേവിംഗ്സ് ബാങ്കിനെ ഉപയോഗപ്പെടു ത്തില്ലായെന്ന ശാഠ്യമാണ് ധനകാര്യ വകുപ്പുമന്ത്രി കാണിക്കുന്നത്. ഇവിടെ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. രവീന്ദ്രനാഥൻ സാർ, Expenditure Committee Chairman ആയപ്പോൾ തയ്യാറാക്കിയ ഒരു അദ്ധ്യായമുള്ള റിപ്പോർട്ടുണ്ട്. പബ്ലിക്ക് അക്കൗണ്ട് നമുക്ക് ഉപയോഗപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്ത് ലെജിസ്ലേഷൻ വേണമെന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ എ.ടി.എം. വരണമെന്നും ജീവനക്കാരുടെ ശമ്പളവും പെൻഷനും നമ്മുടെ ട്രഷറി അക്കൗണ്ട് വഴി കൊടുക്കാമെന്നുമാണ് പറഞ്ഞത്. അതിന്റെ ഫലമായി ആയിരമോ രണ്ടായിരമോ കോടി രൂപ ക്യാഷ് ബാലൻസ് ട്രഷറിയിൽ ഉണ്ടാ കും. വന്ന് കയറി ഇരിക്കുന്നതിനുമുമ്പ് നിങ്ങൾ അതെടുത്ത് ബാങ്കിൽ കൊടു ത്തില്ലേ? ആരെങ്കിലുമായി ചർച്ച ചെയ്തോ; ഇനി എന്നെങ്കിലും തിരിച്ചെടു ക്കാൻ കഴിയുമോ? ഈ സംസ്ഥാനത്തെ ട്രഷറിയിൽ ഇവിടത്തെ വികസന ത്തിന് കിട്ടേണ്ട 1000 - 1500 കോടി രൂപയുടെ ക്യാഷ് ബാലൻസ് നിങ്ങൾ ബാങ്കുകൾക്ക് കൊടുത്തു. അർദ്ധസർക്കാർ സ്ഥാപനങ്ങളും ഡിപ്പാർട്ട് മെന്റുകളും പണം ട്രഷറിയിൽ സൂക്ഷിക്കണ്ട, ബാങ്കുകളിൽ സൂക്ഷിച്ചാൽ

മതിയെന്ന് പറഞ്ഞു. ഇത്തരത്തിൽ നമ്മുടെ വികസനത്തിന് ഉപയോഗിക്കാൻ പറ്റുന്ന ഉപാധിയായി ട്രഷറി സേവിംഗ്സ് ബാങ്കിനെ കാണുന്ന നയം ഇല്ലാതാക്കി. ഇനി ഞാൻ പറയുന്നു, ശ്രീ. കെ. എം. മാണി സാറിന് മൂക്കുകയറിട്ടില്ലെങ്കിൽ റിസർവ് ബാങ്ക് പറയുന്നതുപോലെ നമുക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് വേണ്ടെന്ന് വയ്ക്കേണ്ടി വരും. ഇത് കേരളത്തിന് മാത്രമുള്ള സൗഭാഗ്യമാണ്; മറ്റ് സംസ്ഥാനങ്ങൾക്കില്ല. ഇന്റഗ്രേഷൻ വന്നപ്പോൾ ഈ ബാങ്ക് എടുത്തുകളയാൻ ആരോ മറന്നുപോയി. ഇതുവരെ എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ട്രഷറി സേവിംഗ്സ് ബാങ്ക് നമ്മുടെ പൈതൃകമാണെന്നും ഒരു കാരണവശാലും ഇത് വേണ്ടെന്ന് വയ്ക്കില്ലായെന്നുമുള്ള നിലപാട് എടുത്തു. എന്നിട്ട് പ്രായോഗികമായി കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി അതുവഴിയുള്ള സമാഹരണം വേണ്ടായെന്ന് തീരുമാനിച്ചിരിക്കുന്നു. അങ്ങനെയാണെങ്കിൽ ട്രഷറി സേവിംഗ്സ് ബാങ്ക് എന്തിനാണ്? ഇനി വിചാരിച്ചാലും ശ്രീ. കെ. എം. മാണി സാറിനെ കൊണ്ട് പറ്റില്ല. ആ വാതിൽ കൊട്ടിയടച്ചു. ഇതിന്റെ തുടക്കം എവിടെയാണെന്ന് അറിയാമോ? ഈ ധവളപത്രമാണ്. ധവളപത്രത്തിൽ കേരളത്തിലെ ധനസ്ഥിതിയെക്കുറിച്ച് വളരെ തെറ്റായിട്ടുള്ള ചിത്രം വച്ച് അതിന്റെപുറത്ത് വാചകമടിച്ച് വാചകമടിച്ച്......... ഈ ബഡ്ജറ്റ് ചർച്ചയിലും പറയുന്നുണ്ട്. ഞാൻ ഒരു വർഷം കൊണ്ട് ആകെ മാജിക്ക് പോലെ മാറ്റിമറിച്ചിരിക്കുകയാണെന്ന്. ധനകാര്യ വകുപ്പുമന്ത്രിക്ക് കേരളത്തിലെ ഇന്നത്തെ സാധ്യതകൾ മനസ്സിലാക്കാൻ പറ്റുന്നില്ല. യു.ഡി.എഫ്.-ലെ അംഗങ്ങൾ വോട്ട് ഓൺ അക്കൗണ്ട് വരുമ്പോൾ എന്ത് ചെയ്യുമെന്നറിയാം. അതിനപ്പുറം ചില കാര്യങ്ങൾ ഇവിടെ ഉണ്ട്. 9.5 ശതമാനം വളർച്ച കാർഷിക-വ്യവസായ മേഖലയിലേയ്ക്ക് സംക്രമിപ്പിക്കുന്നതിന്

ധനനയം പര്യാപ്തമല്ല. അത് തിരുത്തിയേ തീരൂ എന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. (ശ്രീ. വി. ഡി. സതീശൻ)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ പിന്താങ്ങുകയാണ്. യു.ഡി.എഫ് ഗവൺമെന്റിന് ഒരു നയമുണ്ട്. വികസനവും കരുതലുമെന്ന യു.ഡി.എഫ് നയത്തെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന ബഡ്ജറ്റാണ് പരിണിതപ്രജ്ഞനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാർ ഇവിടെ സഭയിൽ അവതരിപ്പിച്ചത്. നമ്മുടെ സാമ്പത്തിക സൂചകങ്ങൾ പരിശോധിച്ചാൽ വളരെ ഗുണകരമായ മാറ്റം സംസ്ഥാനത്തെ സാമ്പത്തിക രംഗത്ത് ഉണ്ടായിരിക്കുന്നുവെന്ന് നമുക്കറിയാൻ കഴിയും. ദേശീയതലത്തിൽ നമ്മുടെ സാമ്പത്തികവളർച്ച പിടിച്ചുനിൽക്കാൻ കഴിയാത്ത തലത്തിൽ നിന്ന് താഴേയ്ക്ക് പോയി. ദേശീയ തലത്തിലുള്ള സാമ്പത്തിക വളർച്ചയേക്കാൾ 3.3 ശതമാനം കേരളത്തിന്റെ സാമ്പത്തിക വളർച്ച വർദ്ധിച്ചു. ഇന്ന് ദക്ഷിണേന്ത്യയിലെ ഏറ്റവും കൂടുതൽ സാമ്പത്തിക വളർച്ചയുള്ള സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുകയാണ്. നമ്മൾ കുറേക്കൂടി നന്നായി മുന്നോട്ടുപോയാൽ വളരെ കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ രണ്ടക്കത്തിനപ്പുറത്തേയ്ക്ക് കേരളത്തിന്റെ സാമ്പത്തിക വളർച്ച മുന്നോട്ട് കൊണ്ടുപോകാം. ഇതൊരു അഭിമാനകരമായ കാര്യമായിട്ടല്ല ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ വിലയിരുത്തിയിരിക്കുന്നത്. സുസ്ഥിരമായ സാമ്പത്തികവളർച്ചാ മോഡലായി ഈ സാമ്പത്തിക വളർച്ചയെ അദ്ദേഹം കാണുന്നില്ല. കാരണം അദ്ദേഹം പറയുന്നുണ്ട്, കാർഷിക മേഖലയുടെ വളർച്ച മൈനസ്സിലാണ്. വ്യാവസായിക മേഖലയിൽ ഉണ്ടാകേണ്ട വളർച്ച ഉണ്ടായിട്ടില്ല. ഏഴ് ശതമാനം മാത്രമാണ് വ്യവസായിക മേഖലയിൽ വളർച്ച ഉണ്ടായിട്ടുള്ളത്. ഇവിടെ സേവന മേഖലയിലാണ് വളർച്ച ഉണ്ടായിരിക്കുന്നത്. സുസ്ഥിരമായ സാമ്പത്തിക വളർച്ചയെന്ന് പറയണമെങ്കിൽ അത് പ്രൈമറി സെക്ടറായ കാർഷിക

മേഖലയിലും സെക്കന്ററി സെക്ടറായ വ്യാവസായിക മേഖലയിലും ആ വളർച്ച ഉണ്ടാകണം. അതാണ് യാഥാർത്ഥ്യത്തോടുകൂടിയുള്ള സാമ്പത്തിക വളർച്ചയേയും സമ്പദ്ഘടനയേയും അപ്രോച്ച് ചെയ്തിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിച്ചത്. ആ കാർഷിക മേഖലയേയും വ്യവസായിക മേഖലയേയും വളർത്തിയെടുക്കുന്നതിനുവേണ്ടിയിട്ടുള്ള വലിയ ശ്രമങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടുണ്ട്. ഏറ്റവും കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത് അതിനാണ്. കാർഷിക വളർച്ചയും വ്യാവസായിക വളർച്ചയും ഉണ്ടാകണമെങ്കിൽ അടിസ്ഥാനസൗകര്യ മേഖലയിൽ വലിയ മാറ്റം ഉണ്ടാകണം. ഇവിടെ വളർച്ചയുടെ കാര്യത്തിലാണ് ഫോക്കസ് കൊടുത്തിരിക്കുന്നത്. കാർഷിക മേഖലയിലും വ്യവസായിക മേഖലയിലും അടിസ്ഥാന സൗകര്യ മേഖലയിലും ഏറ്റവും കൂടുതൽ പണം നിക്ഷേപിച്ചുകൊണ്ട് ഏറ്റവും ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് കേരളത്തിന്റെ പരിമിതികളെ മനസ്സിലാക്കിക്കൊണ്ട് യാഥാർത്ഥ്യങ്ങളെ ബോധ്യപ്പെട്ടുകൊണ്ടുള്ള പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുന്നത്. കാർഷിക മേഖലയിൽ നമ്മുടെ ഏരിയാ ഓഫ് കൾട്ടിവേഷൻ കുറഞ്ഞുവരികയാണ്. നമ്മുടെ നെൽ കൃഷിയുടേതാണെങ്കിലും മറ്റ് എല്ലാത്തരം കൃഷി രീതിയുടേതാണെങ്കിലും സ്ഥല പരിമിതി നമുക്കുണ്ട്.

ജനസാന്ദ്രത കൂടിയ ഈ സംസ്ഥാനത്ത് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ നമുക്ക് വേണ്ടത് ഹൈടെക് കൃഷിരീതികളാണ്. ആധുനികമായ കൃഷി സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയെയും വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. അതേ അവസരത്തിൽ എല്ലാ സമ്മർദ്ദങ്ങളും നിൽക്കുമ്പോഴും സാമൂഹ്യ ക്ഷേമരംഗത്ത് ഒരു വിട്ടുവീഴ്ചയും ചെയ്യാൻ തയ്യാറല്ല എന്ന് ഈ

ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്രമാത്രം സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും സാമൂഹ്യക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്ത ഒരു ബഡ്ജറ്റ് സമീപകാലത്തൊന്നും ഉണ്ടായിട്ടില്ല എന്ന് നമുക്കറിയാം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഒരു ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് സാമൂഹ്യക്ഷേമ പെൻഷനുകൾ നേരിയ തോതിൽ വർദ്ധിപ്പിച്ചപ്പോൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വരെയുള്ള എൽ.ഡി.എഫ്-ന്റെ ഏറ്റവും വലിയ ക്യാമ്പെയിൻ പോയിന്റ് സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു എന്നതായിരുന്നു. ഒരു പ്രാവശ്യം വർദ്ധിപ്പിച്ചപ്പോൾ അത് എത്രയോ തെരഞ്ഞെടുപ്പുകളിലെ ക്യാമ്പെയിൻ പോയിന്റായി എൽ.ഡി.എഫ്. അതിനെ മാറ്റി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടുവർഷം പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ ഈ സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പെൻഷനുകൾ 75 ശതമാനത്തിലധികം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു ഗവൺമെന്റിന്റെ കാലത്തും ഇത്രമാത്രം വലിയൊരു വർദ്ധനവ് ആ രംഗത്ത് ഉണ്ടായിട്ടില്ല. കേരളത്തിൽ പട്ടിണി പൂർണ്ണമായും തുടച്ചുനീക്കുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെയ്തിട്ടുള്ളത്. ബി.പി.എൽ. വിഭാഗക്കാർക്ക് വിതരണം ചെയ്യുന്ന അരിയുടെ വില ഒരു രൂപയാക്കി മാറ്റിയതും ആശ്രയ പദ്ധതി നടപ്പിലാക്കിയതും സമൂഹത്തിലെ ഏറ്റവും ദുർബലമായ വിഭാഗങ്ങളെ നെഞ്ചോട് ചേർത്ത് നിർത്തിക്കൊണ്ട് അവരെ പട്ടിണിയിൽനിന്നും മറ്റ് പ്രശ്നങ്ങളിൽനിന്നും ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും മുക്തി നേടുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ഈ ഗവൺമെന്റ്

മുന്നോട്ടുവയ്ക്കുന്നത്. അമിതമായ യാതൊരു നികുതിഭാരവും എടുക്കാതെയാണ് ഈ ബഡ്ജറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ബഡ്ജറ്റിനെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിമർശനം ശ്രീ. തോമസ് ഐസക് ഉൾപ്പടെയുള്ള ആളുകൾ ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് കൂടുതലായി കടം എടുത്തിട്ടില്ല എന്നാണ് ഈ ഗവൺമെന്റിന് എതിരായിട്ടുള്ള ഏറ്റവും വലിയ ആക്ഷേപം. 'It is a complement to the Government' എന്ന് ഞാൻ പറയുന്നു. സാധാരണ ഗവൺമെന്റ് കടം എടുത്ത് നാടിനെ മുടിപ്പിച്ച് കടക്കെണിയിലാക്കിയെന്നാണ് എല്ലാ പ്രതിപക്ഷവും ആരോപണം ഉന്നയിക്കാറുള്ളത്. ഈ ഗവൺമെന്റിനെക്കുറിച്ചുള്ള ആരോപണം ഈ ഗവൺമെന്റ് കൂടുതൽ കടം എടുത്തില്ലായെന്നുള്ളതാണ്. എവിടെ നിന്നാണ് പണമെടുക്കുന്നത്? ഗവൺമെന്റാണെങ്കിലും പണമെടുക്കുന്നത് മണി മാർക്കറ്റിൽ നിന്നാണ്. ശ്രീ. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ സർക്കാരിന് വേണമെങ്കിൽ 1,000 കോടി രൂപ കൂടി കടമെടുക്കാം. 1,000 കോടി രൂപകൂടി ഈ ഗവൺമെന്റ് കടമെടുത്താൽ അതിന്റെ എത്ര ശതമാനം നമുക്ക് അസെറ്റ് ക്രിയേഷനാക്കി/ ക്യാപിറ്റൽ എക്സ്പെന്റീച്ചറാക്കി മാറ്റാൻ കഴിയും? നമ്മുടെ ഉദ്യോഗസ്ഥ സംവിധാനവും മറ്റ് സെറ്റപ്പും എല്ലാമായി ഇത് ടാർജറ്റ് ഗ്രൂപ്പിൽ എത്തുമ്പോഴേയ്ക്കും എത്ര ചുരുങ്ങിയ ശതമാനമായി കുറയും. പക്ഷേ, 1,000 കോടി രൂപയുടെ പലിശ നമുക്ക് കൊടുക്കണ്ടേ? ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ബാധ്യത എന്താണ്? അത് വരുമാനത്തിന്റെ 80-85 ശതമാനത്തോളം ശമ്പളവും പെൻഷനും

ഇതുവരെയുള്ള കടബാദ്ധ്യതയുടെ പലിശയും കൊടുക്കണം. അങ്ങനെ കിട്ടുന്ന വരുമാനത്തിന്റെ 15 ശതമാനംപോലും വികസനോന്മുഖമായ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുവാൻ കഴിയുന്നില്ല. സർക്കാർ കടമെടുത്തില്ലെങ്കിൽ മണി മാർക്കറ്റിലുള്ള പണം മറ്റുള്ള ആളുകൾക്ക് എടുക്കാം. വ്യക്തികളും സ്ഥാപനങ്ങളും ആ പണം കടമായി എടുത്താൽ മണി മാർക്കറ്റിൽ കറൻസിയുടെ വിനിമയമുണ്ടാകും. ഒരാളുടെ കൈയിൽ നിന്നും രണ്ടാമന്റെ കൈയിലേയ്ക്കും രണ്ടാമന്റെ കൈയിൽനിന്നും മൂന്നാമന്റെ കൈയിലേയ്ക്കും പരസ്പരം വിനിമയം ചെയ്യപ്പെടേണ്ട ഒരു മാധ്യമമാണ് കറൻസി. അത് സർക്കാർ എടുത്തില്ലെങ്കിൽ മറ്റുള്ളവർ അത് എടുക്കുകയും ആ മണി മാർക്കറ്റിൽ പണം വിനിമയം ചെയ്യപ്പെടുകയും അതിലൂടെ വലിയ വരുമാനം സർക്കാരിന് വരികയും ചെയ്യും. അതുകൊണ്ട് സർക്കാർ ആവശ്യത്തിന് മാത്രമേ കടം എടുക്കുകയുള്ളൂ എന്നുപറയുന്നത് ഒരു സർക്കാരിന് കുഴപ്പമാണ് എന്ന് വരുത്തിവയ്ക്കുന്നത് ശരിയല്ല. മാത്രമല്ല നമുക്ക് കടമെടുക്കാൻ കഴിയാവുന്ന ഒരു പൊസിഷനാണോ സംസ്ഥാനത്തുള്ളത്. ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് എന്താണ്? സർക്കാരിന്റെ ഡെറ്റ് ജി.എസ്.ഡി.പി. റേഷ്യോ എത്രയാണ്? 2011-ൽ കേരളത്തിന്റെ ഡെറ്റ് ജി.എസ്.ഡി.പി. റേഷ്യോ 28 ആണ്. ആന്ധ്രാപ്രദേശിന്റേത് 21 ഉം കർണ്ണാടകയുടേത് 19 ഉം തമിഴ്നാടിന്റേത് 18-മാണ്. അവരെല്ലാം എടുത്തിരിക്കുന്ന കടത്തേക്കാൾ വളരെയധികം വർദ്ധിച്ചിരിക്കുകയാണ് കേരളത്തിന്റെ ജി.എസ്.ഡി.പി. റേഷ്യോ. അതുകൊണ്ടുള്ള ഫലമെന്താണ്? ആളോഹരി കടം എത്രയാണ്? ആളോഹരി കടം ആന്ധ്രാപ്രദേശിന്റേത് 15,900 രൂപയും കർണ്ണാടകത്തിന്റേത് 14,500

രൂപയും തമിഴ്നാടിന്റേത് 16,200 രൂപയുമായി നിൽക്കുമ്പോൾ കേരളത്തിന്റെ ആളോഹരി കടം 24,600 രൂപയാണ്. ഈ ആളോഹരി കടം വീണ്ടും വർദ്ധിപ്പിച്ച് ഡെറ്റ് ജി.എസ്.ഡി.പി. റേഷ്യോ വീണ്ടും വർദ്ധിപ്പിക്കണമെന്നാണോ അഞ്ച് കൊല്ലം സംസ്ഥാനത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തോമസ് ഐസക് നിർദ്ദേശിക്കുന്നത്. കേരളത്തിന്റെ കണക്ക് വളരെ കൂടുതലാണെന്നത് ശരിയാണ്. ഇവിടെ സാമൂഹ്യക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചതോടൊപ്പം വളരെ ചില പ്രധാനപ്പെട്ട പരിപാടികൾ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും കുടിവെള്ള വിതരണ രംഗത്തും അതുപോലെ തന്നെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ഈ ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. സമഗ്ര ആരോഗ്യ പദ്ധതി ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ സ്വപ്നമാണ്. ആ സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ കേരളത്തിലെ സാധാരണക്കാരന് ഒരു യൂണിവേഴ്സൽ ഹെൽത്ത് കെയർ കൊടുക്കാനുള്ള മഹത്തായ ലക്ഷ്യവുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മംഗല്യ നിധി പദ്ധതി. ഇക്കണോമിക് റിവ്യൂവിന്റെ ഏറ്റവും പ്രധാനപ്പെട്ട കണ്ടെത്തലുകളിൽ ഒന്ന്, ഇന്ത്യയിലെ ഏറ്റവും കൂടുതൽ അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ളതും തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള നാലാമത്തെ സംസ്ഥാനവും കേരളമാണ് എന്നുള്ളതാണ്. അതുകൊണ്ട് സുസ്ഥിരമായ ഒരു തൊഴിൽ വികസന പദ്ധതി ആധുനികമായ കാഴ്ചപ്പാടോടുകൂടി ഈ രംഗത്ത് വയ്ക്കുന്നു. കർഷകരെ ചേർത്ത് നിർത്തുന്നതിനുവേണ്ടി സമഗ്ര വിള ഇൻഷ്വറൻസ് നടപ്പിലാക്കുന്നു.

അതുപോലെ സോളാർ പ്രോജക്ട്, ഇന്നവേഷൻ കൗൺസിൽ നടത്തുന്ന പദ്ധതികളുൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട പദ്ധതികൾ മുന്നോട്ടു വയ്ക്കുന്നു. ആദ്യമായി ഇന്നവേഷൻ അവാർഡുകൾ കൊടുക്കുന്നു. We are appreciating excellence. ആദ്യമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് ഒരു ബഡ്ജറ്റിലൂടെ നാട്ടിലെ ഏറ്റവും cream ആയിട്ടുള്ള ആളുകളെ മുഴുവൻ അംഗീകരിക്കുകയും അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ഇന്നവേറ്റീവ് പ്രോജക്ട് ചെയ്യുന്ന ആളുകളേയും, എല്ലാവരെയും അംഗീകരിക്കുന്ന, എക്സലൻസിന് അംഗീകാരം കൊടുക്കുന്ന, മികച്ച ആളുകൾക്ക് അംഗീകാരം കൊടുക്കുന്ന ഒരു പുതിയ പദ്ധതി ഗവൺമെന്റ് പ്രഖ്യാപിക്കുന്നു. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. ഈ ബഡ്ജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണ്? കഴിഞ്ഞ 5 വർഷക്കാലത്തെ ബഡ്ജറ്റ് എന്റെ മുമ്പിലുണ്ട്. ആ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരവധി പ്രോജക്ടുകൾ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകപോലും ചെയ്യാത്തതിന്റെ കണക്ക് എനിക്ക് വേണമെങ്കിൽ ലിസ്റ്റ് ചെയ്യാം. അത് രാഷ്ട്രീയ ആരോപണമായി ഞാൻ ഉയർത്തുന്നില്ല. പലപ്പോഴും നമ്മുടെ ബഡ്ജറ്റും പദ്ധതിയും അതിൽ പറയുന്ന നിർദ്ദേശങ്ങളുമൊക്കെ പൂർണ്ണമായി നടപ്പിലാക്കാൻ നമുക്ക് കഴിയാറില്ല. നമ്മുടെ പദ്ധതി നിർവ്വഹണത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ആ പദ്ധതികളിൽ കൃത്യമായി നമുക്ക് ചെലവഴിക്കാൻ കഴിയുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ ക്വാർട്ടറിൽ ഈ പദ്ധതിത്തുക ചെലവഴിച്ച് തീർക്കാനുള്ള സമ്മർദ്ദത്തിന്റെ ഭാഗമായി 9 മാസം കഴിയുമ്പോൾ 10, 11, 12

മാസങ്ങളിൽ കാട്ടിക്കൂട്ടുന്ന ബുക്ക് അഡ്ജസ്റ്റുമെന്റുകളും കണ്ണിൽ പൊടിയിടുന്ന പരിപാടികളുമാണ് കേരളത്തിലെ പദ്ധതി നിർവ്വഹണം.

ഈ പദ്ധതി നിർവ്വഹണ രീതികൾ അടിസ്ഥാനപരമായി പൊളിച്ചെഴുതേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിനുവേണ്ടിയുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഓരോ ക്വാർട്ടറിലും അതുകൂടി വിലയിരുത്താനും ആദ്യത്തെ ക്വാർട്ടർ കഴിയുമ്പോൾത്തന്നെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ഓരോ വകുപ്പുകളിലും പറഞ്ഞിരിക്കുന്ന പദ്ധതികൾ കൃത്യമായി ആരംഭിക്കാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കാനും ആരംഭിച്ചുകഴിഞ്ഞ പദ്ധതികൾ സമയബന്ധിതമായി ടാർജറ്റിട്ട് ആ സമയത്തുതന്നെ പൂർത്തിയാക്കാനും കഴിയുന്ന അതിശക്തമായ ഒരു മോണിട്ടറിംഗ് സംവിധാനം, ഒരു പെർഫോമൻസ് ഓഡിറ്റിംഗ് ബഡ്ജറ്റിന്റെ കാര്യത്തിൽ നിർബന്ധമായും ചെയ്യണം. അതുപോലെതന്നെ പദ്ധതി നിർവ്വഹണകാര്യത്തിലും ബഡ്ജറ്റിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യത്തിലും ശക്തമായ ഒരു സംവിധാനം ഉണ്ടാകുന്നില്ലെങ്കിൽ ഈ ബഡ്ജറ്റിന്റെ സാങ്റ്റിറ്റി നഷ്ടപ്പെടും അതോടൊപ്പം പദ്ധതി പ്രവർത്തനം ലക്ഷ്യമാക്കുന്ന വലിയ ഒരു വികസനത്തിനും സാമൂഹ്യക്ഷേമ രംഗത്തും നമ്മൾ ആഗ്രഹിക്കുന്ന സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ നടപ്പാകാതെ പോകും. നമ്മൾ ചെലവാക്കുന്ന പണത്തിന്റെ പത്ത് ശതമാനം പോലും നമുക്ക് ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയാത്ത കാര്യങ്ങളാകും. നമുക്ക് ഒരു ക്വാളിറ്റി എക്സ്പെന്റീച്ചർ ഉണ്ടാകണം. നമ്മൾ ചെലവാക്കുന്ന പണം നമ്മൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് കൃത്യമായാണ് ചെലവാക്കുന്നതെന്നും അതിന് ഫലമുണ്ടാകത്തക്ക

വിധത്തിലുള്ള ഒരു ക്വാളിറ്റി എക്സ്പെന്റീച്ചർ സംവിധാനം കൂടി നിലവിൽ വരണം. അതിനുള്ള സൂചനകൾ ഈ ബഡ്ജറ്റിലുണ്ട് എന്നതുകൊണ്ട് ഈ ബഡ്ജറ്റ് വളരെ സ്വാഗതാർഹമാണ്. ഇവിടെ വന്ന പ്രധാനപ്പെട്ട ആക്ഷേപം ചില ഉത്പന്നങ്ങളുടെ നികുതി 13.5 ശതമാനത്തിൽ നിന്ന് 14.5 ശതമാനമായി മാറ്റിയെന്നുള്ളതാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട, അവശ്യവസ്തുവായ അരിയെ പൂർണ്ണമായി നികുതി വിമുക്തമാക്കി. അതിന്റെ റിസൽട്ട് എന്താണ്? ഇവിടെ വിലക്കയറ്റത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് ഇടപെടുന്നില്ല, ബഡ്ജറ്റ് ഒന്നും പറയുന്നില്ല എന്നാണ് പറയുന്നത്. ഒരു ശതമാനം ടാക്സിൽ നിന്നും സീറോ ആയിക്കഴിഞ്ഞാലും വലിയ വ്യത്യാസമാണ്. ഒരു ശതമാനം ടാക്സുണ്ടെങ്കിൽ സെയിൽ ടാക്സ് ഉദ്യോഗസ്ഥർക്ക് കയറിയിറങ്ങാം. നികുതി വിമുക്തമാണെങ്കിൽ ടാക്സ് ഉദ്യോഗസ്ഥർ പോകേണ്ട ആവശ്യമില്ല. അരിയെ നികുതി വിമുക്തമാക്കിയിരിക്കുന്നതുകൊണ്ട് അരി ധാരാളമായി കേരളത്തിലേയ്ക്ക് വരാൻ പോകുകയാണ്. അരിയുടെ വില കുറയാൻവേണ്ടി യുള്ള വളരെ ശക്തമായ തീരുമാനമാണ് അരിയേയും സമാനമായ ഉത്പന്ന ങ്ങളെയും നികുതിയിൽ നിന്ന് വിമുക്തമാക്കിക്കൊണ്ടുള്ള ധീരമായ ഈ നട പടി. നികുതി 13.5 ശതമാനത്തിൽനിന്ന് 14.5 ശതമാനമായി വർദ്ധിപ്പിച്ചതിൽ എന്താണ് തെറ്റ്? വാറ്റ് നികുതിക്ക് ഒരു ഘടനയേയുള്ളു. അത് ഒരു യൂണി ഫോമിറ്റിയാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയും ആന്ധ്രാ പ്രദേശും തമിഴ്നാടുമെല്ലാം 13.5 ശതമാനത്തിൽനിന്ന് 14.5 ശതമാന മായി ഉയർത്തി. നമ്മളെന്തിനാണ് 13.5 ശതമാനത്തിൽ നിറുത്തുന്നത്? അത് അനാവശ്യമായ കള്ളക്കടത്ത് വർദ്ധിപ്പിക്കുന്നതിന് കാരണമാകും. വാറ്റ്-ന്റെ യൂണിഫോമിറ്റി ഏറ്റവും കുറഞ്ഞത് സൗത്ത് ഇൻഡ്യയിലെങ്കിലും നില

നിർത്തേണ്ട ആവശ്യമുണ്ട്. മാത്രമല്ല ചരക്ക് സേവന നികുതി വരുമ്പോൾ നമുക്ക് ഇതിൽ ഗുണപരമായ മാറ്റമാകും. ചരക്ക് സേവന നികുതി വരുമ്പോൾ അവശ്യ വസ്തുക്കളൊഴിച്ചുള്ള ഇത്തരം ഫിനിഷ്ഡ് പ്രോഡക്ടുകൾക്ക്, നേരത്തെ സൂചിപ്പിച്ചതുപോലെ 16.5 ശതമാനത്തിനുള്ള സാധ്യതയാണ്. ഒരുമിച്ച് ഒറ്റയടിക്ക് വർദ്ധിപ്പിക്കുന്നതിനുപകരം 13.5 ശതമാനത്തിൽനിന്നും 14.5 ശതമാനമായി ഉയർത്തിയതാണ്. വളരെ കുറഞ്ഞതലത്തിൽ മാത്രമേ ഇവിടെ ടാക്സ് കൂട്ടിയിട്ടുള്ളു. ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽത്തന്നെ ഈ ടാക്സേഷനെ സംബന്ധിച്ചുള്ള സരസമായ ഒരു വിവരണം 2009-ലെ ബഡ്ജറ്റിലുണ്ട്. തകഴിയുടെ കയറിലെ കഥ പറഞ്ഞുകൊണ്ടാണ് അദ്ദേഹം പറയുന്നത് ഞാൻ അതൊന്ന് ക്വാട്ട് ചെയ്യുകയാണ്. "ഏതാണ്ട് ഇരുനൂറ്റമ്പത് കൊല്ലംമുമ്പ് തിരുവിതാംകൂറിൽ കണ്ടെഴുത്ത് നടത്തുന്നതുമുതൽ എഴുപതുകളിൽ ഭൂപരിഷ്കരണം നടപ്പാക്കുന്നതുവരെയാണ് ഞാനാദ്യം സൂചിപ്പിച്ച കയറിലെ കഥ നടക്കുന്നത്. എരുമത്ര മഠത്തിൽ ക്ലാസിപ്പേര് വന്നു താമസിക്കാൻ തുടങ്ങുന്നു എന്ന കേട്ടപാതി കേൾക്കാത്തപാതി കോടാന്ത്ര മൂത്താശാൻ പറയുന്നത് 'കീഴ്നടപ്പില്ല' എന്നാണ്. മുറജപത്തിന് തിരുവനന്തപുരത്തേക്ക് പോകുന്ന വൈദികരോ മറ്റോ മാത്രമേ എരുമത്ര മഠത്തിൽ താമസിച്ചിട്ടുള്ളൂ. ഉദ്യോഗസ്ഥർ വന്ന് താമസിക്കുന്നത് കീഴ്നടപ്പില്ല. മണ്ണായ മണ്ണൊക്കെ അളന്നുതിരിച്ച് ഓരോരുത്തരുടെ പേരിൽ എഴുതിവച്ചതുമുതൽ ഭൂപരിഷ്കരണം നടക്കുന്നതുവരെ നാട്ടിൽ ഒരുപാട് മാറ്റങ്ങളുണ്ടായി. തീണ്ടലും തൊടീലും പോയി; മരുമക്കത്തായം പോയി; റാണി-ചിത്തിര കായലുകളിൽ ബണ്ടുയർന്നു; ആലപ്പുഴയിൽ ഫാക്ടറികൾ വന്നു; പുതിയ മുതലാളി വന്നു; തൊഴിലാളി വന്നു; തമ്പ്രാനെന്ന് വിളിക്കില്ലെന്ന് വന്നു; പാപ്പ

യെന്ന സ്ത്രി ഉണർന്നു; അങ്ങനെ നമ്മൾ ഇവിടെ വന്നു. നല്ല വിദ്യാഭ്യാസവും സാമൂഹ്യ ബോധവും ഉള്ള ജനങ്ങൾ, പക്ഷേ കൃഷിയും കയറും പണ്ടത്തെപ്പോലെതന്നെ. ഇത് മാറിയേ തീരൂ. ഇതോരോന്നും വരുമ്പോൾ അന്നന്നത്തെ കോടന്ത്ര മൂത്താശ്ശാൻമാർ പറഞ്ഞിട്ടുണ്ട് 'കീഴ്നടപ്പില്ല' ". അത് ബഡ്ജറ്റിൽ എഴുതി വച്ച ഡോ.തോമസ് ഐസക് വന്ന് ഇപ്പോൾ 13.5 ശതമാനം 14.5 ആയപ്പോൾ കോടാന്ത്ര മൂത്താശ്ശാനേപ്പോലെ കീഴ്നടപ്പില്ലെന്ന് പറയുകയാണ് കയറിലെ തകഴിയുടെ കോടാന്ത്ര മൂത്താശ്ശാനായി അദ്ദേഹം മാറിയിരിക്കുകയാണ്. ക്ലാസിപ്പേര് വന്ന് താമസിച്ചതും നമ്മുടെ നാട്ടിൽ നികുതി സമ്പ്രദായം ഉണ്ടായതും ആ നികുതി പിരിക്കാൻ തുടങ്ങിയതും മുതൽ നികുതിക്കൊരു ചരിത്രമുണ്ട്. സ്വതന്ത്ര ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങൾക്ക് നികുതി ഏർപ്പെടുത്താനുള്ള അധികാരം ലഭ്യമായതും ഒരു യൂണിഫോമിറ്റി വാറ്റ്-ന്റെ കാര്യത്തിൽ വന്നതുമെല്ലാം അതിന്റെ ഭാഗമാണ്. ഇനി വരാൻ പോകുന്ന ജി.എസ്.റ്റി.യുമായി ബന്ധപ്പെടുത്തി ധനകാര്യമായ ചില ഇടപെടലുകൾ നടത്തേണ്ടിവരും. ആ ഇടപെടലുകളാണ് യഥാർത്ഥത്തിൽ ഇവിടെ നടത്തിയിരിക്കുന്ന ടാക്സ് വർദ്ധന. ഇവിടെ സിഗരറ്റിന്റെ ടാക്സ് 15 ശതമാനത്തിൽനിന്ന് 20 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പുകവലിയുമായി ബന്ധപ്പെട്ട് വളരെ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് പറഞ്ഞിരിക്കുന്നത്. പുകവലിയാണ് 42 ശതമാനം ക്യാൻസറിനും കാരണമാകുന്നതെന്നാണ് കണ്ടെത്തിയിരിക്കുന്നത്. പുകവലി കുറയ്ക്കുന്നതിന് അവർതന്നെ നിർദ്ദേശം വയ്ക്കുന്നത് സിഗരറ്റിനും ബീഡിക്കുമെല്ലാം അറുപതും എഴുപതും ശതമാനംവരെ ടാക്സ് ഈടാക്കണമെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് 15 ശതമാനം നികുതി

ഇരുപത് ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. രാജസ്ഥാൻ അടുത്തിടെയാണ് 50 ശതമാനമായിരുന്ന സിഗരറ്റിന്റെ ടാക്സ് 65 ശതമാനമായി ഉയർത്തിയത്. 40 ശതമാനമായിരുന്നപ്പോൾ വരുമാനവർദ്ധനവ് 378 കോടി രൂപയാണ്. അത് ഇപ്പോൾ 627 കോടി രൂപയായി വർദ്ധിപ്പിച്ചു. എന്റെ അഭിപ്രായം, സിഗരറ്റിന്റെ നികുതി 20 ശതമാനമെന്നുള്ളത് 40 ശതമാനമോ 50 ശതമാനമോ ആയി വർദ്ധിപ്പിക്കണമെന്നാണ്. നമുക്ക് 360 കോടി രൂപ വരുമാനമായി ലഭിക്കുകയും അതേ അവസരത്തിൽ പുകവലി നിർത്തുന്ന ആളുകളുടെ എണ്ണം ഗണ്യമായി കൂടുന്നതിനും കാരണമാകും. ടാക്സ് വർദ്ധന നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെല്ലാം പുകവലിക്കാരുടെ എണ്ണം വളരെ ഗണ്യമായി കുറയുകയും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്തിനാണ് ബീഡിയെ നികുതി വർദ്ധനവിൽ നിന്ന് ഒഴിവാക്കിയത്? സാധാരണ ദിനേശ് ബീഡിപോലെയുള്ള സംരംഭങ്ങൾ ഉള്ളതുകൊണ്ടാണ് ബീഡിയെ നികുതിയിൽനിന്ന് ഒഴിവാക്കിയത്. ഇരുപത്തിയൊമ്പതിനായിരം ബീഡിതെറുപ്പുകാരുണ്ടെന്നാണ് രജിസ്റ്റർ ചെയ്ത കണക്ക്. അതിന്റെ മൂന്നിലൊന്നുപോലുമില്ല. ദിനേശ് ബീഡിപോലും ഡൈവേഴ്സിഫൈ ചെയ്തു. ഇപ്പോൾ കേരളത്തിലെ ബീഡി വരുന്നത് അന്യസംസ്ഥാനങ്ങളിൽനിന്നാണ്. ബീഡിയെ ഒഴിവാക്കിയതുകൊണ്ടുള്ള ഗുണം കിട്ടാൻ പോകുന്നത് അന്യസംസ്ഥാനങ്ങളിലെ ബീഡി ഉത്പാദകർക്കാണ്. കേരളത്തിലെ ബീഡി തെറുപ്പുകാർക്കുവേണ്ടിയാണ് നമ്മൾ ഇത് ചെയ്തതെങ്കിലും കേരളത്തിലെ ബീഡി തെറുപ്പുകാരുടെ എണ്ണവും ബീഡി ഉത്പാദനവും വളരെ കുറവാണ്. മാർക്കറ്റ് ഷെയർ വളരെ കുറവാണ്. അന്യസംസ്ഥാനങ്ങളിലാണ് അത് നടക്കുന്നത്. അതുകൊണ്ട് സിഗരറ്റിന്റെയും

ബീഡിയുടെയും ടാക്സ് വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ പ്രധാനപ്പെട്ട സാമ്പത്തിക സൂചകങ്ങൾ ഈ ബഡ്ജറ്റിലൂടെ പുറത്തുവരുന്നുണ്ട്. ഈ വർഷം റവന്യൂ വരുമാനം വർദ്ധിച്ചത് 20.53 ശതമാനമാണ് – എൽ.ഡി.എഫ്.-ന്റെ അഞ്ചുവർഷക്കാലം നടത്തിയ ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ, അത്രയും തന്നെ തുക യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുവർഷം കൊണ്ട് ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ ഉണ്ടാക്കി. അതുപോലെതന്നെ നമ്മുടെ പദ്ധതി അടങ്കൽ 21.34 ശതമാനം വർദ്ധിപ്പിച്ചു. അങ്ങനെ വ്യക്തമായ സാമ്പത്തിക സൂചകങ്ങളോടെ നല്ല ദിശാബോധത്തോടെ നല്ല സാമ്പത്തിക അച്ചടക്കത്തോടെ, എഫ്.ആർ.ബി.എം. ആക്ട് എന്നുപറയുന്നത് ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അച്ചടക്കത്തിന്റെ മാതൃക കൂടിയാണ്. ആ സാമ്പത്തിക അച്ചടക്കം നടപ്പിലാക്കിക്കൊണ്ട് വികസനോന്മുഖമായ സാമൂഹ്യ ക്ഷേമ പദ്ധതികൾകൊണ്ട് നിറഞ്ഞ ബഡ്ജറ്റിനെ, അതിലെ നിർദ്ദേശങ്ങളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(ശ്രീമതി ഇ. എസ്. ബിജിമോൾ)

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഡ്ജറ്റിനെ അനുകൂലിക്കുന്നില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാര്യമായ നിർദ്ദേശങ്ങൾ പറയുകയും മാണി സാറിന് സ്തുതി പാടുകയുമൊക്കെ ചെയ്തെങ്കിലും ഒരു മൂന്നുമിനിറ്റ് സമയം സാമാന്യം നല്ല ഭേദപ്പെട്ട അള്ള് വച്ചിട്ടുണ്ട്. പെർഫോമൻസ് നടത്തണം, പത്ത് ശതമാനം മാത്രമേ ഫലപ്രാപ്തിയിലെത്തുന്നുള്ളു, ക്വാളിറ്റി ഉറപ്പുവരുത്തണം എന്നൊക്കെ അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾകൂടി പരിഗണിച്ചാൽ മനസ്സുകൊണ്ട് അദ്ദേഹം ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു എന്നുപറയാൻ സാധിക്കുകയില്ല. ബഡ്ജറ്റ് ആകെയൊന്ന് എടുത്തുനോക്കിയാൽ നമ്മുടെ രാജ്യവും ലോകവും ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന നവലിബറിലിസത്തെക്കുറിച്ചാണ് പറഞ്ഞത്. ഈ നയങ്ങൾക്ക് ഇന്ധനം പകരുന്ന ബഡ്ജറ്റ് എന്ന നിലയിലാണ് ഈ ബഡ്ജറ്റിനെ രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്. ബഡ്ജറ്റ് എന്നത് ഒരു കൺകെട്ട് വിദ്യയിലൂടെ യാഥാർത്ഥ്യമായതിനെ മറയ്ക്കുകയും ഇല്ലാത്തത് ഉണ്ടെന്ന് തോന്നിപ്പിക്കുകയും ചെയ്യുന്ന ഒരു വിസ്മയം സൃഷ്ടിക്കാനാണ് മാണി സാർ ശ്രമിച്ചിരിക്കുന്നത്. കേരളം എന്നുപറഞ്ഞാൽ കോട്ടയവും ചില പ്രമാണിമാരുടെ മണ്ഡലവും മാത്രമാണെന്ന അബദ്ധം മാണിസാറിനെപ്പോലെ ഇത്രയധികം നിയമസഭാ പരിചയമുള്ളയാൾ ധരിക്കുക എന്നു പറഞ്ഞാൽ അത് ഏറെ വിഷമം ഉണ്ടാക്കുന്നതാണ്. ഭരണപക്ഷംപോലും ബഡ്ജറ്റിനെ സ്വാഗതം ചെയ്തിട്ടില്ല. കേരളത്തിലെ ജനങ്ങളിൽനിന്ന് സംഭരിക്കുന്ന വിഭവം സ്വന്തം ഇഷ്ടക്കാർക്ക് വീതം വച്ചുകൊടുക്കുന്ന തികച്ചും പക്ഷപാതപരമായ നിലപാടാണ് മാണി സാർ ബഡ്ജറ്റിൽ

സ്വീകരിച്ചിട്ടുള്ളത്. ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി തന്റെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ വിജയിച്ചുവെന്ന് അങ്ങേയ്ക്കുപോലും പറയാൻ കഴിയില്ല. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേദിവസംതന്നെ ചില പത്രവാർത്തകൾ വന്നു. ഹരിപ്പാട് മണ്ഡലത്തിൽ വികസന പദ്ധതികൾക്കായി 140 കോടി രൂപ അങ്ങ് മാറ്റിവച്ചിട്ടുണ്ട്. ഹരിപ്പാട് മണ്ഡലത്തിന് മാത്രമായി 140 കോടി രൂപ വീതംവയ്ക്കുമ്പോൾ ആലപ്പുഴ ജില്ലയും കേരളവുമൊക്കെ ഹരിപ്പാട് പോലെയുള്ള ചില മണ്ഡലങ്ങളായി ചുരുങ്ങിയതിന്റെ ചില പ്രശ്നങ്ങൾ നിയമസഭയ്ക്കകത്തും നമ്മൾ കണ്ടതാണ്. അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ ഭരണപക്ഷ എം.എൽ.എ.മാർ പോലും അങ്ങേയ്ക്ക് ഒരു പിന്തുണ തന്നില്ല.

യഥാർത്ഥത്തിൽ ഭരണപക്ഷ എം.എൽ.എ.മാർ ബഹിഷ്കരിച്ചു എന്ന് പറയുന്നതാണ് ശരി. ഭരണപക്ഷ എം.എൽ.എ. മാരെ നിയമസഭയ്ക്കകത്ത് ഇരുത്താൻ സ്പീക്കർ വളരെയധികം പാടുപെട്ടു. എത്ര ഭരണകക്ഷി എം.എൽ.എ. മാരാണ് നിയമസഭയ്ക്കകത്ത് അസ്വസ്ഥതയോടെ ഇറങ്ങിനടക്കുകയും പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തത്. മന്ത്രിമാർപോലും ഇവിടെനിന്ന് ഇറങ്ങിപ്പോകുന്ന സാഹചര്യമുണ്ടായി എന്നുപറഞ്ഞാൽ അവർ പോലും അങ്ങയുടെ ബഡ്ജറ്റിനെ അംഗീകരിക്കുന്നില്ല എന്നർത്ഥം. ഈ ബഡ്ജറ്റ് ആർക്കുവേണ്ടിയാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് അങ്ങ് പരിശോധിക്കണം. ശ്രീ. ഹൈബി ഈഡൻ, ശ്രീ. ഷാഫി പറമ്പിൽ തുടങ്ങിയ യുവ എം.എൽ.എ. മാർ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുന്നില്ലായെന്നുള്ള വാർത്തകൾ ചില പത്രങ്ങളിൽ വന്നു. അവർ ഈ ബഡ്ജറ്റിന് വോട്ട് ചെയ്യുമോ എന്നറിയില്ല. എന്തുകൊണ്ടാണ് ഭരണപക്ഷ എം.എൽ.എ. മാർ പോലും

ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്? അങ്ങ് ഏകപക്ഷീയമായ ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തെയാകെ കാണുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നതെന്ന് അങ്ങയുടെ പ്രസംഗങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് പറയുമ്പോഴും ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അങ്ങ് ഈ 140 നിയോജകമണ്ഡലങ്ങളിൽ നൽകിയിട്ടുള്ള ഭരണാനുമതിയുടെ പേപ്പർ ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ സാധിക്കുന്ന ഒരു സാഹചര്യമല്ല നിലനിൽക്കുന്നത്. ഈ കാലയളവിൽ അങ്ങ് മൂന്ന് ബഡ്ജറ്റുകൾ അവതരിപ്പിച്ചു. ഈ മൂന്ന് ബഡ്ജറ്റുകളിലും അങ്ങ് പക്ഷപാതപരമായ സമീപനം സ്വീകരിച്ചു എന്നതുതന്നെയാണ് ഈ പ്രതിഷേധത്തിനെല്ലാം കാരണം. ഇന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് സഭയിൽ വന്നിട്ടില്ല. കെ.എസ്.ആർ.ടി.സി.യും വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാണിസാർ ബഡ്ജറ്റിൽ വായിച്ചപ്പോഴെല്ലാം ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെയിരുന്ന് നിസ്സഹായാവസ്ഥയിൽ ആക്ഷനുകൾ കാണിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇത് എന്തിന് കൊള്ളാം, അല്ലെങ്കിൽ ഇത് എന്തിന് തികയും എന്നുള്ള രീതിയിൽ കൈകൊണ്ട് ആക്ഷൻ കാണിച്ചുകൊണ്ടിരുന്നു. ഇതുകൊണ്ടൊന്നും പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ലായെന്നുള്ള ഒരു നിസ്സഹയാവസ്ഥയിലാണ് അദ്ദേഹം. കെ.എസ്.ആർ.ടി.സി. പൂട്ടാൻ പോകുന്ന ഒരു സാഹചര്യത്തിൽ നിൽക്കുകയാണ്. ബഡ്ജറ്റുവഴി മതിയായ പണം ശ്രീ. ആര്യാടൻ മുഹമ്മദിന്റെ വകുപ്പിന് ലഭിച്ചില്ല. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ചു. എട്ട് പദ്ധതികൾക്കായി അഞ്ച് ലക്ഷം രൂപ വീതം വകയിരുത്തുന്നു എന്ന് ഈ ബഡ്ജറ്റിൽ പറയുമ്പോൾ കേരളം അനുഭവിക്കുന്ന രൂക്ഷമായ

വൈദ്യുതി പ്രതിസന്ധിയോട് അങ്ങ് എന്ത് സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്? ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പദ്ധതി, ഒരു ബഡ്ജറ്റ് നിർദ്ദേശം അവതരിപ്പിക്കാൻ സാധിക്കുന്നില്ല. മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയാണ് വിഷൻ 2030 എന്നാണ് ശ്രീ. കെ. സി. ജോസഫ് ഒരു വേദിയിൽ പ്രസംഗിച്ചത്. ഇത് മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയാണെങ്കിൽ ഈ ബഡ്ജറ്റിൽ അത് പ്രതിഫലിപ്പിക്കണ്ടേ? ബഡ്ജറ്റിന്റെ ഒരു ഘട്ടത്തിലും മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയായ വിഷൻ 2030 -യെ സംബന്ധിച്ച് ഒരു പരാമർശം പോലുമില്ല. മാണി സാർ ഒറ്റയ്ക്കാണോ ഈ ബഡ്ജറ്റ് തയ്യാറാക്കിയത്; ഇത് ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ നിർദ്ദേശം ഇതിനുണ്ടോ; എന്നതിനെ സംബന്ധിച്ചെല്ലാം ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ അങ്ങ് പരാമർശിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ശ്രീ. ആര്യാടൻ സാർ പ്രതിഷേധിച്ച് വീട്ടിലിരിക്കുകയാണോ, അതോ അദ്ദേഹവും കേരളത്തിലെ ശ്രീമാൻ ഉമ്മൻചാണ്ടിയുടെ മന്ത്രിസഭയുടെ ഭാഗമായി ഉണ്ടോയെന്നുള്ള സംശയമാണ് അദ്ദേഹത്തിന്റെ ആബ്സൻസുകൊണ്ട് ഞങ്ങൾക്ക് തോന്നുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇതിനെക്കുറിച്ച് പറയട്ടെ. ഇല്ലെങ്കിൽ രാജിവച്ച് പോകാൻ ശ്രീ. കെ.പി.എ. മജീദ് പത്രസമ്മേളനം നടത്തി പറഞ്ഞു. . . . (തടസ്സം). . . . . വാദപ്രതിവാദങ്ങളിലും ചർച്ചകളിലുമെല്ലാം പങ്കെടുത്ത് സംസാരിച്ച വ്യക്തിയല്ലേ ശ്രീ. പി. സി. വിഷ്ണുനാഥ്. എന്നിട്ടും ഒന്നും അറിയാത്തതുപോലെ ഇവിടെയിരുന്ന് സംസാരിക്കുകയാണ്. കുട്ടികളോട് ആരാകാനാണ് നിങ്ങൾക്ക് ആഗ്രഹമെന്ന് ചോദിച്ചാൽ അവർ പറയുന്നത് എനിക്ക് ബണ്ടി ചോറാകാനാണ് ആഗ്രഹമെന്നാണ്, അല്ലെങ്കിൽ എനിക്ക് പി.സി. ജോർജ്ജാകാനാണ് ആഗ്രഹമെന്നാണ്. അങ്ങനെ നമ്മുടെ

കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാന രാഷ്ട്രീയ സാഹചര്യം എത്തിയിരിക്കുകയാണ്.

ദൈനംദിനം ബണ്ടിചോറിന് മാധ്യമങ്ങൾ നൽകുന്ന പബ്ലിസിറ്റി, ബണ്ടി ചോറിന്റെ വിവിധ ഫോട്ടോകൾ, അദ്ദേഹത്തെ കൊണ്ടുവരുന്നതും തെളിവെ ടുപ്പ് നടത്തുന്നതുമടക്കം ബണ്ടിചോറിന്റെ പുറകെ മാധ്യമങ്ങളും ചാനലു കളും ഇറങ്ങി നടന്നപ്പോൾ എനിക്ക് ബണ്ടി ചോറാകണമെന്ന് പറയുന്ന സാഹചര്യത്തിലേക്ക് കുട്ടികളെത്തി. വെള്ളിയാഴ്ച മാണിസാർ ബഡ്ജറ്റ് അ വതരിപ്പിച്ചതിനുശേഷം മാധ്യമ കേരളം കാര്യമായി അതിനെക്കുറിച്ച് ചർച്ച ചെയ്തില്ല. ഇവിടത്തെ ചർച്ച ശ്രീ. പി.സി. ജോർജിനെക്കുറിച്ചാണ്. ശ്രീ. പി. സി. ജോർജ് ചീഫ് വിപ്പ് സ്ഥാനം തുടരണമോ രാജി വയ്ക്കണമോ? യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് മാധ്യമ സമൂഹത്തേയും പൊതുസമൂഹ ത്തേയും മാറ്റി നിർത്തുന്നതിനുമാത്രമേ ഈ ചർച്ചകൾ ഉപകരിക്കുകയുള്ളൂ. ശ്രീ. പി. സി. ജോർജ് രാജിവെച്ചാലും ഇല്ലെങ്കിലും, ശ്രീ. ഗണേഷ് കുമാർ മന്ത്രിയായാലും മന്ത്രിയായില്ലെങ്കിലും, അദ്ദേഹം ഭാര്യയെ തല്ലിയാലും തല്ലി യില്ലെങ്കിലും ഇതൊക്കെ പൊതുസമൂഹത്തെയും രാഷ്ട്രീയ കേരളത്തെയും ബാധിക്കുന്ന കാര്യങ്ങളാണെങ്കിലും അതിനെക്കാൾ ഗൗരവകരമായ ഒട്ടനവധി പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുവാൻ മാണിസാറിനേയും മുഖ്യമന്ത്രിയേയും ഈ വിവാദങ്ങൾ സഹായിക്കുന്നു എന്നുള്ളതാണ് ഞങ്ങൾ ഉയർത്താൻ ആഗ്രഹിക്കുന്ന പ്രശ്നം. ഇവിടെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടുകയാണ്. ശ്രീ. പി.സി. ജോർജ്ജിനെ കാണുമ്പോഴെല്ലാം മുഖ്യമന്ത്രി തോളിൽ തട്ടി പ്രോത്സാഹിപ്പി ക്കുന്നതുകൊണ്ടാണ് അദ്ദേഹം ഇത്തരം തോന്ന്യാസമെല്ലാം പറഞ്ഞുനടക്കു

ന്നതെന്നാണ് ശ്രീമതി ഗൗരിയമ്മ പറയുന്നത്. ഈ സാഹചര്യമെല്ലാം ഉണ്ടായത് ഇത്തരമൊരു പശ്ചാത്തലത്തിലാണ്.

മുഖ്യമന്ത്രിയുടെ നിഴൽപോലുള്ള പിന്തുണ ശ്രീ. പി.സി. ജോർജിനുണ്ടെന്ന് ശ്രീമതി ഗൗരിയമ്മ പോലും സംശയിക്കുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. കേരളത്തിലെ യഥാർത്ഥ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് നമുക്ക് അവസരമുണ്ടാകണം. ഉപസംഹാരത്തിൽ മാണി സാർ ഗീത ഉദ്ധരിക്കുന്നുണ്ട്. മാണി സാർ അതൊന്ന് മാറ്റണം. നമ്മൾ നമ്മളെത്തന്നെ ഉദ്ധരിക്കണം. നമ്മൾ നമ്മളെത്തന്നെ ക്ഷീണിപ്പിക്കരുത്. നമ്മുടെ ബന്ധു നമ്മൾ തന്നെയാണ്. അവിടെവരെ യാതൊരു കുഴപ്പവുമില്ല. നമ്മുടെ ശത്രു നമ്മൾ തന്നെയാണെന്നുള്ളതിന് പകരം എന്റെ ശത്രു എന്റെ പാർട്ടിയിലെ ശ്രീ. പി. സി. ജോർജാണെന്ന് തിരുത്തിയാൽ നന്നായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് നമുക്ക് ഇത്രയധികം ചർച്ച ചെയ്യേണ്ടിവരികയില്ലായിരുന്നു. പതിനൊന്നാമത് ബഡ്ജറ്റ് മാണിസാർ അവതരിപ്പിക്കുമ്പോൾ അതിലെ വലതുപക്ഷ സ്വഭാവം നമുക്ക് മനസ്സിലാകും. കേരളത്തിലെ ജനങ്ങളുടെ പോക്കറ്റ് കൊള്ളയടിച്ച് ഇഷ്ടക്കാർക്ക് വീതം വയ്ക്കാൻ ശ്രമിച്ചാൽ നമുക്കത് അനുവദിക്കാൻ സാധിക്കുകയില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ട് സാറിന് അസ്വസ്ഥത ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ഇവടെയിരുന്ന് കണ്ടുകൊണ്ടിരുന്ന എനിക്കുതന്നെ ഭയങ്കര വിഷമമുണ്ടായി. സാറിന്റെ ആരോഗ്യത്തിന് ഒരു പ്രശ്നവും ഉണ്ടാകരുതെന്നും ഈ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ജഗദീശ്വരൻ ശക്തിയും അനുഗ്രഹവും നൽകണമെന്നും പ്രാർത്ഥിച്ച ഒരു വ്യക്തിയായിരുന്നു ഞാൻ. അതുകഴിഞ്ഞപ്പോഴല്ലേ സൂത്രവിദ്യ പിടികിട്ടിയത്. മാജിക്കുകാരൻ തൊപ്പിക്കകത്ത് വർണ്ണകടലാസ്സിട്ട് കുറച്ച് കഴിഞ്ഞപ്പോൾ മുയലിനെ എടുക്കുന്നതുപോലെ സാർ പിന്നീട് പത്ര

സമ്മേളനം നടത്തിയപ്പോൾ പെൻഷൻ പ്രായം 60 വയസ്സാക്കിയോയെന്ന് ആളുകൾ വിളിച്ച് ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു, നിയമസഭയിൽ വായിച്ച് കേട്ടില്ല, ബഡ്ജറ്റിന്റെ ബുക്ക് ഞങ്ങളുടെ കയ്യിൽ ഇരിക്കുന്നതേയുള്ളൂ. പെൻഷൻ പ്രായം 60 വയസ്സാക്കിയെന്ന് മാണിസാർ പത്രസമ്മേളനം നടത്തി പറയുകയാണ്. മാണിസാർ പത്ത് മിനിട്ട് ഇരുന്നശേഷം എഴുന്നേറ്റപ്പോൾ 53 പാരഗ്രാഫുകൾ പോയി എന്ന് സ്പീക്കർ പറഞ്ഞു. പക്ഷേ 53 പാരഗ്രാഫിൽ 52 പാരഗ്രാഫുകൾ പോയപ്പോഴും ഈ കാര്യം മറച്ചുവയ്ക്കാതെ സഭയിൽ പറയുന്നതിനുള്ള ധൈര്യം അങ്ങ് കാണിക്കേണ്ടതായിരുന്നു. കേരളത്തിലെ യുവജനങ്ങളോട്, പൊതു സമൂഹത്തോട് അങ്ങ് വഞ്ചനാപരമായ ഒരു സമീപനമാണ് സ്വീകരിച്ചത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിലവിലുള്ള ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിച്ചാൽ മാത്രമേ യുവജനങ്ങൾക്ക് പ്രയാസമുള്ളൂ. ഭാവിയിൽ സർവ്വീസിൽ വരുന്ന ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിച്ചാൽ അത് യുവജനങ്ങൾക്ക് നല്ലതാണ്.

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, ഒരു പാക്കേജ് എന്നുള്ള നിലയിലാണ് തൊഴിലില്ലായ്മയെ കാണുന്നതെന്ന് മാണിസാറിന്റെ ബഡ്ജറ്റിന്റെ ഒരു ഭാഗത്ത് പരാമർശിക്കുന്നുണ്ട്. ഇതിൽ ഒരു പാക്കേജുമില്ല, തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ മാണിസാറിന്റെ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ ഉപകരിക്കുന്നതുമല്ല. കൂടുതൽ വഷളാക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ എന്നുള്ള നിലയ്ക്ക് മാത്രമേ നമുക്കിതിനെ കാണാൻ സാധിക്കുകയുള്ളൂ. 34 ശതമാനം ജനങ്ങൾ മലിന ജലം കുടിക്കുന്നു എന്നാണ്

ഇപ്പോൾ നമുക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശവും സാറിന്റെ ബഡ്ജറ്റിന്റെ ഭാഗ മായി വന്നിട്ടില്ല. ഇവിടെ ശ്രീ. പി.ജെ. ജോസഫ് ഇറങ്ങിപ്പോകുകയുണ്ടായി. പേസ്റ്റ്, സോപ്പ് തുടങ്ങിയ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ ആളു കൾക്ക് വെള്ളം കിട്ടാത്തതുകൊണ്ട് അവർ പല്ലുതേയ്ക്കുകയും കുളിക്കു കയും ചെയ്യരുതെന്നുള്ള ഒരു ഉദ്ദേശം സാറിനുണ്ടോയെന്ന് ഇത് വായിച്ചുനോ ക്കുമ്പോൾ നമുക്ക് സംശയം തോന്നുകയാണ്.

സ്ത്രീ ശാക്തീകരണ ബഡ്ജറ്റാണ് അവതരിപ്പിക്കുന്നതെന്ന് ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് അങ്ങ് പറയുകയുണ്ടായി. എന്താണ് സ്ത്രീ ശാക്തീകരണം? സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട പരാ മർശം ഈ ബുക്കിലുള്ളത് ആകെ 13 സ്ഥലത്താണ്. ഇത് സ്ത്രീശാക്തീക രണം എന്നുപറയാൻ സാധിക്കുകയില്ല. അതിൽ ഏഴോളം കാര്യങ്ങൾ വെൽഫയറുമായി ബന്ധപ്പെട്ടുള്ളതാണ്. ഡവലപ്മെന്റുമായി ബന്ധപ്പെട്ട ഒന്നോ രണ്ടോ നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. സ്ത്രീ ശാക്തീകരണവു മായി ബന്ധപ്പെട്ട് ഈ ബഡ്ജറ്റ് പുസ്തകത്തിന്റെ പുറം ചട്ടയിൽ പെൺകുട്ടി കളിരുന്ന് ചിരിക്കുന്ന ഒരു പടം അടിച്ചിട്ടുണ്ട്. ഇതാണ് സ്ത്രീ ശാക്തീകരണ വുമായി ബന്ധപ്പെട്ട് ഇദ്ദേഹം വച്ചിട്ടുള്ള നിർദ്ദേശങ്ങൾ. കാര്യമായി ഒന്നുമി ല്ലാത്ത, ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ഒരു മാജിക് ബഡ്ജറ്റ് അവതരി പ്പിച്ച മാണിസാറിന്റെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലി ക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് ഒരുപക്ഷേ സംസ്ഥാനത്തിന്റെ ചരിത്ര

ത്തിൽതന്നെ ഏറ്റവും മികച്ച ബഡ്ജറ്റുകളിലൊന്നാണെന്ന് ഞാൻ കരുതുകയാണ്. മാണി സാർ 11 തവണ ബഡ്ജറ്റ് അവതരിപ്പിച്ചുവെന്നും 80 വയസ്സായിയെന്നും പറഞ്ഞു. അദ്ദേഹത്തിന് ദീർഘായുസ്സായുണ്ടായിരിക്കുവാനും കൂടുതൽ ബഡ്ജറ്റുകൾ കേരളത്തിൽ അവതരിപ്പിക്കുവാനും കഴിയട്ടേയെന്ന് ആദ്യമായി ആശംസിക്കുകയാണ്. **നടുവേദന ആർക്കാണ് ശരിക്കുള്ളതെന്ന് ഞാൻ കുറച്ച് കഴിഞ്ഞ് പറയാം.** ബഹുമാനപ്പെട്ട മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ കാര്യങ്ങൾ ഓരോന്നും എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജനപ്രിയ ബഡ്ജറ്റാണിത്. നികുതി നിർദ്ദേശങ്ങൾ വളരെ കുറവാണ്. കേരളത്തിലെ ജനങ്ങൾക്കും വിവിധ മേഖലകളിൽ ജീവിക്കുന്ന എല്ലാ വിഭാഗം ആളുകൾക്കും ഗുണം ചെയ്യുന്ന ഇത്ര ഭംഗിയായ ബഡ്ജറ്റ് ഇതിനുമുമ്പ് ആരും അവതരിപ്പിച്ചിട്ടില്ല. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച മാണി സാറിന്റെ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥവൃന്ദമുണ്ട്. അവരേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. മാണി സാർ മാത്രമല്ല, ഒരു വലിയ പ്രസ്ഥാനംതന്നെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടാകും. എല്ലാ മേഖലകളിലും അദ്ദേഹം തന്റെ കൈകൾ എത്തിച്ചു. ഈ ബഡ്ജറ്റുകൊണ്ട് എല്ലാവരേയും സഹായിക്കുന്ന ഒരു നിലപാട് വന്നുവെന്നത് സ്വാഗതാർഹമായ കാര്യമാണ്.

അദ്ദേഹം അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ എനിക്ക് സമർപ്പിക്കാനുണ്ട്. അത് ഞാനൊരു അതൃപ്തിയായി പറയുന്നതല്ല. ഇത് ജനപ്രിയ ബഡ്ജറ്റാണെങ്കിലും ഇതിനകത്ത് വരേണ്ടിയിരുന്ന ഒന്നുരണ്ട് കാര്യങ്ങൾ ഉണ്ട്. ഒന്ന്, പരിസ്ഥിതി സംരക്ഷണം ഏറ്റവും പ്രധാനപ്പെട്ട വിഷയമായി ചർച്ച ചെയ്യപ്പെടുന്ന ഈ കാലത്ത് പരിസ്ഥിതി സംരക്ഷണവു

മായി ബന്ധപ്പെട്ട പ്രത്യേക പ്രോജക്ടുകൾ ഇനിയും മാണി സാറിന് കൂട്ടിച്ചേർക്കാവുന്നതേയുള്ളൂ. അതുപോലെ, ഭക്ഷ്യസുരക്ഷ ഈ അടുത്ത കാലത്ത് ധാരാളമായി ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. അതുകൊണ്ട് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട  ചില പദ്ധതികൾകൂടി ബഡ്ജറ്റിലുണ്ടാകുന്നത് നല്ലതാണ്. സ്ത്രീ സുരക്ഷാ പദ്ധതികൾ കുറച്ചുകൂടി വ്യക്തമായി പ്രതിപാദിക്കുന്നത് നല്ലതാണ്. അതുപോലെ കലാകായിക മേഖലകളിലെ മികവ് തെളിയിച്ച കുട്ടികൾക്ക് വീണ്ടും വളരാനാവശ്യമായ തുടർപരിശീലനത്തിന് ചില പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് നല്ലതാണ്. ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസും എമർജിംഗ് കേരളയും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സഫലമാക്കാനും ക്രമാനുഗതമായി അവ സാക്ഷാത്കരിക്കുവാനും പ്രത്യേക പദ്ധതികൾകൂടി നമ്മുടെ ഗവൺമെന്റ് ആലോചിക്കണമെന്നാണ് എന്റെ വിനീതമായ മറ്റൊരു അഭിപ്രായം. നമ്മുടെ സംസ്ഥാനത്തെ ഭൂമി മറിച്ച് വിൽപ്പനയുമായി ബന്ധപ്പെട്ട് ഈ ബഡ്ജറ്റിലൊരു നല്ല നിർദ്ദേശം വന്നിട്ടുണ്ട്. മൂന്ന് മാസത്തിനകത്ത് മറിച്ച് വിൽക്കുന്നവർക്ക് ഇരട്ടി ഡ്യൂട്ടി കൊടുക്കണം അല്ലെങ്കിൽ ഫീസ് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് കുറച്ചുകൂടി വ്യക്തമായി പ്രതിപാദിക്കേണ്ടതുണ്ട്. കാരണം, മൂന്ന് മാസത്തിനകത്തൊന്നും രജിസ്ട്രേഷൻ നടക്കുകയില്ല. കൈമാറ്റം പലത് കഴിഞ്ഞതിനുശേഷം മാത്രമേ ഉണ്ടാകുകയുള്ളൂ. ഭൂമി മറിച്ചുവിൽക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ ചില ഭേദഗതികൾ വരുത്തുന്നത് നല്ലതാണ്. അടുത്ത കാലത്ത് മലയാളം അറിയാത്തവർക്ക് ജോലി നൽകുകയില്ലായെന്നുള്ള സർക്കാരിന്റെ പ്രഖ്യാപനമുണ്ടായിരുന്നു. അത് നല്ല പ്രഖ്യാപനമാണ്. പക്ഷേ സി.ബി.എസ്.ഇ.-ക്കാരായ വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ചില നിർദ്ദേശങ്ങൾകൂടി വയ്ക്കേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കരുതുകയാണ്. മാണി സാറിന്റെ

ഈ ബഡ്ജറ്റ് കണ്ടപ്പോൾ മാണിസം എന്നുപറയുന്ന ഒരു സംഭവംതന്നെ ഇല്ലെന്ന് എനിക്ക് തോന്നിപ്പോകുകയാണ്. ധനകാര്യ രംഗത്ത് ഒരു പുതിയ വിജയമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. ഈ തവണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അദ്ദേഹം അനുഭവിച്ചതുപോലെയുള്ള ഒരു പ്രതിസന്ധി ഒരിക്കലും മറ്റൊരാളും മുമ്പ് അനുഭവിച്ചിട്ടുണ്ടായിരിക്കുകയില്ല. സാർവ്വദേശീയമായ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചും ലോകസമ്പത് വ്യവസ്ഥയെക്കുറിച്ചും യൂറോപ്യൻ യൂണിയനെക്കുറിച്ചും അമേരിക്കയെക്കുറിച്ചുമൊക്കെ പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗം ആരംഭിക്കുന്നത്. അത് അവസാനിക്കുന്നത് ഭഗവത്ഗീതയിലാണ്. ബഡ്ജറ്റ് പ്രസംഗം ആരംഭിക്കുമ്പോൾ ലോകത്തിലെ ഇന്നത്തെ സമ്പത് വ്യവസ്ഥ, ഇന്ത്യൻ സാഹചര്യങ്ങൾ, കേരളത്തിന്റെ പ്രത്യേകതകൾ, പരമ്പരാഗത വ്യവസായങ്ങൾ, ഗാട്ട് കരാർ, ഗ്ലോബലൈസേഷൻ, നവലിബറൽ സമ്പത് വ്യവസ്ഥ എന്നിവയെല്ലാംവച്ച് അതിന്റെ മധ്യത്തിൽ നിന്നുകൊണ്ട് ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. ആ കാര്യത്തിൽ മാണി സാർ കാണിച്ച വൈഭവം അത്ഭുതാവഹമാണ്. അതുകൊണ്ട് പ്രതിപക്ഷത്തുനിന്ന് സംസാരിക്കുന്ന ആളുകൾക്ക് ബഡ്ജറ്റിനകത്ത് വരുന്ന കാര്യങ്ങളെക്കുറിച്ച് അധികം കാര്യം പറയാനുണ്ടാവില്ല. അവർ ഇത് മാജിക്കാണ്, മായയാണ് എന്നൊക്കെ പറയാൻ കാരണം ഇതാണ്. ഇതാണ് സത്യം. ഇത് മാജിക്കോ മായയോ അല്ല, വളരെ നല്ലൊരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ വേളയിൽ കുമാരനാശാൻ പാടിയ രണ്ട് വരികളാണ് എനിക്ക് ഓർമ്മ വരുന്നത്.

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ
ഏറ്റവൈരിക്കുമുമ്പുഴറിയോടിയ ഭീരുവാട്ടെ

നേരെ വിടർന്ന് വിലസീടിന നിന്നെ നോക്കി

ആരാകിലെന്ത് മിഴിയുള്ളവർ നിന്നിരിക്കാം."

കണ്ണുള്ളവർ ആരും നോക്കി നിന്നുപോകുന്ന ഒരു ബഡ്ജറ്റാണ് മാണി സാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അത് തീർച്ചയായും ശ്ലാഘനീയമായ ഒരു കാര്യമാണ്. ഇല്ലായെന്ന് പറയാൻ കഴിയുകയില്ല. പല ആളുകളും ഇവിടെ പറയുന്ന മറ്റൊരു കാര്യം വിലക്കയറ്റത്തെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചുമാണ്. എന്തുകൊണ്ട് നമുക്ക് സത്യസന്ധമായി ആലോചിച്ചുകൂടാ. വില എന്നെങ്കിലും കുറഞ്ഞിട്ടുണ്ടോ; ഇനി കുറയുമോ; തൊഴിലില്ലായ്മ പൂർണ്ണമായി പരിഹരിക്കപ്പെട്ട ഒരു രാജ്യമുണ്ടോ; അതിന്റെ യാഥാർത്ഥ്യം എന്താണ്? 1977-ലെ അടിയന്തിരാവസ്ഥ അവസാനിച്ചതിനുശേഷം മൊറാർജി ദേശായി മന്ത്രിസഭ അധികാരത്തിൽ വന്നു. മൊറാർജി ദേശായി പോയി ഇന്ദിരാഗാന്ധി അധികാരത്തിൽ വരുമ്പോൾ ഇന്ദിരാഗാന്ധി തെരഞ്ഞെടുപ്പിന് പ്രസംഗിക്കാൻ കോഴിക്കോട് വന്നിരുന്നു. ആ പ്രസംഗം കേൾക്കുവാൻ ഞാൻ പോയിരുന്നു. ഇന്ദിരാഗാന്ധി പ്രസംഗം തുടങ്ങിയത്, See the price of gold, See the price of silver, See the price of onion. Is it not a tragedy? എന്ന് സിമ്പിളായി ഇന്ദിരാഗാന്ധി പറഞ്ഞു. സ്വർണ്ണത്തിന്റെ വില കണ്ടോ, വെള്ളിയുടെ വില കണ്ടോ, ഉള്ളിയുടെ വില കണ്ടോ, ഇതൊരു ദുരന്തമല്ലേ; ഈ ദുരന്തത്തിന് ഉത്തരവാദി ജനതാ ഗവൺമെന്റല്ലേയെന്ന് ചോദിച്ചു. അന്ന് ഒരു പവൻ സ്വർണ്ണത്തിന് വില 900 രൂപയായിരുന്നു. ഇന്ന് പവനിന് 24,000 രൂപയാണ് വില. വിലക്കയറ്റവും തൊഴിലില്ലായ്മയും പൂർണ്ണമായി അവസാനിപ്പിക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ? ചില ആശ്വാസ നടപടികൾ സ്വീകരിക്കുക എന്നല്ലാതെ എവിടെയെങ്കിലും ഏതെങ്കിലുമൊരു ഗവൺമെന്റിന്

ശാശ്വതമായ നയം സ്വീകരിക്കുന്നതിന് കഴിഞ്ഞതായി പറയാൻ സാധിക്കുക യില്ല. ആശ്വാസ നടപടികൾ സ്വീകരിക്കാൻ മാത്രമേ സാധിക്കുകയുള്ളൂവെ ങ്കിലും അത് പരമാവധി ചെയ്യാൻ ഈ ബഡ്ജറ്റിലൂടെ മാണി സാർ ശ്രമിച്ചിട്ടു ണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ മാണി സാറിനെ ക്കുറിച്ചും ഈ ബഡ്ജറ്റിനെക്കുറിച്ചുമൊക്കെ പറയുന്നത് എന്റെ മണ്ഡല ത്തിൽ എന്തെങ്കിലും കിട്ടാൻ വേണ്ടിയല്ല, കിട്ടിയിട്ടുമല്ല. എന്റെ മണ്ഡലവു മായി ബന്ധപ്പെട്ട കാര്യങ്ങളല്ലല്ലോ ഞാൻ നോക്കേണ്ടത്. പക്ഷേ മാണി സാർ എല്ലാ കാര്യങ്ങളും പരിഗണിക്കുന്ന കൂട്ടത്തിൽ അത്തരം കാര്യങ്ങളും പരിഗ ണിക്കണമെന്ന് ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ പറയാൻ മാത്രമേ എനിക്ക് സാധിക്കുകയുള്ളൂ.

കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം മുരടിച്ച് നിൽക്കുന്ന സാഹചര്യത്തിൽ വിമാനത്താവളത്തിന് ഫണ്ട് നീക്കിവയ്ക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കണം, കോഴിക്കോട് മോണോ റെയിൽ കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് നീട്ടണം തുടങ്ങിയ പല ആവശ്യങ്ങളും എനിക്കു ണ്ട്. ഇത്തരം ആവശ്യങ്ങളെല്ലാമുണ്ടെങ്കിലും അതെല്ലാം ഈ ബഡ്ജറ്റിലൂടെ ചെയ്യാൻ സാധിച്ചാലും ഇല്ലെങ്കിലും ഈ ബഡ്ജറ്റ് പൊതുവിൽ വളരെ ജനോ പകാരപ്രദമായ കേരളം കണ്ട ഏറ്റവും നല്ല ബഡ്ജറ്റാണ്. ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് മാണി സാർ കുറച്ച് പാടുപെട്ടാണെങ്കിലും ഭഗവത്ഗീ തയിലെ ചില സംസ്കൃത വരികൾ 'ആത്മാനാം' എന്നൊക്കെ പറഞ്ഞ് പാടി യത് നമുക്ക് ഓർമ്മയുണ്ടാകും. ആ ശ്ലോകത്തിന് അർത്ഥം വിവേകശാലിക ളായ ആളുകൾ സ്വയം ചെയ്യേണ്ട ചില പ്രവൃത്തികളെക്കുറിച്ചും സ്വയം ഉദ്ധ രിക്കണമെന്നും ശത്രുക്കൾ ഏത് പക്ഷത്തുണ്ടായാലും അതിനെ എങ്ങനെ

നേരിടണമെന്നും ആത്മവിശ്വാസം തരുന്ന വരികളായിരുന്നു. മാണി സാർ സ്വയം അർജുനന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയാണ്. ആരാണ് കൃഷ്ണൻ എന്നുള്ള സംശയം എനിക്കുണ്ട്. കുരുക്ഷേത്രയുദ്ധം നടക്കുമ്പോൾ കുരുക്ഷേത്ര ഭൂമിയിൽ സ്വന്തം സഹോദരൻമാരും ബന്ധുമിത്രാദികളും ഗുരുനാഥൻമാരും ശത്രുപക്ഷത്ത് അണിനിരന്നിരിക്കുന്നത് കണ്ട് ദുഃഖിതനായി യുദ്ധം ചെയ്യാനൊരുങ്ങാതെ ആയുധം താഴെവച്ച് നോക്കിനിന്ന അർജുനനോടാണ് ഭഗവാൻ കൃഷ്ണൻ ഗീതോപദേശം നടത്തിയത്. ഗീതോപദേശത്തിന്റെ ഫലമായി അർജുനൻ, ശത്രുപക്ഷത്ത് അണിനിരന്നിട്ടുള്ളവർ ബന്ധുവാണോ അല്ലയോ എന്ന് നോക്കാതെ അവരെ നിഗ്രഹിച്ചാണ് നൻമയുടെ വിജയം തിൻമയുടെമേൽ ഉണ്ടാക്കിയത്. മാണി സാർ അതാണ് സ്വീകരിക്കാൻ പോകുന്നതെങ്കിൽ നല്ല കാര്യം. അതേസമയം അതിനൊരു മറുഭാഗമുണ്ട്. ശത്രുപക്ഷത്ത് അണിനിരന്നത് ആരായാലും അവരെ നിഗ്രഹിച്ചും യുദ്ധം ജയിക്കണമെന്ന മനോഭാവമാണ് ഭഗവത്ഗീതയിൽനിന്ന് മാണി സാറിന് ഉണ്ടായിട്ടുള്ളതെങ്കിൽ നല്ല കാര്യമാണ്. അല്ലെന്ന് ഞാൻ പറയുന്നില്ല.

അതേ സമയം ഇതിന് വേറൊരു വശമുണ്ട്. അത് മത്തായി എഴുതിയ സുവിശേഷത്തിന്റെ അഞ്ചാം അദ്ധ്യായത്തിലെ നാൽപ്പത്തിനാലാം വചനമാണ്., ശത്രുക്കളെ സ്നേഹിപ്പിൻ, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. എന്തെന്നാൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് നീതിമാൻമാരുടെ മേലും നീതികെട്ടവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നല്ലവരുടെ മേലും ചീത്തവരുടെ മേലും തന്റെ മഴ വർഷിപ്പിക്കുകയും ചെയ്യുന്നുവല്ലോ. അതുകൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ സദ്ഗുണ സമ്പൂർണ്ണനായിരിക്കുവാൻ ശത്രുക്കളെ സ്നേഹിപ്പിൻ, ഉപ

ദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്നാണ്. മാണിസാർ ഭഗവദ്ഗീത യാണോ ബൈബിളാണോ സ്വീകരിക്കുന്നതെന്ന് എനിക്ക് അറിയില്ല. രണ്ടാ യാലും വിജയിക്കുമെന്ന കാര്യത്തിൽ എനിക്ക് നല്ല ഉറപ്പാണ്. രണ്ടും രണ്ടുത രത്തിലുള്ള അപ്രോച്ചാണ്. ഇതിൽ ഏതാണ് അദ്ദേഹം സ്വീകരിക്കാൻ പോകു ന്നതെന്ന് അറിയാൻ കേരളം ആകാംഷയോടുകൂടി കാത്തിരിക്കുന്ന സമയമാ ണിത്. എന്തായാലും ഈ ബഡ്ജറ്റ് കേരളത്തിന് ഉപകാരപ്രദമായി തീരണ മെന്നും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നും ആഗ്രഹിച്ചുകൊണ്ട് ചില പ്രികോഷൻസ് അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഒരു മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തി എന്നുള്ളതാണ് അതിലൊന്ന്. ബഡ്ജറ്റിൽ എന്തുതന്നെ പ്രഖ്യാ പിച്ചാലും ജനങ്ങൾക്കുവേണ്ടി ഏത് പദ്ധതികൾ സർക്കാർ കൊണ്ടുവന്നാലും അത് പ്രാവർത്തികമാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കേണ്ട വിഭാഗം ഉദ്യോഗസ്ഥൻമാരാണ്, ബ്യൂറോക്രസിയാണ്. ബ്യൂറോക്രസിയെ അതിന് സജ്ജമാക്കുവാനും വ്യക്തിപരമായ ഉത്തരവാദിത്വം കൊടുക്കുവാനും ഇട യ്ക്കിടെ മോണിട്ടർ ചെയ്യുവാനും ഓരോ വകുപ്പിലും ഈ പദ്ധതികൾ എപ്ര കാരം നടപ്പിലാക്കിയെന്ന് അറിയുവാനും ചില പദ്ധതികൾ ഈ ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് വളരെ സ്വാഗതാർഹമാണ്. അത് ഇതു വരെ ഉണ്ടായിട്ടില്ലാത്തതും അത്യാന്താപേക്ഷിതവുമായ ഒരു കാര്യമാണ്. സേവന മേഖലകളിൽ നിന്ന് 70 ശതമാനവും വ്യാവസായിക രംഗത്തുനിന്ന് 20 ശതമാനവും കാർഷിക മേഖലയിൽ നിന്ന് 10 ശതമാനവുമാണ് കേരള ത്തിന്റെ വരുമാനമെന്നുള്ളത് നമുക്കറിയാവുന്ന കാര്യമാണ്. ബഡ്ജറ്റിലും അദ്ദേഹം അത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അതിന് മാറ്റം വരുത്തുന്നതി നുവേണ്ടി അടിസ്ഥാനമേഖലയായ കാർഷിക മേഖലയ്ക്ക് വളരെയേറെ

പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത് എന്നത് ശ്ലാഘനീയമായ കാര്യമാണ്. കാർഷിക മേഖലയിൽ ഒരുപാട് പദ്ധതികളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ ബഡ്ജറ്റിന്റെ പൊതുഘടന നോക്കിയാൽ ഇതൊരു വെൽഫെയർ ബഡ്ജറ്റാണ്. ക്ഷേമരാഷ്ട്ര സങ്കല്പമാണ് ഇതിൽ പ്രധാനമായും കാണുന്നത്. പ്രവാസികൾക്ക് ചില പദ്ധതികൾ ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ അടിസ്ഥാന സൗകര്യവികസനത്തെക്കുറിച്ച് പറയുന്ന 36-ാമത് ഖണ്ഡികയിൽ ഇനിയും ഉൾപ്പെടുത്താവുന്ന ചില കാര്യങ്ങളുണ്ട്. നാഷണൽ ഹൈവേ വികസനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല എന്നത് ഉറപ്പായിട്ടുള്ള കാര്യമാണ്. അത് വളരെയേറെ അത്യാന്താപേക്ഷിതമായിട്ടുള്ള കാര്യവുമാണ്. അടിസ്ഥാന മേഖലയുടെ വികസനത്തിലൂടെ മാത്രമേ സംസ്ഥാനത്തിന് മുന്നോട്ടു പോകുവാൻ കഴിയുകയുള്ളൂ എന്ന് നാം മനസ്സിലാക്കണം.

പ്രവാസികൾക്കുവേണ്ടി ചില പദ്ധതികൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഞാൻ വളരെ മുമ്പേ സമർപ്പിച്ചിരുന്ന ഒരു നിർദ്ദേശം ഉൾപ്പെടുത്തുന്നത് മാണിസാറിന് വലിയ പ്രയോജനം ചെയ്യും, അദ്ദേഹത്തിന്റെ ജനപിന്തുണ വർദ്ധിക്കും. ലോകം മുഴുവൻ അദ്ദേഹത്തെ ആദരിക്കുന്ന അവസ്ഥയുണ്ടാക്കുന്ന ഒരു നിർദ്ദേശമാണ്. ഞാൻ മുമ്പ് പറഞ്ഞത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പ്രവാസികൾക്കുവേണ്ടി പ്രത്യേകമായി ഒരു ബാങ്ക് വേണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. പ്രവാസികൾക്കുവേണ്ടിയുള്ള ബാങ്കിൽ പ്രവാസികളുടെ മക്കൾക്ക് ജോലി, പ്രവാസികളുടെ ഡെപ്പോസിറ്റ്,

കുറഞ്ഞ പലിശയ്ക്ക് പ്രവാസികൾക്ക് വായ്പ കൊടുക്കുന്ന സമ്പ്രദായം, ഇതൊക്കെയാണ് ഞാൻ നിർദ്ദേശിക്കുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ വനിതാ ബാങ്ക് രൂപീകരിക്കണമെന്ന ഒരു നിർദ്ദേശമുണ്ട്. അത് വേണ്ടെന്നല്ല, അതിനേക്കാൾ പ്രായോഗികവും പ്രയോജനപ്രദവുമായ ഒരു നിർദ്ദേശമാണ് പ്രവാസികൾക്കു മാത്രമായി ഒരു പ്രത്യേക പ്രവാസി ബാങ്ക് രൂപീകരിക്കുക എന്നുള്ളത്. ആ പദ്ധതി അത്യാവശ്യമാണ്. അത് കേരളത്തിനും പ്രവാസികൾക്കും ഗുണം ചെയ്യും. ബഡ്ജറ്റ് പ്രസംഗത്തിന് മറുപടി പറയുമ്പോൾ ആ നിർദ്ദേശത്തിന് കൂടുതൽ പരിഗണന നൽകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ആസ്തി വികസന ഫണ്ട് ഈ ബഡ്ജറ്റിൽ എഴുതിച്ചേർത്തിട്ടില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. ആസ്തി വികസന ഫണ്ട് തുടരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ബഡ്ജറ്റിൽ പറയാത്ത എത്രയോ കാര്യങ്ങൾ ഇവിടെ നടപ്പിലാക്കുന്നില്ലേ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ആസ്തി വികസന ഫണ്ട് എന്നു പറഞ്ഞുകൊണ്ടല്ല, വിവിധ ഹെഡ്ഡുകളിലായി എം.എൽ.എ.മാർക്കായി 705 കോടി രൂപ വിവിധ ശീർഷകങ്ങളിലായി വച്ചിട്ടുണ്ട്. വർഷം അഞ്ചു കോടി വച്ച് ഇരുപത്തിയഞ്ച് കോടി, ഏത് റോഡിന്റെ പണി തീർത്തു വന്നാലും അപ്പോൾ രൂപ നൽകുകയാണ്, അതിനകത്ത് ഒരു പ്രയാസവുമില്ല. ഈ കാര്യം എം.എൽ.എ.മാരെ അറിയിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ആസ്തി വികസന ഫണ്ട് പോലെ എം. എൽ.എ.മാരുടെ നിയന്ത്രണത്തിലും നിർദ്ദേശമനുസരിച്ചും നടപ്പിലാക്കാവുന്ന

ഒരു പദ്ധതികൂടി ആവിഷ്കരിച്ചതിന് മാണിസാറിനെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ രണ്ടാമത്തെ ഖണ്ഡികയിൽ പടിഞ്ഞാറൻ രാജ്യങ്ങളിലെ സാമ്പത്തികമാന്ദ്യത്തിന്റെ രൂക്ഷത നമ്മുടെ ദേശീയ-സംസ്ഥാന സമ്പദ് വ്യവസ്ഥിതികളെ പ്രതികൂലമായി ബാധിക്കുമെന്ന് ഭംഗ്യന്തരേണ പറഞ്ഞിട്ടുണ്ട്. ഇൻഡ്യയിൽ നിന്നുള്ള കയറ്റുമതിയുടെ ഏതാണ്ട് നാലിലൊന്നും ഈ രാജ്യങ്ങളിലേയ്ക്കായതിനാൽ നമ്മുടെ വരുമാനം അത്ര കണ്ട് കുറയുമെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. നമ്മുടെ ഉല്പന്നങ്ങൾക്കുള്ള വിദേശ കമ്പോളത്തിന്റെ ആരോഗ്യസ്ഥിതി നന്നാകുന്നതും കാത്ത് വേഴാമ്പലിനെപ്പോലെ ഇവിടെ കഴിയുന്ന നാം എന്തുകൊണ്ടാണ് നമ്മുടെ കമ്പോളങ്ങൾ ഇന്ന് വിദേശ ഉല്പന്നങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതെന്ന് ചിന്തിക്കാതിരിക്കുന്നത് ? 1980 തൊട്ട് അപ്രഖ്യാപിതമായ രീതിയിലും 1991-ന് ശേഷം പ്രഖ്യാപനം നടത്തിക്കൊണ്ടും ആഗോള സമ്പദ് വ്യവസ്ഥയുമായി നമ്മുടെ സമ്പദ് വ്യവസ്ഥയെ കോർത്തിണക്കിയെടുക്കാൻവേണ്ടി നമ്മൾ നടത്തിയ പരക്കംപാച്ചിലിനിടയ്ക്ക് നമുക്ക് നഷ്ടപ്പെട്ടത് എന്തൊക്കെയാണെന്ന് ഒന്ന് പരിശോധിക്കുവാനും തുറന്നു പറയുവാനും മറ്റാരും തയ്യാറായില്ലെങ്കിലും അധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണെന്ന് സ്വയം വെളിപ്പെടുത്തുന്ന മാണിസാർ തയ്യാറാകണം.

പെട്രോളിയം ഉല്പന്നങ്ങളുടെ വില നിർണ്ണയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാർ ഇന്ന് എണ്ണക്കമ്പനികൾക്ക് കൊടുത്തിരിക്കുകയാണ്. മാസം തോറും ഈ ഉല്പന്നങ്ങളുടെ വില വീണ്ടും വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും കൂടെക്കൂടെ ഭീകരമായ രീതിയിൽ ഒരു പ്രഖ്യാപനമുണ്ടാകും. കെ.എസ്.ആർ.ടി.സി.പോലെയുള്ള ജനോപകാരപ്രദമായ സേവനങ്ങൾ നടത്തുന്ന പൊതുമേഖലാ പ്രസ്ഥാനങ്ങളുടെ പള്ളയ്ക്ക് കഠാരി കുത്തിയിറക്കിക്കഴിഞ്ഞു. ഈവയസരങ്ങളിൽ അങ്ങ് സാധാരണ പ്രകടിപ്പിക്കുന്ന വളരെ മിതമായ പ്രതിഷേധാത്മക പ്രതികരണങ്ങൾപോലും ഈ ബഡ്ജറ്റിന്റെ അവതരണവേളയിൽ ആമുഖത്തിലോ ഉപസംഹാരത്തിലോ ഒന്നും പ്രകടിപ്പിച്ചുകണ്ടില്ല. യു.പി.എ. സർക്കാരിന്റെ ദുർനയങ്ങളുടെയും അപഥസഞ്ചാരങ്ങളുടെയും തടവിൽ കഴിഞ്ഞുകൊണ്ടാണ് അങ്ങ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ആ ജാള്യതയും ക്ഷീണവുമൊക്കെ മാറ്റാനാണ് കൂടെക്കൂടെ സ്ഥാനത്തും അസ്ഥാനത്തും ഞാൻ, ഞാൻ  എന്നുള്ള പദപ്രയോഗം ബഡ്ജറ്റിൽ ഉപയോഗിച്ചിരിക്കുന്നത്. 1991-ൽ നരസിംഹറാവുവും ഡോ. മൻമോഹൻ സിംഗും കോൺഗ്രസ് പാർട്ടിയും ഒരേ സ്വരത്തിൽ പറഞ്ഞത്, രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ്. മൂലധന കമ്പോള ശക്തികൾക്ക് ഒരൊറ്റമൂലി എന്നവണ്ണം സ്വേച്ഛ പോലെ നിയന്ത്രിക്കാൻ കഴിയുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ അതുകഴിഞ്ഞ് ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇരുപത് വർഷം ഇതേ സാമ്പത്തിക പരിഷ്കാരങ്ങൾ തുടർന്നുകൊണ്ടുപോയിട്ടും 1991-ലെ സ്ഥിതിയിലേയ്ക്ക്, തുടങ്ങിയിടത്തേയ്ക്ക് നാം ഇന്ന് തിരികെ എത്തിച്ചേർന്നിരിക്കുന്നു. 2004 മുതൽ ഇവിടെ തുടരെ അധികാരത്തിൽ ഇരിക്കുന്ന ഡോ. മൻമോഹൻ സിംഗ് പണം കായ്ക്കുന്ന മരമില്ലെന്ന് നമ്മളോട്

പറയുമ്പോൾ മൂലധന കമ്പോളശക്തികൾക്ക് അടിയറവ് പറയുന്ന ഈ നയങ്ങൾ എന്തുകൊണ്ട് പൊളിച്ചെഴുതുന്നില്ല എന്ന് ശ്രീ. കെ.എം. മാണി ചോദിക്കേണ്ടതല്ലേ? ഈ മണ്ണിൽ വളർന്ന് വലുതായി പൂവിട്ട് നിന്നിരുന്ന നമ്മുടെ പണം കായ്ക്കുന്ന മരം ഒന്നടങ്കം പിഴുതുകൊണ്ടുപോയി കള്ളപ്പണമാക്കി വിദേശ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന കറുത്ത കരങ്ങളെ കൈവിലങ്ങ് വച്ച് ആ പണം മുഴുവൻ ഇവിടെ തിരിച്ചുകൊണ്ടുവരാൻ എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല എന്ന് കേന്ദ്രത്തോട് ചോദിക്കാൻ അങ്ങ് തയ്യാറാകുമോ? ആ കള്ളപ്പണത്തിന്റെ അളവ് 24 ലക്ഷം കോടിയിലധികം വരുമെന്ന് ശ്രീ. പ്രണാബ് കുമാർ മുഖർജിതന്നെ സമ്മതിച്ചിട്ടുള്ളതാണ്. അത് വീണ്ടെടുത്താൽ പതിനെട്ടേമുക്കാൽ ലക്ഷം കോടി എന്നു പറയുന്ന കറണ്ട് അക്കൗണ്ട് കമ്മിയുടെ പൊടിപോലും കേന്ദ്ര ബഡ്ജറ്റിൽ കാണുകയില്ല. ആ കമ്മിയെക്കുറിച്ചാണ് ശ്രീ. ചിദംബരം വീണ്ടുംവീണ്ടും പറയുന്നത്. അത് മാണിസാറിന് അറിയാതെ വരില്ലല്ലോ. വളർച്ചാനിരക്കിനെക്കുറിച്ച് ഇവിടെ ഡെപ്യൂട്ടി സ്പീക്കർ ഉൾപ്പെടെയുള്ളവർ ഒരുപാട് പറഞ്ഞു. ഈ വളർച്ചാനിരക്കുകൾക്ക് ഈ രാജ്യത്തെ ജനസാമാന്യങ്ങളുടെ ജീവിതനിലവാരത്തിൽ എന്ത് ഗുണപരമായ മാറ്റമാണ് വരുത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വളർച്ചാനിരക്കിന്റെ അപ്പോസ്തലൻമാർ എന്ന് അവകാശപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധൻമാർ വ്യക്തമാക്കേണ്ടതല്ലേ. പൊതുവിതരണ സമ്പ്രദായം കുറ്റമറ്റതാക്കിയും ഒപ്പം ഉല്പാദനമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടും വിലക്കയറ്റ പ്രതിഭാസത്തെ നേരിടുമെന്ന് ധനമന്ത്രി പറയുന്നു. ഇടതുഭരണം എപ്പോഴൊക്കെ നടന്നിട്ടുണ്ടോ അപ്പോഴെല്ലാം പൊതുവിതരണ ശൃംഖലയിൽ കൂടിയുള്ള ഭക്ഷ്യധാന്യങ്ങളുടെയും മറ്റും വിതരണം വളരെ ഭംഗിയായും പ്രശംസ

നീയമായും നടക്കുന്നതാണ്. പക്ഷേ നമ്മൾ ഇപ്പോൾ പത്രമാധ്യമങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത് ഭക്ഷ്യധാന്യങ്ങൾതന്നെ കരിഞ്ചന്തയിൽകൂടി വിൽക്കുന്ന ഒരു കോൺഡ്യൂയിറ്റായി അതിനെ മാറ്റിക്കൊണ്ടിരിക്കുന്നു എന്നാണ്.

നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമെന്ന് പറയുന്ന സ്വപ്ന പദ്ധതി ഇനി വരുംനാളുകളിലും സ്വപ്നം മാത്രമായി അവശേഷിക്കുമെന്നാണ് ഈ ബഡ്ജറ്റ് വായിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്റെ മണ്ഡലമായ കോവളത്തിലെ അടിമലത്തുറയിൽ 1200-ൽപ്പരം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ തക്കതായ ഡ്രെയിനേജ് സംവിധാനമില്ലാതെ തകർന്നുവീഴാറായ നിലയിൽ വർഷകാലം മുഴുവൻ കുറേഭാഗം വെള്ളത്തിനടിയിലായി നിൽക്കുന്ന കാര്യം ഞാൻ മാണിസാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. കുറഞ്ഞത് 300-ൽപ്പരം കുടുംബങ്ങളെയെങ്കിലും തൊട്ടടുത്തുതന്നെയുള്ള പുറമ്പോക്കിൽ ആരെങ്കിലും കയ്യേറുന്നതിനുമുമ്പ് ഫ്ളാറ്റ് മാതൃകയിൽ താമസസൗകര്യം നിർമ്മിച്ച് മാറ്റി പാർപ്പിക്കുന്നതിന് 10 കോടി രൂപ അനുവദിച്ചു തരണമെന്ന് ഞാൻ അങ്ങയെ കണ്ട് കാലേക്കൂട്ടി അഭ്യർത്ഥിച്ചിരുന്നതാണ്. എന്നാൽ ബഡ്ജറ്റിൽ അതിന് അനുവദിച്ചിരിക്കുന്ന ഒരു കോടി രൂപ ഒന്നിനും മതിയാവുകയില്ല. ഇനി വരുത്തുവാൻ പോകുന്ന ഭേദഗതിയിൽ 300-ൽപ്പരം കുടുംബങ്ങൾക്ക് മനുഷ്യോചിതമായ വാസസ്ഥാനം ഒരുക്കുവാൻ ബാക്കി തുക കൂടി അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട ജമീലാ പ്രകാശം, ഇപ്പോൾ 1 കോടി രൂപ

വച്ചാൽ മതി. അതിന്റെ പ്രോജക്ട് ഇങ്ങോട്ടു വരുമ്പോൾ ആ സമയത്ത് ബാക്കി തുക തരും.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ദൈവം അനുഗ്രഹിക്കട്ടെ എന്നല്ലാതെ അതിൽ കൂടുതലൊന്നും പറയാനില്ല. ഞാൻ മനസ്സിൽ തട്ടിയാണ് പറയുന്നത്. ആ 300 കുടുംബങ്ങൾ വെള്ളത്തിലാണ്.

പിന്നോക്ക സമുദായങ്ങളിൽ ക്രീമിലെയർ പരിധി ഉൾപ്പെടുത്തുന്നത് തന്നെ ഭരണഘടനാവിരുദ്ധവും അശാസ്ത്രീയവുമാണ്. പിന്നോക്കവർഗ്ഗക്കാർക്ക് ഭരണത്തിൽ പങ്കാളിത്തം നൽകുന്നതിനാണ് ഉദ്യോഗസംവരണം വിഭാവനം ചെയ്തിട്ടുള്ളത്. അവർക്ക് കേവലം തൊഴിൽ നൽകുന്നതിനുവേണ്ടിയല്ല. ആ പിന്നോക്കവിഭാഗങ്ങൾ ആരൊക്കെയാണെന്ന് തീരുമാനിക്കേണ്ടത് ഇവിടെ കോടതിയല്ല, എക്സിക്യൂട്ടീവാണ്. ഭരണഘടനാ നിർമ്മാണസഭയിൽ ആദ്യകാലത്ത് പിന്നോക്കവർഗ്ഗങ്ങളെ എങ്ങനെ നിർണ്ണയിക്കും എന്നൊരു ചോദ്യമുണ്ടായപ്പോൾ ഡോ. അംബേദ്കർ പറഞ്ഞത്, backward classes are those who in the opinion of the respective provincial Governments are backward. ഇപ്രകാരം വളരെ വ്യക്തമായി ഭരണഘടനാ നിർമ്മാണ സഭ എക്സിക്യൂട്ടീവിനെ ഏൽപ്പിച്ച അധികാരം ഇന്ന് സുപ്രീംകോടതി എക്സിക്യൂട്ടീവിൽനിന്നും കവർന്നെടുക്കുകയാണ് ചെയ്തത്. 1992-ലെ മണ്ഡൽ കമ്മീഷൻ കേസ് വിധിന്യായത്തിലെ ക്രീമിലെയറിനെ ഒഴിവാക്കണമെന്ന പരാമർശത്തിലൂടെ കോടതി അതാണ് ചെയ്തത്. പിന്നോക്ക സമുദായങ്ങളിലെ ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിലെ ഉദ്യോഗാർത്ഥികളെ ഒഴിവാക്കിക്കഴിഞ്ഞാൽ ഉയർന്ന തസ്തികകളിലേയ്ക്ക് പലപ്പോഴും അവരിൽനിന്ന് യോഗ്യരായ കാൻഡിഡേറ്റ്സിനെ കിട്ടാ

താകും. ഈ സാഹചര്യത്തിൽ ദേശീയ പിന്നോക്ക വർഗ്ഗ കമ്മീഷൻ ക്രീമി ലെയർ പരിധി സംബന്ധിച്ച് നൽകിയ ശുപാർശ അംഗീകരിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. ഇതിനുവേണ്ടി ഈ സഭ ഒന്നടങ്കം ഒരു പ്രമേയം പാസ്സാക്കി സുപ്രീംകോടതിയോട് അവർ നൽകിയ ക്രീമിലെയർ നിർദ്ദേശം പുന:പരിശോധനയ്ക്ക് വിധേയമാക്കാൻ ആവശ്യപ്പെടണമെന്ന് രാഷ്ട്രപതി യോട് ശുപാർശ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വിഗതകുമാരൻ എന്ന പേരിൽ ആദ്യ സിനിമ നിർമ്മിച്ചതുകാരണം സവർണ്ണ-സാമുദാ യിക-വർഗ്ഗീയശക്തികളുടെ എതിർപ്പുകാരണം സാമ്പത്തികവും സാമൂഹി കവുമായി അക്ഷരാർത്ഥത്തിൽ ക്രൂരമായ പീഡനങ്ങൾക്ക് വിധേയരാകേണ്ടി വന്നവരാണ് ജെ.സി. ദാനിയേലും ആദ്യ ചിത്രത്തിലെ നായികയായ ദളിത് യുവതി റോസി എന്ന നമ്മുടെ ആദ്യ നായികയും. ഈ രണ്ടുപേർക്കും തല സ്ഥാന നഗരിയിൽ തന്നെ ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുവാൻ സർക്കാർ ഉടനെ തന്നെ നടപടിയെടുക്കണം. ജെ.സി. ദാനിയേലിന്റെ സിനിമാ നിർമ്മാണ കമ്പനിയായിരുന്ന ട്രാവൻകൂർ പിക്ച്ചേഴ്സ് പ്രവർത്തിച്ചിരുന്ന കെട്ടിടം നിന്നിരുന്ന സ്ഥാനത്ത് ഇന്ന് പി.എ.സി. ഒരു മന്ദിരം പണിഞ്ഞുകൊ ണ്ടിരിക്കുകയാണ്. ആ മന്ദിരത്തിന് ജെ.സി. ദാനിയേൽ ബ്ലോക്ക് എന്നുള്ള പേര് നൽകണം. കൂടാതെ ഈ വർഷം ഇൻഡ്യൻ സിനിമയുടെ നൂറാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന തപാൽ സ്റ്റാമ്പുകളിൽ ജെ.സി. ദാനിയേലിന്റെ പേരിലുള്ള സ്റ്റാമ്പും ഉൾപ്പെടുത്തു വാൻ സംസ്ഥാന ഗവൺമെന്റ് വേണ്ട നടപടിയെടുക്കണം. അതുപോലെ സെന്റ്തോമസ് സ്കൂളിലെ അദ്ധ്യാപകൻ, സെക്രട്ടേറിയറ്റിലെ ഒരു ഗുമസ്തൻ, പട്ടാള ഉദ്യോഗസ്ഥൻ, സബ് ഇൻസ്പെക്ടർ ഇങ്ങനെ ജീവിതത്തിലെ വിവിധ ഘട്ടങ്ങൾ കടന്നുവന്ന മലയാള സിനിമ യിലെ അനശ്വര നായകനായി വിരാ

ജിച്ച സത്യന്റെ സംഭവ ബഹുലമായ ജീവിതത്തെ ആസ്പദമാക്കി ഒരു സിനിമ നിർമ്മിക്കുവാൻ സർക്കാർ നടപടിയെടുക്കണം. സ്ത്രീകൾക്കുവേണ്ടത് വെറും ക്ഷേമ പദ്ധതികളിൽ ഒതുങ്ങുന്ന പ്രഖ്യാപനങ്ങളല്ല. സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനായ മാണി സാറിനോട് ഞാൻ ചൂണ്ടിക്കാണിക്കുന്നത്, ഞങ്ങൾക്ക് വേണ്ടത് ജൻഡേർഡ് എക്കണോമിക്സിനെ ആസ്പദമാക്കി ക്കൊണ്ട്, അതിനെ ആധാരമാക്കിക്കൊണ്ട് സീറോ ബേയ്സ്ഡ് ബഡ്ജറ്റ് ആയി ഒരു ബഡ്ജറ്റ് കൊണ്ടുവരാൻ അങ്ങ് തയ്യാറാകുമോ എന്നുള്ളതാണ്, പന്ത്രണ്ടാമത്തെ ബഡ്ജറ്റ് ആ ബഡ്ജറ്റാക്കി തരണം. ഇതിനകത്ത് എത്ര ഭേദഗതി കൊണ്ടുവന്നാലും അങ്ങനെ ആകുകയില്ല. ഞങ്ങൾക്കുവേണ്ടി അങ്ങനെയൊരു ബഡ്ജറ്റ് കൊണ്ടുവരണം. ഭരണ പക്ഷവും പ്രതിപക്ഷവും ശത്രുക്കളല്ല, വികസന യാത്രയിലെ പരസ്പര ബന്ധുക്കളായിരിക്കണമെന്ന് തന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് ബഹുമാനപ്പെട്ട മാണിസാർ പറയു മ്പോൾ അദ്ദേഹത്തിന്റെ ശത്രുക്കൾ അദ്ദേഹത്തോടൊപ്പംതന്നെയാണ് ഇരിക്കു ന്നതെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം. ശ്രീമതി ഇ. എസ്. ബിജിമോൾ അത് നല്ലവണ്ണം പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഇക്കാര്യ ത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ട്. 1996-ലെ ഇ.കെ. നായനാർ മന്ത്രിസഭ യുടെ ഭരണകാലത്ത് അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ മഹാനായ ഇ.എം. എസ്. തന്നെ വ്യക്തമാക്കിയിട്ടുള്ളത് വികസന കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും സഹകരിച്ച് നീങ്ങണമെന്നുള്ളതാണ്.

മി. ചെയർമാൻ : മാഡം......പ്ലീസ്.....

ശ്രീമതി ജമീലാ പ്രകാശം : 1957-ൽ കേരള സർക്കാരിന്റെ ആദ്യ സർക്കാരിന്റെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം രാജ്യത്തിന് അകത്തും പുറത്തുമുള്ള ആളുകളുടെ ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞത് കോൺഗ്രസ് പാർട്ടി ഈ രാജ്യത്ത് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നതും എന്നാൽ അധികാരത്തിൽ ഇരുന്നപ്പോൾ നടപ്പിലാക്കാൻ തയ്യാറാകാതിരുന്നതുമായ കാര്യങ്ങൾ നടപ്പിലാക്കാൻ തന്റെ സർക്കാർ മുൻഗണന നൽകുമെന്നാണ്. ആ സർക്കാരിനെയാണ് സാമുദായിക-വർഗ്ഗീയ ശക്തികളുടെ നേതൃത്വത്തിൽ വിമോചന സമരം നടത്തി ജനാധിപത്യവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ മാർഗ്ഗത്തിലൂടെ അട്ടിമറിച്ചത്. അതേ സാമുദായിക-വർഗ്ഗീയ ശക്തികൾതന്നെയാണ് 15 കോൺഗ്രസ് എം.എൽ.എ. മാരെ അടർത്തിമാറ്റി ആർ. ശങ്കറിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ് മന്ത്രിസഭയെയും താഴെയിറക്കിയത്. അതേ ശക്തികളുടെ തടങ്കൽ പാളയത്തിലല്ലേ ഈ സർക്കാർ ഇപ്പോഴും പെട്ടുക്കിടക്കുന്നത്?

മി. ചെയർമാൻ : മാഡം.... ഇരട്ടി സമയമായി. പ്ലീസ് കൺക്ലൂഡ് ....

ശ്രീമതി ജമീലാ പ്രകാശം : നമ്മൾ നമ്മളെത്തന്നെ ഉദ്ധരിക്കണം, നമ്മളെ പിന്തിരിപ്പിക്കരുത്, എന്നൊക്കെ മാണിസാർ ആത്മഗതം പറയുമ്പോൾ ആരെയൊക്കെ ഉദ്ദേശിച്ചാണ് പറയുന്നതെന്ന് വ്യക്തമാക്കാൻ അപ്പുറത്ത് ഇരിക്കുന്നവർക്ക് ബാധ്യതയുണ്ട്. അധികാര ദല്ലാളന്മാരുടെ ഒരു കൂട്ടമാണ് അപ്പുറത്തിരിക്കുന്നത്. അവർക്കുവേണ്ടി കൊണ്ടുവന്ന ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട

കെ.എം മാണിസാർ അവതരിപ്പിച്ചിരിക്കുന്നത്. പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ, കേരളത്തിന്റെ ഇന്നത്തെ വികസന സാധ്യതകൾക്ക് അനിവാര്യമായ നിർദ്ദേശങ്ങളാണ്. ഇതെല്ലാം ചേർത്തുകൊണ്ടുള്ള ബഡ്ജറ്റ് മാണിസാറിന് അവതരിപ്പിക്കുവാൻ കഴിഞ്ഞു. കേരളത്തിന്റെ സാമ്പത്തിക പശ്ചാത്തലത്തിൽ നമ്മുടെ പരിമിതികൾക്കെല്ലാം ഉള്ളിൽനിന്നുകൊണ്ട് ജനക്ഷേമ പദ്ധതികൾക്കും വികസന പദ്ധതികൾക്കും ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ആത്മാർത്ഥമായ പരിശ്രമമാണ് ശ്രീ. കെ.എം മാണിസാർ നടത്തിയിരിക്കുന്നത്. ജനങ്ങളെ ദ്രോഹിക്കാത്ത, പാവങ്ങളെ സഹായിക്കുന്ന ബഡ്ജറ്റാണ് ഇത്. ഒരു ക്ഷേമരാഷ്ട്രം എന്ന സങ്കല്പം ഇവിടെ പറയുകയുണ്ടായി.

ശ്രീ. സി. ദിവാകരൻ: അതുകൊണ്ടാണോ ഭരണപക്ഷത്ത് ഒറ്റമന്ത്രിപോലുമില്ലാത്തത്?

ശ്രീ. മോൻസ് ജോസഫ്: മാണിസാറിന്റെ കൂടെ എല്ലാവരുമുണ്ട്. ഏറ്റവും ശക്തനായ ഭരണാധികാരിയെന്ന നിലയിൽ തീർച്ചയായും ധനകാര്യ മന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന്റെ ...

മി. ചെയർമാൻ : ശ്രീ. കെ.എം മാണിസാറിന് രണ്ടു പക്ഷവും കൂടെയുണ്ട്.

ശ്രീ. കെ. എം. മാണി : സർ, ഈ മന്ത്രിസഭയ്ക്ക് എന്നോടുള്ള വിശ്വാസമല്ലെ ഇത്; എല്ലാം എന്നിൽ ഏൽപ്പിച്ചിട്ട് പോയിരിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : ഇതിൽ കൂടുതൽ ഇനി എന്തുവേണം? ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിസാറിന്റെ ബഡ്ജറ്റിലൂടെ നമ്മുടെ സംസ്ഥാനത്ത് ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുക എന്നതാണ്. ഭരണകക്ഷി-പ്രതിപക്ഷം എന്നുള്ളത് എതിർത്ത് പോകാനുള്ളവരല്ല, സഹകരിച്ച്

പോകാനുള്ളവരാണെന്നാണ് ശ്രീമതി ജമീലാ പ്രകാശം പറഞ്ഞത്. വികസനത്തിന്റെ പാതയിൽ ആ ഒരു കാഴ്ചപ്പാട് ഉയർത്തിക്കൊണ്ട് പോകാൻ ശ്രമിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ടുതന്നെയാണ്. ശ്രീമതി ജമീലാ പ്രകാശം ഇവിടെ മനസ്സിൽ തട്ടിപ്പറഞ്ഞ ഒരു കാര്യമുണ്ട്. ദൈവം മാണിസാറിനെ അനുഗ്രഹിക്കട്ടെ എന്ന്. ഒരാവശ്യത്തിന്മേലുള്ള സമീപനം അദ്ദേഹം വ്യക്തമാക്കി. അത് എതിർപ്പുകൾ രാഷ്ട്രീയപരമായി നടക്കുമ്പോഴും ആത്മാർത്ഥതയോടെ പറയുന്ന വാക്കുകളായി ഞങ്ങളതിനെ കാണുകയാണ്. വികസനവും കരുതലുമെന്ന യു.ഡി.എഫ്. സർക്കാരിന്റെ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ബഡ്ജറ്റ് ബഹുമാനന്യനായ മാണിസാർ അവതരിപ്പിച്ചപ്പോൾ ഇവിടെ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത് കാർഷികമേഖലയ്ക്കുതന്നെയാണ്. അതിൽ കേരളത്തിലെ കൃഷിക്കാർക്ക് അഭിമാനമുണ്ട്, ചാരിതാർത്ഥ്യമുണ്ട്. ബഹുമാന്യനായ മുൻ ധനകാര്യമന്ത്രി ഡോ തോമസ് ഐസക്ക്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാർഷിക മേഖലയോട് ശ്രീ. കെ.എം മാണിസാർ വേണ്ടത്ര പരിഗണന കാണിച്ചില്ല എന്ന രൂപത്തിൽ പരാമർശിക്കുകയുണ്ടായി. ഈ പ്രസ്താവന നൂറ് ശതമാനം അടിസ്ഥാനരഹിതമാണ്. കാർഷിക മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്ത ബഡ്ജറ്റാണ് ശ്രീ. കെ. എം മാണിസാർ അവതരിപ്പിച്ചത് എന്നുള്ളത് കേരളത്തിലെ മുഴുവൻ മാധ്യമങ്ങളും ഒരുപോലെ വിലയിരുത്തിക്കഴിഞ്ഞ കാര്യമാണ്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ബഹുമാനപ്പെട്ട കെ. എം. മാണിസാർ വിവിധ ചർച്ചകളിൽ പങ്കെടുക്കുകയുണ്ടായി. ധനകാര്യ മന്ത്രിയെന്ന നിലയിൽ ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാറും മുൻ ധനകാര്യമന്ത്രിയെന്ന നിലയിൽ ഡോ. തോമസ് ഐസക്കും കേരളത്തിലെ മാധ്യമരംഗത്തുള്ളവരും ജനപ്രതിനിധികളും

വിവിധ പാർട്ടികളിലുൾപ്പെട്ടവരും പങ്കെടുത്ത പൊതു ചർച്ചകൾ വിവിധ സ്ഥലങ്ങളിൽ നടക്കുകയുണ്ടായി. ആ ചർച്ചകളില്ലൊം ഉയർന്നുവന്ന പൊതുവികാരം മാണിസാർ അവതരിപ്പിച്ചത് ഒരു ഗ്രീൻ ബഡ്ജറ്റാണ്, കേരള ത്തിലെ കാർഷിക മേഖലയ്ക്ക് ഏറ്റവും പരിഗണന കൊടുത്തുകൊണ്ടുള്ള ബഡ്ജറ്റാണ് എന്നു പറഞ്ഞത് വസ്തുതാപരമയി അവിടെ കാര്യങ്ങൾ ആ നിലയിൽ ചെയ്തതുകൊണ്ടാണ്. കാർഷിക മേഖലയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങളിൽ എടുത്തുപറയേണ്ട കാര്യങ്ങൾ ഞാൻ ആവർത്തിച്ച് പറയു വാൻ ആഗ്രഹിക്കുകയാണ്. കാലങ്ങളായി ആവശ്യപ്പെട്ടിരുന്ന കാർഷിക ആദായ നികുതിയിൽ നിന്ന് കൃഷിക്കാരെ ഒഴിവാക്കണമെന്നുള്ള ആവശ്യം ഈ ബഡ്ജറ്റിലൂടെ മാണിസാർ അംഗീകരിച്ചിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയ്ക്ക് ഏറ്റവും കൂടുതൽ സഹായക കരമായ ഒരു നടപടിയാണ് അതിലൂടെ വന്നിട്ടുള്ളത്. കാർഷിക ഉല്പന്നങ്ങ ളുടെ മൂല്യവർദ്ധനയ്ക്കും ഹൈടെക് കൃഷിക്കുമെല്ലാം കാര്യമായ പ്രോത്സാ ഹനം നൽകിക്കൊണ്ടാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്. കർഷക രുടെ വിപണി എന്നുള്ള അഗ്രിമാളുകൾ എന്ന പുതിയ നിർദ്ദേശമാണ് മാണി സാർ കൊണ്ടുവരികയുണ്ടായി. സത്യത്തിൽ ഇവിടെ വിലത്തകർച്ചമൂലം കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ ഒരുഭാഗത്തും ന്യായവില കിട്ടാത്തതിന്റെ പ്രശ്നങ്ങളും ഇടത്തട്ടുക്കാരുടെ ചൂഷണം തുടങ്ങിയ വിവിധ വിഷയങ്ങൾ നിൽക്കുകയാണ്. ഇത് കേരളത്തിന്റെ മാത്രം പ്രശ്നങ്ങളല്ല. ഈ വിഷയ ങ്ങളെ അഭിമുഖീകരിക്കുവാൻവേണ്ടിയുള്ള ഒരു സമീപനമാണ് വേണ്ടത്. എന്താണ് ഗവൺമെന്റിന്റെ സമീപനം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിൽ ഗവൺമെന്റ് വളരെ വ്യക്തമയി കൃഷിക്കാരന്റെ പക്ഷത്ത് നിൽക്കുന്നു എന്നുള്ളതാണ് ബഡ്ജറ്റിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. അതി

നുവേണ്ടി ഇന്നത്തെ കാർഷിക പ്രതിസന്ധി അതിജീവിക്കുവാൻ ബഡ്ജറ്റിലൂടെ മാണിസാർ കർഷക രക്ഷാ പദ്ധതിതന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. ചെറുകിട കർഷകരുടെ പലിശബാധ്യത പൂർണ്ണമായും എഴുതിത്തള്ളാനുള്ള നടപടി ഗവൺമെന്റ് എടുത്തിരിക്കുന്നു.

അതുപോലെതന്നെ എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത വായ്പ കൊടുക്കാനുള്ള നടപടി ഗവൺമെന്റ് എടുത്തിരിക്കുന്നു. റിസ്ക് ഇൻഷുറൻസ് വിപുലീകരിക്കാനുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ വന്നിരിക്കുന്നു. ഹൈടെക് കൃഷിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പറയുമ്പോൾ ഇവിടത്തെ സാധാരണക്കാരായ കൃഷിക്കാരുടെ പ്രശ്നങ്ങൾ നിലനില്ക്കുകയാണ്. ഈ രണ്ട് കാര്യങ്ങളേയും ഒരുപോലെ കാണാനുള്ള സമീപനം ഗവൺമെന്റെടുത്തിട്ടുണ്ട്. അത് ബഡ്ജറ്റിലൂടെ വളരെ വ്യക്തമാണ്. ലോകമെമ്പാടും ദേശീയതലത്തിലും പുതിയ കൃഷിരീതിയിലേയ്ക്ക് വരാനുള്ള സമീപനങ്ങൾ ഒരു ഭാഗത്ത് നിൽക്കുമ്പോൾ കേരളത്തിലും അത് പ്രയോജനപ്പെടുത്താനുള്ള പരിശ്രമങ്ങൾക്ക് ഈ ബഡ്ജറ്റ് പ്രാധാന്യം കൊടുക്കുകയാണ്. പരമ്പരാഗത കൃഷിരീതികൾ സംരക്ഷിക്കപ്പെടുകയെന്നുള്ളത് കേരത്തിലെ കർഷകരുടെ ആവശ്യമാണ്. പരമ്പരാഗത കൃഷിരീതികൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം ഹൈടെക് കൃഷിരീതികൾ പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള പരിശ്രമങ്ങളും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകുക എന്നുള്ള വ്യക്തമായ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് കേരളത്തിലെ കർഷകരുടെ ആഗ്രഹത്തെ സഫലീകരിച്ചുകൊണ്ടുള്ള നിലപാടാണ് കേരളത്തിലെ കർഷകരുടെ നേതാവുകൂടിയായ ആദരണീയനായ കെ.എം. മാണി എടുത്തിരിക്കുന്നത്. എല്ലാ വർഷവും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

വരാറുണ്ട്. നെല്ല് സംഭരണത്തിന് 215 കോടിരൂപ കൊടുത്തുതീർത്തിരിക്കുന്നത് ഈ ബഡ്ജറ്റിലൂടെ ചെയ്തിരിക്കുന്ന ഏറ്റവും നല്ല കാര്യമാണ്. അതുകൂടാതെ തുടർന്നുവരുന്ന കാലഘട്ടത്തിൽ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി imprest money എന്ന നിലയിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കാനും അത് ജില്ലാ ബാങ്കുവഴി പ്രാദേശിക സഹകരണ സംഘങ്ങളിലൂടെ കൊടുക്കാനുമുള്ള സുപ്രധാനമായ തീരുമാനം ഈ ബഡ്ജറ്റിലൂടെ കൊണ്ടുവന്നിരിക്കുന്നത് ശാശ്വതമായ ഒരു പരിഹാരമായിത്തന്നെ നെൽകർഷകർ കാണുകയാണ്. കൃഷിക്കാർക്കും സാധാരണ ജനവിഭാഗങ്ങൾക്കും പ്രായോഗികമായി ഉപകരിക്കുന്ന, അവരെ സഹായിക്കാൻ വേണ്ടിയുള്ള നടപടികൾക്ക് പ്രാധാന്യം കൊടുക്കുവാൻ ഈ ബഡ്ജറ്റിലൂടെ ശ്രീ. കെ.എം. മാണി ശ്രദ്ധിച്ചു എന്നുള്ളത് പ്രത്യേകമായി എടുത്തുപറയേണ്ട കാര്യമാണ്. അതുപോലെ 'സമഗ്ര വിള ഇൻഷുറൻസ്' പദ്ധതിയിലൂടെ കൃഷിക്കാർക്ക് 20 കോടിരൂപയാണ് പ്രഖ്യാപിച്ചത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നെല്ല്, കശുവണ്ടി, കുരുമുളക് തുടങ്ങിയ കാർഷിക വിളകൾ മാത്രമാണ് 'സമഗ്ര വിള ഇൻഷുറൻസ്' പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. കൃഷിക്കാർ അനുഭവിക്കുന്ന എല്ലാ ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് എല്ലാ വിളകളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള പരിശ്രമം ശ്രീ. കെ.എം. മാണി നടത്തിയിരിക്കുകയാണ്. അതുപോലെതന്നെ 'നിറവ്' പദ്ധതി എല്ലാ നിയോജക മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള തീരുമാനവും, പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനവും സ്വാഗതാർഹമാണ്. 'ഗ്രീൻഹൗസ്' ഉൾപ്പെടെയുള്ള കാര്യങ്ങൾ കഴിഞ്ഞ വർഷം ശ്രീ. കെ.എം.

മാണി പ്രഖ്യാപിക്കുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യ ങ്ങൾ നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീ. കെ. എം.മാണിയും ധനകാര്യ വകുപ്പും ഗവൺമെന്റും പരിശ്രമിക്കുന്ന കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്. 1100 ഗ്രീൻഹൗസുകൾ പ്രഖ്യാപിച്ചതിൽ ഇപ്പോൾ 100 എണ്ണം പ്രാവർത്തികമാക്കാനും ബാക്കി വരുന്നതിനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിനുമുള്ള സാഹചര്യങ്ങളുമുണ്ടായി. അതുപോലെ നമ്മുടെ സംസ്ഥാനത്തെ നിരവധി പദ്ധതികൾ പുരോഗതിയി ലേക്ക് കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. കാർഷിക മേഖല യുടെ പുരോഗതിപോലെതന്നെ മറ്റ് മേഖലകൾക്കും പ്രാധാന്യം കൊടുത്തിരി ക്കുകയാണ്. ഇതുപോലെ ക്ഷേമാനുകൂല്യങ്ങൾ കൊടുത്ത കാലഘട്ടമു ണ്ടോ? മുഴുവൻ ക്ഷേമപെൻഷനുകളും വർദ്ധിപ്പിക്കാനും പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളെ ബാധിക്കുന്ന പദ്ധതികളിൽ ഏറ്റവും കൂടു തൽ പരിഗണന കൊടുക്കാൻ കഴിയുന്ന, എല്ലാം ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാ പെൻഷനുകളും എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച, പാവങ്ങളോട് ഏറ്റവും കൂടുതൽ നീതി കാണിച്ച ഒരു ബഡ്ജറ്റ് എന്ന നിലയിൽ ഇതിനെ കാണാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോ ലെതന്നെ ഭാവി കേരളത്തെക്കുറിച്ച് -'വിഷൻ 2030' -നെക്കുറിച്ച് ആലോചി ക്കുകയാണ്. ചെറുപ്പക്കാരെ മുന്നിൽകണ്ടുകൊണ്ട്, അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽ സംരംഭക മിഷനുകളി ലേയ്ക്ക് കടക്കുന്ന ഈ കാലഘട്ടത്തിൽ, സംരംഭകത്വത്തിലൂന്നിയ പുതിയ കാഴ്ചപ്പാടിനെ മുന്നോട്ടുകൊണ്ടുപോകുന്ന ശ്രദ്ധേയനടപടികളാണ് ഈ ബഡ്ജറ്റിലൂടെ വന്നിട്ടുള്ളത്. സംരംഭകർക്കുള്ള സ്റ്റാർട്ടപ് സബ്സിഡികളും

ഗവേഷണത്തിനും കണ്ടുപിടുത്തങ്ങൾക്കുമുള്ള പ്രോത്സാഹനങ്ങളും ഏറ്റവും സ്വാഗതാർഹമാണ്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ Entrepreneur training programme നെക്കുറിച്ചും സ്വയം സംരംഭക പ്രോഗ്രാമിനെക്കുറിച്ചും ശ്രീ. കെ.എം മാണി സാർ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഇന്ന് കേരളത്തിൽ ആയിരത്തോളം വരുന്ന സംരംഭങ്ങൾ വിവിധ സ്ഥലങ്ങളിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. ടെക്നോപാർക്ക്, ഇൻഫോപാർക്ക് തുടങ്ങിയ തൊഴിൽ സംരംഭങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രാധാന്യം കൊടുക്കാൻ കഴിയുന്ന, ആഗോളതലത്തിലുള്ള കൺസെപ്റ്റ് കേരളത്തിന് മുൻപന്തിയിലേയ്ക്ക് വരാൻ കഴിയുന്ന വിധത്തിൽ ഈ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ കഴിയുന്ന നടപടികളാണ് ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. സുസ്ഥിര തൊഴിൽ വികസന പദ്ധതി എന്ന നിലയിൽ ആറിന പരിപാടികൾ ഇതിൽ പ്രഖ്യാപിച്ചിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്ലേസ്മെന്റ് സെൽസ്, കരിയർ ഡെവലപ്മെന്റ് മിഷൻ, സ്റ്റാർട്ടപ് സബ്സിഡി, സർക്കാർ പിൻബലം നൽകിക്കൊണ്ടുള്ള വിവിധ വ്യവസായ യൂണിറ്റുകൾ, സ്റ്റുഡന്റ്സിനുവേണ്ടിയുള്ള ഫോസ്റ്ററിംഗ് ലിങ്കേജ് തുടങ്ങി നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് തീർച്ചയായിട്ടും പുതിയ തൊഴിലന്വേഷകർക്കും ഭാവി തലമുറയ്ക്കും ഏറ്റവും കൂടുതൽ പ്രയോജനകരമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നത് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. ഇവിടെ ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ, ജലവിഭവ വകുപ്പിന്റെ കാര്യത്തിൽ തുക കാര്യമായിട്ട് കൊടുക്കാത്തതിനാൽ ശ്രീ. പി.ജെ. ജോസഫ്

ഇടയ്ക്ക് ഇറങ്ങിപ്പോയി എന്നുപറഞ്ഞു. എന്തും പറയാവുന്ന സ്ഥിതിയിലേയ്ക്ക് ശ്രീമതി ഇ.എസ്. ബിജിമോൾ മാറുന്നത് നിർഭാഗ്യകരമാണ് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. കാരണം കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. അടിസ്ഥാനരഹിതമായ കാര്യങ്ങൾ നിയമസഭയിൽ വെറുതെ പറയുക എന്നുപറഞ്ഞാൽ, എന്താണ് അതിന്റെ അവസ്ഥ എന്ന് മനസ്സിലാക്കണ്ടേ? ശ്രീ. പി.ജെ. ജോസഫ് ഇപ്പോൾ ഇവിടെയില്ല എന്നുള്ളത് അല്ലല്ലോ വിഷയം. ജലവിഭവ വകുപ്പിനുവേണ്ടി ഏറ്റവും കൂടുതൽ തുക മാറ്റിവച്ചുകൊണ്ട് നടപടി സ്വീകരിച്ച ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ.എം. മാണി. വ്യക്തമായ പ്രോജക്ടുകൾ കേരളത്തിൽ നടപ്പാക്കാൻ വേണ്ടിയാണ് അത് ചെയ്തിരിക്കുന്നത്. 700 തടയണകളുടെ സംരക്ഷണത്തിനുവേണ്ടി 400 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 422 കോടിരൂപയുടെ പദ്ധതിയെക്കുറിച്ച് പറഞ്ഞു. 842 കോടിരൂപ വാട്ടർ അതോറിറ്റിക്കുവേണ്ടി വകയിരുത്തിയിരിക്കുകയാണ്. കേരളത്തിലെ മോശമായ പൈപ്പുലൈനുകൾ മാറ്റാൻ, കുടിവെള്ള പദ്ധതികൾ സുതാര്യമാക്കി മാറ്റാൻ, ഒരു കാലത്തുമില്ലാത്ത പരിഗണനയാണ് ഈ ബഡ്ജറ്റിലൂടെ കൊടുത്തിരിക്കുന്നത് കേരളമൊട്ടാകെ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് പൂർത്തീകരിക്കപ്പെടേണ്ട പദ്ധതിയാണ്. എത്രയോ കാലമായി കേരളത്തിൽ ഇഴഞ്ഞുനീങ്ങുന്ന ഒരു പ്രോജക്ടാണ്. അതിനിപ്പോൾ 25 കോടിരൂപ മാറ്റിവെച്ചിരിക്കുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. ഈ വർഷം മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിൽ, കമ്മീഷൻ ചെയ്യാൻ കഴിയുന്ന വിധത്തിൽ എത്രകോടിരൂപ കൂടുതൽ കൊടുക്കേണ്ടിവ

ന്നാലും എല്ലാ വർഷവും ഇത് തുടർന്നുകൊണ്ടുപോകാതെ ഈ വർഷം പദ്ധതി കമ്മീഷൻ ചെയ്തുകൊണ്ട്, കുറെയേറെ പ്രശ്നങ്ങൾ ബാക്കിനില്ക്കുന്നതുകൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. മീനച്ചിൽ, മലങ്കര എന്നീ പദ്ധതികളടക്കം അദ്ദേഹം വിഭാവന ചെയ്യുന്ന വിവിധ സ്കീമുകളുണ്ട്. ഇതിനെല്ലാം ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് തുക മാറ്റിവയ്ക്കുവാൻ തയ്യാറായി എന്നുള്ളത് തന്നെ ഈ വകുപ്പിന് ഏറ്റവും വലിയ പരിഗണന കൊടുക്കുന്നു എന്നതിന്റെ തെളിവാണ്. ഒരുകാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഏത് സംസ്ഥാനത്തിന്റേയും പുരോഗതിയിൽ നിർണ്ണായകമായിട്ടുള്ളതാണ് റോഡ് വികസനം. റോഡ് വികസനത്തിന്റെ കാര്യത്തിലും 855 കോടിരൂപയാണ് ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീ. കെ.എം. മാണി ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഒരുവർഷത്തെ ബഡ്ജറ്റിലൂടെ ഇത്രയധികം റോഡുവികസന പദ്ധതികൾ ഏറ്റെടുക്കാനുള്ള ആത്മാർത്ഥത ഗവൺമെന്റ് കാണിക്കുന്നു എന്നുള്ളത് അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഏറ്റവും വലിയ മുന്നേറ്റം കേരളത്തിലുണ്ടാകണം എന്ന വ്യക്തമായ കാഴ്ചപ്പാട് യു.ഡി.എഫ് സർക്കാരിനുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ്. 1200 കി.മീ. റോഡ് ഡെവലപ്പ്മെന്റിനെക്കുറിച്ചും 525 കി.മീ. റോഡ് ഡെവലപ്പ്മെന്റിനെക്കുറിച്ചും ബി.എം.ബി.സി. റോഡുകൾ 5 വർഷത്തെ ഗ്യാരന്റിയിൽ ചെയ്യുന്നതിനെക്കുറിച്ചുമൊക്കെയുള്ള ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനരംഗത്ത് ഏറ്റവും വലിയ പുരോഗതിയുണ്ടാക്കാൻ സഹായകകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഭരണകക്ഷി എം.

എൽ.എ-മാർ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുന്നില്ല എന്നുള്ള ചില പരാമർശ ങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവരുടെ പാർട്ടി സമയം അനുവദിച്ചാൽ അവർ പ്രസംഗിക്കും. ഏത് പാർട്ടിയും സമയം അനുവദി ച്ചാൽ ആളുകൾ പ്രസംഗിക്കും എന്നതിനപ്പുറം ഇത്തരം വിഷയങ്ങൾ കാണേ ണ്ടതില്ല. കേരളത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും സഹായകകരമായി ട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം കെ.എം. മാണി സാർ ഈ ബഡ്ജ റ്റിലൂടെ കൊണ്ടുവന്നിരിക്കുകയാണ്. പദ്ധതികൾ പ്രഖ്യാപിക്കുന്നതും നടപ്പി ലാക്കുന്നതും പ്രധാനപ്പെട്ട കാര്യമാണ്. പദ്ധതി ആസുത്രണംപോലെതന്നെ പദ്ധതിയുടെ ഇംപ്ലിമെന്റേഷന്റെ കാര്യത്തിൽ, അത് മോണിറ്ററിംഗ് നടത്തുന്ന കാര്യത്തിൽ ശ്രദ്ധിക്കാതെപോയ കേരളത്തിന്റെ കഴിഞ്ഞ കാല സാഹചര്യ ങ്ങൾ തിരുത്തിക്കുറിക്കാൻവേണ്ടി ദിശാബോധത്തോടുകൂടി, ലക്ഷ്യബോധ ത്തോടുകൂടി, ആത്മാർത്ഥയോടുകൂടി സുപ്രധാനമായ അടുത്ത ചുവടുവെ യ്പ്പിലേയ്ക്ക് ഈ ബഡ്ജറ്റിലൂടെ ശ്രീ. കെ.എം മാണി സാർ കടക്കുന്നത് ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയാണ്. പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ, അവസാന മാസങ്ങളിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനെക്കുറിച്ച് പല പ്പോഴും നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ചു എന്നുള്ള സംതൃപ്തിയല്ലാതെ അതിന്റെ ക്വാളിറ്റി ഉറപ്പുവരുത്താൻ കഴി യാതെ പോകുന്ന സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റിലൂടെ ഈ നിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുള്ളത്.

എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങളിൽ ഒന്ന്, ഫ്ളാഗ്ഷിപ് പ്രോഗ്രാമിനെക്കുറിച്ചാണ്. അതിനെക്കുറിച്ച് ഇവിടെ പറയുകയു ണ്ടായി. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ഇപ്പോൾ കോ-

ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി, മോണിറ്ററിംഗ് നടത്തുന്നതിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന സിസ്റ്റം കൂടാതെതന്നെ വിവിധ വകുപ്പുകളുടെ തലത്തിലും ഒരു കോ-ഓർഡിനേഷൻ നടത്തുന്നത് ആവശ്യമായിരിക്കുകയാണ്. ഉദാഹരണത്തിന് കൃഷി വകുപ്പും ജലവിഭവവകുപ്പും സംയുക്തമായി നടത്തേണ്ട ജലസംരക്ഷണത്തിന്റെയും കൃഷിയുടെയും കാര്യങ്ങളുണ്ട്. അല്ലെങ്കിൽ മറ്റ് വകുപ്പുകൾ ചേർന്ന് നടത്തേണ്ട കോ-ഓർഡിനേഷന്റെ കാര്യങ്ങളും ഉണ്ട്. ഇതൊന്നും ഫലപ്രദമായി എപ്പോഴും നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ ഒരു പദ്ധതി വിലയിരുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും സഹായകരമായി അതിൽ ഇടപെടാൻ കഴിയുന്ന വിധത്തിലുള്ള ഒരു സിസ്റ്റമാക്കി അതിനെ ഡെവലപ് ചെയ്യാൻ കഴിഞ്ഞാൽ കേരളത്തിന് അത് ഏറ്റവും വലിയ അനുഗ്രഹമായിരിക്കും എന്നതിൽ സംശയമില്ല. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പ്രാധാന്യത്തോടെ പറയുന്ന രണ്ട് കാര്യങ്ങൾ ഒന്ന്, ഇവിടത്തെ മാനസിക വൈകല്യം നേരിടുന്ന കുട്ടികൾ, സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ, അവിടെ ഏറ്റവും കൂടുതൽ കുട്ടികൾ നമ്മുടെ സാധാരണ കുട്ടികളെപോലെ തന്നെ പരിഗണന അർഹിക്കുന്ന ആ വിഭാഗത്തിന് വേണ്ടത്ര പരിഗണന കൊടുക്കാൻ കഴിയാതെ പോകുന്ന സാഹചര്യങ്ങൾ പലപ്പോഴും സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഈ വർഷത്തെ സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ സംഗമം ഉദ്ഘാടനം ചെയ്തത്. ആ കുട്ടികൾക്ക് വേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് ശ്രീ. കെ.എം. മാണി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നു. അങ്ങനെ സ്പെഷ്യൽ സ്കൂളുകൾക്കും അവിടെ പഠിക്കുന്ന കുട്ടികൾക്കും അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും പരിഗണന കൊടുക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നമ്മൾ എപ്പോഴും ചർച്ച ചെയ്യാറു

ണ്ടെങ്കിലും അതിലേയ്ക്ക് അനുകൂലമായ നടപടി ബഹുമാനപ്പെട്ട കെ.എം. മാണിസാറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നത് ഒക്ക്യുപേഷണൽ തെറാപ്പിയെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കെ.എം. മാണിയും അതിൽ പങ്കെടുക്കുകയുണ്ടായി. കേരളത്തെ സംബന്ധിച്ചിടത്തോളം വിവിധ രംഗങ്ങളിൽ വൈകല്യമനുഭവിക്കുന്ന നിരവധി ആളുകൾ ഉണ്ട്. ശ്രീ. ജഗതി ശ്രീകുമാർ, കൈതപ്രം ദാമോദരൻ നമ്പൂതിരിയടക്കം കേരളത്തിന്റെ അനുഗ്രഹീതരായ നിരവധി വ്യക്തിത്വങ്ങൾ. ഇവരെല്ലാം കേരളത്തിന് വെളിയിൽപോയി ട്രീറ്റ്മെന്റ് നടത്തേണ്ടതായ സാഹചര്യങ്ങൾ വന്നത് നമ്മൾ ഗൗരവമായി കാണേണ്ടതായിട്ടിരിക്കുകയാണ്. അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സാധാരണക്കാരായ പതിനായിരക്കണക്കിന്  ജനവിഭാഗങ്ങളെ അവരുടെ ജീവിതത്തിൽ തിരിച്ചുകൊണ്ടുവരാൻ കഴിയുന്ന വിധത്തിലുള്ള റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, മെന്റൽ ഹെൽത്ത് സെന്ററുകൾ ഇവയെല്ലാം പ്രയോജനപ്പെടുത്താവുന്ന പ്രധാനപ്പെട്ട ഒരു മേഖലയാണ് ഒക്ക്യൂപേഷണൽ തെറാപ്പി. നിർഭാഗ്യവശാൽ കേരളം ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടില്ല. ഓൾ ഇന്ത്യാ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ സമ്മേളനം കേരളത്തിലാണ് ഈപ്രാവശ്യം നടന്നത്.  ഇതുകൂടി കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനം ഈ വർഷമെങ്കിലും ഈ രംഗത്തെ മുഴുവൻ ജനങ്ങൾക്കും അനുഗ്രഹം കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു പുതിയ കർമ്മ പദ്ധതിയിലേയ്ക്ക് കൂടി ഗവൺമെന്റ് കടന്നുവന്നാൽ അത് ഏറ്റവും കൂടുതൽ സഹായകരമായിരിക്കും എന്നതിൽ സംശയമില്ല. അതോടൊപ്പം ആയൂർവ്വേദ മരുന്നുകൾ ഉൾപ്പെടെയുള്ളതിന്റെ നികുതി ശതമാനം കുറയ്ക്കുന്നതിന്

മുൻകാലപ്രാബല്യം നൽകണമെന്നുള്ള നിർദ്ദേശവും ബഡ്ജറ്റിന്റെ ഭാഗമായി വിട്ടുപോയിട്ടുണ്ട്. അത്തരം വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി വരേണ്ടത് ആവശ്യമാണ് എന്നുള്ളതുകൂടി ഞാൻ ചൂണ്ടിക്കാണിച്ചതാണ്. കേരള സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപകരിക്കുന്ന ഏറ്റവും സുപ്രധാനമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ അടിസ്ഥാനമേഖലയെന്ന നിലയിൽ കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് കഴിയുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി കെ.എം. മാണി ദീർഘവീക്ഷണത്തോടെ അവതരിപ്പിച്ച ഈ ബഡ്ജറ്റ് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഏറ്റവും കൂടുതൽ കരുത്ത് പകരുമെന്ന ഉറച്ച വിശ്വാസത്തോടെ ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

<u>ശ്രീ. എ.എ. അസീസ്</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ശ്രീ. കെ.എം. മാണിസാറിന്റെ ബഡ്ജറ്റ് ബലൂൺ പോലെ ഊതി വീർപ്പിച്ചതും കേട്ടാൽ കൊള്ളാവുന്നതും അകംപൊള്ളയുമാണ്. അതിൽ ചിലത് സ്വാഗതാർഹമായ കാര്യങ്ങളാണ്. ശ്രീ. മോൻസ് ജോസഫ് പറഞ്ഞപ്പോഴാണ് എനിക്ക് ഒരു സംശയം വന്നത്. എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചതായിട്ടാണ് ശ്രീ. മോൻസ് ജോസഫ് പറഞ്ഞത്. വർദ്ധിപ്പിച്ച പെൻഷനുകൾ ഏതെല്ലാമാണെന്ന് മെൻഷൻ ചെയ്തിട്ടുണ്ടോ? കർഷക തൊഴിലാളി പെൻഷന്റെ കാര്യം പറഞ്ഞിട്ടുണ്ട്. എന്നാൽ 53,000 വരുന്ന കശുവണ്ടി തൊഴിലാളികളുടെ പെൻഷനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. ഈറ്റ, കാട്ടുവള്ളി, മത്സ്യത്തൊഴിലാളി, കയർ തൊഴിലാളി ഇവരെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. ക്ഷേമ പെൻഷനുകളെന്ന് പറയുന്നത് വിധവ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ പെൻഷനുകളും കർഷക തൊഴിലാളി പെൻഷനുമാണ് വലിയ കാര്യ

ങ്ങളായിട്ട് പറഞ്ഞിരിക്കുന്നത്. എന്നിട്ട് പറയുന്നത് എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചുവെന്നാണ്. എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചു എന്നുപറയുന്നത് എവിടെ നിന്നും കിട്ടിയ ന്യായമാണ്? എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ച തായി ഈ പുസ്തകത്തിലൊന്നും കാണുന്നില്ലല്ലോ? 53,000 തൊഴിലാളിക ളാണ് കശുവണ്ടി തൊഴിലാളി മേഖലയിലുള്ളത്. ലക്ഷക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, ഈറ്റ, കാട്ടുവള്ളി തൊഴിലാ ളികൾ, ഹെഡ് ലോഡ് തൊഴിലാളികൾ തുടങ്ങിയവർക്കെല്ലാം വിവിധ ക്ഷേമ പദ്ധതികളിലൂടെ വെൽഫയർ ബോർഡുകൾ വഴി പെൻഷൻ നൽകുന്നുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 100-110 രൂപയായിരുന്ന എല്ലാ പെൻഷനും 5 കൊല്ലക്കാലം കൊണ്ട് 400 രൂപയാക്കിയതാണ്. അതൊരു വലിയ കാര്യമാണ്. രണ്ടുകൊല്ലക്കാലം കൊണ്ടാണ് ഇവിടെ 100 രൂപ വർദ്ധിപ്പിച്ചിരിക്കുന്നത്. രണ്ടുകൊല്ലക്കാലം കൊണ്ട് 100 വർദ്ധിപ്പിച്ചത് ഒരുവലിയ കാര്യമായി ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി.ഡി. സതീശൻ ഇവിടെ പറയുകയുണ്ടായി. രണ്ട് കൊല്ലക്കാലം കൊണ്ട് 100 രൂപ വർദ്ധിപ്പിച്ചതാണോ മഹാകാര്യം? 100 രൂപ ആയിരുന്ന പെൻഷൻ 400 രൂപയായി വർദ്ധിപ്പിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആ ഗവൺമെന്റ് ക്ഷേമപെൻഷൻ, വികലാം ഗർക്ക് വേണ്ടി മാത്രമല്ല രാജ്യത്തെ എല്ലാ വിഭാഗം പെൻഷൻ വാങ്ങുന്ന ആളുകൾക്കുമാണ് പെൻഷൻ വർദ്ധിപ്പിച്ചത്. അതൊന്നും ഈ ബഡ്ജറ്റിന കത്ത് വന്നിട്ടില്ല. മറ്റൊരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ട ത്തിലാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള 30 ഫാക്ടറി കളിൽ 20 ഫാക്ടറികളും വാടക ഫാക്ടറികളാണ്. ആ വാടക ഫാക്ടറികൾ മുതലാളിമാർ തിരിച്ചെടുക്കുന്നതിന് വേണ്ടി കോടതിയിൽ പോയി കോടതി

അവർക്ക് അനുകൂലവിധി ഉണ്ടായി. അനുകൂല വിധി വന്നയവസരത്തിൽ ആ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി ആ ഫാക്ടറികൾ കോർപ്പറേഷന്റെ കൈവശം വയ്ക്കുന്നതിനുവേണ്ടി, കാഷ്യൂ ഫാക്ടറീസ് അക്യുസിഷൻ അമെന്റ്മെന്റ് ആക്ട് പാസ്സാക്കുന്നതിനു മാത്രമായി ഈ നിയമസഭ രണ്ടുദിവസം സമ്മേളിക്കുകയുണ്ടായി. 5 കൊല്ല ത്തിനകം ആ ഫാക്ടറികൾ നൊഗോഷ്യേറ്റ് ചെയ്ത് വിലയ്ക്കെടുക്കുന്നതിനു വേണ്ടി 25 കോടി രൂപ നീക്കിവച്ചു എന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറ ഞ്ഞു. അതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഒരു തുകയും അനുവദിച്ചിട്ടില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനം കൂടിയ അവസരത്തിൽ ശ്രദ്ധക്ഷണിക്കലിൽ കൂടി ഈ വിഷയം വ്യവസായ വകുപ്പുമന്ത്രിയുടെ പരിഗണനയിൽ കൊണ്ടു വന്നതാണ്. ആ 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയില്ല എന്നുണ്ടെ ങ്കിൽ വീണ്ടും മുതലാളിമാർ അവരുടെ ഫാക്ടറികൾ തിരിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ പോയിട്ടുണ്ട്. കാരണം 5 കൊല്ലത്തിനിട യിൽ ആ ഫാക്ടറികൾ വിലയ്ക്കെടുത്തില്ല എന്നുണ്ടെങ്കിൽ അവ വീണ്ടും സ്വകാര്യ ഉടമയിലേയ്ക്ക് പോകും. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലഘട്ടത്തിൽ 34 ഫാക്ടറികൾ ഉണ്ടായിരുന്നു. അതിൽ 4 എണ്ണം യു.ഡി.എഫ്. ഭരിച്ചസമ യത്ത് കോടതി വിധിയുടെ മറവിൽ തിരിച്ചുകൊടുത്തു. 70 ഫാക്ടറികൾ പിന്നീടൊരിക്കൽ ഉണ്ടായിരുന്നു. കോടതി വിധിയുടെ മറവിൽ ബാക്കി 36 എണ്ണം തിരിച്ചുകൊടുത്തു. പക്ഷേ എൽ.ഡി.എഫ്. ഭരണ കാലഘട്ടത്തിൽ ഒരെണ്ണം പോലും തിരിച്ചുകൊടുത്തില്ല. എൽ.ഡി.എഫ്. ഭരണകാലത്ത് അങ്ങ നെയൊരു വിധി വന്നപ്പോൾ ആ വിധിയെ മറികടക്കാൻ വേണ്ടി ഈ നിയമ സഭയിൽ പാസ്സാക്കിയ നിയമമാണ് ഇത്. ആ നിയമം പ്രാവർത്തികമാക്കാൻ ഈ ബഡ്ജറ്റിൽ ഒരു തുകയും വച്ചിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളെ സംര

ക്ഷിക്കുന്നതിനുവേണ്ടി ബഡ്ജറ്റ് സപ്പോർട്ട് വേണമെന്ന പ്ലാനിംഗ് ബോർഡിന്റെ ശുപാർശയുണ്ട്. ബഡ്ജറ്റ് സപ്പോർട്ട് ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ രാജ്യത്തെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ കഴിയുക യുള്ളു. കശുവണ്ടി വ്യവസായത്തിന്റെ നവീകരണത്തിനുവേണ്ടി 71 കോടി രൂപ, അതാണോ ബഡ്ജറ്റ് സപ്പോർട്ട്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോടിക്കണക്കിന് രൂപ 200-250 ദിവസം വരെ തൊഴിൽ ഉണ്ടായിരുന്ന ആ ഫാക്ടറികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം അടച്ചുപൂട്ടുകയാണ് ചെയ്തത്. കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയിൽ ഞാൻ പറഞ്ഞതിനു ശേഷം 9 കോടി രൂപ കൊടുത്ത് ഒന്നു തുറന്നു, വീണ്ടും കണ്ണടച്ചു. ഈ സ്ഥിതിയാണ്. എന്നിട്ടാണ് ശ്രീ. കെ.എം. മാണിയുടെ ബഡ്ജറ്റിനെ സംബന്ധിച്ച് 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് ആയിരുന്നു. അന്നത്തെ ധന കാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ ശങ്കരനാരായണൻ ഇന്നത്തെ മഹാരാ ഷ്ട്രയിലെ ഗവർണ്ണർ ആണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ കശുവണ്ടി വ്യവസായത്തിലുണ്ടായിരുന്ന പർച്ചേസ് ടാക്സ് 8 ശതമാനമായിരുന്നു. വ്യവ സായികളുടെ അഭ്യർത്ഥനയെ മാനിച്ച്, വാങ്ങുന്ന തോട്ടണ്ടിക്ക് മറ്റു സംസ്ഥാ നങ്ങളിൽ പർച്ചേസ് ടാക്സ് ഇല്ല, അത് 4 ശതമാനമായി കുറച്ചുകൊടുത്തു. ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? അത് ഒരു ശതമാനം കൂടി വർദ്ധിപ്പി ച്ചു. കഴിഞ്ഞ ബഡ്ജറ്റ് വന്നപ്പോൾ അത് 5 ശതമാനമാക്കി. ഇപ്പോൾ കശു വണ്ടി വ്യവസായ രംഗത്ത് ഏറ്റവും വലിയ പ്രതിസന്ധിയാണ്. കശുവണ്ടി ഇങ്ങോട്ട് ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്. പണ്ടുകാലത്ത് നമ്മൾ അങ്ങോട്ടാണ് കശുവണ്ടി കയറ്റുമതി ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ ആഗോ ളവത്ക്കരണ നയത്തിന്റെ ഭാഗമായി വിദേശരാജ്യങ്ങളിൽ നിന്നും കശു വണ്ടിപരിപ്പ് ഇറക്കുമതി ചെയ്യുന്നു. ഉണക്കമീൻ ഇറക്കുമതി ചെയ്യുന്നതു

പോലെ കശുവണ്ടിപരിപ്പും ഇറക്കുമതി ചെയ്യുന്നു. കശുവണ്ടി വ്യവസായം അതീവഗുരുതരാവസ്ഥയിലാണ്. കോടിക്കണക്കിന് രൂപ വിദേശനാണയം കിട്ടുന്നൊരു വ്യവസായമാണ്. ആ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയുന്നില്ല. പർച്ചേസ് ടാക്സ് കുറവുചെയ്യണമെന്ന് വ്യവസായികൾ ആവശ്യപ്പെട്ടതിൻപ്രകാരം തമിഴ്നാട്, കർണ്ണാടക, ഗോവ മറ്റ് സംസ്ഥാനങ്ങൾ മുതലായ സ്ഥലങ്ങളിൽ കശുവണ്ടിക്ക് പർച്ചേസ് ടാക്സ് ഇല്ല. ഇവിടെ ഇപ്പോൾ 2001-ലെ ഗവൺമെന്റ് 8 ശതമാനം 4 ശതമാനമാക്കി. അത് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ശതമാനം വർദ്ധിപ്പിച്ച് 5 ശതമാനമാക്കി. വ്യവസായത്തിലുണ്ടായ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ടാക്സ് ഇളവ് ചെയ്യണമെന്നാണ് ആവശ്യപ്പെട്ടത്. 3 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന 860 കമ്പനികളാണുള്ളത്. 100 തൊഴിലാളികളുടെ കാര്യമല്ല. 860 ഫാക്ടറികൾ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി രണ്ടോ മൂന്നോ ജില്ലയൊഴികെ ബാക്കിയുള്ള എല്ലാ ജില്ലകളിലുമുണ്ട്. കോട്ടയം, വയനാട് ജില്ലയൊഴികെ ബാക്കിയുള്ള എല്ലാ ജില്ലകളിലുമായി 860 ഫാക്ടറികളുണ്ട്. അവിടെ 3 ലക്ഷം തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ആ വ്യവസായത്തെ സംരക്ഷിക്കാൻ ഈ ബഡ്ജറ്റിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഈ വ്യവസായത്തിന്റെ പ്രതിസന്ധി എന്താണെന്ന് ശ്രീ. കെ.എം. മാണിസാർ മനസ്സിലാക്കിയോ? അതിനെ സംബന്ധിച്ച് യാതൊരു കാര്യവും, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പർച്ചേസ് ടാക്സ് ഇളവ് ചെയ്യുന്നതിനെ സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചില്ല. പങ്കാളിത്ത പെൻഷൻ നടപ്പാക്കാൻ തീരുമാനിച്ച സംസ്ഥാനമാണല്ലോ. സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുസരിച്ച് ഫുൾ പെൻഷൻ കിട്ടണമെന്നുണ്ടെങ്കിൽ ജീവനക്കാരന് 30 കൊല്ലത്തെ സർവ്വീസ് ആവശ്യമാണ്. 29 കൊല്ലവും ഒരു

മാസവും ഉണ്ടെങ്കിലും 30 കൊല്ലമായി പരിഗണിച്ച് മുഴുവൻ പെൻഷനും കൊടുക്കും. എന്നാൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയതിന്റെ പേരിൽ ശ്രീ. കെ.എം. മാണി സാറിന് നട്ടെല്ലിന് വേദനവന്ന് ഇരുന്നാണല്ലോ വായിക്കാതെ 60 വയസ്സ് പറഞ്ഞത്. 30 കൊല്ലമെന്നുള്ളത് 25 കൊല്ലമായി കുറവു ചെയ്യാൻ ശ്രീ. കെ.എം. മാണി തയ്യാറാകുമോ? 28 കൊല്ലം സർവ്വീസുള്ള ഒരാളിനും പകുതി പെൻഷനെ കിട്ടുകയുള്ളു. 29 കൊല്ലവും ഒരു മാസവുമുണ്ടെങ്കിൽ ഫുൾ പെൻഷൻ കിട്ടും. ഇത്തരത്തിലൊരു മാറ്റം വരുത്തിയ ധനകാര്യ വകുപ്പുമന്ത്രി, ഈ പറഞ്ഞതുപോലെ പങ്കാളിത്ത പെൻഷൻ നടപ്പാക്കാൻ 2013 ഏപ്രിൽ മാസത്തിനുശേഷം സർവ്വീസിൽ കയറുന്ന ജീവനക്കാർക്ക് 60 വയസ്സായി പെൻഷൻ പ്രായം പ്രഖ്യാപിച്ച ശ്രീ. കെ.എം. മാണിസാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ, ഫുൾ പെൻഷൻ കിട്ടാൻ 30 കൊല്ലമെന്ന് തീരുമാനിച്ചിട്ടുള്ളത് 25 കൊല്ലമായി കുറവ് ചെയ്യുമോ? കുറവ് ചെയ്യണ്ടേ?

പ്രവാസികളുടെ കാര്യത്തെക്കുറിച്ച് ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞപ്പോൾ അവരുടെ പെൻഷൻ പ്രായത്തെക്കുറിച്ച് പറഞ്ഞില്ല. പ്രവാസികളുടെ പെൻഷൻ പ്രായം 55 വയസ്സാക്കിയിരിക്കുന്നത് എന്തിനാണ്? പ്രവാസ ജീവിതം കഴിഞ്ഞ് വരുന്ന ആളിന് 55 വയസ് കഴിഞ്ഞാൽ മാത്രമേ പെൻഷൻ നൽകുകയുള്ളോ? പ്രവാസികളുടെ പെൻഷൻ പ്രായം ഉപേക്ഷിക്കണമെന്നത് പ്രവാസി സംഘടനകൾ നിരന്തരമായി ആവശ്യപ്പെടുന്ന കാര്യമാണ്, അക്കാര്യത്തെക്കുറിച്ച് ആലോചിക്കണം. അതുപോലെ ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും കോർപ്പറേഷനും കൗൺസിലും ഉൾപ്പെടെയുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് തുല്യ നിലയിൽ, ഒരേ നീതി

യിൽ 1000 രൂപ വീതം ഓണറേറിയം നൽകാൻ തീരുമാനിച്ചതായി ഇവിടെ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. 1000 രൂപ വർദ്ധിപ്പിച്ചത് നല്ല കാര്യംതന്നെ യാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നപ്പോൾ പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ തീരുമാനിക്കുമെന്നാണ്. എന്നാൽ പെൻഷനെ സംബന്ധിച്ച് എന്തെങ്കിലും ഇതിൽ പറഞ്ഞിട്ടുണ്ടോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പെൻഷന്റെ കാര്യം പരിഗണിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി മറുപടിയിൽ പറഞ്ഞിരുന്നു. എന്നിട്ട് എന്തുകൊണ്ട് പരിഗണിച്ചില്ല? നിങ്ങൾ എഴുതിക്കൊടുത്തിരുന്നോ, എഴുതിക്കൊടുത്തുകാണും, മാണിസാർ വകവച്ചില്ല. ഇത്തരം കാര്യങ്ങളൊന്നും പരിഗണിക്കാത്ത ഈ ബഡ്ജറ്റിനെ അതിനിശിതമായി വിമർശിക്കുന്നു, എതിർക്കുന്നു.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം രണ്ടാം തീയതിയായിരുന്നു. നയപ്രഖ്യാപന പ്രസംഗത്തിനുശേഷം ദർബാർ ഹാളിൽ 103 കുടുംബങ്ങളുടെ കുടുംബസംഗമം ഉണ്ടായിരുന്നു. ആ കുടുംബസംഗമം ആരംഭിക്കുന്നതിനുമുമ്പ് ഒരു കുഞ്ഞിനെ ഈശ്വര പ്രാർത്ഥനയ്ക്കായി വിളിച്ചു. അവന്റെ പേര് ഷിഹാബുദ്ദീൻ എന്നായിരുന്നു. അവൻ ഈശ്വര പ്രാർത്ഥന ഇങ്ങനെയാണ് ആരംഭിച്ചത്.

“തിരുനാമ കീർത്തനം പാടുവാനല്ലെങ്കിൽ

നാവെനിയ്ക്കെന്തിനു നാഥാ

അപദാനമെപ്പോഴും ആലപിച്ചില്ലെങ്കിൽ

അധരങ്ങളെന്തിനു നാഥാ,

ഈ ജീവിതമെന്തിനു നാഥാ....”

ഈ കുഞ്ഞിന്റെ ഈശ്വര പ്രാർത്ഥന കഴിഞ്ഞപ്പോൾ സദസ്സിലുണ്ടായിരുന്നവരുടെയും മാധ്യമ പ്രവർത്തകരുടെയും കണ്ണ് നിറഞ്ഞു. എത്രയോ ചടങ്ങുകളിൽ ഈശ്വര പ്രാർത്ഥന കേൾക്കുന്നവരാണ് നമ്മളെല്ലാവരും. ഈ കുഞ്ഞിന്റെ ഈശ്വര പ്രാർത്ഥനയുടെ പ്രത്യേകതയെന്താണ്? അവിടെയുണ്ടായിരുന്ന 103 കുടുംബങ്ങളിലുള്ളവരും ഈ ഗവൺമെന്റ് നടപ്പിലാക്കിയ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെ സംസാരശേഷിയും കേൾവിശക്തിയും കിട്ടിയവരാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ് ശബ്ദം തിരികെ കിട്ടിയ ഷിഹാബുദ്ദീനാണ് അവിടെ ഈശ്വര പ്രാർത്ഥന ആലപിച്ചത്. ഈ ഗവൺമെന്റ് നിലനിൽക്കുന്നത് മൂന്ന് എം.എൽ.എ മാരുടെ ഭൂരിപക്ഷം കൊണ്ടല്ല, ഇത്തരം നന്മകളുടെ പിൻബലത്തിലാണ്. ഈ നന്മകൾ തുടരാൻ വേണ്ടിയാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് നിലനിൽക്കുന്നത്. ഇത്തരം ധാരാളം നന്മകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബഡ്ജറ്റ് ബഹുമാന്യനായ കെ.എം.മാണി സാർ ഇവിടെ അവതരിപ്പിച്ചത്. അഭിമാനകരമായ വികസന മുന്നേറ്റത്തിന്റെ സൂചനയാണ് ബഡ്ജറ്റിന്റെ തലേ ദിവസം എക്കണോമിക് സർവ്വേ പുറത്തുകൊണ്ടുവന്നത്. ഇന്ത്യയിലെ പ്രതിശീർഷവരുമാനത്തിൽ ഒന്നാം സ്ഥാനത്തേയ്ക്ക് ഈ കൊച്ചുകേരളം നടന്നടുത്തു. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വളർച്ചാനിരക്കായ 9.5 ശതമാനം വളർച്ചാനിരക്കുള്ള സംസ്ഥാനമായി കേരളം മാറി. ബഹുമാന്യനായ മാണി സാർ പ്രകടിപ്പിക്കുന്ന ശുഭാപ്തിവിശ്വാസം ഡബിൾ ഡിജിറ്റിലേക്ക് എക്കണോമിക്

ഗ്രോത്ത് മാറുമെന്നാണ്. നമ്മുടെ ജി.ഡി.പി. യുടെ പ്രധാന കോൺട്രിബ്യൂഷൻ ഇപ്പോഴും സർവീസ് സെക്ടറിൽ നിന്നാണ്. അതുമാറി അഗ്രിക്കൾച്ചറൽ സെക്ടറിൽനിന്നും ജി.ഡി.പി. ക്ക് നിർണ്ണായകമായ കോൺട്രിബ്യൂഷനുണ്ടാകണം. അതിനുവേണ്ടി ദീർഘവീക്ഷണത്തോടെയുള്ള ഒരു ബഡ്ജറ്റ് ഇവിടെ നടപ്പിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ ബഡ്ജറ്റ് സസ്റ്റെയിനബിളാണ്, എൻവയോൺമെന്റ് ഫ്രണ്ട്ലിയാണ്, ഇതൊരു ജണ്ടർ ബഡ്ജറ്റാണ്. സംസ്ഥാനത്തിനു ലഭിച്ച 58057 കോടിയുടെ അധിക വരുമാനം എന്തിനാണ് ഉപയോഗിച്ചത്? അവിടെയാണ് ഈ ബഡ്ജറ്റ് കൂടുതൽ പ്രസക്തമാകുന്നത്. വരുമാനം ഉണ്ടാവുകയും സംസ്ഥാനം സമ്പന്നമാവുകയും ചെയ്തു. എന്നാൽ ഈ വരുമാനം എന്തിനുവേണ്ടിയാണ് വിനിയോഗിച്ചത്? ഇവിടെ ക്ഷേമപെൻഷനുകളുടെ കാര്യം പറഞ്ഞു. കർഷകതൊഴിലാളി പെൻഷൻ, കർഷക പെൻഷൻ, വിധവാ പെൻഷൻ, 80 ശതമാനത്തിനുമേൽ വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, 80 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ്, സർക്കാർ/എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാന്റ്, ഡയാലിസിസ് ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള പ്രതിമാസ പെൻഷൻ, ക്ഷയ രോഗികൾക്കുള്ള ധനസഹായം, കുഷ്ഠരോഗികൾക്കുള്ള ധനസഹായം, ക്യാൻസർ രോഗികൾക്കുള്ള ധനസഹായം, കയർത്തൊഴിലാളി പെൻഷൻ, അവശകലാകാര പെൻഷൻ, സർക്കസ് കലാ

കാരൻമാരുടെ പെൻഷൻ, 80 വയസ്സിനുമേൽ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങളുടെ പെൻഷൻ, 80 വയസ്സിൽത്താഴെ പ്രായമുള്ള അവശതയനുഭവിക്കുന്ന കായിക താരങ്ങളുടെ പെൻഷൻ എന്നിവ വർദ്ധിപ്പിക്കുകയും മറ്റു പെൻഷനൊന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ ആയ പരമ്പരാഗത തൊഴിൽ സമൂഹമായ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ ഏർപ്പെടുത്താനും ഈ ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ കാര്യം വിട്ടുപോയിട്ടുണ്ടെങ്കിൽ ഈ ബഡ്ജറ്റിന് മറുപടി പറയുന്ന സമയത്ത് അവരെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനം നല്ല പുരോഗതിയിലാണ് പോയിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കുമ്പോൾ ഡബിൾ ഡിജിറ്റിലേയ്ക്ക് എക്കണോമിക് ഗ്രോത്ത് മാറും. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 1000 രൂപയിൽ കുറഞ്ഞ പെൻഷൻ ലഭിക്കുന്ന ആരുമുണ്ടാകാത്ത അവസ്ഥയിലേയ്ക്ക് ഈ സംസ്ഥാനത്തെ കൊണ്ടുവരണമെന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എസ്.സി/എസ്.ടി സെക്ടറിന് വലിയ പ്രാധാന്യം കഴിഞ്ഞ വർഷങ്ങളിൽ നമ്മൾ കൊടുത്തു. വിജ്ഞാനവാടി പദ്ധതി, എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ കോളനികൾ, പട്ടിക ജാതി മേഖലയിൽ ഇന്ത്യയിലാദ്യമായി എസ്.സി./എസ്.ടി മെഡിക്കൽ കോളേജ് പാലക്കാട് വരുന്നു. വരുമാനം ആർക്കുവേണ്ടിയാണ് വിനിയോഗിക്കുന്നത് എന്നതാണ് ഏറ്റവും പ്രസക്തമായ കാര്യം. ഇന്ന് കേരളത്തിൽ ലോട്ടറി ഒരു വിവാദ വിഷയം അല്ല. ഈ സഭയിലിരുന്നുകൊണ്ട് ബഹുമാന്യ

നായ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് 'ഇവിടത്തെ ജനങ്ങളുടെ പോക്കറ്റിലെ പണം, 4000 കോടി രൂപ സാന്റിയാഗോ മാർട്ടിന്റെ കൈയിലെത്തിച്ചുകൊടുത്ത ഒരാളെയും ഞാൻ വെറുതെ വിടാൻ ഉദ്ദേശിക്കുന്നില്ല' എന്നാണ്. ആരെ ഉദ്ദേശിച്ചാണ് പറഞ്ഞതെന്ന് നമുക്കെല്ലാവർക്കും അറിയാമായിരുന്നു. ഇന്ന് 1700 കോടി രൂപയുടെ വരുമാനം ലോട്ടറിയിലൂടെ ലഭിക്കുകയാണ്. ദേവാലയങ്ങളിൽ കാണിക്ക അർപ്പിക്കുന്നതുപോലെയാണ് ജനങ്ങൾ ലോട്ടറിയെടുക്കുന്നത്. ഒരു നന്മ ചെയ്യാൻവേണ്ടി ഗവൺമെന്റ് ഇത് നടത്തുന്നതുകൊണ്ടാണ് 1700 കോടി രൂപ ലോട്ടറിയിൽനിന്ന് സമാഹരിക്കാൻ കഴിഞ്ഞത്. ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾമൂലം പ്രയാസമനുഭവിക്കുന്ന ആളുകളുണ്ട് – മദ്യപിക്കുന്നവർ, സിഗററ്റ് വലിക്കുന്നവർ, ആഡംബരപ്രിയർ, വിവാഹധൂർത്തുകാർ. നിരാലംബ യുവതികൾക്കായി മംഗല്യനിധി രൂപീകരിക്കുന്നു. ഇതിനാവശ്യമായ ഫണ്ട് ചെലവേറിയ വിവാഹാഘോഷങ്ങളിൽനിന്ന് സ്വരൂപിക്കുകയാണ് ചെയ്യുന്നത്. അതായത് പണക്കാരന്റെ കൈയിൽനിന്നും പണമെടുത്ത് പാവപ്പെട്ടവർക്ക് നൽകുന്നു. കാർഷികാദായ നികുതിയിൽനിന്നും വ്യക്തികളെ ഒഴിവാക്കി കമ്പനികൾക്ക് മാത്രമാക്കി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നു. അതുപോലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഭാഷയിൽ പറഞ്ഞാൽ കേരളത്തിൽ അരിയാഹാരം കഴിക്കുന്നവരെല്ലാവരും ഇന്ന് സന്തോഷമുള്ളവരാണ്. കാരണം അരിയെ പൂർണ്ണമായും നികുതിയിൽനിന്നും ഒഴിവാക്കി. അദ്ദേഹത്തിന്റെ പാർട്ടിയിലുൾപ്പെടെ അരിയാഹാരം കഴിക്കുന്നവർ ഇന്ന് സന്തോഷിക്കുകയാണ്. പണ്ട് കോഴിയും

മുട്ടയും ഇറച്ചിയും കഴിച്ചിരുന്നവർക്ക് ചില പ്രയാസങ്ങളുണ്ടെങ്കിൽപ്പോലും അരി കഴിക്കുന്നവർക്കെല്ലാം സന്തോഷമുണ്ട്.

ഭവനരഹിതർ, ആശാവർക്കേഴ്സ്, അംഗനവാടി ജീവനക്കാർ, പഞ്ചായത്ത് മെമ്പർമാർ, **അനാഥശാലയിലെ** കുട്ടികൾ, യാചകർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പത്രപ്രവർത്തകർ, മികവുറ്റ വിദ്യാർത്ഥികൾ തുടങ്ങിയ എല്ലാപേർക്കും ഈ ബഡ്ജറ്റ് കൊണ്ട് ഗുണമുണ്ട്. പ്രയാസം വളരെ കുറച്ച് ആളുകളിലേയ്ക്ക് ഏൽപ്പിച്ചുകൊണ്ട് ബഹുഭൂരിപക്ഷം ആളുകൾക്കും സന്തോഷം കൊടുക്കാൻ ഈ ബഡ്ജറ്റിനുകഴിഞ്ഞു. ഡോ. ടി. എം. തോമസ് ഐസക്കിന്റെ മൂന്ന് ബഡ്ജറ്റുകൾ എന്റെ കൈയിലുണ്ട്. ഇത് ഗ്രീൻ ബഡ്ജറ്റാണെന്ന് അദ്ദേഹത്തിന്റെ ഒരു ബഡ്ജറ്റിൽ ഒരിടത്ത് പറഞ്ഞു. ഒന്നോ രണ്ടോ പാരഗ്രാഫിൽ ചില കാര്യങ്ങൾ പറഞ്ഞിട്ട് അദ്ദേഹം പറയുന്നു ഇത് ഗ്രീൻ ബഡ്ജറ്റാണെന്ന്. ഈ ബഡ്ജറ്റിന്റെ പേജ് 41-ൽ 98-ാമത്തെ ഖണ്ഡികയിൽ സോയിൽ മ്യൂസിയത്തെക്കുറിച്ച് പറയുന്നു. പേജ് 42-ൽ കുട്ടനാട് പൈതൃക പദ്ധതിയെക്കുറിച്ച് പറയുന്നു. പേജ് 72-ൽ ഇന്റർ മോഡൽ ഇന്റഗ്രേഷൻ ഓഫ് വാട്ടർ - അതിൽ വാട്ടർ ടാക്സിയെക്കുറിച്ച് പറയുന്നു. ഇതെല്ലാം കാർബണിന്റെ ഉപയോഗം കുറയ്ക്കാൻവേണ്ടിയിട്ടുള്ള ലോക നടപടികളുടെ ഭാഗമായിട്ടുള്ളതാണ്. പേജ് 18-ൽ, ആൾട്ടർനേറ്റീവ് എനർജിക്കുവേണ്ടി ഫ്ളോട്ടിംഗ് സോളാർ പാനലുകൾ ഗ്രിഡിലേയ്ക്ക് നൽകുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും പ്രത്യേക സബ്സിഡി, സൗരോർജ്ജ വീടുകൾക്ക് 50% നികുതി ഇളവ്..... ഏതാണ് ഗ്രീൻ ബഡ്ജറ്റ്? പേജ് 35-ൽ, പ്ലാസ്റ്റിക് ടാറിംഗിന്

പഞ്ചായത്തുകൾക്കും റസിഡൻസ് അസോസിയേഷനും 5 ലക്ഷം രൂപ സബ്സിഡി, വനിതാ സംഘങ്ങൾക്ക് പ്ലാസ്റ്റിക് ശേഖരണത്തിനും സംസ്കരണത്തിനും 25 ലക്ഷം രൂപവരെ സബ്സിഡി, അതുപോലെ പേജ് 39-ൽ പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ ഇവയ്ക്കായി ടെക്നോളജി സെന്റർ. 12 നിയോജക മണ്ഡലങ്ങളിൽ വിജയകരമായി പൂർത്തിയാക്കിയ നിറവു പദ്ധതി ഇപ്പോൾ 30 നിയോജക മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ 140 നിയോജക മണ്ഡലങ്ങളിലേയ്ക്കും നിറവു കാർഷിക പദ്ധതി വരികയാണ്. പേജ് 41-ൽ മണ്ണു-ജല സംരക്ഷണം, സഹസ്ര സരോവർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 1000 കിണറുകളുടെ നവീകരണം, മഴവെള്ള സംഭരണികൾ ഇങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഈ ബഡ്ജറ്റാണ് ഒരു ഗ്രീൻ ബഡ്ജറ്റ്. ബഹുമാനപ്പെട്ട ഡോ. ടി.എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ അധിക വിഭവ സമാഹരണത്തെക്കുറിച്ച് പറഞ്ഞു. അദ്ദേഹത്തിന്റെ അധിക വിഭവ സമാഹരണം എങ്ങനെയായിരുന്നു? അദ്ദേഹത്തിന്റെ 2009-2010-ലെ ബഡ്ജറ്റിലെ പേജ് 64-ൽ വയൽ നികത്തൽപ്പിഴ ഈടാക്കുന്നതിലൂടെ അധിക വിഭവ സമാഹരണം നടത്തുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 'നെൽ വയൽ നികത്തൽ നിയമംമൂലം നിരോധിച്ചിരിക്കുകയാണ്. എങ്കിലും ചില ആളുകൾ അനിവാര്യ സാഹചര്യങ്ങളിൽ നെൽവയൽ നികത്തിയിട്ടുണ്ട്. അങ്ങനെ നികത്തിയവരിൽനിന്നും കനത്ത ഫീസ് ഈടാക്കി അത് ലീഗലൈസ് ചെയ്തുകൊണ്ട് അധിക വിഭവം സമാഹരിക്കാം.' എന്ത് വലിയ പ്രകൃതി ബഡ്ജറ്റാണ്! ഇതാണ് ഡോ. ടി.എം. തോമസ് ഐസക്കിന്റെ ഗ്രീൻ ബഡ്ജറ്റ്.

വേറൊന്ന്, നമ്മുടെ ഡാമുകളിൽ കിടക്കുന്ന വൻതോതിലുള്ള മണൽ മുഴുവൻ എടുത്താൽ ഇവിടെ 40,000 കോടി രൂപയ്ക്ക് റോഡ് പണിയാമെന്നാണ് പറഞ്ഞത്. 2009-2010- ബഡ്ജറ്റിൽ ഡാമിൽ നിന്ന് പൈസ കിട്ടുമെന്ന് പറഞ്ഞു. 2010-2011 ബഡ്ജറ്റിലെ വിഭവ സമാഹരണത്തിൽ പറയുന്നത് കഴിഞ്ഞ ബഡ്ജറ്റിൽ ഒട്ടേറെ പുതിയ നികുതിയേതര വരുമാന മാർഗ്ഗങ്ങൾ പരാമർശിച്ചിരുന്നു. അവ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനല്ലാതെ ഗണ്യമായ തോതിൽ വരുമാന വർദ്ധനവ് നേടുന്നതിന് കഴിഞ്ഞിട്ടില്ല എന്നാണ്. ഈ കുറവ് 2010-2011-ൽ പരിഹരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. കാരണം ഡാമിൽ നിന്ന് മണ്ണെടുക്കുന്ന കാര്യം നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ, 2011 ആകുമ്പോഴേയ്ക്കും പൂർത്തിയാകും. 2011-ലെ ബഡ്ജറ്റിലെ അധിക വിഭവ സമാഹരണം നോക്കുമ്പോഴും അതിനുവേണ്ടി ഒന്നും കിട്ടിയിട്ടില്ലായെന്നാണ് മനസ്സിലാകുന്നത്. ഞാൻ വായിക്കാം- "Resource mobilization - I have already stressed upon commendable achievements in the matter of resource mobilization." ഈ ഡാമിന്റെ കാര്യത്തിൽ ഇപ്പോഴും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അതിൽത്തന്നെ പറയുകയാണ്. ഈ രൂപത്തിൽ നെൽവയൽ നികത്തിയവരുടെ കൈയിൽനിന്നും ലീഗലൈസ് ചെയ്തുകൊണ്ട് പണമുണ്ടാക്കുമെന്നോ ഡാമിൽ നിന്നും അധിക വിഭവം ലഭിക്കുമെന്നോ ഉള്ള അപ്രായോഗികമായ നടപടികളൊന്നും തന്നെ ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. എല്ലാം പ്രായോഗികമാണ്. പെൻഷൻ പ്രായം വർദ്ധനവിനെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം എന്തായിരുന്നു? ഇപ്പോൾ തൊഴിൽ

സാന്ദ്രത ഇവിടെ വലുതാണ്. നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചാൽ പതിനായിരക്കണക്കിനുള്ള ചെറുപ്പക്കാർക്ക് ജോലികിട്ടില്ല. അതേസമയം 30 വർഷം കഴിയുമ്പോൾ കേരളം ഇങ്ങനെയാകണമെന്ന്, ഈ തൊഴിൽ സാന്ദ്രത മാറാതെപോകണം എന്ന് എന്തിനാണ് വാശിപിടിക്കുന്നത്? പക്ഷേ ഡോ. ടി. എം. തോമസ് ഐസക്കിന് ഈ തീരുമാനം പറയാനുള്ള ധൈര്യമില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം പെൻഷൻ ഏകീകരണം എന്ന വളഞ്ഞ വഴി സ്വീകരിച്ചു. മാർച്ച് 31-ാം തീയതി രാത്രി ജനിച്ച ആളുടെ പെൻഷൻ പ്രായം 55 വയസ്സ്, ഏപ്രിൽ ഒന്നാംതീയതി ഒരുമണിക്ക് ജനിച്ച ആൾക്ക് 56 വയസ്സ് എന്ന രീതിയിലുള്ള അശാസ്ത്രീയമായ പെൻഷൻ ഏകീകരണം വഴി ചെറുപ്പക്കാരെ ബുദ്ധിമുട്ടിച്ചെങ്കിൽ, ഇപ്പോൾ ജോലിയിൽ കയറുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സ് എന്ന് ഈ ബഡ്ജറ്റിൽ പറയുകയാണ്. ഇപ്പോൾ ജോലിയിൽ കയറുന്നവരിൽനിന്ന് '56 വയസ്സിൽ ഞങ്ങൾ പെൻഷൻ പറ്റി പിരിഞ്ഞുകൊള്ളാം, ഞങ്ങൾക്ക് 60 വയസ്സുവരെ ജോലി വേണ്ട' എന്ന് എഴുതിവാങ്ങിക്കാൻ ശ്രീ. റ്റി. വി. രാജേഷിനും ശ്രീ. വി. എസ്. സുനിൽ കുമാറിനും കഴിയുമോ? അവരെ സമരത്തിനുവിളിച്ചാൽ അവർ വരുമോയെന്ന് നമുക്ക് നോക്കാം. ബഡ്ജറ്റിലെ ഈ പ്രഖ്യാപനത്തിനെതിരെ ഇവിടെ ഒരു റാങ്ക് ഹോൾഡേഴ്സും പ്രതിഷേധിച്ചില്ല. കാരണം ചെറുപ്പക്കാർക്ക്, അത് ബാധിക്കുന്നവർക്ക് ദോഷം വരാതെ തീരുമാനങ്ങൾ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ഞാൻ ശ്രീ. കെ. എം. മാണിയുടെ 3 ബഡ്ജറ്റും ഡോ. ടി.എം. തോമസ് ഐസക്കിന്റെ 5 ബഡ്ജറ്റും നിങ്ങളുടെ കൈയിൽ തരാം. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ എവി

ടെയെങ്കിലും തൊഴിലിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി കാണിച്ചുതരാൻ കഴിയുമോ? ഇവിടെ സ്വയം സംരംഭക മിഷൻ വന്നു, തൊഴിൽ പരിശീലനം കൊടുത്തു. അവർ സംരംഭകരാകുകയും ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും ചെയ്തുകഴിഞ്ഞു, അത് മാർക്കറ്റിലും വന്നു. അങ്ങനെ സംരംഭകരായിട്ടുള്ള വരുടെ ഉൽപ്പന്നങ്ങൾ ഒരു കവറിലിട്ട് ഞാൻ തരാം, അതൊന്ന് കഴിച്ചു നോക്കൂ. നിങ്ങൾ ഏത് ലോകത്താണ് ജീവിക്കുന്നത്? എംപ്ലോയബിലിറ്റി പരി ഹരിക്കാൻ പ്ലേസ്മെന്റ് സെല്ലുകൾ ആരംഭിക്കുകയാണ് എന്ന് പേജ് 14-ൽ പറ യുന്നു. കരിയർ ഡെവലപ്പ്മെന്റ് മിഷൻ ആരംഭിക്കുകയാണ്, ചെറുപ്പ ക്കാർക്ക് സംരംഭകരാകാൻ സ്റ്റാർട്ട് അപ്പ് സബ്സിഡി ഏർപ്പെടുത്തുകയാണ്, പ്രബന്ധങ്ങൾ, പേറ്റന്റുകൾ, ഇന്നൊവേഷൻ എന്നിവയെ പ്രോത്സാഹിപ്പിക്കാ നുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇന്നൊവേഷൻസിനെ പ്രോത്സാഹി പ്പിക്കാൻ നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, ഗൂഗിൾ, ട്വിറ്റർ തുടങ്ങിയ മാധ്യമ ങ്ങളെ ഉപയോഗിക്കുകയാണ്. പുതിയ കണ്ടുപിടിത്തങ്ങൾക്ക് 50 ലക്ഷം രൂപ വരെ സഹായം കിട്ടുന്ന രൂപത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡി.എം.എൽ. റിപ്പോർട്ട് നമ്മുടെ കൈയിലുണ്ട്. കേരളത്തിൽ തൊഴിലില്ലായ്മ മാത്രമല്ല ഇവിടെ എംപ്ലോയബിലിറ്റിയും ഉണ്ട്. ഇവിടെ ഒരു തൊഴിൽ സംസ്കാരമില്ലായ്മയുടെ പ്രശ്നമുണ്ട്. അതുകൊണ്ട് പരീക്ഷ കഴിഞ്ഞ് വെറുതെ സർട്ടിഫിക്കറ്റ് കൊടുക്കുകയല്ല, അവർക്ക് ഒരു തൊഴിൽ സംസ്കാരമുണ്ടാക്കിയെടുക്കുകയും അവരെ ജോലി ചെയ്യാൻ പ്രാപ്തരാക്കുകയും അവരെ സംരംഭകരാക്കാനും കഴിയുന്ന ഒരു പദ്ധതി ഈ ബഡ്ജറ്റിലുണ്ട്. ഞാനും ബഹുമാന്യയായ ശ്രീമതി ജമീലാ പ്രകാശവും പങ്കെടുത്ത ഒരു പ്രീ-ബഡ്ജറ്റ് ചർച്ചയിൽ ഉയർന്നുവന്ന ഒരു കാര്യം പല പദ്ധ

തികളും ഇംപ്ളിമെന്റേഷൻ സ്റ്റേജിൽ വരുമ്പോൾ പാളിപ്പോകുന്നുവെന്നതാണ്. ഇവിടെ പല കാര്യങ്ങളും സ്വയം സംരംഭക മിഷനും, അസ്സെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടും സഹസ്ര സരോവറും, മാതൃകാ കോളനിയും അതുപോലെതന്നെ മാതൃകാ അംഗൻവാടിയും വിജ്ഞാനവാടിയും, അഡീഷണൽ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം (എ.എസ്.യു.പി.), അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (എ.എസ്.ഇ.പി) എന്നിവയും നടപ്പിലാക്കിയെങ്കിലും കഴിഞ്ഞ ബഡ്ജറ്റിലെ ചില കാര്യങ്ങൾ ഇനിയും നടപ്പിലാക്കാനുണ്ട്. അതുകൊണ്ട് ഈ ബഡ്ജറ്റിന്റെ ആദ്യം തന്നെ, ഇംപ്ലിമെന്റേഷന്റെ കാര്യത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ടാകുമെന്ന് ബഹുമാന്യനായ കെ. എം. മാണി പറയുന്നു. ഏത് ഡിപ്പാർട്ടുമെന്റിലെ ഏത് ഉദ്യോഗസ്ഥനാണ് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അത് മോണിറ്റർ ചെയ്യാൻ എം.എൽ.എ. മാർക്ക് അവസരമുണ്ടാകും. എന്റെ വിനീതമായ അഭ്യർത്ഥന, ഓരോ മൂന്നുമാസം കൂടുമ്പോഴും ഓരോ പദ്ധതിയെ സംബന്ധിച്ചും ഓരോ വകുപ്പിനെ സംബന്ധിച്ചും ഒരു മന്ത്രിതല, ഉന്നതതല മോണിറ്ററിംഗ് ഉണ്ടായാൽ അത് ഏറ്റവും നന്നായിരിക്കും. കാരണം, ഇംപ്ലിമെന്റേഷൻ പാർട്ടിൽ പലപ്പോഴും നമുക്ക് പരാജയമുണ്ടാകുന്നു, പലപ്പോഴും ലീക്കേജ് ഉണ്ടാകുന്നു. 20 മുതൽ 30 ശതമാനം വരെ ലീക്കേജ് പലകാര്യങ്ങളിലും ഉണ്ടാകുന്നുവെന്നുള്ളത് വസ്തുതയാണ്. അത് പരിശോധിക്കാൻ ഈ സംവിധാനം സഹായകരമാകും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ രണ്ടു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒന്ന് നമ്മുടെ ഹൗസ്ബോട്ടിനകത്ത് പാചകം ചെയ്യുന്ന ഭക്ഷണങ്ങളുടെ കാര്യത്തിൽ ഒരു മുൻകാല പ്രാബല്യം കൊടുത്തു. ഹൗസ്ബോട്ടിന്റെ കാര്യത്തിൽ ചെയ്തതുപോലെ

ആയുർവേദ ഔഷധങ്ങളുടെ കാര്യത്തിലും, 12.11.2009 മുതൽ 31.03.2011 വരെയുള്ള 16 മാസത്തെ പിരീഡിൽ കൂടി ഒരു മുൻകാല പ്രാബല്യം കൊടുക്കണം. അതുപോലെ വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ **ബി.പി.എൽ.** കാരെക്കൂടി ഉൾപ്പെടുത്തി. ഞാൻ ഒരു എളിയ നിർദ്ദേശം വയ്ക്കുന്നു, പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾ, differently abled ആയിട്ടുള്ള വിദ്യാർത്ഥികൾ എടുത്തിരിക്കുന്ന ലോണുകൾ പൂർണ്ണമായും എഴുതിത്തള്ളാനുള്ള ഒരു നടപടി ഉണ്ടാകണം. ഇത്രയും സാമൂഹ്യക്ഷേമമുഖമുള്ള ഗവൺമെന്റിന് അത് കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ഗവൺമെന്റ് ഇങ്ങനെതന്നെ നല്ലകാര്യങ്ങൾ ചെയ്ത് മുന്നോട്ട് പോകുകയാണ്. ഈ ഗവൺമെന്റിനെ അട്ടിമറിക്കാം എന്നൊക്കെ ചില ആളുകൾ വ്യാമോഹിക്കുന്നുണ്ട്. അതൊന്നും നടക്കാൻ പോകുന്ന കാര്യമല്ല. കാരണം ഇവിടെ പ്രതിസന്ധിയൊന്നുമില്ല. ഇവിടെ പ്രതിസന്ധിയുണ്ടാകും എന്ന് പ്രതീക്ഷിച്ച് നിങ്ങൾ ചില കാര്യങ്ങളൊക്കെ ആലോചിച്ചു. അതൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല. ഈ ഗവൺമെന്റ് അഞ്ച് വർഷവും പൂർത്തിയാക്കും. നിങ്ങൾ മറ്റ് പലർക്കുംവേണ്ടി വാതിൽ തുറന്നിട്ടിരിക്കുകയാണെന്ന് പറഞ്ഞു. മാന്യന്മാരായിട്ടുള്ള ആളുകൾ എല്ലാ വാതിലുകളും എല്ലായ്പ്പോഴും തുറന്നിടുകയില്ല. ചിലപ്പോഴൊക്കെ ആ വാതിലുകൾ അടച്ചിടാറുണ്ട്. എപ്പോഴും തുറന്നിട്ടാൽ കുഴപ്പമാണ്. അങ്ങനെ തുറന്നിട്ടപ്പോഴാണ് അപ്പുറത്തുനിന്നും ഒരാൾ ഇപ്പുറത്ത് വന്നത്. അതുകൊണ്ട് തൽക്കാലത്തേയ്ക്കെങ്കിലും വാതിലൊന്ന് അടച്ചിടുന്നത് സുരക്ഷിതത്വത്തിന് നല്ലതാണ് എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ബഹുമാന്യനായ മാണി സാറിന്റെ പേരിൽ ബഡ്ജറ്റ് സ്റ്റഡീസിനായി ഒരു ചെയർ ആരംഭിച്ചിരിക്കുകയാണ്. രാജ്യത്തെ ഏറ്റവും പ്രതിഭാശാലി യായ ധനകാര്യമന്ത്രിയെന്ന് പ്രശസ്തി നേടിയ മാണിസാറിനെക്കുറിച്ച് ഡോ. ടി.എം. തോമസ് ഐസക് നട്ടാൽ കുരുക്കാത്ത നുണവച്ചുകൊണ്ട് ഒരു പുസ്തകം എഴുതിയിരിക്കുകയാണ്. "കള്ളം പച്ചക്കള്ളം, പിന്നെ കെ.എം. മാണിയുടെ കണക്കുകളും" എന്നാണ് ആ പുസ്തകത്തിന്റെ പേര്. ഈ ബഡ്ജറ്റ് അംഗീകരിക്കുന്നവരാണ് ഡോ. ടി.എം. തോമസ് ഐസക് അടക്കമു ള്ളവർ. അതുകൊണ്ട് ഈ ബഡ്ജറ്റിന്റെ നന്മകളെ മനസ്സിലാക്കിക്കൊണ്ട് പ്രിയപ്പെട്ട തോമസ് ഐസക് ഈ പുസ്തകം പിൻവലിക്കാൻ തയ്യാറാകണം എന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കെ.എം. മാണി സാറിനോട് ഇത്രയും സ്നേഹം എല്ലാവരും പ്രകടിപ്പിച്ചുവല്ലോ. അദ്ദേഹ ത്തിന്റെ ആയുരാരോഗ്യത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിച്ചു. അതു കൊണ്ട് ഡോ.ടി.എം. തോമസ് ഐസക് ഈ പുസ്തകം പിൻവലിക്കണം.

<u>മി. ചെയർമാൻ:</u> പ്ലീസ് അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സർ ഇതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പ്രതിപക്ഷ നേതാവ് പാർട്ടി സെക്രട്ടറിയെക്കുറിച്ച് പറഞ്ഞത്, ലാവ്‌ലിൻ കേസിൽ ശ്രീ. പിണറായി വിജയൻ അഴിമതി കാണിച്ചി ട്ടില്ലായെന്നുള്ളത് സാക്ഷിയുടെ ഒരു മൊഴി മാത്രമാണ്. അല്ലെങ്കിൽ അദ്ദേഹ മെങ്ങനെ എട്ടാം പ്രതിയാകും എന്നാണ്. അതുകൊണ്ട് ഡോ. ടി.എം. തോമസ് ഐസക് എഴുതിയ "ഇനിയെന്ത് ലാവ്‌ലിൻ" എന്ന വേറൊരു പുസ്തകവും കൂടിയുണ്ട്. അതും പിൻവലിക്കണമെന്ന് ഞാൻ വിനീതമായി

അഭ്യർത്ഥിക്കുകയാണ്. മാർപാപ്പയുടെ കാര്യം പറഞ്ഞതുപോലെ, കേന്ദ്ര കമ്മിറ്റി കൂടുന്ന സമയത്ത് ഇവിടെ ചില ആളുകൾ കേന്ദ്രകമ്മിറ്റി യോഗത്തിൽ നിന്നും ശ്രീ. വി.എസ്. അച്ചുതാനന്ദനെ പുറത്താക്കിയ വെളുത്ത പുക പുറ ത്തുവരുന്നുണ്ടോ എന്നറിയാൻ വേണ്ടി കേരളത്തിൽ ആകാംക്ഷയോടുകൂടി കാത്തിരിക്കുകയാണ്. ഒന്നുരണ്ട് കേന്ദ്രകമ്മിറ്റി യോഗം കഴിഞ്ഞു. വെള്ളപ്പുക വരുന്നില്ല, കറുത്ത പുകയാണ് വരുന്നത്. ശ്രീ. വി.എസ്. അച്ചുതാനന്ദനെ പുറത്താക്കിയാൽ കട്ടപ്പുകയായിരിക്കും നിങ്ങളുടെ കാര്യമെന്ന് പറഞ്ഞു കൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്.

<u>ശ്രീമതി കെ.എസ്. സലീഖ</u>: സർ, ഞാൻ 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. ബഡ്ജറ്റ് എന്നുപറയുന്നത് ഒരു തുടർച്ചയാണ്. ഇത് കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ അതേ രീതിയിലല്ല. ഈ ഗവൺമെന്റ് തന്നെ കഴിഞ്ഞ ബഡ്ജറ്റിൽ കുറേ വാഗ്ദാനങ്ങൾ ഇവിടെ പ്രഖ്യാപിച്ചു. അതൊന്നു പരിശോധിക്കേണ്ട ഒരു ഘട്ടം കൂടിയാണ് ഈ ബഡ്ജറ്റിന്റെ വേള. ഇതേ ധനകാര്യ വകുപ്പുമന്ത്രി തന്നെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 250 ഓളം വരുന്ന പദ്ധ തികളുണ്ട്. അതിൽ 150-ലേറെ പദ്ധതികൾക്ക് ധനകാര്യ വകുപ്പ് ഭരണാനു മതി നൽകാത്തതായി കാണാൻ കഴിയുന്നത് ഒരു വിചിത്രമായ സത്യമാണ്. കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കൊക്കെ ഊന്നൽ നൽകുന്നതായിരുന്നു കഴിഞ്ഞ ബഡ്ജറ്റ്. അന്നത്തെ പ്രഖ്യാപന ത്തിൽ കാർഷിക മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള റൈസ്ബയോപാർക്ക്,

നാളികേര ബയോപാർക്ക്, ഗ്രീൻ ഹൗസ് തുടങ്ങിയ ഒട്ടേറെ പ്രഖ്യാപനങ്ങളുണ്ട്. ഇതിനൊന്നും പ്രസംഗത്തിനപ്പുറത്തേക്ക് ഒരായുസ്സുണ്ടായില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കാർഷിക പ്രതിസന്ധിക്ക് ഹൈടെക് പരിഹാരം പ്രഖ്യാപിച്ചുകൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചത്. അതേ നാവിൽ നിന്നു തന്നെയാണ് ഇപ്പോൾ, ഒരു വർഷം കഴിഞ്ഞപ്പോൾ വീണ്ടും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്നുവെന്ന പ്രഖ്യാപനം നടത്തുന്നത്. അപ്പുറത്തു നിന്ന് പ്രസംഗിക്കുന്ന ആളുകളൊക്കെത്തന്നെ അതിങ്ങനെ ആവർത്തിച്ചുപറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഇനി 13 ദിവസം മാത്രമേയുള്ളു. ഓരോ വകുപ്പിലും ഉപയോഗിക്കപ്പെടാതെ കിടക്കുന്നത് അനേകം കോടികളാണ്. വോട്ട് ഓൺ അക്കൗണ്ട് മാത്രം പാസ്സാക്കി ധനാഭ്യർത്ഥനകളുടെ പരിഗണന നീട്ടിക്കൊണ്ടുപോകുന്ന പതിവ് ഇക്കുറിയും ആവർത്തിക്കുമ്പോൾ ബഡ്ജറ്റിലെ മോഹനവാഗ്ദാനങ്ങൾ പലതും കടലാസ്സിൽത്തന്നെ ഒതുങ്ങും എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ലോക ശ്രദ്ധ നേടിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായിട്ടുതന്നെ കേരളമോഡൽ എന്നുള്ള ഒരു ബഹുമതി അന്താരാഷ്ട്ര തലത്തിൽത്തന്നെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ടെന്ന് നമുക്കറിയാം. ആ നേട്ടങ്ങളെ നിലനിറുത്തുന്നതിനുവേണ്ടിയും നിലവിലുള്ള ദൗർബല്യങ്ങളെ തിരുത്തുന്നതിനുവേണ്ടിയും ഇടതുപക്ഷം ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതിനനുയോജ്യമായിട്ടുള്ള പ്രവർത്തനങ്ങൾ തന്നെയാണ് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിൽ കൊണ്ടുവന്നത്. കാർഷികമേഖലയുടേയും വ്യവസായ മേഖലയുടേയുമൊക്കെ വളർച്ച ആ

കാലഘട്ടത്തിൽ വളരെ വ്യക്തമായി ജനങ്ങൾക്ക് ബോധ്യപ്പെടുന്ന രീതിയിൽ ഉണ്ടായിരുന്നു എന്നതും യാഥാർത്ഥ്യമാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖല യിലെ രണ്ടാംതലമുറ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി എൽ.ഡി.എ ഫ്. ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും അതിന്റെ ഭാഗമാണെന്ന് നമുക്ക് കാണാൻ കഴിയും. എന്നാൽ ഇന്ന് ഈ സർക്കാർതന്നെ കേരളത്തിന് ഒരു ബാധ്യതയായി മാറിയിരിക്കുകയാണ്. ആരോപണങ്ങളും പ്രത്യാരോപ ണങ്ങളും പരസ്പരം വിഴുപ്പലക്കലുമാണ് ഇപ്പോൾ ഭരണമുന്നണിയിൽ നടക്കുന്നത്. ആരോപണങ്ങളിൽ വിജിലൻസ് കേസുകളിൽ കുടുങ്ങിയിട്ടുള്ള മന്ത്രിമാരുടെ സംരക്ഷണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഏറ്റെടുത്തി ട്ടുള്ള ഒരു സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നതിന് മന്ത്രിമാർ സമ്മർദ്ദം ചെലുത്തുന്നുവെന്ന് വകുപ്പ് സെക്രട്ടറിമാർതന്നെ ചീഫ് സെക്രട്ടറിയോട് പരാതിപ്പെടുന്ന സ്ഥിതി കേരള ത്തിലുണ്ടായി. അതുകൊണ്ടുതന്നെയാണ് ചരിത്രത്തിൽ ആദ്യമായി, ക്യാബിനറ്റ് കൂടുമ്പോൾ അവരുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള ഒരു സന്ദർഭം ഉണ്ടാക്കിയെടുത്തിട്ടുള്ളതും. ഇത്തരം അഴിമതിയും ധൂർത്തും കെടു കാര്യസ്ഥതയുമൊക്കെ സംസ്ഥാനത്തെ സാമ്പത്തിക തകർച്ചയിലേക്ക് നയി ക്കുന്നതായി സി ആന്റ് എ.ജി.യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. ആ നിരീക്ഷണം ഈ ഭരണത്തിനെതിരായിട്ടുള്ള ഏറ്റവും വലിയ ഒരു കുറ്റപത്രമായിട്ടാണ് നമ്മൾ കാണേണ്ടത്. അതോടൊപ്പംതന്നെ കേന്ദ്രഗവൺമെന്റ് കേരളത്തെ തുടർച്ചയായി അപമാനിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ റെയിൽവേയുടെ പൊതു ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടു. കേരളം അതിക്രൂരമായ രീതിയിൽ അവഗണിക്കപ്പെട്ടുവെന്നത് നാം കണ്ടു. കേരളത്തിലെ 3.33 കോടി വരുന്ന

ജനത കേന്ദ്രത്തിന്റെ ഗോസായിമാരാൽ അപമാനിക്കപ്പെടുമ്പോൾ കേരളത്തിൽ നിന്നുള്ള അഷ്ടപുംഗവൻമാർ കേന്ദ്രത്തിലുണ്ട്. യഥാർത്ഥത്തിൽ, അവരൊക്കെയിപ്പോൾ എട്ടുനിലയിൽ പൊട്ടിയെന്നുവേണം പറയാൻ. ആവശ്യമായ ഗൃഹപാഠം നടത്തി, പദ്ധതികൾ തയ്യാറാക്കി സമയത്തിന് സമർപ്പിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് അമ്പേ പരാജയപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാൻ ശ്രീ. മൊണ്ടേഗ്സിംഗ് അലുവാലിയ ഈ അടുത്ത കാലത്ത് കേരളത്തിൽ വന്നിട്ട് കേരളത്തിലെ ജനങ്ങളോട് നടത്തിയ മഹത്തായ ഒരുപദേശമുണ്ട്. നിങ്ങൾ കൃഷിയൊന്നും നടത്തേണ്ടതില്ല എന്ന ഉപദേശമാണ് അദ്ദേഹം നൽകിയിത്. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഏറ്റവും നല്ലൊരു ഉപദേശമാണ്, നിർദ്ദേശമാണ് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും കിട്ടിയിട്ടുള്ളത് എന്നാണ് നമുക്ക് അതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ ദൈനംദിന ചെലവുകൾക്കുവേണ്ടി കേന്ദ്രഗവൺമെന്റ് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ നട്ടെല്ലായി നിൽക്കുന്ന കാർഷിക മേഖലയിൽ കൃഷി ഉപേക്ഷിക്കണമെന്ന് പറയാനുള്ള ഒരവസ്ഥ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാനായിട്ടുള്ള ആളുകളുടെ ഭാഗത്തുനിന്നുണ്ടായി എന്നു പറഞ്ഞാൽ അപമാനമെന്നേ അക്കാര്യത്തെക്കുറിച്ച് പറയാനുള്ളൂ. അധികാരം നിലനിറുത്തുക എന്നുമാത്രമേ ഈ ഗവൺമെന്റിന് ലക്ഷ്യമുള്ളൂ. മറ്റുകാര്യത്തെക്കുറിച്ചൊന്നും ചിന്തിക്കേണ്ടതില്ല. ഇന്ന് നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് വിലക്കയറ്റം. വിലക്കയറ്റം രൂക്ഷമായ രീതിയിൽ കുതിച്ചുയരുകയാണ്. ഇതുകാണുമ്പോൾ ഭരണാധികാരികൾ നിസ്സംഗരായിരിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. പൊതുവിതരണരംഗം ശക്തി

പ്പെടുത്തിക്കൊണ്ടല്ലാതെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല എന്ന് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. പക്ഷെ ബഡ്ജറ്റിൽ അതിനുവേണ്ടിയുള്ള എന്ത് പ്രഖ്യാപനമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്? കിട്ടുന്ന വരുമാനത്തിനനുസരിച്ച് ഈ രാജ്യത്തെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാക്കണ്ടേ? ഇപ്പോൾ ഒരു ശതമാനം വാറ്റ് നികുതി വർദ്ധിപ്പിച്ചു. വിലക്കയറ്റത്തിന്റെ രൂക്ഷത അനുഭവിക്കുന്ന ഈ ഘട്ടത്തിൽ ടാക്സ് നിരക്ക് വർദ്ധനവ് ജനങ്ങളെ ബാധിക്കില്ലേ? എല്ലാകാലത്തും സാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു ഉപഭോക്തൃ സംസ്ഥാനമാണ് കേരളം. വിപണിയിൽ ഫലപ്രദമായി ഇടപെടുക മാത്രമാണ് അതിനുള്ള മാർഗ്ഗമെന്നത് നമുക്കറിയാം. വിലക്കയറ്റം ഏതുകാലത്തുമുണ്ട്, അതിനെ നേരിടാൻ ആശ്വാസ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ശ്രീ. കെ.എൻ.എ. ഖാദർ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു. ആശ്വാസമായ നടപടിയാണ് ആ മേഖലയിൽ എടുക്കേണ്ടത്. മാർക്കറ്റിൽ ഇടപെടുന്നതിനുവേണ്ടി ഖജനാവിൽ നിന്ന് പണം ചെലവഴിക്കണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മാതൃകാപരമായി ആ രംഗത്ത് നടത്തിയിരുന്ന പ്രവർത്തനങ്ങളെ കേരളം കണ്ടതാണല്ലോ. ഇത്തവണ സിവിൽ സപ്ലൈസിന് നൽകിയിട്ടുള്ള പണം എത്രയാണ്? 100 കോടി രൂപയാണ് നൽകിയിട്ടുള്ളത്. ഇനി കിട്ടിയ പണം എങ്ങനെ ചെലവഴിക്കും എന്നുള്ളതൊക്കെ വേറെ ചർച്ചകളിൽ വരും. വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി കഴിഞ്ഞ പ്രാവശ്യം സഹകരണ മേഖലയ്ക്ക് കൊടുത്തിട്ടുള്ള പണത്തെക്കുറിച്ച് ഇത്തവണ ഒരക്ഷരം മിണ്ടിയിട്ടില്ല. നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെ നിയന്ത്രിക്കാൻ ആവശ്യമാ

യിട്ടുള്ള ഇടപെടലുകൾ ഈ ബഡ്ജറ്റിനുള്ളിൽ ഉണ്ടായിട്ടില്ല എന്നുള്ളത് നമുക്ക് അത്ഭുതമായി തോന്നുകയാണ്. ഇപ്പോൾ പുതുതായി പ്രഖ്യാപിച്ചത് 50 സഞ്ചരിക്കുന്ന മൊബൈൽ മാവേലിസ്റ്റോറുകളും, 20 രൂപയ്ക്ക് ഊണ് ലഭിക്കുന്ന തൃപ്തി ഹോട്ടലുകൾ താലൂക്കടിസ്ഥാനത്തിൽ നൽകും എന്ന തുമാണ്. ഇങ്ങനെ ഒരു ജാലവിദ്യകൊണ്ട് കടലിൽ കായം കലക്കിയതു പോലെയുള്ള ഒരു സംവിധാനമല്ലാതെ മറ്റെന്താണ് വിലക്കയറ്റത്തെ നിയന്ത്രി ക്കാനായി ഈ ബഡ്ജറ്റിലുള്ളത്. ഇതൊക്കെ വിലക്കയറ്റത്തെ നിയന്ത്രിക്കാ നുള്ള സ്ഥായിയായ ഒരു പരിഹാരമാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. വിലക്കയറ്റത്തിന്റെയും മാന്ദ്യത്തിന്റെയുമൊക്കെ അതിശക്തമായ ഭീഷണി നേരിടുമ്പോൾ ഈ രീതിയിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ജന ങ്ങളെ പറ്റിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. കാർഷിക മേഖലയ്ക്ക് വലിയ ഊന്നൽ നൽകിയെന്നാണ് മറ്റൊരു പ്രഖ്യാപനം. എന്താണ് കാർഷിക മേഖലയ്ക്കുള്ള ആനുകൂല്യം എന്നുപറയുന്നത്? കഴിഞ്ഞ പ്രാവശ്യം കൊട്ടി ഘോഷിച്ച അതേ രീതിയിലുള്ള പ്രഖ്യാപനങ്ങൾ തന്നെയാണ് ഇത്തവ ണത്തേയും ബഡ്ജറ്റിനകത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ടുകൊണ്ടു ള്ളത്. ഇപ്പോൾ വന്ന സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ കഴിഞ്ഞ വർഷം കാർഷിക വളർച്ചയിൽ 1.6 ശതമാനത്തിന്റെ ഇടിവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള അഭിപ്രായമൊന്നും ഇവിടെ കേട്ടില്ല. നെല്ലുല്പാദനത്തിന്റെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീ കരിച്ചിട്ടുള്ളത്? നാലിലൊന്നായി ചുരുങ്ങിയ നെൽവയലുകൾ പോലും ഉത്പാദനക്ഷമതയില്ലാതായിത്തീർന്ന ഈ സാഹചര്യത്തിൽ അത് മാറ്റിയെടു

ക്കാൻ ക്രിയാത്മകമായ എന്ത് നിർദ്ദേശമാണ് ഈ ബഡ്ജറ്റിനകത്ത് കൊണ്ടു വന്നിട്ടുള്ളത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

9.5% വളർച്ചയാണ് ഉണ്ടായിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. വളർച്ചയുണ്ടായി എന്നുപറയുമ്പോൾ കൃഷിയും വ്യവസായവും വളരാതെ അടിസ്ഥാന മേഖലയിലുള്ള സാധാരണ ജനത്തിന് അതിന്റെ ഗുണം ലഭിക്കുമോ; എവിടെയാണ് വളർച്ച ഉണ്ടായിട്ടു ള്ളതെന്ന് വ്യക്തമാക്കണ്ടേ? അതുകൊണ്ടുതന്നെ ഈ ഗ്രോത്ത് റേറ്റുകൊണ്ട് യാതൊരു ഗുണവും സാധാരാണ മനുഷ്യനുണ്ടാകുന്നില്ല എന്നതുതന്നെ യാണ് നാം കാണേണ്ടത്. മറ്റൊന്ന്, പരമ്പരാഗത മേഖലകളുടെ സ്ഥിതി - പര മ്പരാഗത മേഖലകളായ കയർ, കശുവണ്ടി, കൈത്തറി എന്നിവിടങ്ങളിലെല്ലാം പണിയെടുക്കുന്നവരിൽ 99%-വും സ്ത്രീകളാണ്. നിത്യവൃത്തിക്കായി ജോലി ചെയ്യുന്ന ഈ ദരിദ്രജനവിഭാഗത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒരു വാക്കുപോലും ഉരിയാടിയിട്ടില്ല എന്നത് വളരെ ഖേദകര മാണ്. കേരളത്തെ കേരളമാക്കി മാറ്റുന്നതിൽ വലിയൊരു പങ്കുവഹിച്ചിട്ടുള്ള മേഖലയാണ് നമ്മുടെ പരമ്പരാഗത മേഖല. അതിനെ ആ രൂപത്തിൽ പരിഗ ണിച്ചില്ല എന്നത് വളരെ ഗൗരവമാണ്. അതുപോലെ തന്നെയാണ് വനിതാ ഘടക പദ്ധതിയുടെ കാര്യവും. ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജൻഡർ ഓഡിറ്റ് തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഇതിൽ പരാമർശിക്കുന്നുണ്ട്. സ്ത്രീക ളുടെ ഉന്നമനത്തിനുവേണ്ടി മുൻ ഗവൺമെന്റുകൾ വാർഷിക പദ്ധതിയുടെ 8.5%-വും 9.4%-വുമൊക്കെ നീക്കിവയ്ക്കുമായിരുന്നു. അത് തുടർന്നു

പോകുന്നതിനുപകരം അത് അവസാനിപ്പിക്കുന്ന ഒരു സ്ഥിതിയാണ് ഈ ബഡ്ജറ്റിൽ നമുക്ക് കാണാൻ കഴിയുന്നത്. കുടുംബശ്രീ വഴി നടപ്പിലാക്കി ക്കൊണ്ടിരുന്ന ഒട്ടേറെ പദ്ധതികൾ ഗൃഹശ്രീക്കും ജനശ്രീക്കുമെല്ലാം നൽകി ക്കൊണ്ട് കുടുംബശ്രീ സംവിധാനത്തെപ്പോലും തകർക്കുന്നതിനുവേണ്ടി യുള്ള ആപൽക്കരമായ നടപടികളാണ് ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടുള്ളത്. മുലകുടി മാറാത്ത പിഞ്ചുകുഞ്ഞുമുതൽ വാർദ്ധക്യം ബാധിച്ച് ഇഹലോക വാസം വെടിയാൻ കാത്തിരിക്കുന്ന മുത്തശ്ശിമാർവരെ ഇന്ന് കേരളത്തിൽ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത്തരം സ്ത്രീകൾക്ക് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്, അവരുടെ പുനരധിവാസം തുടങ്ങിയ കാര്യ ങ്ങളെ സംബന്ധിച്ച് എന്താണ് ഈ ബഡ്ജറ്റിലുള്ള പ്രഖ്യാപനങ്ങൾ എന്ന് അറിയാൻ താൽപ്പര്യമുണ്ട്. ഇപ്പോൾ സ്ത്രീ വിരുദ്ധത കേരളത്തിന്റെ ഒരു കൊടിയടയാളമായി മാറിയിരിക്കുകയാണ്. ആ സാഹചര്യത്തിൽ അതിന് തടയിടാൻ സഹായകരമായ ക്രിയാത്മക നിർദ്ദേശങ്ങൾ ഇതിൽ കാണാൻ കഴിയുന്നില്ല. ഇന്ന് സ്ത്രീത്വം അപമാനിക്കപ്പെടുകയാണ്. ഇരകൾക്ക് സംര ക്ഷണം നൽകുന്നവരായി മാറുകയല്ല വേണ്ടത്. വേട്ടക്കാരുടെ രക്ഷകരായി ഭരണകൂടങ്ങൾ മാറുന്ന കാഴ്ച്ചയാണ് ഇപ്പോൾ കേരളത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇത് ഏറെ അപമാനകരമാണ്. കുടിവെള്ളത്തിന്റെ ഏറ്റവും വലിയ രൂക്ഷത നമ്മൾ അനുഭവിക്കുകയാണ് ഇപ്പോൾ. അത് എല്ലാ വരും ഇവിടെ ചർച്ച ചെയ്തു. ഒരു നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച യാണ് ഇന്ന് കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത് എന്ന റിപ്പോർട്ടുക ളാണ് മാധ്യമങ്ങളിൽ വരുന്നത്. 34%-ത്തോളം വരുന്ന നമ്മുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാണെന്നാണ് സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ

പറയുന്നത്. ഈ സാഹചര്യത്തിൽ ഏതാനും ചില പദ്ധതികൾ ബഡ്ജറ്റിൽ വച്ചതുകൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കാനും വരൾച്ചയെ നേരിടാനും കഴിയുമെന്ന് തോന്നുന്നുണ്ടോ? ഇതിനെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സംഘം വന്നിരിക്കുന്നു എന്നാണ് അറിയുന്നത്. കേന്ദ്ര സംഘം വരുന്നതിനപ്പുറം, നമ്മുടെ നാട്ടിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഈ വേളയിൽ ഇതിനാവശ്യമായ ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് ബഡ്ജറ്റിൽ മതിയായ പണം നീക്കിവയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികളല്ലേ സ്വീകരിക്കേണ്ടത്? അതുപോലെതന്നെ, രാജഭരണ കാലംമുതൽ നമ്മുടെ നാട്ടിൽ നിലനിന്നുപോന്നിരുന്ന പൊതുഗതാഗത മേഖല ഇപ്പോൾ നിശബ്ദമാക്കപ്പെടുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട, പ്രബലനായ കോൺഗ്രസ്സിന്റെ മന്ത്രിയും മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം വെറുക്കപ്പെട്ട മന്ത്രിയുമായ വൈദ്യുതി മന്ത്രി തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. പെൻഷൻ വർദ്ധിപ്പിച്ച കാര്യത്തെക്കുറിച്ച് എല്ലാവരും വാതോരാതെ സംസാരിക്കുകയാണ്. രാജ്യം നേരിടുന്ന അതിരൂക്ഷമായ വിലക്കയറ്റത്തിൽ ദുർബല വിഭാഗങ്ങൾക്ക് പ്രഖ്യാപിച്ച ഈ പെൻഷൻ പരിമിതമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ കാലത്തിനിടയിൽ ഇല്ലാത്ത രീതിയിലുള്ള വിലക്കയറ്റം ഇന്ന് രാജ്യം നേരിടുകയാണ്. 500 രൂപ, 100 രൂപ വീതം പെൻഷൻ കൂട്ടിയതുകൊണ്ട് വിലക്കയറ്റം നേരിടാൻ മനുഷ്യർക്ക് കഴിയില്ല. അതു മാത്രമല്ല, ദുർബല വിഭാഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് ആധാർ കാർഡ് നിർബന്ധമാക്കാൻ പോകുന്നു. സാധാരണ ജനവിഭാഗങ്ങളിൽ 70%-വും ആധാർ കാർഡ് ഉള്ളവരല്ല. ഈ വർഷം മുതൽ ആധാർ കാർഡ് ഉള്ളവർക്ക്

മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂവെന്ന പ്രഖ്യാപനം ബഡ്ജറ്റിൽ വന്നിരിക്കുകയാണ്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഷൊർണ്ണൂർ നിയോജക മണ്ഡലം ഒരു പുതിയ നിയോജകമണ്ഡലമാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് കാണാതെ പോയി. വിവിധ വകുപ്പുകൾക്കും ധനകാര്യ വകുപ്പിനും എഴുതിക്കൊടുത്ത ഒരു വർക്കു പോലും ആ മണ്ഡലത്തിന് അനുവദിച്ചിട്ടില്ല. പ്രതിപക്ഷ എം.എൽ.എ.-മാരോട് അങ്ങനെതന്നെ കാണിച്ചിട്ടുണ്ട്. അത് ഏറ്റവും കൂടുതൽ, സ്ത്രീകളോട് വിരുദ്ധതയുണ്ട് എന്ന കാര്യം ബോധ്യപ്പെടുത്തുന്ന രീതിയിൽ ഒരു വർക്കു പോലും ആ മണ്ഡലത്തിനുവേണ്ടി അനുവദിച്ചില്ല എന്നത് ഏറെ ഖേദകരമാണ്. അതോടൊപ്പംതന്നെ ഏറ്റവും കൂടുതൽ കലാകാരന്മാരുള്ള ഒരു പ്രദേശമാണ് വെള്ളിനേഴി. ജില്ലയിലെ ഒരു പഞ്ചായത്തിനെ കലാഗ്രാമമായി പ്രഖ്യാപിക്കുമെന്നുള്ളതുകൊണ്ട് വെള്ളിനേഴി പഞ്ചായത്തിനെ കലാഗ്രാമമായി പ്രഖ്യാപിക്കണമെന്ന് സാംസ്ക്കാരിക വകുപ്പിന് എഴുതി നൽകിയിരുന്നു. അവിടെ ഇക്കഴിഞ്ഞ ദിവസമാണ് കഥകളി ആചാര്യനും പത്മഭൂഷൺ അവാർഡ് ജേതാവുമായ രാമൻകുട്ടി ആശാൻ മരണപ്പെട്ടത്. ആ വെള്ളിനേഴി ഗ്രാമത്തെ അദ്ദേഹത്തിന്റെ നാമധേയത്തിൽ കലാഗ്രാമമായി പ്രഖ്യാപിക്കണം, അത് ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനവേളയിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ആസ്തി വികസന ഫണ്ട് തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ കാര്യങ്ങളൊന്നുംതന്നെ ഈ ബഡ്ജറ്റിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല എന്നുള്ളതുകൊണ്ട് അതിശക്തമായി ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കരിയറിലെ പതിനൊന്നാമത് ബഡ്ജറ്റ് അവതരണത്തിലൂടെ ചരിത്രത്തിൽ ഇടംപിടിച്ച മാണി സാറിനെ അഭിമാനപൂർവ്വം അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച 2013-14 വർഷത്തെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ക്ഷേമ പദ്ധതികളുടെ പ്രളയംതന്നെ ഈ ബഡ്ജറ്റിലുണ്ടെങ്കിലും കാസർഗോഡ് ജില്ലയോടുള്ള ചിരകാല അവഗണനയ്ക്ക് ഈ ബഡ്ജറ്റും അപവാദമല്ല എന്നതുകൊണ്ട് അക്കാര്യത്തിലുള്ള എന്റെ നിരാശയും ദുഃഖവും പ്രകടിപ്പിക്കുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. പാലാ നാരായണൻ നായരുടെ '*കേരളം വളരുന്നു*' എന്ന കാവ്യത്തിൽ എല്ലാ രംഗത്തെയും വികാസത്തെയാണ് വരച്ചുകാട്ടുന്നത്. വള്ളത്തോൾ കേരളത്തെക്കുറിച്ച് പാടിയത് നമുക്കറിയാം,

> പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ചും
> സ്വച്ഛാബ്ദി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
> പള്ളികൊണ്ടീടുന്ന കേരളം

എന്നാണ് വള്ളത്തോൾ പറഞ്ഞത്. കേരളത്തിന്റെ തല സഹ്യപർവ്വതത്തിലും കാൽ കന്യാകുമാരിയിലുമാണെന്നാണല്ലോ നമ്മുടെ സങ്കല്പം. ഇന്ന് കേരളാംബയുടെ തല തിരുവനന്തപുരത്തും കാൽ തലപ്പാടിയിലുമാണ്. ഉപ്പൂറ്റിക്ക് തൊട്ടുമുകളിലുള്ള ഭാഗം മുതലുള്ള വളർച്ച കേരളത്തെ നന്നായി അറിയാവുന്ന മാണി സാറിന് കാണാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ആർക്കാണ് അത് കാണാൻ കഴിയുന്നത്? പോളിയോ ബാധിച്ചതുപോലെയാണ് കാസർഗോഡിന്റെ ഇന്നത്തെ അവസ്ഥ. ബഡ്ജറ്റിൽ പ്രതിവിധി പ്രതീക്ഷിച്ചതായിരുന്നു. ഇനിയും അവസരമുണ്ടല്ലോ എന്നതാണ് ഇപ്പോഴത്തെ പ്രതീക്ഷ.

ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മാണി സാറിന്റെ മറുപടി പ്രസംഗമാണ് കാസർഗോഡ് ഉറ്റുനോക്കുന്നത്. കേരളമാകുന്ന ശരീരത്തിന്റെ ഒരു ഭാഗമാണ് കാസർഗോഡ്. ശരീരത്തിന്റെ എല്ലാ ഭാഗങ്ങളുടെയും വളർച്ചയ്ക്കാവശ്യമായ ഔഷധവീര്യം മാണി സാർ കുത്തിവയ്ക്കണം ഇല്ലെങ്കിൽ എണീറ്റുനടക്കാൻ കഴിയുകയില്ല. ഈ ബഡ്ജറ്റിൽ കാസർഗോഡിന് എന്തുകിട്ടിയെന്ന് ചോദിച്ചാൽ എന്താണ് ഉത്തരം പറയേണ്ടത്? കാസർഗോഡ് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. എന്ന നിലയിൽ കുറേ പ്രൊപ്പോസലുകൾ കൊടുത്തിരുന്നു. എന്റെ കുറേ ലെറ്റർ പാഡുകളും സമയവും പാഴായി എന്നല്ലാതെ ഒരെണ്ണംപോലും പരിഗണിക്കപ്പെട്ടില്ല. മണ്ഡലത്തിൽ പോകാൻ നാണമാകുന്നു. ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്. ചോദിച്ചതെല്ലാം തരാൻ കഴിഞ്ഞില്ലെങ്കിലും ചിലതെങ്കിലും അനുവദിച്ചുകൂടേ എന്നതാണ് എനിക്ക് വിനീതമായി അപേക്ഷിക്കാനുള്ളത്. ഐ.ടി. പാർക്ക്, സപ്തസ്വര കൾച്ചറൽ സെന്റർ, കന്നഡ അക്കാദമി, മഹാകവി ഉബൈദിന് സ്മാരകം, കാസർഗോഡ് പ്രസ്സ് ക്ലബ്ബിലെ പ്രശസ്ത പത്രപ്രവർത്തകനും മാപ്പിളപ്പാട്ട് ഗവേഷകനുമായിരുന്ന കെ. എം. മുഹമ്മദിന്റെ പേരിൽ ലൈബ്രറിയും റിസർച്ച് സെന്ററും, കാസർഗോഡ് നഗര വികസനം, വിമൺസ് കോളേജ്, കർണ്ണാടകയിലെ പുത്തൂരിൽനിന്നും മയിലാട്ടിയിലേക്ക് വൈദ്യുതി ലൈൻ എന്നിവ ഞാൻ നൽകിയ കുറേ പ്രൊപ്പോസലുകളിൽ പ്രധാനപ്പെട്ടവയായിരുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് 31-ൽ ഐറ്റം 69-തായി കാസർഗോഡ് പാക്കേജുണ്ട്. അവ്യക്തതയാണ് അതിലുള്ളത്. *എൻഡോസൾഫാൻ ദുരന്തത്തെത്തുടർന്ന് സർക്കാർ കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനുവേണ്ടി ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ഈ പാക്കേജ് കേന്ദ്ര*

*സംസ്ഥാന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിനായി 15 കോടി രൂപ നീക്കിവെക്കുന്നു.* ഇതാണ് ബഡ്ജറ്റിൽ പറയുന്നത്. ഈ 15 കോടി എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനാണോ അതോ ജില്ലയുടെ പൊതുവായ വികസനത്തിനാണോ ചെലവഴിക്കുക എന്നതിനെക്കുറിച്ച് വ്യക്തതയില്ല. ഏതാണെങ്കിലും ഈ തുക അപര്യാപ്തമാണെന്ന് പറയാൻപോലും അപര്യാപ്തമാണ്. കാരണം എൻഡോസൾഫാൻ ബാധിതരെ ഉദ്ദേശിച്ചാണെങ്കിൽ ഈ 15 കോടി ഒന്നുമല്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് 200 കോടിയോളം രൂപ വേണ്ടിടത്ത് ഇതുവരെ 44 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അങ്ങനെയിരിക്കെ ബഡ്ജറ്റിൽ പറഞ്ഞ 15 കോടി രൂപ എൻഡോസൾഫാൻ ബാധിതർക്കുവേണ്ടിയുള്ളതാണെങ്കിൽ അപര്യാപ്തമാണെന്ന് നൂറുവട്ടം പറയേണ്ടിവരും. കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തെക്കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന സർക്കാരിന്റെ പ്രോജക്ട് ഉപദേഷ്ടാവും മുൻ ചീഫ് സെക്രട്ടറിയുമായ ഡോ. പി. പ്രഭാകരനെ സർക്കാർ നിയോഗിച്ചിരുന്നു. 2012 ഒക്ടോബറിൽ പ്രഭാകർ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകി.

ആ റിപ്പോർട്ട് പ്രകാരം 11,12,307.22 ലക്ഷം രൂപയാണ് കാസർഗോഡിന്റെ സമഗ്ര വികസനത്തിന് ആവശ്യം. അതുകൊണ്ടുതന്നെ ബഡ്ജറ്റിൽ പറഞ്ഞ 15 കോടി രൂപയ്ക്ക് പ്രഭാകർ കമ്മീഷൻ റിപ്പോർട്ടുമായി യാതൊരു ബന്ധവുമില്ല എന്നാണ് വ്യക്തമാക്കുന്നത്. ഡോ. പ്രഭാകരൻ തന്റെ റിപ്പോർട്ടിൽ പറയുന്നത്, Funds for implementing the recommendations

of this report can be source from additional allocation to the district in the state budget എന്നാണ്. പക്ഷെ, ബഡ്ജറ്റിൽ ഇതിനുവേണ്ടി ഒരു നയാ പൈസപോലും നീക്കിവച്ചിട്ടില്ല എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. പ്രഭാകർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെങ്കിൽ കേരള സർക്കാരിന്റെ വിഹിതമായി 2,52,455.615 ലക്ഷം രൂപ നൽകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ നമുക്ക് ഉറപ്പിച്ച് പറയാം ബഡ്ജറ്റിൽ പറഞ്ഞ 15 കോടി രൂപ ഈ ഉദ്ദേശത്തിനല്ലായെന്ന്. എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ജില്ലയിലെ എം.പി., എം.എൽ.എ. മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, സബ് കളക്ടർ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ ചേർന്ന് ദുരിത ബാധിത പ്രദേശത്ത് ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ ശുദ്ധജല വിതരണ മേഖലകളിൽ അടിയന്തരമായി ആവശ്യമുള്ള പശ്ചാത്തല വികസന പദ്ധതികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും അപ്രകാരം തീരുമാനിക്കപ്പെട്ട പദ്ധതികളുടെ പ്രൊപ്പോസൽ സർക്കാരിലേക്കും നബാർഡിലേക്കും സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. പദ്ധതി അടങ്കലിന്റെ 15 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് 13-ാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിടാത്ത 104-ാം നമ്പർ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ബഡ്ജറ്റിൽ പറഞ്ഞ 15 കോടി രൂപ ഈ തുകയാണോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പ്രസംഗത്തിൽ വ്യക്തമാക്കുമെന്ന് കരുതുന്നു. കാസർഗോഡിനോടുള്ള അവഗണന

ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. വർഷങ്ങളായി ഇത് തുടരുകയാണ്. മാണിസാറിലൂടെ ഈ വർഷമെങ്കിലും വ്യത്യസ്തമായ അനുഭവം ഞങ്ങൾ പ്രതീക്ഷിച്ചുപോയി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു, The average allocation of annual plan funds from the state resources now being received by the district has been less than 4 percent in most of the recent years. കാസർഗോഡ് കേരളത്തിലല്ലേ എന്ന് ഞങ്ങളാരെങ്കിലും സംശയിച്ചുപോയാൽ അതിൽ തെറ്റുണ്ടോ സാർ. വകസനം മാത്രമല്ല കാസർഗോഡിന്റെ പ്രശ്നം. മറ്റൊരിടങ്ങളിലുമില്ലാത്ത വിധം നിരന്തരമായ വർഗ്ഗീയ സംഘർഷം കാസർഗോഡിന്റെ ദുർവിധിയാണ് ഇതിന് ഒരറുതിയുണ്ടാക്കാൻ പോലും സർക്കാരിന് താത്പര്യമില്ലായെന്ന് കരുതേണ്ടി വന്നിരിക്കുന്നു. കേരളത്തിന്റെ ഏറ്റവും വടക്കേയറ്റത്താണ് കാസർഗോഡ് സ്ഥിതിചെയ്യുന്നത്. അവിടെ ഏതെങ്കിലും അനിഷ്ട സംഭവങ്ങളുണ്ടായാൽ അത് നേരിടാനും നിയന്ത്രിക്കാനും വേണ്ടത്ര പോലീസ് സ്ട്രങ്ത്ത് ഇല്ല. കാസർഗോഡ് ജില്ലയിൽ ആംഡ് പോലീസ് ഡിറ്റാച്ച്മെന്റില്ല. തെക്കൻ ഭാഗങ്ങളിൽനിന്ന് പോലീസ് സേന വരേണ്ടതുണ്ട്. ഇതിന് ഒരുപാട് സമയമെടുക്കും. മാങ്ങാട്ടുപറമ്പിലെ ആംഡ് പോലീസ് ബറ്റാലിയൻ നൂറ് കിലോമീറ്റർ ദൂരത്താണ്. അവിടെ നിന്ന് സായുധസേന എത്തുമ്പോൾ സ്ഥിതി വഷളായി തീരുകയും കൂടുതൽ പ്രദേശങ്ങളിലേക്ക് അക്രമം പടരുകയും ചെയ്യും. കാസർഗോഡ് അക്രമസംഭവങ്ങൾ ഉണ്ടാകുമ്പോൾ ജില്ലയുടെ മറ്റു പോലീസ് സ്റ്റേഷനുകളി നിന്നും മറ്റു ജില്ലകളിൽ നിന്നുമാണ് പോലീസിന്റെ സഹായം തേടുന്നത്. ഇത് പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. അതാണ് നാദാപുരം മോഡലിൽ പെർമനന്റ് സ്പെഷ്യൽ

കൺട്രോൾ റൂം ക്രമസമാധാന പാലനത്തിന് കാസർഗോഡിൽ അത്യന്താപേക്ഷിതമാണെന്ന് ആഴത്തിൽ തോന്നാൻ കാരണം. പോലീസിന്റെ സന്ദർഭോചിതമായ ഇടപെടലുകൾ ഇല്ലാത്തതാണ് നിസാര സംഭവങ്ങൾപോലും വലിയ ക്രമസമാധാന പ്രതിസന്ധിയായി വളരാൻ കാരണം. കാസർഗോഡ് ഒരു ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ കൺട്രോൾ റൂം ബഡ്ജറ്റിൽ ഉണ്ടാകുമെന്ന് എല്ലാവരും പ്രതീക്ഷിച്ചതാണ്. ബഹുമാനപ്പെട്ട മാണിസാർ ഒരു പുതിയ സൂര്യോദയം കാത്തിരിക്കുന്ന കാസർഗോഡിനുവേണ്ടി ഇത്തരുണത്തിൽ ഒരു പ്രഖ്യാപനം നടത്തണമെന്ന് അപേക്ഷിക്കുകയാണ്. കാസർഗോഡിന് ഒന്നും കിട്ടിയില്ലയെന്നതിന്റെ പേരിൽ ഈ ബഡ്ജറ്റിനെ അടച്ചാക്ഷേപിക്കാൻ എന്റെ മന:സാക്ഷി എന്നെ അനുവദിക്കുന്നില്ലായെന്ന് അപ്പുറത്തുള്ള ആളുകളോട് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. സി.പി.ഐ.(എം)-കാരനെ അത് സാധിക്കുകയുള്ളൂ. ലോകമാകെ പ്രശംസിക്കുന്ന ബഡ്ജറ്റിനെ എതിർക്കുന്ന പ്രതിപക്ഷത്തെ കാണുമ്പോൾ ശ്രീ. എം. ടി. വാസുദേവൻ നായരുടെ ഒരു മിനിക്കഥയാണ് ഓർമ്മ വരുന്നത്. 'മാജിക്' എന്നാണ് ആ കഥയുടെ പേര്. മാജിക്കുകാരൻ തന്റെ ഓരോ കഴിവും പ്രകടിപ്പിക്കുമ്പോൾ കാണികൾ സംശയം പ്രകടിപ്പിക്കുകയാണ്. തന്നെ ഒരു കാരണവശാലും വിശ്വസിക്കുവാൻ കൂട്ടാക്കാത്ത കാണികൾക്ക് മാജിക്കുകാരൻ അവസാനം തന്റെ കരൾ പറിച്ചെടുത്ത് കാണിച്ചു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ല. അത് കാക്കപ്പൂ എന്നാണ് അവർ പറഞ്ഞത്. മാജിക്കുകാരൻ ചോദിച്ചു, ഇത് ഏത് നാടാണ്. കൂടി നിന്നവർ പറഞ്ഞു, ഇത് കേരളമാണ്. ഒട്ടേറെ ജനകീയ പ്രഖ്യാപനങ്ങളുമായി ബഡജറ്റ് അവതരിപ്പിച്ച മാണി സാറിനെ നാല് ദിക്കുകളിലും വാനോളം

പുകഴ്ത്തുമ്പോൾ ഒരു കൂട്ടർമാത്രം എന്തൊക്കയോ വിളിച്ചുപറയുന്നു. സാര മില്ല, നമുക്ക് ലോകത്തോട് പറയാം അവർ അങ്ങനെ തന്നെ, അവരാണ് സി. പി.ഐ.(എം). കൊല വികസനമായി കരുതുന്നവർ. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച രണ്ടക്കത്തിലേക്ക് കടക്കുന്നതിന്റെ പ്രതീക്ഷയുടെ വാതി ലുകൾ ബഡ്ജറ്റ് തുറന്നിടുന്നുണ്ട്. നടപ്പുവർഷത്തെ സാമ്പത്തിക വളർച്ച 9.5 ശതമാനമാണ്. 2012-13 ൽ ഇത് 9.8 ശതമാനമായി ഉയർത്താനാണ് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. കാർഷിക-ക്ഷേമ മേഖലകൾക്കാണ് ബഡ്ജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. ഒരു ഹെക്ടർ വരെ മാത്രം ഭൂമിയുള്ള ചെറുകിട കർഷകർക്ക് സഹകരണ ബാങ്കുകൾ മുഖേന നബാർഡ് കാർഷിക വായ്പയുടെ പലിശ കുടിശ്ശിക എഴുതിത്തള്ളും. അത്രയും ഭൂമി യുള്ള കർഷകർക്ക് ഇനിമുതൽ പലിശരഹിത വായ്പകൾ അനുവദിക്കും. കമ്പനികളല്ലാത്ത കാർഷിക നികുതിദായകരെ കാർഷികാദായ നികുതിയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കും. ജില്ലയിൽ ഓരോ മാതൃകാ ഹൈടെക്ക് ഗ്രാമ ങ്ങൾ ഏർപ്പെടുത്തും. നെല്ല് സംഭരണത്തിന് ഇനി മുതൽ തത്സമയം വില നൽകും. തെങ്ങിൽ നിന്ന് നീര ഉത്പാദിപ്പിക്കുന്ന പദ്ധതി 10 ജില്ലകളിൽ നടപ്പിലാക്കും തുടങ്ങി കർഷകർക്കും കൃഷിക്കും പ്രോത്സാഹജനകമായ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഹെക്ടർ വരെ മാത്രം ഭൂമി യുള്ള കർഷകർ എന്നത് 4 ഹെക്ടർ വരെ ഭൂമിയുള്ള കർഷകർ എന്നാക്കണ മെന്നതാണ് എന്റെ നിർദ്ദേശം. നമ്മുടെ സമൂഹത്തിൽ മദ്ധ്യത്തിലുള്ള വിഭാഗ മാണ് ഏറ്റവും കൂടുതൽ വിഷമം സഹിക്കേണ്ടി വരുന്നത്. എല്ലാവരെക്കാളും വിഷമം സഹിക്കുന്നത് ആ വിഭാഗത്തിൽപെട്ടവരായിരിക്കും പക്ഷേ അഭി മാനംകൊണ്ട് അവർ അത് പുറത്ത് പറയില്ല. റിയൽ എസ്റ്റേറ്റ് ബിസിനസ്സു

കാരെ പ്രയാസപ്പെടുത്തുന്നവിധം ഭൂമി വാങ്ങി മൂന്ന് മാസത്തിനകം മറിച്ച് വിറ്റാൽ ഇരട്ടി സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാനുള്ള നിർദ്ദേശം ബഡ്ജറ്റിലുണ്ട്. അത് എത്രമാത്രം പ്രായോഗികമാണെന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതായി ട്ടുണ്ട്. മറിച്ച് വിൽക്കുന്നവർ മൂന്ന് മാസം കഴിഞ്ഞും അത് ചെയ്യും. റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാർ ഇപ്പോൾ അധികവും 6-12 മാസത്തേയ്ക്കാണ് എഗ്രിമെന്റ് ചെയ്യുന്നത്. മാത്രവുമല്ല സാമ്പത്തിക പ്രതിസന്ധി ആർക്ക് എപ്പോൾ ഉണ്ടാകുമെന്ന് ഒരിക്കലും പ്രവചിക്കുവാൻ സാധിക്കുകയില്ല. ജന്യൂനായ കേസിൽ 3 മാസത്തിനുള്ളിലല്ല ചിലപ്പോൾ എഗ്രിമെന്റ് ഉണ്ടാക്കി യതിന്റെ പിറ്റേദിവസം തന്നെ വിൽക്കേണ്ടി വരും. മറ്റൊരു നിർദ്ദേശം കേരളം ടൂറിസ്റ്റുകളുടെ പറുദീസയാണ്. വളരെ ഉയർന്ന നിരക്കിലുള്ള ലക്ഷ്വറി ടാക്സ് 12 ശതമാനത്തിൽനിന്ന് കുറയ്ക്കുന്നതിനുള്ള മാണി സാറിന്റെ വിമുഖത ഒരു ഇംഗ്ലീഷ് പത്രത്തിന്റെ വിലയിരുത്തൽ കടമെടുക്കു കയാണെങ്കിൽ Kerala has become one of the costliest destination in South Asia. ഇതേക്കുറിച്ച് മാണിസാർ ഒന്ന് പുന:പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ കാരുണ്യ ബനവലന്റ് സ്കീം. കേരളത്തിലെ പാവപ്പെട്ട രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും നൽകുന്ന ആശ്വാസം അനിർവ്വചനീയമാണ്. കാസർഗോഡ് ജില്ലയിൽ ഹൃദ്രോഗികളുടെയും ക്യാൻസർ രോഗികളുടെയും എണ്ണം പെരുകി വരിക യാണ്. ഈ രണ്ട് രോഗങ്ങൾക്കും കാസർഗോഡ് ജില്ലയിൽ വിദഗ്ദ്ധ ചികിത്സ യില്ല. തൊട്ടടുത്ത മംഗലാപുരം ആശുപത്രികളെയാണ് എല്ലാവരും ആശ്രയി

ക്കുന്നത്. കാരുണ്യ ബനവലന്റ് സ്കീമിൽ മംഗലാപുരത്തെ ആശുപത്രികളെ കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ വിനീതമായ നിർദ്ദേശം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജനറൽ ആശുപത്രിയിൽ ക്യാൻസർ രോഗികളെ ചികിത്സിക്കുന്നതിന് ഒരു സെൽ ആരംഭിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. കാസർഗോഡ് അനുവദിച്ച മെഡിക്കൽ കോളേജിന് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യവും മാണി സാർ മറുപടി പ്രസംഗത്തിൽ പറയുമെന്ന് കരുതുകയാണ്. അതുപോലെ തന്നെ പ്രഭാകർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെങ്കിൽ ഒരുപാട് സംഖ്യ ആവശ്യമായിട്ടുണ്ട് അതെക്കുറിച്ചും മാണിസാർ മറുപടി പ്രസംഗത്തിൽ പറയുമെന്ന് പ്രതീക്ഷിക്കുന്നു. സ്പെഷ്യൽ സ്കൂളിനുള്ള ഗ്രാന്റ് 900 രൂപയായാണ് വർദ്ധിപ്പിച്ചിട്ടുള്ളത് അത് ചുരുങ്ങിയത് 1,500 രൂപയാക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. അതുപോലെ തന്നെ ജനപ്രതിനിധികളുടെ ഓണറേറിയം 1,000 രൂപയായി വർദ്ധിപ്പിച്ചത് അപര്യാപ്തമാണെന്നാണ് എനിക്ക് പറയാനുള്ളത്. ജനപ്രതിനിധികൾ- പഞ്ചായത്ത് മെമ്പറായാലും മുനിസിപ്പൽ കൗൺസിലറായാലും രാവിലെ മുതൽ വൈകുന്നേരം വരെ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ഇരിക്കേണ്ട അവസ്ഥയാണുള്ളത്. അവരുടെ വേതനം വർദ്ധിപ്പിക്കണം. 1,000 രൂപ പോരാ എന്നതാണ് എന്റെ അഭിപ്രായം. മാണിസാറിന്റെ ഈ ബഡ്ജറ്റിനെ ശക്തിയുക്തം അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: ഇവിടെ ധനമന്ത്രി ബഹുമാനപ്പെട്ട കെ. എം. മാണി 2013-2014 സാമ്പത്തിക വർഷത്തിലേയ്ക്ക് അവതരിപ്പിച്ച ബഡ്ജറ്റിനെ രണ്ടു

കാരണങ്ങൾ കൊണ്ട് ഞാൻ ശക്തിയായി എതിർക്കുകയാണ്. ഒന്ന്, ബഡ്ജറ്റിന്റെ വീക്ഷണത്തിലെ ധനനയം-അടിസ്ഥാനപരമായി വികസനോന്മുഖമായിട്ടുള്ള ഒരു നയമല്ല എന്നുള്ളത്. രണ്ട്, ഈ നിയമസഭയിലെ ചീഫ് വിപ്പായ ശ്രീ. പി. സി. ജോർജ്, കേരളത്തിന്റെ രാഷ്ട്രീയ സംസ്ക്കാരത്തിനും സദാചാര മൂല്യങ്ങൾക്കും നിരക്കാത്ത വിധത്തിൽ ആദരണീയരായ ഗൗരിയമ്മയെക്കുറിച്ചും മൺമറഞ്ഞുപോയ ടി. വി. തോമസിനെക്കുറിച്ചും നടത്തിയ പ്രതികരണം. മാണി സാർ പറഞ്ഞാൽ ഞാൻ അനുസരിക്കുമെന്നാണ് ശ്രീ. പി. സി. ജോർജ് പത്രസമ്മേളനത്തിൽ എപ്പോഴും പ്രസ്താവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ശ്രീ. കെ. എം. മാണി ഇതുവരെ ഒരു വാക്ക് അതിനെക്കുറിച്ച് പറഞ്ഞിട്ടില്ല. ഈ രണ്ട് കാരണങ്ങൾകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. ഇവിടെ ബഡ്ജറ്റിന്റെ സാമ്പത്തിക വളർച്ചാനിരക്കും മറ്റു വിശദാംശങ്ങളുമെല്ലാം മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് രാവിലെ ഇവിടെ അവതരിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഡോ. പി. ചിദംബരം പാർലമെന്റിൽ ഫെബ്രുവരി 28-നും മാർച്ച് 15-ന് ശ്രീ. കെ. എം. മാണി ഇവിടെയും ബഡ്ജറ്റ് അവതരിപ്പിച്ചു. കേന്ദ്ര ബഡ്ജറ്റിന്റെ ഒരു അടിമ ബഡ്ജറ്റാണ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ ബഡ്ജറ്റിന് അടിമയിരിക്കുക..., പ്രത്യക്ഷത്തിൽ ചില കാര്യങ്ങൾ വിമർശനാത്മകമെന്നോ, പബ്ലികിന് തോന്നാവുന്ന വിധത്തിൽ കേരളസമൂഹത്തിന്റെ മന:ശാസ്ത്രം മനസ്സിലാക്കി പ്രത്യക്ഷത്തിൽ ചില വിമർശനങ്ങൾ പറഞ്ഞുവച്ച് പ്രത്യക്ഷത്തിലും അല്ലാതെയും കേന്ദ്രനയത്തെ ന്യായീകരിച്ചുകൊണ്ടുള്ള സാമ്പത്തിക വീക്ഷണങ്ങളാണ് അവതരിപ്പി

ച്ചിട്ടുള്ളത്. അത് ഈ ബഡ്ജറ്റിലുടനീളം പ്രകടമാണ്. കേന്ദ്രം അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽ 5,73,626 ലക്ഷം കോടി രൂപയാണ് വൻകിട കുത്തകകൾക്ക് നികുതി ഇളവ് പ്രഖ്യാപിച്ചത്. എന്നാൽ ഡീസലിന്റെയും പെട്രോളിന്റെയും സബ്സിഡി തുകയായ 30,000 കോടി രൂപ എടുത്തുകളഞ്ഞതിനെ തുടർന്ന് അടിക്കടി അതിന്റെ വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കേരളത്തിലെ കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ നിലനിൽപ്പ് ഒരു ശവപ്പറമ്പിന്റെ അന്തരീക്ഷത്തിലേയ്ക്ക് വലിച്ചിഴക്കുകയാണ് ചെയ്തിരിക്കുന്നത്. അപ്പുറത്ത് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും കുത്തകകൾക്കും 5,73,626 ലക്ഷം കോടി രൂപയുടെ ആനുകൂല്യം കേന്ദ്രഗവൺമെന്റ് ചെയ്തുകൊടുക്കുന്നു. അതേഅവസരത്തിൽ കേന്ദ്രനയംകൊണ്ട് ഈ ആഗോളവൽക്കരണ നയത്തിന്റെ ഒരു ബ്രാഞ്ച് ഓഫീസ് പോലെ കേരളം മാറുകയും ആഗോളവൽക്കരണ നയത്തിന്റെ ഒരു അറവുശാല കേരളത്തിൽ പടുത്തുയർത്തുകയും ആ അറവുശാലയിലെ കശാപ്പുകാരന്റെ ചുമതലയാണ് ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം വളരെ വ്യക്തമാണ്. അത് അംഗീകരിക്കാതെ......, ഈ നയത്തിന്റെ ഫലമായിട്ടാണ് കേരളത്തിൽ കെ. എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം തകർച്ചയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നത്. ഏത് സമയത്തും കട്ടപ്പുറത്ത് വയ്ക്കാം. ഏത് സമയത്തും അതിന്റെ പ്രവർത്തനം നിലയ്ക്കുമെന്ന അവസ്ഥയിലാണെന്ന് വകുപ്പുമന്ത്രി തന്നെ പരസ്യമായി പ്രതികരിച്ചുകഴിഞ്ഞു. അത്തരം ഒരു അന്തരീക്ഷത്തിൽ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, അദ്ദേഹത്തിന്റെ ചില ആരോഹണ അവ

രോഹണ രീതിയിൽ പ്രത്യേകം ഒരു തിരിഞ്ഞുനോക്കി ഒരു ചോദ്യം, പ്രത്യേക മായ ഒരു ശബ്ദത്തിൽ നൂറു കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് മാറ്റി വച്ചി രിക്കുന്നു. അപ്പോൾ ഭരണകക്ഷി സ്നേഹിതന്മാരായ എന്റെ സുഹൃത്തുക്കൾ കൈയടിച്ചു. ആ കൈയടി ശബ്ദം കേട്ടപ്പോൾ ആംബുലൻസ് വരുമ്പോ ഴുള്ള ശബ്ദം പോലെയായിരുന്നു എനിക്ക് തോന്നിയത്. അതായത് ആംബു ലൻസിൽ മരണത്തോട് മല്ലടിച്ച് മെഡിക്കൽ കോളേജിലേയ്ക്ക് എത്തുന്ന തിനുമുമ്പ് വെന്റിലേറ്ററിന്റെ സഹായത്തോടുകൂടി ഓടിവരുന്ന ആംബുലൻസ് ശബ്ദമുണ്ടാക്കി പോകുന്നതുപോലെ കെ.എസ്.ആർ.ടി.സി. കേന്ദ്രനയത്തിന്റെ ഫലമായി വെന്റിലേറ്ററിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ 100 കോടി രൂപ യുടെ ശബ്ദം കേട്ടപ്പോൾ ആംബുലൻസിന്റെ ശബ്ദംപോലെ കൈയടിച്ചു സ്വീകരിക്കുകയാണ് നമ്മുടെ ഭരണകക്ഷി സുഹൃത്തുക്കൾ ചെയ്തത്. ഇതി നെന്താണ് പരിഹാരം? പരിഹാരത്തിന്റെ കാര്യത്തെക്കുറിച്ച് രാവിലെ ഇവിടെ സംസാരിച്ചപ്പോൾ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിലെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന മുഖ്യസർവ്വീസാണ് കെ.എസ്.ആർ.ടി.സി. ആ കെ.എസ്.ആർ.ടി.സി.-യുടെ ദയനീയ പതന ത്തിന്റെ മുഖ്യഉത്തരവാദി ആരാണ്? കേന്ദ്രഗവൺമെന്റല്ലേ? അവരുടെ നയ മല്ലേ? ഡീസലിനും പെട്രോളിനും വില വർദ്ധിപ്പിക്കുവാനുള്ള തീരുമാനം കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും കുത്തകകൾക്കും തീറെഴുതിക്കൊടുത്തതു കൊണ്ടല്ലേ, ആ നയം തെറ്റാണെന്ന് തന്റേടത്തോടുകൂടി പറയാൻ, ഒരു വാക്കെങ്കിലും ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റിൽ എഴുതിവയ്ക്കുകയോ പറയുകയോ ചെയ്യണ്ടേ? കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ജനവിരുദ്ധനയ ത്തിന്റെ ആഗോളവൽക്കരണനയത്തിന്റെ ഇരയായി ഈ കേരളം മാറുന്നു.

ആ മാറുന്ന കേരളത്തെ അതിനനുസരിച്ച് രൂപപ്പെടുത്തുന്ന ഒരു അടിമ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാന്യനായ എന്റെ സ്നേഹിതന്മാരായ ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറയുകയുണ്ടായി, ഇതൊരു ക്ഷേമബഡ്ജറ്റാണെന്ന് പറയുകയുണ്ടായി - കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ പെൻഷനുകൾ ഒറ്റയടിക്ക് വർദ്ധിപ്പിച്ച് ഇപ്രകാരം ഒരു തീരുമാനമെടുത്ത ഗവൺമെന്റ് ഈ കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കൽ പോലുമുണ്ടായിട്ടില്ല, ഇന്ത്യയ്ക്ക് മാതൃകയായ ഒരു ക്ഷേമബഡ്ജറ്റാണ് എന്ന് പറഞ്ഞ് ഇവിടെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് കേട്ടു. ഇവരൊക്കെ ഈ രാജ്യത്തിന്റെ യഥാർത്ഥ വസ്തുതകൾ പൂർണ്ണമായും മനസ്സിലാക്കിയിട്ടുണ്ട്, മനസ്സിലാക്കാൻ ശേഷിയുള്ളവരാണ്, മനസ്സിലാക്കിക്കഴിഞ്ഞാൽ ജനങ്ങളെ പഠിപ്പിക്കാൻ കരുത്തുള്ളവരാണ്, പ്രാപ്തിയുള്ളവരാണ്. എനിക്ക് ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ ഈ ബഡ്ജറ്റിലുള്ളത് കയർത്തൊഴിലാളി പെൻഷൻ 300 രൂപ 400 രൂപയാക്കിയെന്നാണ്. ഇപ്പോൾ എത്ര രൂപയാണ് പെൻഷൻ? ഇപ്പോൾ കേരളത്തിൽ 400 രൂപ കയർത്തൊഴിലാളികൾക്ക് പെൻഷനായി കൊടുക്കുന്നുണ്ട്. 300 രൂപ 400 രൂപയാക്കി രണ്ടു കൊല്ലമായി കൊടുക്കുന്നുണ്ട്. ഇപ്പോൾ 400 രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് എന്ത് നാണംകെട്ട ബഡ്ജറ്റാണ്? 500 രൂപയാക്കി കൊടുക്കണം. നിങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ഇത് ബഡ്ജറ്റിൽ അച്ചടിച്ചു വന്നിരിക്കുകയല്ലേ? ഇനി ബഡ്ജറ്റിൽ പ്രിന്റ് ചെയ്യാത്തത് പറയാം. മത്സ്യത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, കൈത്തറിത്തൊഴിലാളികൾ,

ഈറ്റ പനമ്പ് തൊഴിലാളികൾ, ഖാദിവ്യവസായം, തയ്യൽത്തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ, ചുമട്ടുതൊഴിലാളി, നിർമ്മാണത്തൊഴിലാളികൾ, ആർട്ടിസാൻ തൊഴിലാളികൾ, ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലി ഷ്മെന്റ് തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, തഴപ്പായ തൊഴിലാളി കൾ എന്നിവരുടെ പെൻഷനുകളിൽ ഒരു നയാപൈസയെങ്കിലും കൂട്ടിയി ട്ടുണ്ടോ? പിന്നെ എന്ത് ക്ഷേമബഡ്ജറ്റാണെന്നാണ് നിങ്ങൾ പ്രസംഗിച്ചു നട ക്കുന്നത്? ഇതൊന്നും ബഡ്ജറ്റിലില്ല. അപ്പോൾ ഇതാണോ ക്ഷേമബഡ്ജറ്റ്? ഇതിനൊരു സമീപനമുണ്ട്. അടിസ്ഥാനപരമായി സമ്പത്തുല്പാദന വ്യവസ്ഥ യിൽ ജീവിതത്തിന്റെ ഇന്നോളമുള്ള ചരിത്രത്തിൽ അധ്വാനം വിനിയോഗിച്ച് ജീവിതത്തിന്റെ വാർദ്ധക്യത്തിൽ കഴിഞ്ഞുകൂടുന്ന വാർദ്ധക്യം ബാധിച്ചിട്ടുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ 90% വരുന്ന തൊഴിലാളിക്ഷേമനിധി ബോർഡുകൾക്ക് ഒരു നയാപൈസ വർദ്ധിപ്പിക്കാതെ മറ്റുരൂപത്തിൽ മൂടുപടം സൃഷ്ടിച്ച് കബളിപ്പിക്കുന്ന നയം സ്വീകരിച്ചു. അതുകൊണ്ട് ഞങ്ങൾ ആവശ്യപ്പെടുന്നു, ഞാൻ ഇപ്പറഞ്ഞ മത്സ്യത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളി കൾ, കൈത്തറിത്തൊഴിലാളികൾ, ഈറ്റ-പനമ്പ് തൊഴിലാളികൾ, ഖാദി വ്യവ സായം, തയ്യൽത്തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ, ചുമട്ടുതൊഴിലാ ളി, നിർമ്മാണത്തൊഴിലാളികൾ, ആർട്ടിസാൻ തൊഴിലാളികൾ, ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾ, മരംകയറ്റ തൊഴിലാ ളികൾ, തഴപ്പായ തൊഴിലാളികൾ ഇങ്ങനെ തുടങ്ങിയ തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ പെൻഷൻകൂടി ആനുപാതികമായി വർദ്ധിപ്പിക്കുന്നതി നുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

ഇതാണ് ക്ഷേമ ബഡ്ജറ്റിന്റെ കാഴ്ചപ്പാടിനെ സംബന്ധിച്ച് ഭരണ കക്ഷിയിൽപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്ന് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ചൂണ്ടിക്കാണിക്കാനുള്ള പ്രധാനപ്പെട്ട കാര്യം. അസംഘടിത മേഖലയിലെ allied sector-ൽ, കേരളത്തിന്റെ ഖജനാവിലേയ്ക്ക് പ്രതിവർഷം മൂന്ന് ശതമാനം റവന്യൂ വരുമാനമുണ്ടാക്കികൊടുക്കുന്ന പ്രധാനപ്പെട്ട മേഖലയാണ് മൽസ്യമേഖല. ഈ വർഷത്തെ കയറ്റുമതിയിൽ 2988 കോടി രൂപയുടെ വിദേശ നാണ്യം നേടിത്തരുന്നതിൽ പ്രധാന പങ്കുവഹിച്ച തൊഴിൽ മേഖലയാണ് മത്സ്യമേഖല. ആ മത്സ്യമേഖലയോട് ഇന്ന് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നടപടികൾ, മുൻവർഷങ്ങളെ അപേക്ഷിച്ച് നോക്കുമ്പോഴും കഴിഞ്ഞവർഷവുമായി താരതമ്യം ചെയ്തുനോക്കുമ്പോഴും ഇതിനേക്കാൾ കൂടുതൽ തുക ബഡ്ജറ്റ് അലോക്കേഷനിൽ ഉൾക്കൊള്ളിച്ചിരുന്നൂവെന്നുകാണാൻ കഴിയും.

കടൽ സുരക്ഷ ഏറ്റവും ഗൗരവകരമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് കടൽ സുരക്ഷയുടെ പ്രശ്നവും, ഇറ്റാലിയൻ നാവികരുടെ പ്രശ്നവും. ആ പ്രശ്നത്തെ ന്യായീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുവാദം ഉന്നയിക്കുകയുണ്ടായി. കൊല്ലത്തും കാസർഗോഡും അപകടമരണം ഉണ്ടായപ്പോൾ നിങ്ങൾ എന്ത് ചെയ്തുവെന്ന് ചോദിക്കുകയുണ്ടായി. കരയിൽ വച്ച് വണ്ടികൾ തമ്മിൽ കൂട്ടിമുട്ടി ആക്സിഡന്റ് മരണം ഉണ്ടാകാറുണ്ട്. പക്ഷേ തോക്കെടുത്ത് വെടിവയ്ക്കുന്നതും വണ്ടികൾ തമ്മിൽ കൂട്ടിമുട്ടി മരണമുണ്ടാകുന്നതും രണ്ടും രണ്ടാണ്. ഇത് ഇറ്റാലിയൻ നാവികർ തുരുതുരാ

വെടിവച്ച് കൊലപ്പെടുത്തിയ കേസ്സാണ്. മറ്റത് കപ്പൽ ചാനലിലേയ്ക്ക് കയറി യതിനെത്തുടർന്ന് കപ്പൽ മുട്ടി മരിച്ചതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സംഭവത്തിനുശേഷം പ്രഭുദയ എന്ന കപ്പൽ നമ്മുടെ ബോട്ടിലിടിച്ച് മൂന്ന് പേർ മരിച്ചു. ആ കപ്പൽ ഇവിടെ നിന്ന് രക്ഷപ്പെട്ട് വേറെ രാജ്യത്തിന്റെ കടലിടുക്കിൽ വന്നു. അന്ന് നിങ്ങൾ എത്രമാത്രം ഗവൺമെന്റിനെ കുറ്റപ്പെടുത്തി. കപ്പൽ അപകടമുണ്ടായി മൂന്ന് പേർ മരിച്ചിട്ടും ആ കപ്പൽ കണ്ടെത്താൻ പോലും സാധിക്കാത്ത ഗവൺമെന്റ് എന്ത് ഗവൺമെന്റാണെന്ന് ചോദിച്ചത് നിങ്ങളാണ്. അന്ന് വെടിവച്ചിട്ടല്ല മൂന്ന് പേർ മരിച്ചത് കപ്പൽ ഇടിച്ചിട്ടാണ്. ഞങ്ങൾ ആ കപ്പൽ പിടിക്കുകയും കേസ് എടുക്കുകയും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്തു. ഇന്നും ആ കേസ് നടത്തുകയാണ്.

നിങ്ങളുടെ കാലത്ത് മൂന്ന് കപ്പലപകടങ്ങളുണ്ടായി, മൂന്ന് അപകട ങ്ങളിൽ ഒരെണ്ണത്തിന് കേസ്സെടുത്തതേയില്ല. ഒരു അപകടത്തിൽ കേസ്സെ ടുത്ത് 25 ലക്ഷം രൂപ സെക്യൂരിറ്റി വാങ്ങി വിട്ടു. മറ്റൊരു കേസ്സിൽ നിങ്ങൾ കേസ് എടുത്തതല്ലാതെ ഒരു നടപടിയും സ്വീകരിച്ചില്ല. മാത്രവുമല്ല കപ്പൽ കണ്ടെത്താൻ പോലും നിങ്ങൾക്ക് സാധിച്ചിട്ടില്ല. എന്നിട്ട് രണ്ട് ലക്ഷം രൂപ വീതം ഈ അപകടം സംഭവിച്ച ആളുകളുടെ വീടുകളിൽ നൽകുക മാത്ര മാണ് ചെയ്തത്. കാണാതായ രണ്ടുപേർക്ക് എന്ത് സംഭവിച്ചുവെന്ന് വർഷ ങ്ങൾ നിങ്ങൾ അധികാരത്തിലിരുന്നിട്ടും കണ്ടെത്താൻ സാധിച്ചിട്ടില്ല.

വെടിവച്ചതും അപകടമരണവും ഒന്നായിട്ടല്ല ഞാൻ കണ്ടത്. പക്ഷേ ഞങ്ങളുടെ കാലത്ത് അപകടം ഉണ്ടായപ്പോൾ ഒരു ദാക്ഷിണ്യവും കൂടാതെ

വിമർശിച്ചവർ നിങ്ങളുടെ കാലത്ത് മൂന്ന് അപകടങ്ങൾ ഉണ്ടായിട്ടും ഒരു നട പടിയും സ്വീകരിച്ചിട്ടില്ല.

ശ്രീ. എസ്. ശർമ്മ: കപ്പൽ ചാനലിലേയ്ക്ക് ബോട്ട് കയറുമ്പോൾ കൂട്ടിമു ട്ടിയുളള ആക്സിഡന്റ് ഡെത്ത് ഒരുപാട് സന്ദർഭങ്ങളിൽ കേരളത്തിലുണ്ടായി ട്ടുണ്ട്. അത് ഇപ്പോൾ മാത്രമല്ല മുമ്പും ഉണ്ടായിട്ടുണ്ട്. പക്ഷേ ലോകം മുഴു വൻ ശ്രദ്ധിക്കപ്പെട്ട അസാധാരണ സ്വഭാവമുള്ള സംഭവമായിരുന്നു ഇറ്റാലി യൻ നാവികരുടെ ഭാഗത്തുനിന്ന് ഉണ്ടായത്. അതാണ് ലോകം മുഴുവൻ ചർച്ച ചെയ്യപ്പെട്ടത്. അത്തരമൊരു സാഹചര്യത്തെ ഒരു ആക്സിഡന്റൽ ഡെത്ത് ഉണ്ടായ സാഹചര്യവുമായി താരതമ്യം ചെയ്യാൻ ശ്രമിച്ചതിലെ അനൗചി ത്യത്തെക്കുറിച്ചാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. തീർച്ചയായും അന്ന് ഞങ്ങ ളുടെ ഭാഗത്തു നിന്നും കുറവുണ്ടായിട്ടുണ്ടെങ്കിൽ ആ കുറവ് കുറവു തന്നെ യാണ്. അതിലൊന്നും വലിപ്പം ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞ് ന്യായീകരിക്കേണ്ട കാര്യം എന്നെ സംബന്ധിച്ചിടത്തോളമില്ല.

പക്ഷേ കരയിൽവച്ച് വാഹനങ്ങൾ മുട്ടുന്നതും തോക്കെടുത്ത് വെടി വയ്ക്കുന്നതും രണ്ടും രണ്ടാണ്. വ്യത്യസ്തത ഉള്ളതിനെ വ്യത്യസ്തമായിട്ട് തന്നെ കാണണം. ഞാൻ പറഞ്ഞുവന്നത് ഇന്നത്തെ അടിയന്തരപ്രമേയ ത്തിന്റെ ചർച്ചയുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ കടൽ സുരക്ഷയ്ക്ക് പ്രത്യേകമായി ഒരു ഹെഡ്ഡോ, ഇനമോ ഈ ബഡ്ജറ്റിൽ കാണുന്നില്ല എന്നാണ്.

മത്സ്യത്തൊഴിലാളി കടാശ്വാസവുമായി ബന്ധപ്പെട്ടുകൊണ്ട് കടാശ്വാസ ത്തിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഏറ്റവും ദുരിതം അനുഭവിക്കുന്ന മേഖലയിലേയ്ക്കുള്ള ബഡ്ജറ്റിന്റെ എത്തിനോട്ടം വളരെ പരിമിതമാണ്. എന്നാൽ ഭൂവുടമസ്ഥന്മാരെയെല്ലാം നികുതിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട്

അവരുടെ കാര്യത്തിൽ പ്രത്യേകം താൽപര്യം എടുത്തിട്ടുണ്ട്. ഈ വ്യത്യാസവും മനസ്സിലാക്കിക്കൊണ്ടാണ് ഈ വിമർശനം ഞാൻ ഉന്നയിക്കുന്നത്. ഞാൻ ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. നമ്മുടെ കേരളം രാഷ്ട്രീയ സംസ്കാരമുള്ള, സദാചാരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, പരസ്പര സ്നേഹവിശ്വാസങ്ങൾ കാത്തു സൂക്ഷിക്കുന്ന നാടാണ്. വ്യത്യസ്ത അഭിപ്രായങ്ങളും ചേരിതിരിവുകളും ഉണ്ടാകാം. വ്യത്യസ്ത അഭിപ്രായങ്ങളുടെ മറവിൽ  രാഷ്ട്രീയ സംസ്കാരവും സൗഹാർദ്ദവും നഷ്ടപ്പെടാൻ ഇട വരുത്താതെ സൂക്ഷിക്കണം.

ഇവിടെ വേലിത്തന്നെ വിളവുതിന്നുകയാണ്. ഗവൺമെന്റിന്റെ ചീഫ് വിപ്പ് ഓരോ ദിവസവും ഭരണകൂട റൗഡിസത്തിന്റെ പ്രതികരണങ്ങളാണ് കേരളത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, യെസ്, പ്ലീസ്.... എട്ട് മിനിട്ട് കഴിഞ്ഞു.

ശ്രീ. എസ്. ശർമ്മ: ഐതിഹാസികമായ പുന്നപ്ര-വയലാർ സമരങ്ങളിൽ പങ്കെടുത്ത് പ്രോജ്ജ്വലമായ വിജയം കൈവരിച്ച മഹാനായ ടി.വി. തോമസിനേയും ജീവിച്ചിരിക്കുന്ന സഖാവ് ഗൗരിയമ്മ ഉൾപ്പെടെയുള്ള ആളുകളെ, സി.പി. യുടെ പട്ടാളം തോൽപ്പിക്കാൻ ശ്രമിച്ചിട്ടും തോൽക്കാൽ തയ്യാറാകാത്ത ആ മഹത് വ്യക്തികളെ  എന്തും പറയാൻ കഴിയുന്ന വിധത്തിൽ,  , സി.പി.യുടെ കൂലി പട്ടാളത്തെപ്പോലെ പെരുമാറാൻ ശ്രമിക്കുന്നത്.......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. എസ്. ശർമ്മ: (മൈക്ക് ഓഫ്)... സഭ അപലപിക്കണം സാർ, ഈ നിയമസഭ അപലപിക്കണം..... ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ചില കാര്യങ്ങൾ പറയാനുണ്ടെങ്കിൽകൂടിയും കേരളത്തിന് വളരെ ഗുണകരമായിട്ടുള്ള ബഡ്ജറ്റാണ് ശ്രീ. കെ. എം. മാണി സാർ അവതരിപ്പിച്ചതെന്ന് നിസ്സംശയം പറയാൻ കഴിയും. എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും ജീവിതഭദ്രത എന്ന ലക്ഷ്യത്തിലേയ്ക്ക് കേരളത്തെ കൈപിടിച്ച് നയിക്കുന്നതിന് പര്യാപ്തമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ടെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ദേശീയ ശരാശരി വളർച്ചാനിരക്ക് 6.2 ശതമാനം ആയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം കേരളം വളർച്ചാനിരക്ക് 9.51 ശതമാനമായി ഉയർത്തിയെന്ന് പറയുന്നത് ചെറിയ കാര്യമല്ല. 3.31 ശതമാനമാണ് ദേശീയ ശരാശരിയേക്കാൾ കൂടുതൽ കേരളത്തിൽ ഉണ്ടാക്കിയ നേട്ടം. ഇതുകഴിഞ്ഞ ഒരു വർഷത്തെ കണക്കാണ്. അതേസമയം ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ച 2007 മുതൽ 2011-വരെയുള്ള കാലഘട്ടത്തിൽ 7.58 ശതമാനം മാത്രം വളർച്ചയുണ്ടായിരുന്നിടത്ത് ഒരുവർഷം കൊണ്ട് ഈ ഇന്ദ്രജാലം കാണിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് അഭിമാനിക്കാൻ കഴിയുന്ന കാര്യം തന്നെയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ സത്യം സത്യമായി അംഗീകരിക്കണം. അത് ചെറുതായി ഒരിക്കലും കാണരുത്.

കഴിഞ്ഞ ഇരുപത്തിയൊന്ന് മാസം കൊണ്ട് കേരളത്തിലെ വികസന രംഗത്ത് ഐക്യജനാധിപത്യ മുന്നണി നടത്തിയ അത്ഭുതകരമായ മുന്നേറ്റമാണ് ഈ വളർച്ചയ്ക്ക് വഴി തെളിച്ചതെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ ശ്രീ. കെ. എം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഏറ്റവും ശ്രദ്ധേയമായ മുഖമുദ്ര കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകാനുള്ള പദ്ധതികളാണ്.

കാർഷിക മേഖലയുടെ വളർച്ച നെഗറ്റീവാണ്. അത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ ഒരു ദിവസം കൊണ്ട് ഉണ്ടായതല്ല. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കുറേക്കാലമായി കാർഷിക മേഖലയിലേയ്ക്ക് ജനങ്ങൾ തിരിഞ്ഞു നോക്കാത്തതിനും താൽപര്യം കാണിക്കാത്തതിനും ഒരുപാട് കാര്യങ്ങളുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കാർഷിക രംഗത്ത് ഇനിയും വളർച്ചയുണ്ടാക്കാൻ കഴിയുമെന്നുള്ളത് മിഥ്യാധാരണയാണ്.

കാർഷിക മേഖലയിൽ വളർച്ചയുണ്ടാകണമെങ്കിൽ അതിന്റേതായ മാറ്റങ്ങളുണ്ടാകണം. പുതിയ തലമുറയെ ആകർഷിക്കാൻ കഴിയുന്ന രീതിയിൽ കാർഷിക മേഖലയിൽ രൂപകൽപ്പന ഉണ്ടായാൽ മാത്രമേ ആ രീതിയിൽ വളർച്ചയുണ്ടാക്കാൻ കഴിയൂ. അതിനുതകുന്ന രീതിയിൽ, ആധുനിക രീതിയിൽ, പുതിയ തലമുറയ്ക്കുകൂടി പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ വൈറ്റ് കോളർ ജോബായി തന്നെ കാർഷിക മേഖലയിൽ നിൽക്കാൻ കഴിയുന്ന രീതിയിൽ വലിയ മാറ്റം ഉണ്ടാക്കത്തക്ക രീതിയിൽ ഹൈടെക് ഫാമിംഗും **പോളിഹൗസും** ഉൾപ്പടെയുള്ള പുതിയ പരീക്ഷണ രീതി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ വർഷം പ്രഖ്യാപിക്കുകയും പല സ്ഥലങ്ങളിലും ഡെമൊൺസ്ട്രേഷനുകൾ നടത്തുകയും ചെയ്തെങ്കിലും അതിന് കുറേക്കൂടി ഗതിവേഗം കൂട്ടണമെന്ന കാര്യത്തിൽ സംശയമില്ല. പദ്ധതികൾ ആ രീതിയിൽ കേരളത്തിന് പരിചയപ്പെടുത്തിയാൽ കാർഷിക മേഖലയിൽ ഇന്ന് നമുക്കുള്ള ഈ നെഗറ്റീവ് ഗ്രോത്ത് പോസിറ്റീവ് ആക്കാൻ ഒരു വർഷം കൊണ്ട് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കാർഷിക മേഖലയിൽ ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ പറയുകയു

ണ്ടായി. വൺ ടൈം സെറ്റിൽമെന്റാണെന്നു പറയുന്നത് മോശമാണെന്ന് ഇവിടെ ആരോ പറയുകയുണ്ടായി. വൺ ടൈം സെറ്റിൽമെന്റാണെങ്കിൽപ്പോലും മുതൽ അടയ്ക്കാൻ തയ്യാറാണെങ്കിൽ പലിശ അടയ്ക്കണ്ട എന്നത് ഒരു ചെറിയ കാര്യമല്ല. സംസ്ഥാന ഗവൺമെന്റാണ് ആ പലിശ ബാങ്കുകൾക്ക് കൊടുക്കുന്നത്. അതൊരു വലിയ കാര്യമാണ്. ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിത്തള്ളാനുള്ള ശ്രമവും പലിശ രഹിത കാർഷിക വായ്പയും നബാർഡിന്റെ റീ ഫൈനാൻസ് സഹകരണ ബാങ്കിലൂടെ വരുമ്പോൾ അവിടെ പലിശ രഹിതമായി വായ്പ കൊടുക്കാൻ കഴിയുന്നത് തീർച്ചയായും കാർഷിക മേഖലയിൽ ഉണർവ് ഉണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ റിസ്ക് ഇൻഷ്വറൻസ് വിപുലീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. വളരെ നല്ല നിർദ്ദേശമാണ്. കാർഷിക മേഖലയിൽ നെല്ല് സംഭരണം നടത്തിയാൽ സമയത്തിന് പൈസ കൊടുക്കുകയില്ല എന്നതാണ് കുട്ടനാട് മേഖലയിലുള്ളവരുടെ ഏറ്റവും വലിയ പരാതി. നെല്ല് എടുത്താൽ ഉടൻ തന്നെ കർഷകന് പണം കൊടുക്കത്തക്ക രീതിയിൽ ഒരു പുതിയ പ്രഖ്യാപനമുണ്ട്. അത് ഏറ്റവും ആശ്വാസകരമായിട്ടുള്ള ഒരു പ്രഖ്യാപനമാണ്. അതുപോലെ വിവിധ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഏതാണ്ട് 800 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്.

കഴിഞ്ഞ ഒരു വർഷം കൊണ്ട് അടിസ്ഥാനമേഖലയ്ക്കുണ്ടായ വളർച്ച കേരളത്തിലൂടെ സഞ്ചരിക്കുന്ന മുഴുവൻ ആളുകൾക്കും അറിയാവുന്നതാണ്. കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളൊക്കെ ഇന്ന് ബി.എം. & ബി.സി. രീതിയിൽ ടാർ ചെയ്ത് അതിമനോഹരമാക്കിയിരിക്കുകയാണ്. കുണ്ടും

കുഴിയുമുള്ള റോഡുകളിലൂടെ സഞ്ചരിക്കുക എന്നത് ഒരു പഴങ്കഥയാണ്. ഒരു വർഷം കൊണ്ടുണ്ടാക്കിയ മാറ്റമാണ്; ചെറിയ കാര്യമല്ല. ഒരു വർഷം കൊണ്ട് കേരളത്തിന്റെ പ്രധാനപ്പെട്ട എല്ലാ റോഡുകളും മനോഹരമാക്കിയിരിക്കുന്നു. 800 കോടി രൂപയല്ല 1800 കോടി രൂപ പി.ഡബ്ല്യൂ.ഡി.ക്ക് കൊടുത്താലും അത് കേരളത്തിന് വലിയൊരു അനുഗ്രഹമായിരിക്കും. പ്രത്യേകിച്ച് ഈ ഡിപ്പാർട്ടുമെന്റ് വളരെ എഫിഷ്യന്റായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിന് കൊടുത്തത് എന്തുകൊണ്ടും നന്നായി എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

സാമൂഹിക സുരക്ഷാ പദ്ധതിയെക്കുറിച്ച് ശ്രീ. എസ്. ശർമ്മ ഇവിടെ ആക്ഷേപിച്ച് സംസാരിക്കുന്നത് കേട്ടു. 20 ശതമാനം മുതൽ 50 ശതമാനത്തിൽ കൂടുതൽ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഇത് രണ്ട് വർഷത്തിനിടയിൽ നടന്ന കാര്യമാണ്. അല്ലാതെ ഭരണം വിട്ട് പോകുന്ന സമയത്ത് കഴിഞ്ഞ ഗവൺമെന്റുകൾ പ്രഖ്യാപിച്ചിട്ട് പോയതുപോലെ 200 രൂപയിൽ നിന്ന് 400 രൂപയാക്കിയതല്ല. ഇലക്ഷന് തൊട്ടുമുമ്പ് ഡോ. ടി. എം.തോമസ് ഐസക്കിന് ആറാമത്തെ ഒരു ബഡ്ജറ്റുണ്ടായിരുന്നല്ലോ. സാധാരണ എല്ലാ മന്ത്രിമാരും അഞ്ച് ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ഡോ. ടി.എം. തോമസ് ഐസക് തെരഞ്ഞെടുപ്പിന് വേണ്ടി ആറാമത് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. അങ്ങനെ തെരഞ്ഞെടുപ്പിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റിനകത്ത് 200 എന്നുള്ളത് 400 ഉം 500 ഉം ഒക്കെയാക്കി. നഷ്ടമൊന്നുമില്ലല്ലോ. ഏതായാലും തോൽക്കാൻ പോകുകയല്ലേ എന്നു കരുതി 600 ഉം 700 ഉം ഒക്കെയാക്കി പ്രഖ്യാപിച്ചു.

ഇത് അതുപോലെയല്ല. ഈ ഗവൺമെന്റിന്റെ ആദ്യ വർഷം കഴിഞ്ഞപ്പോഴാണ് ഇത് പ്രഖ്യാപിച്ചിരിക്കുന്നത്. രണ്ട് മൂന്നു വർഷം കൂടി ഇനിയും ഭരിക്കാനുണ്ട്. അതുകൊണ്ട് ഇത് 1000 വും 1500 ഉം ഒക്കെ ആക്കി വർദ്ധിപ്പിച്ചിട്ടേ ഈ ഗവൺമെന്റ് പോവുകയുള്ളൂ. അല്ലാതെ എല്ലാംകൂടി ഒറ്റയടിക്ക് നടന്നുവെന്നുവരില്ല. അതുകൊണ്ട് അതിനെ ഓർത്ത് ആരും ബുദ്ധിമുട്ടേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

കാരുണ്യ ലോട്ടറിയെക്കുറിച്ച് നേരത്തെ പലരും ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ ഈ ഗവൺമെന്റ് ബുദ്ധിപരമായി അവതരിപ്പിച്ച ഏറ്റവും നല്ല പ്രോഗ്രാമുകളിൽ ഒന്നാണ് കാരുണ്യ ലോട്ടറി. സാന്റിയാഗോ മാർട്ടിനും സംഘവും തമിഴ്നാട്ടിലേയ്ക്കും അന്യനാട്ടിലേയ്ക്കും നോർത്ത് ഈസ്റ്റിലേയ്ക്കുമൊക്കെ അടിച്ചുകൊണ്ട് പൊയ്ക്കൊണ്ടിരുന്ന കേരളത്തിന്റെ പൈസ ഈ മണ്ണിൽ തന്നെ ഉണ്ടാക്കുവാനും അത് ഇവിടത്തെ പാവപ്പെട്ടവർക്കുവേണ്ടി അല്ലെങ്കിൽ നിത്യരോഗികളായി കഴിയുന്ന ആളുകൾക്കും ക്യാൻസറും ഹൃദ്രോഗവും ഉൾപ്പെടെയുള്ള അസുഖങ്ങളുള്ളവർക്ക് കൊടുക്കത്തക്ക രീതിയിൽ കാരുണ്യ ലോട്ടറിയെ വിഭാവന ചെയ്തത് ഏറ്റവും ബുദ്ധിപരമായ ഒരു തീരുമാനമായിരുന്നു. എത്രയാണ് ഇന്നിപ്പോൾ അതിന്റെ വരുമാനം? ഏതാണ്ട് 2000 കോടി രൂപയോളം അടുക്കുകയാണ്. ഇത് മുഴുവൻ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അന്ന് പറഞ്ഞത് ഞാൻ ഓർക്കുന്നു. ഇവിടെ 5000 കോടി പോകുന്നു; 10000 കോടി പോകുന്നു എന്നെല്ലാം പറഞ്ഞ് നിലവിളിച്ചതല്ലാതെ ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അതിനെ ഇത്ര

ബുദ്ധിപരമായി കേരളത്തിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കാരണം മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്ന കാലഘട്ടത്തിൽ അദ്ദേഹം ഈ നിർദ്ദേശം മുന്നോട്ടു വച്ചിട്ടുള്ളതാണ്. ഇപ്പോൾ ഓൺലൈൻ ലോട്ടറിയുമില്ല, ഒരു പ്രശ്നവുമില്ല. ഓൺലൈൻ ലോട്ടറിയൊക്കെ നടത്തിയത് ആരാണെന്ന് അറിയാം. പോക്കറ്റടിക്കാരന്റെ സ്വഭാവമാണ് അന്ന് കാണിച്ചത്. അന്ന് ഓൺലൈൻ ലോട്ടറി കമ്പനി നടത്തിയിട്ടുള്ള ആളുകൾ ആരുടെയൊക്കെ ബന്ധുക്കളും കുടുംബങ്ങളും മക്കളും മരുമക്കളുമൊക്കെയായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. രാഷ്ട്രീയം അധികം പറയാൻ ആഗ്രഹിക്കാത്തതു കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

കാരുണ്യ ലോട്ടറിക്ക് സമാനമായി വളരെ ബുദ്ധിപരമായി കൊണ്ടുവന്ന ഒരു പ്രോജക്ടാണ് മംഗല്യ നിധി. വിവാഹ ധൂർത്ത് എന്നുപറയുന്നത് അതിന്റെ പരമകാഷ്ഠയിൽ നിൽക്കുകയാണെന്ന് നമുക്കറിയാം. വിവാഹങ്ങൾക്കും ധൂർത്തിനും സദ്യകൾക്കുമൊക്കെയായി എത്ര രൂപയാണ് ഓരോരുത്തരും ചെലവാക്കുന്നത്. അങ്ങനെ ചെലവാക്കുന്നതിന്റെ 3 ശതമാനം കൃത്യമായി വാങ്ങുകയല്ല; അത് ആദ്യം തന്നെ ഇങ്ങോട്ട് അടയ്ക്കുകയാണ്. ബുക്ക് ചെയ്യുമ്പോൾ തന്നെ 3 ശതമാനം മാറ്റിവയ്ക്കുകയാണ്. അത് കേരളത്തിലെ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിന് കൊടുക്കാൻ വേണ്ടി മാത്രമായി മാറ്റി വയ്ക്കുന്നു. വലിയ ഒരു ജീവകാരുണ്യ പ്രവർത്തനമാണിത്.

അതുപോലെ തന്നെ സമഗ്ര ആരോഗ്യ പദ്ധതി കേരളത്തിൽ ബി.പി.എൽ. വിഭാഗത്തിനും ചില മേഖലകളിലും മാത്രമായി ഒതുങ്ങി

നിന്നിരുന്നുവെങ്കിൽ ഇപ്പോൾ ഈ പദ്ധതി എല്ലാവർക്കുമായി വ്യാപിപ്പിക്കുകയാണ്. അത് വളരെ നല്ല ഒരു പ്രോജക്ടാണ്. പല വികസിത രാഷ്ട്രങ്ങളിലും ട്രീറ്റ്മെന്റ് എന്നുപറയുന്നത് അവിടത്തെ പൗരൻമാരെ സംബന്ധിച്ച് ഒരു വലിയ വിഷയമല്ല. കാരണം സമഗ്ര ആരോഗ്യ പദ്ധതിയിൽ എല്ലാവരും ഉൾപ്പെടും എന്നതുതന്നെ. ആ ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതുകൊണ്ട് വലിയൊരു അനുഗ്രഹമാണ് ആ മേഖലയിൽ ഉണ്ടാകാൻ പോകുന്നത്.

അതുപോലെ വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിത്തള്ളുന്നത് ബി.പി.എൽ. വിഭാഗങ്ങൾക്കുവേണ്ടി മാത്രമായിരുന്നുവെങ്കിൽ ഇപ്പോൾ മൂന്നുലക്ഷം രൂപ എന്ന് ഫിക്സ് ചെയ്തിരിക്കുകയാണ്. അതൊരു വലിയ അനുഗ്രഹമാണ്. ബി.പി.എൽ.ന്റെ കാർഡുതന്നെ ശരിയല്ലാത്ത രീതിയിലാണ്. കുറേക്കാലമായി എല്ലാവരും ബി.പി.എൽ. കാർഡ് പുതുക്കാനായി നിൽക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇതുപോലെ അതിനെക്കുറിച്ചുള്ള സർവ്വെയും കണക്കെടുപ്പും ഒക്കെ നടത്തി ഒരുപാട് ലിസ്റ്റുകൾ തയ്യാറാക്കി. ഒരു ലിസ്റ്റും ഇതുവരെ ഫൈനലൈസ് ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. അതുകൊണ്ട് ബി.പി.എൽ. കാർഡ് വച്ചുകൊണ്ട് പലപ്പോഴും നമുക്ക് നീതി ലഭിക്കുകയില്ല എന്നത് ഒരു സത്യമാണ്. അത് മൂന്നുലക്ഷം രൂപയാക്കി അതിന്റെ തുക നിജപ്പെടുത്തിയത് എന്തുകൊണ്ടും നന്നായിരിക്കുന്നു. തീർച്ചയായിട്ടും അതിനെ പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

അതുപോലെ ഒട്ടനവധി പദ്ധതികളുണ്ട്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയാക്കിയത് നല്ല കാര്യമാണ്. ഇതൊക്കെ പറയുമ്പോഴും എനിക്ക് ഒരു കാര്യം പറയാനുണ്ട്. കുഞ്ചൻ നമ്പ്യാർ പറഞ്ഞതുപോലെ 'ദീപസ്തംഭം മഹാശ്ചര്യം; പക്ഷേ നമുക്കും കിട്ടണം പണം' എന്നുള്ള ഒരു ആശയം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഈ സ്ഥലങ്ങളുടെയൊക്കെ പേരുകൾ ബഡ്ജറ്റിൽ ഓരോന്നോരോന്നായി വായിക്കുമ്പോൾ മൂവാറ്റുപുഴ എന്ന് രണ്ട് മൂന്ന് പ്രാവശ്യം കേട്ടാൽ എനിക്കും സന്തോഷമുള്ള കാര്യമാണ്. അതാത് എം.എൽ.എ.മാർക്ക് അവരവരുടെ നിയോജക മണ്ഡലങ്ങളുടെ യൊക്കെ പേര് ഇടയ്ക്കിടയ്ക്ക് കേൾക്കുന്നത് ഇഷ്ടമാണ്. പക്ഷേ ചെറിയ കാര്യമൊക്കെ കാണുകയുള്ളൂ. 5 ലക്ഷം രൂപയ്ക്ക് ഒരു സ്മാരക മന്ദിരമായിരിക്കും അതല്ലെങ്കിൽ വേറെ ചെറിയ കാര്യമായിരിക്കും. പക്ഷേ സ്ഥലങ്ങളുടെയൊക്കെ പേര് പറയുമ്പോൾ എല്ലാവരുടെയും സ്ഥലങ്ങളുടെ പേരുകൾ പറയുന്നത് നല്ല കാര്യമാണ്. മൂവാറ്റുപുഴ എന്ന് രണ്ട് പ്രാവശ്യം കേട്ടാൽ എനിക്കും സന്തോഷമാണ്. ടി.വി. യിലൊക്കെ കേൾക്കുമ്പോൾ ആളുകൾ ഓർക്കും അവിടെ എന്തൊക്കെയോ വലിയ കാര്യങ്ങൾ കിട്ടി എന്ന്. ഒരുപാട് അദ്ധ്വാനിച്ചാൽ മാത്രമേ ഈ പ്രോജക്ടുകൾക്ക് എ.എസ്. കിട്ടുകയു ള്ളൂവെന്നും പ്രായോഗികമാക്കി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂവെന്നും നമുക്കറിയാം. പക്ഷേ ഇതൊക്കെ അവതരിപ്പിക്കുന്ന സമയത്ത് എല്ലാവർക്കും എന്തെങ്കിലുമൊക്കെ കിട്ടി എന്നൊരു തോന്നൽ ഉണ്ടാക്കുന്നത് എപ്പോഴും നല്ലതാണ് എന്നുള്ള ഒരഭിപ്രായം എനിക്കുണ്ട്.

മൂവാറ്റുപുഴയെ സംബന്ധിച്ച് ഞാൻ ചില നിർദ്ദേശങ്ങളൊക്കെ വച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റ് പോകുന്ന പോക്കിൽ അവിടെയൊരു ഒരു ജനറൽ ഹോസ്പിറ്റൽ പ്രഖ്യാപിച്ചിരുന്നു. ജനറൽ ഹോസ്പിറ്റൽ എന്ന് വലിയ ബോർഡ് എഴുതി വച്ചിരിക്കുകയാണ്. പക്ഷേ അവിടെ ഒരു കാര്യവും നടന്നിട്ടില്ല. ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല. അവിടത്തെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. മന്ത്രിമാരായ ശ്രീ. അടൂർ പ്രകാശും ശ്രീ. വി. എസ്. ശിവകുമാറും അവിടം സന്ദർശിച്ചിരുന്നു. അവർ പറഞ്ഞതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി കൊടുത്തു. അതിനുവേണ്ടി ഞാൻ കയറിയിറങ്ങി പറഞ്ഞതാണ്. എന്നിട്ടും ഒരു നയാപൈസ അതിന് ബഡ്ജറ്റിൽ വച്ചിട്ടില്ല. അതുകൊണ്ട് ആ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനു വേണ്ടി ആവശ്യമായ തുക മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മൂവാറ്റുപുഴ ടൗൺ പാലം കേരളത്തിലെ ആദ്യത്തെ കോൺക്രീറ്റ് പാലമാണ്. സായിപ്പിന്റെ കാലത്ത് ഉണ്ടാക്കിയതാണ്. സെന്റിനറി ആഘോഷിക്കുകയാണ്. സെന്റിനറി ആഘോഷിക്കുന്ന ആ പാലം പുരാവസ്തുവായി പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് അതിന് വേണ്ടി പ്രത്യേകമായി പണം വകയിരുത്തി ഒരു സ്മാരകമാക്കി നിലനിർത്തുകയും അതിനെ ബലപ്പെടുത്തുകയും വേണം. അതുപോലെ തന്നെ മൂവാറ്റുപുഴയിൽ ഒരു ഐ.എ.എസ് അക്കാദമി എന്ന ആശയം, തിരുവനന്തപുരത്തും മലബാറിലും എറണാകുളത്തും എന്നുള്ളത് നേരത്തെ ഗവൺമെന്റ് തീരുമാനിച്ചിരുന്നതാണ്. എറണാകുളം നഗരത്തിൽ സ്ഥലം കിട്ടാതെ വന്നപ്പോൾ മൂവാറ്റുപുഴയ്ക്ക് കൊടുക്കാമെന്ന് പറഞ്ഞ് അത് സംബന്ധിച്ച് പേപ്പറുകളൊക്കെ നീങ്ങുകയും റിപ്പോർട്ടിൽ എത്തി നിൽക്കുന്നതുമാണ്. പക്ഷേ ഇതുവരെ അത് സംബന്ധിച്ച് പ്രഖ്യാപന

ങ്ങൾ ഒന്നുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മാണി സാർ ഞാൻ കൂടി വോട്ട് ചെയ്ത് ജയിപ്പിക്കുന്ന ഞങ്ങളുടെ എം.എൽ.എ.യാണ്. അതുകൊണ്ട് ഇത് അനുവദിച്ചുതരണമെന്ന വിനീതമായ അഭ്യർത്ഥനയാണുള്ളത്.

അതുപോലെതന്നെ മൂവാറ്റുപുഴയിൽ ഒരു ബൈപ്പാസിന്റെ കാര്യവും ഉന്നയിച്ചിരുന്നു. ബഡ്ജറ്റിൽ അത് ഉൾപ്പെടുത്തിയിട്ടുണ്ട്. പണം പിന്നീട് അനുവദിച്ചാൽ മതിയാകും. മറ്റു ചില നിർദ്ദേശങ്ങൾ എനിക്ക് വയ്ക്കാനുണ്ട്. സീറോ ലാൻഡ് ലെസ് സ്റ്റേറ്റ് പ്രോഗ്രാമിന് മൂന്നുകോടി രൂപ മാത്രമേ വച്ചിട്ടുള്ളു. അത് കേരളത്തിലെ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഒരു ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമാണ്. എന്റെ നിയോജകമണ്ഡലത്തിൽ അതിനുവേണ്ടി 515 പോയിന്റുകളിൽ മൂന്നു സെന്റ് വീതം ഭൂമി മാർക്ക് ചെയ്ത് മാറ്റിയിട്ടുണ്ട്. അതിനുവേണ്ടി നീക്കിവച്ചിരിക്കുന്ന മൂന്നുകോടി രൂപ അപര്യാപ്തമായതുകൊണ്ട് കൂടുതൽ തുക വകയിരുത്തണം. ഈ വർഷം ഓഗസ്റ്റ് 31-ന് സ്ഥലങ്ങൾ പ്രഖ്യാപിക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുള്ളതാണ്.

അതുപോലെതന്നെ കൺസ്യൂമർ ഫെഡ് കഴിഞ്ഞ വർഷങ്ങളിൽ അത്യപൂർവ്വമായ ഇടപെടലാണ് മാർക്കറ്റിൽ നടത്തിയിരിക്കുന്നത്. ആ ഇടപെടൽ കേരളത്തിലെ പൊതുവിപണിയിൽ വില പിടിച്ചുനിറുത്തുന്നതിന് വളരെയധികം സഹായിച്ചതാണ്. അവരുടെ ത്രിവേണി സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി എന്നിവയിലൂടെയൊക്കെ സബ്സിഡി നിരക്കിൽ സാധനങ്ങൾ കൊടുത്ത് ഏറ്റവും സജീവമായ സാന്നിധ്യമായിരിക്കുകയാണ്. അവർക്ക് വളരെ കുറച്ച് പൈസ മാത്രമേ കൊടുത്തിട്ടുള്ളു. സബ്സിഡി കൊടുത്ത വകയിൽ അവർക്ക് ഗവൺമെന്റ് കൊടുക്കാനുള്ളത്

450 കോടി രൂപയാണ്. ഇപ്പോൾ 5.6 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. അവർക്ക് 100 കോടി രൂപയെങ്കിലും മാറ്റിവയ്ക്കണം.

അതുപോലെതന്നെ ശബരി റെയിൽപ്പാതയെ സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. ഒരു വ്യക്തതയും അക്കാര്യത്തിൽ വന്നിട്ടില്ല. ശബരി റെയിൽപ്പാതയ്ക്കുവേണ്ടി പത്തും ഇരുപതും വർഷമായി ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ സ്ഥലമൊക്കെ മാർക്ക് ചെയ്ത് മാറ്റിയിരിക്കുന്നതുകൊണ്ട് ആളുകൾക്ക് ഒന്നും ചെയ്യാൻ കഴിയാതെ മഹാദുരിതത്തിലാണ്. വീട് മേയാൻ പോലും കഴിയാത്ത അവസ്ഥയിലാണ്. അക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഒരു തീരുമാനം എടുക്കേണ്ടതാണ്. വിശ്വകർമ്മജർക്കുള്ള പെൻഷന്റെ കാര്യം, ബി.പി.എൽ-കാരുടെ കാര്യം മാത്രമാണ് പറഞ്ഞിരിക്കുന്നത്. മൂന്നുലക്ഷം രൂപ വരെ വരുമാനമുള്ള ആളുകൾക്ക് കൂടി ആ പെൻഷൻ കിട്ടാനുള്ള നടപടി കൂടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് കുറച്ചു കൂടി പണം വകയിരുത്തണം.

മീനച്ചിൽ റിവർ വാലി പ്രോജക്ട് - എനിക്ക് അത് വളരെ സന്തോഷമുള്ള കാര്യമാണ്. മീനച്ചിലാറ്റിൽക്കൂടി വെള്ളമൊഴുകുകയും എല്ലാവർക്കും വെള്ളം കിട്ടുകയും ചെയ്യുന്നത് നല്ല കാര്യമാണ്. അതിനുവേണ്ടി രണ്ടുമൂന്ന് പ്രോജക്ടുകൾ നിലവിലുണ്ടായിരുന്നു. മീനച്ചിൽ റിവർ വാലി പ്രോജക്ടിനെപ്പറ്റി ഞാൻ ചെറുപ്പം മുതൽ കേൾക്കുന്നതാണ്. പല കാരണങ്ങളാൽ ഇന്നുവരെ അത് സാധിതപ്രായമായിട്ടില്ല. അതിനുവേണ്ടി രണ്ടുമൂന്ന് നിർദ്ദേശങ്ങളുണ്ടായിരുന്നു. ആദ്യത്തെ നിർദ്ദേശം **കളത്തൂക്കടവിൽ** ഒരു അണകെട്ടി അവിടെ നിന്നും വെള്ളം കൊണ്ടുവരുന്നത്, രണ്ടാമത്തേത്, അടുക്കത്ത് അണകെട്ടി വെള്ളം തടഞ്ഞുനിർത്തി വേനൽക്കാലത്ത് വെള്ളം കൊണ്ടുവ

രുന്നത്. ഈ രണ്ടു നിർദ്ദേശങ്ങൾക്കും എന്ത് സംഭവിച്ചുവെന്ന് അറിയില്ല. പുതുതായി വന്നിരിക്കുന്ന നിർദ്ദേശത്തെ സംബന്ധിച്ച് തൊടുപുഴയാറ്റിൽ ഒരു തുരങ്കമുണ്ടാക്കി വെള്ളം മീനച്ചിലാറ്റിൽ കൊണ്ടുവരുന്നതാണ്. അത് സംബന്ധിച്ച് ഒരുപാട് ആശങ്കകൾ ഇപ്പോൾത്തന്നെയുണ്ട്. 'മൂവാറ്റുപുഴയാറിന് ഭീഷണിയായി വീണ്ടും മീനച്ചിലാർ' പത്രങ്ങളിലൊക്കെ വന്നുകഴിഞ്ഞു. സാധാരണഗതിയിൽ ഇവിടെനിന്ന് ഒഴുകുന്ന വെള്ളത്തിന്റെ അളവിൽ ഭീമമായ കുറവ് ഇപ്പോൾ വന്നിരിക്കുകയാണ്. ഏതാണ്ട് എഴുപത് മുതൽ എഴുപത്താറ് ദശലക്ഷം ലിറ്റർ വെള്ളമാണ് മൂലമറ്റത്തുനിന്ന് മൂവാറ്റുപുഴയാറിലേയ്ക്ക് ഒഴുക്കുന്നത്. ഇതിൽ 32 ദശലക്ഷം ലിറ്റർ എം.വി.ഐ.പി.ക്ക് വേണം. ബാക്കിയുള്ള ജലത്തെ ആശ്രയിച്ച് 27 ഇറിഗേഷൻ പദ്ധതികളും 16 കുടിവെള്ള പദ്ധതികളുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ മൂലമറ്റത്തുനിന്ന് വെള്ളമൊഴുക്കിൽ വൻ കുറവ് വന്നതോടുകൂടി നദി വറ്റി വരളുകയാണ്. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് പത്ത് ദശലക്ഷം ലിറ്റർ വെള്ളം ആവശ്യമുണ്ട്. വൈക്കം പദ്ധതിക്കും കൊച്ചി ജൻറം പദ്ധതിക്കും പുതുതായി പന്ത്രണ്ട് ദശലക്ഷം വെള്ളം കൂടി പുഴയിൽനിന്ന് കണ്ടെത്തണം. ഇതുമൂലം വെള്ളം അടിത്തട്ട് തെളിയുന്ന വിധത്തിൽ താഴ്ന്നിരിക്കുകയാണ്. മൂവാറ്റുപുഴയാറിൽനിന്ന് വെള്ളം തടഞ്ഞുനിറുത്തുന്നതിന് അമ്പതിലധികം ചെക്ക്ഡാമുകളാണുള്ളത്. അതുകൊണ്ടുതന്നെ നദിയുടെ സ്വാഭാവിക ഒഴുക്കും തടസ്സപ്പെടും. ഇത്തവണ മൂവാറ്റുപുഴയാറ്റിലെ വെള്ളം താഴ്ന്നതുകൊണ്ട് ഓരുവെള്ളം കയറി കൃഷി നശിക്കുന്ന സാഹചര്യമുണ്ട്. പമ്പിംഗ് മുടങ്ങിക്കിടുകയാണ്. കുടിവെള്ളത്തിനും ജലസേചനത്തിനും എല്ലാം പ്രശ്നങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഇതു സംബന്ധിച്ച് ഇംപാക്ട് സ്റ്റഡി

നടത്തണം. ഇത് ഏതെങ്കിലും തരത്തിൽ മൂവാറ്റുപുഴയാറിനെയും അതുമായി ബന്ധപ്പെട്ട നിൽക്കുന്ന കുടിവെള്ള ജലസേചന പദ്ധതികളെയും ബാധിക്കുമോ എന്നുള്ളളതിനെ സംബന്ധിച്ച് പഠനം നടത്തി ഒരു ദോഷവും വരില്ലെന്ന് നാട്ടിലെ ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ മാത്രമേ അടുത്ത ഘട്ടത്തിലേയ്ക്ക് പോകാവൂ എന്ന് വളരെ വിനീതമായി ഓർമ്മിപ്പിക്കുകയാണ്. ഇതൊക്കെ നിർദ്ദേശങ്ങളായി മുന്നോട്ടുവച്ചിട്ടുള്ളതാണ്. കാര്യങ്ങൾ നടക്കുമ്പോൾ അതിന്റേതായ രീതിയിൽ നടന്നില്ലെങ്കിൽ ഒരുപാട് തെറ്റിദ്ധാരണകളും പ്രശ്നങ്ങളുമുണ്ടാകും. അതുകൊണ്ട് ഇത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഏഴൈ തോഴൻ ആണ് മാണി സാറെന്ന് ശ്രീ. ശക്തൻ ഇവിടെ പറയുകയുണ്ടായി. മാണി സാറിന്റെ ബഡ്ജറ്റ് തൃശൂർ ജില്ലയ്ക്ക് നിരാശമാത്രമാണ് നൽകിയത്. എന്റെ മണ്ഡലത്തിലേയ്ക്ക് കിട്ടിയത് അവിടത്തെ മജിസ്ട്രേറ്റ് കോടതി വൈറ്റ്വാഷ് ചെയ്യാൻ നാല്പതിനായിരം രൂപയും കടവല്ലൂർ അന്യോന്യത്തിന് രണ്ട് ലക്ഷം രൂപയുമാണ്. അതാണ് എല്ലാവരുടെയും സ്ഥിതി. ശ്രീ. എം. പി. വിൻസെന്റ് ബഡ്ജറ്റിനെ അനുകൂലിച്ച് സംസാരിക്കാൻ തയ്യാറല്ല, ശ്രീ. റ്റി.എൻ. പ്രതാപൻ ബഡ്ജറ്റിനെ എതിർത്ത് സംസാരിക്കുമെന്നൊക്കെ പത്രത്തിൽ കണ്ടു. ഇവിടെ രാവിലെ തൊട്ട് സംസാരിച്ച ആളുകളുടെ കൂട്ടത്തിൽ ഒരാളുപോലും ഈ ബഡ്ജറ്റിനെ എതിർക്കാതെയും ചെറുതായിട്ടെങ്കിലും അവനവന്റെ ആത്മദു:ഖം പറയാതെയും പോയിട്ടില്ല. ഏറ്റവും അവസാനം ശ്രീ. എൻ എ. നെല്ലിക്കുന്നുപോലും എത്ര കരളലിയിക്കുന്ന വിധത്തിലാണ് അദ്ദേഹത്തിന്റെ സ്ഥിതി ഇവിടെ പറഞ്ഞത്.

അദ്ദേഹത്തിന്റെ ദു:ഖം ഇവിടെ പ്രകടിപ്പിച്ചു. ആ തരത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പഴയ കാലമൊക്കെ ആലോചിച്ച് അയവിറക്കിയിരിക്കാമെന്നല്ലാതെ വേറെ നിവൃത്തിയൊന്നുമില്ല. പതിനൊന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ച് മാണിസാർ റെക്കോർഡിലേയ്ക്ക് കടക്കുകയാണ്. ഇനിയും മൂന്നുകൊല്ലമുണ്ട്. വേറെ കുഴപ്പമൊന്നുമുണ്ടായില്ലെങ്കിൽ ആ മൂന്ന് കൊല്ലം കൂടി ഈ തരത്തിലാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതെങ്കിൽ ഞങ്ങളുടെ കാര്യം പോക്കാണ്. എന്തായാലും ഈ ഗവൺമെന്റിന് അതിന്റെ തലയിൽ ചൂടാൻ ഒരു തൂവലും ഈ ബഡ്ജറ്റും ഇതുവരെയുള്ള ഭരണവും നൽകുന്നില്ല. എന്തായാലും രണ്ടുമേഖലയിലെങ്കിലും ഇത് പ്രകടമായി കാണുന്നുണ്ട്. കറണ്ടിന്റെ കാര്യം എല്ലാവർക്കും അറിയാം. എസ്.എസ്.എൽ.സി. പരീക്ഷ തുടങ്ങുന്നതിന്റെ തലേദിവസംമുതൽ കറന്റ് കട്ട് ഉണ്ടാകില്ലെന്ന് പറഞ്ഞെങ്കിലും അന്ന് നാലുപ്രാവശ്യം കറന്റ് പോയപ്പോൾ ആളുകൾ എന്നെ വിളിച്ചു. ഞാൻ കെ.എസ്.ഇ.ബി. ഓഫീസിലേയ്ക്ക് വിളിച്ചപ്പോൾ അവിടെ നിന്ന് കിട്ടിയ മറുപടി പത്രത്തിൽ ഞങ്ങളും കണ്ടു, പക്ഷേ ഞങ്ങൾക്ക് ഉത്തരവ് കിട്ടിയിട്ടില്ല എന്നാണ്. ചില വാർത്തയൊക്കെ കേൾക്കുമ്പോൾ അത്ഭുതപ്പെടുകയാണ്. ഇന്നലത്തെയും ഇന്നത്തെയുമൊക്കെ പത്രത്തിൽ ഡൽഹിയിൽ നിന്ന് വിമാനത്തിൽ കയറി കേരളത്തിലേയ്ക്ക് സ്വർണ്ണമാല പൊട്ടിക്കാൻ ആളുകൾ വരുന്ന കാലം, കേട്ടിട്ടുണ്ടോ എവിടെയെങ്കിലും? അത്രയ്ക്ക് സുഖമാണ് ഇവിടെ. ഇവിടെ വന്ന് മോഷ്ടിക്കാനും പിടിച്ചുപറിക്കാനുമൊക്കെ നല്ല കാലം. എന്റെ പ്രിയപ്പെട്ട സുഹൃത്ത് കൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തരമന്ത്രിയായിരിക്കുമ്പോൾ വന്നുപെട്ടിരിക്കുന്ന അവസ്ഥയാണിത്. ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ നടക്കുന്നത് അഴിമതിയാണ്. അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുക

യാണ് കേരളം. ഏറ്റവും വലിയ അഴിമതി നടക്കുന്നത് എക്സൈസ് വകുപ്പിലാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്ന സമയത്ത് എക്സൈസ് മന്ത്രി ഒരു നയം പ്രഖ്യാപിക്കുകയുണ്ടായി. ഒരു ചോദ്യത്തിന് ഉത്തരമായിത്തന്നെ അദ്ദേഹം പറഞ്ഞത് മദ്യത്തിന്റെ വ്യാപകമായ ലഭ്യത ജനങ്ങളിൽ പ്രത്യേകിച്ച് യുവാക്കളിൽ മദ്യപാനാസക്തി വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാകയാൽ മദ്യാപാനാസക്തി കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യപ്രാപ്തിക്കായി ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്നാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ നടപടികളും പൂർത്തീകരിച്ചിരുന്ന ബിവറേജസ് കോർപ്പറേഷന്റെ 15 ഔട്ട്ലെറ്റുകൾ തുടരുന്നില്ലെന്ന് പറഞ്ഞപ്പോൾ നമ്മൾ കരുതി ആ വഴിക്കാണ് അദ്ദേഹത്തിന്റെ യാത്ര. പക്ഷേ ഒട്ടും വൈകാതെതന്നെ കേരളത്തിലെ കള്ളുഷാപ്പുകളെല്ലാം അടച്ചുപൂട്ടുന്ന അവസ്ഥയിലേക്ക് വന്നു. ഇത് ബാർ മുതലാളിമാർക്കുവേണ്ടിയാണെന്നുള്ളത് പിന്നീടാണ് മനസ്സിലായത്. അദ്ദേഹത്തിന്റെയും ഗവൺമെന്റിന്റേയും നയത്തിലുള്ള ഒരു വൈകല്യം ഞാൻ പറയാം. ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് എനിക്ക് ലഭിച്ച മറുപടി 'ഉണ്ട്' എന്നുള്ളതാണ്. 945 നാർക്കോട്ടിക് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ടോ? ലഹരി വസ്തുക്കളുടെ ഉപയോഗം യുവാക്കളിൽ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കൂടുതൽ പ്രത്യേകം കോടതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; ഇല്ല, അത്തരത്തിലുള്ള യാതൊരു ഉദ്ദേശവും ഈ ഗവൺമെന്റിനില്ല.

ഇവിടെ മദ്യനയത്തിന്റെ കാര്യത്തിൽ പറയുന്നത് ഒന്നും ചെയ്യുന്നത് വേറൊന്നുമാണ്. ഇവിടെ നഗര മദ്യത്തിലുള്ള ബിവറേജസ് ഔട്ട്ലെറ്റുകളെല്ലാം ഉള്ളിലേക്ക് മാറ്റുമെന്ന് പറഞ്ഞപ്പോൾ കരുതിയത് ഇത് നഗരത്തിൽനിന്ന് മാറ്റുമ്പോൾ തിക്കും തിരക്കും ഒഴിവാകുമെന്നാണ്. എന്നാൽ വസ്തുത അങ്ങനെയല്ല. ബിവറേജസ് കോർപ്പറേഷന്റെ ഒട്ട്ലെറ്റുകളും കള്ളുഷാപ്പുകളും അടച്ച്പൂട്ടി ബാർ മുതലാളിമാർക്കുവേണ്ട ഒരു വഴിയൊരുക്കലാണ് ഈ മന്ത്രി ചെയ്യാൻ തുടങ്ങിയത്. കേരളത്തിലെ മുഴുവൻ കള്ള് വ്യവസായവും തകർന്നു. അത് ഇനി രണ്ടാമതും വരാൻ പ്രയാസമാണ്. അത് തകർത്ത് ഒതുക്കിയശേഷമാണ് മറ്റ് കാര്യങ്ങളിലേക്ക് കടന്നത്. എല്ലാ മദ്യപാനികളേയും മദ്യപാനം തുടങ്ങിയിട്ടില്ലാത്തവരേയും തുടങ്ങാനിരിക്കുന്നവരേയും അല്ലെങ്കിൽ തുടക്കത്തിലുള്ളവരെയുമെല്ലാം ബഹുമാനപ്പെട്ട മന്ത്രി ബാറിലേക്ക് നയിക്കുകയാണ്. അധികാരത്തിൽ വന്ന് രണ്ട് കൊല്ലത്തിനുള്ളിൽ സ്വന്തം നാട്ടിലുൾപ്പെടെ 54 പുതിയ ബാറുകളാണ് ആരംഭിച്ചത്. അങ്ങനെയാണ് ഞാനിവിടെ എഴുതിക്കൊണ്ടുവന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട് എന്നുള്ള ചോദ്യത്തിന് ഇന്ന് രാവിലെ ലഭിച്ച മറുപടി ഇതാണ് - 59 ബാറുകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്. കോടതിയുടെ പേര് പറഞ്ഞുകൊണ്ട് ആരുമറിയാതെ കുറച്ച് ദിവസത്തിനുള്ളിൽ ഇത്തരത്തിൽ ലൈസൻസ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ നാട്ടിൽ ഒരു ബാർ അനുവദിച്ചത് പതിനാല് ദിവസത്തിനുള്ളിലാണ്. അതൊരു റെക്കോർഡാണ്. എക്സൈസ് മന്ത്രിയുടെ മണ്ഡലത്തിൽ പുതിയ ബാർ അനുവദിച്ചത് സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നു.

അതുപോലെതന്നെ ബാർ ലൈസൻസ് നൽകിയത് പതിനാറ് അപേക്ഷകൾ മറികടന്നാണ്. ഇതിനുമുമ്പുള്ള അപേക്ഷകളെല്ലാം മറികടന്ന് 14 ദിവസം കൊണ്ടാണ് ഒരു ബാർ അനുവദിച്ചത്. സ്വന്തം നാട്ടിലായാലും മറ്റെവിടെയാ യാലും ബാറുകൾ അനുവദിക്കുന്നതിലും മറ്റ് ഔട്ട്ലെറ്റുകൾ പൂട്ടുന്ന കാര്യ ത്തിലായാലും എന്ത് താൽപ്പര്യമാണ് മന്ത്രി കാണിക്കുന്നത്. പിന്നെ കേട്ടത് ഒരു പുതിയ കഥയാണ്. എക്സൈസ് വകുപ്പുമന്ത്രിയുടെ ഇടയിക്കിട യ്ക്കുള്ള പ്രസ്താവനകൾ നമ്മൾ പത്രത്തിൽ കാണുകയാണ്. അദ്ദേഹം വളരെ ആത്മാർത്ഥമായിട്ടാണ് ഇത് പറയുന്നതെന്ന് നമുക്ക് തോന്നും. അദ്ദേഹം പറയുന്നത് ഇക്കൊല്ലം മുതൽ ത്രി സ്റ്റാറില്ല, അടുത്തകൊല്ലം മുതൽ ഫോർ സ്റ്റാറില്ല, പിന്നത്തെ കൊല്ലം മുതൽ ഫൈവ് സ്റ്റാറില്ല, പിന്നെ ഒരി ക്കലും ബാറില്ല - ഇതിങ്ങനെ ആവർത്തിച്ചാവർത്തിച്ച് പറയുന്നത് കേട്ടപ്പോൾ നമ്മൾ കരുതിയത് അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു മദ്യവിരുദ്ധ ആശയം വന്നി ട്ടുണ്ടായിരിക്കുമെന്നാണ്. യഥാർത്ഥത്തിൽ എന്താണ് വസ്തുത? ആർക്കൊ ക്കെ ലൈസൻസ് വേണമെന്നുവച്ചാൽ വേഗം വരൂ, എന്നെ കാണൂ, ബന്ധപ്പെ ടേണ്ടവരുമായി ബന്ധപ്പെടൂ, ബാറുകൾ സ്വീകരിക്കൂ, ഇനി വൈകരുതേ, വരൂ, വരൂ........ അതല്ലേ ഇവിടെ നടക്കുന്നത്? 59 ബാറുകൾ അനുവദിച്ചു എന്ന് പറഞ്ഞാൽ അതിനർത്ഥമെന്താണ്? അദ്ദേഹം ബാറുകൾ കൊടുക്കാ തിരിക്കുകയല്ലല്ലോ ചെയ്തത്; ബാറുകളുടെ എണ്ണം കുറയ്ക്കുകയല്ലല്ലോ ചെയ്തത്. 15 ഔട്ട്ലെറ്റുകൾ നിറുത്തിവച്ചുകൊണ്ട് 59 ബാറുകൾ കൊടുക്കു കയല്ലേ ചെയ്തത്. ഒരു ബാറിന് ഇരുപത്തിയഞ്ച് ലക്ഷം രൂപ വച്ച് പതിമൂ ന്നരക്കോടി രൂപയുടെ അഴിമതികൾ നടന്നിട്ടുണ്ടെന്നാണ് നാട്ടിലെല്ലാവരും പറയുന്നത്. 54 ബാറുകളുടെ കണക്കാണ് ഞാനിവിടെ പറഞ്ഞത്. ഇതു

മായി ബന്ധപ്പെട്ട് നാട്ടിൽ മുഴുവൻ ആക്ഷേപമാണ്. ഇപ്രകാരം പറയുന്നത് പ്രതിപക്ഷത്തെ അംഗങ്ങളല്ല, ഭരണപക്ഷത്തെ ബന്ധപ്പെട്ടവർതന്നെയാണ് ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതുകഴിഞ്ഞ് 16-1-2013-ൽ മുഖ്യമന്ത്രിയുടെ പത്രസമ്മേളനമുണ്ടായിരുന്നു. അതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ആ പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി പറയുന്നു, നിലവിലുള്ള ബാറുകളുടെ ലൈസൻസ് പുനഃപരിശോധിക്കാൻ മന്ത്രിസഭ തീരുമാനിച്ചു, ഇതിനായി ഒരു ഉന്നതതല സമതിയെ നിയോഗിക്കും. എന്നുവച്ചാൽ പുതിയ ബാറുകൾ കൊടുക്കുകയല്ല, നിലവിലുള്ള ബാറുകളുടെ തന്നെ ലൈസൻസ് പുനഃപരിശേധനയ്ക്ക് വിധേയമാക്കും. ഈ നിമിഷം വരെ അങ്ങനെ ഒരു സമിതിയേയോ അതിന്റെ ടേംസ് ഓഫ് റഫറൻസോ നിശ്ചയിച്ചിട്ടില്ല. പിന്നെ എന്തിനാണ് മുഖ്യമന്ത്രി നേരിട്ട് ഇങ്ങനെയൊരു പ്രസ്താവന നടത്തിയത്? നിലവിലുള്ള ബാറുകൾ സുരക്ഷിതമാണെന്ന് നിങ്ങൾ കരുതണ്ട, നിങ്ങൾക്ക് നിങ്ങളുടെ ബാറുകൾ തുടരണമെങ്കിൽ കാണേണ്ടവരെ വേഗത്തിൽ വന്ന് കണ്ടോ എന്നുള്ളതല്ലേ ഈ പറഞ്ഞതിന്റെ അർത്ഥം? ഇതുവരെ പുനഃപരിശോധനയുടെ കാര്യം നമ്മളാരും കേട്ടിട്ടില്ല. നാട്ടിൽ പറഞ്ഞുനടക്കുന്ന ഒരു കഥ ഞാൻ പറയാം. യൂത്ത് കോൺഗ്രസിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ആ തെരഞ്ഞെടുപ്പിൽ രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള സ്ഥാനാർത്ഥിയെ തോൽപ്പിക്കുന്നതിനുവേണ്ടി വിപുലമായ പിരിവ് നടക്കുന്നുണ്ടെന്നും, കേരളത്തിലെ മുഴുവൻ ബാറുകളിലും ഈ വിഭാഗം കയറിയിറങ്ങിക്കൊണ്ടിരിക്കുകയാണെന്നും അഞ്ച് ലക്ഷം രൂപ വച്ച് മൂന്നര കോടി രൂപ ശേഖരിക്കാൻ വേണ്ടിയാണ് ഈ പദ്ധതിയെന്നും അതിന്റെ ഭാഗമായിട്ടാണ് നിലവിലുള്ള ബാറുകളുടെ ലൈസൻസ്

പുനഃപരിശോധിക്കുമെന്നുള്ള പ്രസ്താവന, അസ്ഥാനത്തുള്ള പ്രസ്താവന നടത്തിയത്. പിന്നീട് അതിനൊരു പരിശോധനയോ, ഒരു സമിതിയോ, ടേംസ് ഓഫ് റഫറൻസോ യാതൊന്നുംതന്നെ ഉണ്ടായിട്ടില്ല. യൂത്ത് കോൺഗ്രസ്സിലെ വിശാല ഐ ഗ്രൂപ്പ് ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള സ്ഥാനാർത്ഥിയെ തോൽപ്പിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് പിരിവിനുവേണ്ടി യാണെന്നുള്ളതാണ് അപ്പുറത്തിരിക്കുന്ന ആളുകളടക്കം പറയുന്നത്. ഇവിടെ അഴിമതി അതിരുകടക്കുകയാണ്. അഴിമതി ചില ഗ്രൂപ്പുകളുടെ അജണ്ടയായി മാറുകയാണ്. കാണേണ്ടവരെയെല്ലാം കണ്ടാൽ ഇതൊന്നും ഒരു പ്രശ്നമല്ല എന്നുള്ള രീതിയിലാണ് ഇക്കാര്യങ്ങൾ പോകുന്നത്. എന്താണ് ഇപ്പോൾ സംഭവിക്കുന്നത്? ആവശ്യക്കാർ കോടതിയെ സമീപിച്ച് ദുർബലമായി സർക്കാർ കൊണ്ടുവന്ന വകുപ്പുകൾ, ആ വകുപ്പുകളെ കോടതിയെക്കൊണ്ട് വിമർശിപ്പിച്ച് ലൈസൻസ് കൊടുക്കുകയല്ലേ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കു ന്നത്. നിങ്ങൾ കോടതിയിൽ പോകണമെന്നാണ് ഗവൺമെന്റ് ഉപദേശിക്കു ന്നത്. എന്റെ നാട്ടിൽ ഒരാൾ ബാറിന് അപേക്ഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ലഭിച്ച ഉപദേശം ഇപ്രകാരമാണെന്ന് നാട്ടിലെല്ലാവരോടും അദ്ദേഹം പറഞ്ഞു. നിയമപരമായി ഒരു നിലനിൽപ്പുമില്ലാത്ത വ്യവസ്ഥകൾ കാണിച്ച് സർക്കാർ ഉത്തരവ് ഇറക്കുന്നു, ആ ഉത്തരവ് കോടതി പിന്നീട് പരാമർശിക്കപ്പെടുന്നു, പരിഹസിക്കപ്പെടുന്നു, വിമർശിക്കപ്പെടന്നു, അതിനെ തള്ളിക്കളയുന്നു. അതി നുശേഷം ഇവരുടെ കാര്യം പരിശോധിക്കാമെന്ന് മാത്രം പറയുകയാണ്. പരിശോധിക്കുക എന്നുപറഞ്ഞാൽ കോടതി ഉത്തരവ് കണക്കിലെടുത്ത് ലൈസൻസ് കൊടുക്കുകയാണെന്ന് വ്യാഖ്യാനിച്ച് ലൈസൻസ് നൽകുന്ന ഒരു പണിയല്ലേ ഇപ്പോൾ നടക്കുന്നത്? ഇവിടെ വലിയ അഴിമതിയാണ് നട ക്കുന്നത്. ഇതിനിടയിൽ മന്ത്രിയുടെ തന്നെ പല പ്രസ്താവനകളും വന്നു.

ഹൈക്കോടതി മദ്യനയത്തിന്റെ ചിറക് അറിഞ്ഞു - മന്ത്രി ശ്രീ. ബാബു. ഇവിടെ ഹൈക്കോടതിയെ കുറ്റപ്പെടുത്തുകയാണ്. ഞങ്ങളാരുമല്ല ബാറുകൾ നൽകുന്നത്. ഹൈക്കോടതിയാണ് അത്തരത്തിലുള്ള ബാറുകൾ നൽകാൻ നിർബന്ധിക്കുന്നത് എന്നുള്ള രീതിയിൽ മന്ത്രിയുടെ പ്രസ്താവന കൾ വരുകയാണ്. ഇവിടെ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുക യുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ഇത് ഫയൽ ചെയ്തിട്ടു ണ്ട്. പക്ഷേ കോടതി അപേക്ഷകന് അനുകൂലമായ നിലപാടാണ് എടുത്തിട്ടു ള്ളത്. ഗതികെട്ട് ശ്രീ. വി.എം സുധീരനുപോലും ഇതിനെ വിമർശിക്കേണ്ടിവ ന്നു. ബാർ ലൈസൻസ് അഴിമതി സി.ബി.ഐ. അന്വേഷിക്കണമെന്നുള്ളത് ശ്രീ. വി.എം സുധീരന്റെ പ്രസ്താവനയാണ്. ഇക്കാര്യം മലയാള മനോരമ യിൽ വന്നതാണ്. ഇതിൽ കോൺഗ്രസ്സും യു.ഡി.എഫ്-ഉം യാതൊരു പ്രതി കരണവും നടത്തിയില്ല. ഒരു അഴിമതിയും നടന്നിട്ടില്ലെന്ന് അവരെ ബോധ്യ പ്പെടുത്താനെങ്കിലും ആരെങ്കിലും ശ്രമിച്ചോ? ഇവിടെ കോടതിതന്നെ ഈ പരാമർശങ്ങൾ കേട്ടുകൊണ്ട് സംശയം പറയുന്നു. അബ്കാരി കേസിൽ മന ഃപൂർവ്വം വീഴ്ച വരുത്തുന്നുണ്ടോയെന്ന് ഇവിടെ ഹൈക്കോടതിതന്നെ സംശയം പ്രകടിപ്പിക്കുകയാണ്. ഇതൊരു അഡ്ജസ്റ്റുമെന്റാണ്. ഇത് കോട തിയിൽ ഗവൺമെന്റ് തന്നെ തികച്ചും ദുർബലമായ, എവിടെയും നില നിൽക്കാത്ത വ്യവസ്ഥകൾ കൂട്ടിച്ചേർത്ത് അത് കോടതിക്ക് മുമ്പാകെ എത്തിച്ച് കോടതിയെക്കൊണ്ട് വിമർശനമുന്നയിപ്പിക്കുകയാണ്. ഇതുപോലെ തന്നെയാണ് ബാർ ലൈസൻസ് മാറ്റി കൊടുക്കുന്നതും. 20 ബാർ ലൈസൻസുകൾ മാറ്റിക്കൊടുത്തു. നിലവിലുള്ള ലൈസൻസിക്ക് പുല ബന്ധം പോലുമില്ലാത്ത ആളുകൾക്കാണ് ചട്ടം ലംഘിച്ചുകൊണ്ട് ബാർ

ലൈസൻസുകൾ മാറ്റി ക്കൊടുത്തത്. ഇത് അഴിമതിയാണെന്നുള്ളത് എല്ലാവർക്കുമറിയാം. പുതിയ പാർട്ട്ണർമാരെ അനുവദിക്കുന്ന കാര്യത്തിലും ഇതേരീതിയിൽ തന്നെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. ബിവറേജസ് കോർപ്പറേഷന് മദ്യം വിതരണം ചെയ്യുന്ന മദ്യകമ്പനികളുമായി ഗൂഢാലോചനകൾ നടത്തി വിദേശ മദ്യത്തിന്റേയും വൈനിന്റേയും വില ആറ് ശതമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് ഇവിടെ ഏറ്റവും വലിയ അഴിമതി നടത്തിയത്. ഇത് പത്ത് ശതമാനം വരെ വർദ്ധിപ്പിച്ച് കൊടുക്കുന്നതിന്റെ ചർച്ചകൾ നടക്കുകയാണ്. മദ്യക്കമ്പനികളുടെ ആവശ്യമെന്താണ്? മദ്യക്കമ്പനികൾ ക്വാട്ട് ചെയ്യുന്ന വില കോർപ്പറേഷൻ സ്വീകരിക്കുന്ന തരത്തിൽ ഫ്രീ പ്രൈസിംഗ് എന്ന മെത്തേഡ് നടപ്പിലാക്കണമെന്നാണ് ഇന്ന് രാവിലെ നൽകിയ മറുപടിൽ പറഞ്ഞത്. ഇവിടെ ഇത് അനുവദിക്കുന്നതിനെക്കുറിച്ചുള്ള ഗൂഢാലോചന നടക്കുകയാണ്. ഈ പറയുന്ന മദ്യകമ്പനികൾതന്നെ വില നിശ്ചയിച്ച് അത് കോർപ്പറേഷൻ സ്വീകരിക്കുന്ന തരത്തിൽ ഫ്രീ പ്രൈസിംഗ് നടപ്പിലാക്കുന്ന കാര്യമടക്കമുള്ള കാര്യത്തിൽ വലിയ അഴിമതി നടന്നിട്ടുണ്ട്. നൂറ് കോടി രൂപ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ദുബായിൽ വച്ച് കൊടുക്കൽ വാങ്ങൽ നടന്നിട്ടുണ്ട്.

വിജയ്മല്യ എന്ന് പറയുന്ന മദ്യരാജാവ് അതിന്റെ ഇടനിലക്കാരനായി പ്രവർത്തിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായ ഷാഫി മേത്ത അടക്കമുള്ള ആളുകൾ അതിൽ ബന്ധപ്പെട്ടിട്ടുണ്ട്. ഇവിടെ ഒരുപാട് മുഖ്യമന്ത്രിമാർ ഉണ്ടായിട്ടുണ്ട്. മുഖ്യമന്ത്രിക്ക് ഒരു സാമ്പത്തിക ഉപദേഷ്ടാവ് എന്നുള്ള ഏർപ്പാട് ഇതിനുമുമ്പ് കേട്ടതായി അറിവില്ല. ഇപ്പോഴാണ് ആദ്യമായി വന്നത്. അത് എന്തിനുവേണ്ടിയായിരുന്നുവെന്ന കാര്യം സംബന്ധിച്ച് ഒരു ചെറിയ തപ്പലുണ്ടായിരുന്നു. ഇപ്പോൾ ക്ലിയറായി.

ഈ ഇടപാടിൽ ഈ പറയുന്ന ആളുകളെല്ലാം ബന്ധപ്പെട്ടതായി കാണുന്നുണ്ട്. ഒന്നാംഘട്ടം 100 കോടി രൂപ അവിടെവച്ച് കൈമാറി. ബാക്കി തുക കേരളത്തിൽ വച്ചാണ് കൈമാറപ്പെട്ടതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെതന്നെ കഴിഞ്ഞ 16 വർഷമായി ബിവറേജസിന്റെ മദ്യക്കുപ്പികളിൽ ഹോളോഗ്രാം പതിക്കുന്നത് സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റ് ആണ്. മൂന്നുവർഷം, അഞ്ചുവർഷം എന്ന രീതിയിലാണ് കരാർ പുതുക്കിക്കൊടുക്കുന്നത്. ഇപ്പോൾ ഇത് കർണ്ണാടകയിലെ ഒരു സ്വകാര്യ കമ്പനിക്ക് കൊടുക്കുന്നതിനുള്ള ഗൂഢാലോചന നടക്കുന്നുണ്ട്. എക്സൈസ് വകുപ്പുമന്ത്രിയും കമ്പനികളും കമ്പനി ഉടമകളുമായിട്ടുള്ള ഗൂഢാലോചന മുറുകിയിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ സി-ഡിറ്റ്-ന് മൂന്നുവർഷത്തേക്കോ അഞ്ചുവർഷത്തേക്കോ കരാർ പുതുക്കി കൊടുക്കുന്നില്ല. പകരം ഒരു മാസത്തേയ്ക്കും രണ്ടുമാസത്തേയ്ക്കും മൂന്നുമാസത്തേയ്ക്കും കരാർ പുതുക്കി കൊടുക്കുകയാണ്. സി-ഡിറ്റ്-നുതന്നെ കൊടുക്കുമെന്ന് മന്ത്രി ഉറപ്പിച്ച് പറയുന്നില്ല. ചർച്ചകൾ പുരോഗമിക്കുന്നു. ഒരു കാര്യംകൂടി മനസ്സിലാക്കണം. ബിവറേജസ് കോർപ്പറേഷന് മദ്യം സപ്ലൈ ചെയ്യുന്ന ഏതാണ്ട് 80 ശതമാനം കമ്പനികളും കർണ്ണാടകയിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളാണ്. കർണ്ണാടകയിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളിൽനിന്നും മദ്യം വാങ്ങുമ്പോൾ അവിടെയുള്ള സ്വകാര്യ കമ്പനിക്കുതന്നെ ഹോളോഗ്രാം പതിക്കുന്നതിനുള്ള അനുവാദം കൊടുത്താൽ അത് വലിയ അഴിമതിക്കാണ് കൂട്ടുനിൽക്കുന്നത്. ആ അഴിമതിക്കുവേണ്ട കളമാണ് ഇപ്പോൾ ഒരുങ്ങിയിട്ടുള്ളത്. ഒരു മാസത്തെ വ്യത്യാസം.............

<u>മി. സ്പീക്കർ</u>: പ്ലീസ്......... കൺക്ലൂഡ്............

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സി-ഡിറ്റ് 13.75 പൈസയ്ക്കാണ് ഒരു ഹോളോഗ്രാം ഒട്ടിക്കുന്നത്. പുതിയ കരാർ വരാൻപോകുന്നത് 23 പൈസയ്ക്കാണ്. ഈ കരാർ പ്രകാരം ഒരു മാസത്തെ വ്യത്യാസം 55,50,000 രൂപയാണ്. ഒരു വർഷത്തേയ്ക്ക് 6 കോടി 66 ലക്ഷം രൂപ വരും. അഞ്ചുവർഷത്തേയ്ക്ക് 33 കോടി 30 ലക്ഷം രൂപ വരും. ഹോളോഗ്രാം ഒട്ടിക്കുന്നതിന്റെ എണ്ണം ഇപ്പോഴുള്ളതുപോലെ ആണെങ്കിലാണ് ഈ കണക്ക് വരുന്നത്. പത്തു ശതമാനം വർദ്ധനവ് എല്ലാ വർഷവും നടക്കുന്നുണ്ട്. അങ്ങനെതന്നെ 40 കോടി 66 ലക്ഷം രൂപയുടെ വ്യത്യാസമാണ് സ്വകാര്യകമ്പനിമൂലം ഉണ്ടാകുന്നത്.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി.............

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എന്തിനാണ് സ്വകാര്യ കമ്പനിക്ക് കൊടുക്കാൻ ആലോചിക്കുന്നത്?

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. ബാബു എം. പാലിശ്ശേരി: ...............(മൈക്ക് ഓഫ്)...........

മി. സ്പീക്കർ: അദ്ദേഹത്തെ വിളിച്ചുകഴിഞ്ഞു. അവസാനിപ്പിക്കാൻ എത്ര പ്രാവശ്യം പറഞ്ഞു. എട്ട് മിനിട്ട് കഴിഞ്ഞു.

ശ്രീ. ബാബു എം. പാലിശ്ശേരി: ഒരു ആക്ഷേപം ഞാൻ ഉന്നയിച്ചതല്ലേ.

മി. സ്പീക്കർ: അതുകൊണ്ടാണ് എട്ട് മിനിട്ട് തന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഈ തരത്തിൽ എക്സൈസ് വകുപ്പിനകത്ത് വലിയ അഴിമതിയും കൊള്ളയുമാണ് നടക്കുന്നത്. പാലക്കാട് ചെക്ക് പോസ്റ്റുകൾവഴി കേരളത്തിലേയ്ക്ക് മദ്യം ഒഴുകുകയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ അതിന് കൂട്ടുനിൽക്കുന്നതായി

എക്സൈസ് വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ രീതിയിൽ............

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങ് സംസാരിച്ച് തുടങ്ങിക്കോളൂ.

ശ്രീ. ബാബു എം. പാലിശ്ശേരി: അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? അങ്ങനെ തയ്യാറാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ തെളിവുകൾ ഉത്തരവാദിത്തബോധത്തോടുകൂടി ആ കമ്മീഷന് മുമ്പിൽ കൊടുക്കുവാൻ തയ്യാറാണെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. ഈ ഗവൺമെന്റിനോട് ചോദിക്കുന്നു സിറ്റിംഗ് ജഡ്ജിയെവച്ച് ഒരന്വേഷണം നടത്താൻ.............

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, എനിക്ക് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച ആരോപണത്തിന് ഇന്നു തന്നെ മറുപടി പറയാൻ അവസരം നൽകണം.

മി. സ്പീക്കർ: I will call you. അങ്ങ് ഇരിക്കൂ. ഇനി രണ്ടുമൂന്ന് പ്രസംഗങ്ങൾകൂടിയുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഏറെ സംതൃപ്തിയോടുകൂടിയാണ് ഇവിടെ ഇരിക്കുന്നത്. ഒരു കുഞ്ഞ് പിറക്കുമ്പോൾ അമ്മ സഹിക്കുന്ന വേദനയും ദാനമായി നൽകേണ്ടിവരുന്ന രക്തവും അമ്മയ്ക്ക് സംതൃപ്തിയാണ്. അതുപോലെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷത്തുനിന്നുണ്ടാകുന്ന വിമർശനവും അവരുടെ വിയോജിപ്പുമൊക്കെ ഒരുപാട് ബഡ്ജറ്റ് അവതരിപ്പിച്ച് പാരമ്പര്യമുള്ള ധനകാര്യ വകുപ്പുമ

ന്ത്രി സംതൃപ്തിയോടെയാണ് കാണുന്നത്. ഈ ബഡ്ജറ്റ് കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തെ കൃത്യമായി അപഗ്രഥനം ചെയ്തുകൊണ്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ സവിശേഷത, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ദക്ഷിണേന്ത്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ച രീതിയിൽത്തന്നെ വളർച്ചാ നിരക്ക് സൂചിപ്പിക്കുന്നു. ആളോഹരി വരുമാനം വർദ്ധിച്ചിരിക്കുന്നു. ദാരിദ്ര്യം 12 ശതമാനമായി കുറഞ്ഞിരിക്കുന്നു. അതേസമയം ആളോഹരി കടവും വർദ്ധിച്ചിട്ടുണ്ട്. തൊഴിലില്ലായ്മയുമുണ്ട്. തൊഴിലില്ലായ്മയെക്കുറിച്ച് പരാമർശിക്കുമ്പോൾ ഏറ്റവും കൂടുതൽ ആളുകൾ മറുനാട്ടിൽനിന്ന് തൊഴിലിനുവേണ്ടി എത്തുന്നത് കേരളത്തിലാണ്. തൊഴിലുറപ്പ് പദ്ധതിയുടെ തുക ചെലവഴിക്കുന്ന കാര്യത്തിലാകട്ടെ അതും വേണ്ടത്ര ആശാവഹമല്ല. സ്വാഭാവികമായും, കേരളത്തിന്റെ പ്രത്യേകമായ പശ്ചാത്തലത്തെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒട്ടേറെ പ്രോജക്ടുകൾ നമുക്ക് കൊണ്ടുവരാൻ സാധിച്ചു. എമർജിംഗ് കേരളയും ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസുമൊക്കെ കേരളത്തിന് സാക്ഷ്യം വഹിക്കാൻ സാധിച്ചു. ഒരുപാട് മേജർ പദ്ധതികൾക്ക് തുടക്കം കുറിക്കുവാൻ സാധിച്ചു. കൊച്ചി മെട്രോ, വിഴിഞ്ഞം, മോണോ റെയിൽ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ കേരളത്തിന് ലോകത്തിനുമുന്നിൽ പ്രതീക്ഷയർപ്പിക്കാൻ കഴിയുന്ന ഒരുപാട് പദ്ധതികളുടെ തുടക്കം കുറിക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം നിഷേധിക്കുവാൻ കഴിയുകയില്ല. തൊഴിലില്ലായ്മയിൽ കേരളം ത്രിപുരയോടൊപ്പമാണ്. ഏകദേശം 14.3 ശതമാനം. 44,99,374 തൊഴിൽരഹിതരുള്ളതിൽ 39 ലക്ഷവും എസ്.എസ്.എൽ.സി.-ക്ക് മുകളിലുള്ളവരാണ്. ഇവ

രുടെ തൊഴിൽ മുന്നിലുള്ള ഒരു വിഷയമാണ്. അവിടെയാണ് ധനകാര്യ വകുപ്പുമന്ത്രി തന്റെ കഴിവ് പ്രകടിപ്പിച്ചത്. കേരളത്തിൽ ആ കഴിവ് പ്രകടിപ്പിക്കുമ്പോൾത്തന്നെ നമ്മുടെ വളർച്ചയുടെ നിദാനമായി നിൽക്കേണ്ടത്, ഏതൊരു രാജ്യത്തും സമർത്ഥമായ ഊർജ്ജശേഷിയാണ്. ജലവൈദ്യുത പദ്ധതികളെ നമ്മുടെ കാലാവസ്ഥ ഇന്ന് നിഷ്ക്രിയമാക്കുകയാണ്. കടലിലെ വെള്ളവും ആകാശത്തെ സൂര്യനേയും ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ പച്ചപ്പ് നിലനിർത്താൻ കഴിയുകയെന്നുള്ളതാണ് കേരളത്തിന് മുന്നിലുള്ളത്. അതിന് സൗരോർജ്ജം പരമാവധി വിനിയോഗിക്കുവാൻ നമുക്ക് സാധിക്കണം. ജലവൈദ്യുതപദ്ധതികളെമാത്രം ആശ്രയിക്കാനാവില്ല. ആ ഒരു തന്ത്രമാണ് വികസിത രാഷ്ട്രങ്ങളും വികസ്വര രാഷ്ട്രങ്ങളുമൊക്കെ ആശ്രയിച്ചത്. ഗ്രീൻ എനർജിയെ ആശ്രയിക്കുന്നുവെന്നാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിശേഷത. ഏറ്റവും കൂടുതൽ ഫൈവ്സ്റ്റാർ സോളാർ ഹോട്ടലുകൾവരെ പല വികസ്വര രാഷ്ട്രങ്ങളിലും ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിലും അതിനെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഭവനങ്ങളിൽ നികുതി ഇളവ് ചെയ്തുകൊടുക്കുകയാണ്. സോളാർ എനർജി ഉപയോഗപ്പെടുത്തുന്നുവെങ്കിൽ നികുതി ഇളവുവരെ കൊടുക്കുവാൻ ഒരു ഗവൺമെന്റ് തയ്യാറാകുകയാണ്. അതോടൊപ്പംതന്നെ ഫ്ളോട്ടിംഗ് സോളാർ പാനൽ സിസ്റ്റവും റൂഫ് ടോപ്പ് സിസ്റ്റവും കൊണ്ടുവന്നാൽ പരമാവധി ഗ്രീൻ എനർജിയെ പ്രോൽസാഹിപ്പിക്കുന്ന സാഹചര്യമുണ്ടാകും. കാർഷിക മേഖലയിൽ വളരെ വലിയ മുന്നേറ്റമാണ്. കേരളത്തിൽ കാർഷിക മേഖല കാണിക്കുന്നത് നെഗറ്റീവ് വളർച്ചയാണെന്ന് പറയുമ്പോഴും ഒരു സത്യം ഇവിടെയുണ്ട്. നമ്മുടെ ഭൂമിയുടെ കാർഷിക തോത് കുറഞ്ഞിരിക്കുന്നു. കാരണം, ഉൽപ്പാദിപ്പിക്കുന്ന ഭൂമിയുടെ അളവ് കുറഞ്ഞു. പക്ഷേ ഉൽപ്പാദനതോത് കൂടി

യിട്ടുണ്ട്. അരലക്ഷം ടൺ ഇത്തവണ കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. മുൻവർഷം 5,22,738 ടണ്ണാണെങ്കിൽ ഇപ്പോൾ **5,68,993** ടണ്ണാണ് ഉൽപ്പാദിപ്പിച്ചത്. ഉൽപ്പാദനക്ഷമത കൂടിയിട്ടുണ്ട്. ഭൂമിയുടെ അളവ് കുറഞ്ഞിട്ടുണ്ട്. ഈ രംഗത്ത് തീർച്ചയായും സർക്കാരിന് മുന്നോട്ടുപോകുവാൻ കൂടുതൽ പര്യാപ്തമാകുകയാണ്. ഇവിടെയാണ് ബുദ്ധിപൂർവ്വം സർക്കാർ ഇടപെടുന്നത്. പലിശരഹിത വായ്പ നൽകുന്നു. അതുപോലെ പലിശ എഴുതിത്തള്ളാൻ സംവിധാനമൊരുക്കുന്നു. സംയോജിത കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായം നൽകുന്നു. ഹൈടെക് രീതികളെ ആശ്രയിക്കുന്നു. മാർക്കറ്റിൽ ഇടപെടുന്നു. ശീതീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നു.

ഇങ്ങനെ കാർഷികരംഗത്ത് വളരെയേറെ ശക്തമായി ഇടപെടുക മാത്രമല്ല കേരകർഷകന്റെ രക്ഷയ്ക്കായി നീരയിലൂടെ ഒരു പുതിയ മുന്നേറ്റം നടത്തുവാൻ സർക്കാർ ആലോചിക്കുകയാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് യുവാക്കൾക്ക് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചുകഴിഞ്ഞു. ഇങ്ങനെ ഒട്ടേറെ വിലപ്പെട്ട പദ്ധതികളുമായി തൊഴിലില്ലായ്മയെ നേരിട്ട ഗവൺമെന്റ് കേരളത്തിൽ വേറെ ഉണ്ടായിട്ടില്ല. പ്ലേസ്മെന്റ് പോലെയുള്ള സ്റ്റാർട്ട്അപ് വില്ലേജും ഇന്നോവേഷൻ സെന്ററും ASAP-ഉം പേറ്റന്റുകളെ പ്രോത്സാഹിപ്പിക്കലും തുടങ്ങിയ മാത്രമല്ല വിദേശരാഷ്ട്രങ്ങളിൽ ജോലി അന്വേഷിക്കുന്ന കേരളത്തിലെ മനുഷ്യവിഭവശേഷിക്ക് ഭാഷാപരിജ്ഞാനം നൽകാൻ കഴിയുന്നവിധം പതിനാറു ഭാഷകളിൽ പരിജ്ഞാനം ലഭ്യമാക്കാൻ കഴിയുന്ന കഎഘഡ എന്നു പറയുന്ന ഇംഗ്ലീഷ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു കാമ്പസ് മലപ്പുറത്ത് തുടക്കമിട്ടിട്ടാണ് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്. വ്യവസായിക രംഗത്ത് എമർജിംഗ് കേരള ഒരു നല്ല

തുടക്കമായിരുന്നു. 52 രാഷ്ട്രങ്ങളിൽ നിന്ന് 2512 പ്രതിനിധികളാണ് എത്തിയത്. ഏകദേശം 27,252 കോടി രൂപ നിക്ഷേപമുണ്ടാകുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചത്. 10000-ത്തോളം കോടി രൂപയുടെ നിക്ഷേപത്തിന്റെ പ്രാഥമിക നടപടികളായിക്കഴിഞ്ഞു. കേരളത്തിന് ഏറെ പ്രതീക്ഷ അർപ്പിക്കാൻ കഴിയുന്ന ഒരു നിലവാരത്തിലേയ്ക്ക് അത് ഉയർന്നുവരികയാണ്. കഴിഞ്ഞ വർഷം ടെക്നോപാർക്കിൽ 59 പുതിയ കമ്പനികളാണ് കടന്നുവന്നത്. നമുക്കറിയാം, ഐ.ടി. മേഖലയിൽ കേരളത്തിന് വലിയ സംഭാവന നൽകാൻ കഴിഞ്ഞിട്ടില്ല. ഐ.ടി മേഖലയിൽ 1,60,000 കോടി രൂപ നമ്മുടെ രാജ്യത്ത് വരുമാനമായി വരുമ്പോൾ ഇവിടെ നിന്നും കിട്ടുന്നത് വെറും 2600 കോടി രൂപ മാത്രമാണ്. ഇപ്പോൾ 59-ഓളം കമ്പനികൾ കടന്നുവന്നു, 12,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഈ രംഗത്ത് വലിയ മാറ്റങ്ങളും പ്രതീക്ഷകളുമുണ്ടാവുകയാണ്. സ്മാർട്ട്സിറ്റി പോലുള്ള ഒരു പദ്ധതി ഇനിയും കേരളത്തിൽ ആരംഭിക്കാൻ തയ്യാറാണെന്നാണ് ഇന്നലെ എറണാകുളത്തെത്തിയ ബഹറൈൻ ക്രൗൺ പ്രിൻസ് എച്ച്.എച്ച്.അഹമ്മദ് അൽ ഖലീഫ പറഞ്ഞത്. അതൊരു വലിയ മുന്നേറ്റമാണ്. കാരണം, കേരളത്തിൽ അവർ പ്രതീക്ഷ അർപ്പിക്കുന്നു എന്നുള്ളതാണ്. ആ രീതിയിൽ നാട് വളർന്നുകൊണ്ടിരിക്കുകയാണ്. ഒരുഭാഗത്ത് ഐ.ടി.മേഖലയിൽ വലിയ വളർച്ചയ്ക്ക് വഴിയൊരുങ്ങുന്നു, തൊഴിലവസരങ്ങളുണ്ടാകുന്നു, എല്ലാ മേഖലയിലും മാറ്റങ്ങളുണ്ടാക്കാൻ സർക്കാർ ആഗ്രഹിക്കുന്നു. ഒരു ഭാഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമ്പോഴും മറ്റെല്ലാ മാറ്റങ്ങൾക്ക് വഴിതുറക്കുമ്പോഴും പാവപ്പെട്ടവന് ഒരുപാട് ആശ്രയമുണ്ടാക്കുന്ന അവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. ഭൂരഹിതരില്ലാത്ത കേരളം, അത് കേരളത്തിന്റെ സ്വപ്നമാണ്. 2,30,000 ഭൂരഹിതരാണ് ഭൂമിക്കായി അപേക്ഷ നൽകിയത്. ഒരു ലക്ഷം പേർക്ക് വരുന്ന ആഗസ്റ്റ് മാസത്തിൽതന്നെ

വീട് കൊടുക്കുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞു. പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണി ലിടമില്ല എന്ന കവിഭാവനയെ ധനകാര്യമന്ത്രി ശ്രീ. കെ.എം.മാണി മാറ്റിത്തിരു ത്തുകയാണ്. വരാനിരിക്കുന്ന ഏതാനും നാളുകൾക്കകം ആ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകാൻ പോകുകയാണ്. ഭൂരഹിതരില്ലാത്ത കേരളമുണ്ടാവുകയാ ണ്, പന്ത്രണ്ട് ലക്ഷത്തോളം വീടുകൾ നൽകുമെന്നതാണ് നയം. മൂന്നു ലക്ഷം വീടുകളാണ് ഈ വർഷം നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. ഇതൊരു ചെറിയ മുന്നേറ്റമല്ല. വീടുകളുണ്ടാക്കുന്നു, പാവപ്പെട്ടവന് കിടന്നുറങ്ങാൻ സ്ഥലമുണ്ടാക്കുന്നു. മാണിസാർ ഇത് കൊടുക്കാൻ തീരുമാനിച്ചപ്പോൾ കമ്മ്യൂ ണിസ്റ്റുകാരൻ ആ ഭൂമിയിൽ കൊണ്ടുപോയി കൊടികുത്തിയിട്ട് "അയിന്റെ ആള് ഞമ്മളാണ്" എന്നു പറയുന്ന പണിയെടുക്കുന്നു. ഇത് അങ്ങനെയല്ല, കാര്യങ്ങൾ നടപ്പിലാക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് മികച്ച സ്കൂളുകൾക്ക് എക്സലൻസി അവാർഡ് പ്രഖ്യാപിക്കുകയാണ്, കോളേജുകൾക്ക് സ്വയംഭര ണാവകാശങ്ങൾ നൽകാൻ പോകുകയാണ്, അക്കാഡമിക് സിറ്റി നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയാ ണ്. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് നടന്നുകൊണ്ടിരിക്കുന്ന ഈ മാറ്റ ങ്ങളെ കാണാതിരുന്നുകൂടാ. അതേ സമയത്ത് ചില പോരായ്മകളുണ്ട്. പ്രവാ സികളുടെ കാര്യത്തിൽ അല്പം കൂടി മുന്നോട്ടുപോകേണ്ടതുണ്ട്. 55,000 കോടി രൂപയാണ് പ്രവാസികളുടെ നിക്ഷേപമായി ഇവിടെയെത്തുന്നത്. അതിൽ 6 കോടി രൂപ മാത്രമാണ് നമുക്ക് കഴിഞ്ഞ വർഷം വിനിയോഗിക്കാ നായത്. ഞാൻ മനസ്സിലാക്കുന്നിടത്തോളം അവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേ ഷനുവേണ്ടി മാത്രം 15 കോടി രൂപ നമുക്ക് ലഭ്യമായിട്ടുണ്ട്. പ്രവാസികളുടെ

കാര്യത്തിൽ അല്പം കൂടി മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. ഗൾഫിൽ നിന്ന് തിരിച്ചെത്തുന്ന പ്രവാസികൾ ഒരുപാട് അനുഭവസമ്പത്തുള്ള വരാണ്, പല കാര്യങ്ങളിലും സാങ്കേതിക പരിജ്ഞാനമുള്ളവരാണ്. വിദേശ ത്തുനിന്നെത്തുന്ന പ്രവാസികൾക്ക് എക്സ്-സർവ്വീസ്മാൻമാർക്കു കൊടു ക്കുന്നതുപോലെ ഏതെങ്കിലും മേഖലകളിൽ ജോലി റിസർവ്വ് ചെയ്യുന്നതി നുള്ള ഒരു നിയമനിർമ്മാണമുണ്ടാകണം. അവർ ഈ നാടിന് വളരെ ശക്ത മായ പിൻബലമേകിയവരാണ്. മലയാളം നിർബന്ധമാക്കിയതോടുകൂടി വിദേ ശത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളാകെ കുഴഞ്ഞിരി ക്കുകയാണ്. സർക്കാരിനിടപെടാൻ കഴിയുന്ന ഒരു വിഷയമാണിത്. കഴിയുമെ ങ്കിൽ മലയാളികൾ കൂടുതലുള്ള പ്രദേശങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെ ട്ടുകൊണ്ട് പ്രവാസികൾക്കായി സ്കൂളുകൾ ആരംഭിക്കുന്ന സാഹചര്യം വിദേ ശരാഷ്ട്രങ്ങളിലുണ്ടാകണം. ഗവൺമെന്റിന് ലാഭകരമായ ഒരു പദ്ധതിയായി അതിനെ കൊണ്ടുപോകാൻ കഴിയും. കെ.എസ്.എഫ്.ഇ.യിൽ പണം നിക്ഷേ പിച്ചാൽ പ്രവാസികളുടെ നിക്ഷേപത്തിന് അനുസൃതമായി ലോൺ കൊടുക്കു മെന്നുള്ള ബഡ്ജറ്റിലുള്ള മാണിസാറിന്റെ പ്രഖ്യാപനം തീർച്ചയായും സന്തോ ഷകരമാണ്. അതോടൊപ്പം ഈ ബഡ്ജറ്റ് നടപ്പിലാക്കുന്ന ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു വിഷയം കൂടി ഉന്നയിക്കാനുണ്ട്. സാംസ്കാരിക സ്ഥാപന ങ്ങൾക്ക്, സാംസ്കാരികമായുള്ള ട്രസ്റ്റുകൾക്കും അക്കാഡമികൾക്കും വലിയ പിൻബലം നൽകുന്ന ധനകാര്യ മന്ത്രിയാണ് അങ്ങ്. മഹാകവി മൊയിൻകുട്ടി വൈദ്യരുടെ പേരിലുള്ള കൊണ്ടോട്ടിയിലെ മൊയിൻകുട്ടി വൈദ്യർ സ്മാരക മന്ദിരം ഇപ്പോൾ ഒരു അക്കാഡമിയാക്കി ഉയർത്തിയിരിക്കു കയാണ്. മൊയിൻകുട്ടി വൈദ്യരുടെ നാമധേയത്തിലുള്ള അക്കാഡമിക്ക് 1

ലക്ഷം രൂപ ഗ്രാന്റ് നൽകിയിരുന്നത് 2 ലക്ഷം രൂപയാക്കി ഉയർത്തിയത് സന്തോഷകരമാണ്. പക്ഷേ, 42000 രൂപ ഒരു മാസത്തെ ശമ്പളം കൊടുക്കുന്നതിനുതന്നെ വേണം. അങ്ങനെയുള്ള സ്ഥാപനത്തിന് 2 ലക്ഷം രൂപ ഗ്രാന്റ് കൊടുത്തതുകൊണ്ടുമാത്രം മുന്നോട്ടുപോകാനാകില്ല. മറ്റ് അക്കാഡമികൾക്കൊക്കെ 1 കോടി മുതൽ 7 കോടി രൂപ വരെ കൊടുക്കുന്നു എന്നതാണ് കേരളത്തിന്റെ സവിശേഷത. മറ്റ് അക്കാഡമികൾക്കൊക്കെ ഏറ്റവും ചുരുങ്ങിയത് ഒരു കോടി രൂപയാണ് ഗ്രാന്റ് കൊടുക്കുന്നത്, മൊയിൻകുട്ടിവൈദ്യർ അക്കാഡമിക്ക് നൽകുന്ന ഗ്രാന്റ് 2 ലക്ഷം രൂപ എന്നത് വർദ്ധിപ്പിക്കണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെടുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ സി. എച്ച്.സി.യായി പ്രഖ്യാപിച്ച ഒട്ടേറെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്. അവയ്ക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന നിലയിൽ പ്രാമുഖ്യം നൽകികൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. മത്സ്യമേഖലയോട് ഈ ഗവൺമെന്റ് കാണിച്ച സമീപനം വളരെ വലുതാണ്. എന്റെ നിയോജകമണ്ഡലമായ താനൂരിലടക്കം മൂന്ന് മത്സ്യബന്ധന തുറമുഖങ്ങളാണ് അടുത്ത സാമ്പത്തികവർഷം പ്രവർത്തിയാരംഭിക്കാൻ പോകുന്നത്. അത് തീർച്ചയായും മത്സ്യബന്ധന മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കും. മത്സ്യം വളർത്തുന്നതിന് വലിയ പിന്തുണയാണ് ഈ ബഡ്ജറ്റിലുള്ളത്. മത്സ്യബന്ധനത്തിനും വിപണനത്തിനും വേണ്ടി മാർക്കറ്റുകൾ വരുന്നു, അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയുള്ള ഫിഷ്മാളുകൾ വരുന്നു. അങ്ങനെ ഈ രംഗത്ത് ഏതൊക്കെ രീതിയിൽ ശാസ്ത്രീയമായി ഇടപെടാൻ കഴിയുമോ ആ രീതിയിൽ ഇടപെടുകയാണ്. പക്ഷേ, ഒരു കാര്യം കൂടിയുണ്ട്. ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിക്കാൻ ബഹുമാന്യനായ ധനകാര്യ മന്ത്രി കാരുണ്യം കാണിച്ചതുപോ

ലെത്തന്നെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപെൻഷനുകൾ കൂടി വർദ്ധിപ്പി ക്കുന്ന കാര്യം ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പരിമിതിക ളുണ്ട് എന്നുള്ള കാര്യം നമുക്കറിയാം. പെട്രോൾ വില വർദ്ധിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് നികുതിയൊഴിവാക്കി. 73 ലക്ഷം റേഷൻ കാർഡുക ളുണ്ടായിരുന്നു, രണ്ടര ലക്ഷം റേഷൻ കാർഡുകൾ കൂടി അനുവദിച്ചു, കെ. എസ്.ആർ.ടി.സി.പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടായ പ്രതി സന്ധികൾ, അതിലൊക്കെ ഇടപെട്ടുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഈ രീതിയിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തയ്യാറായിട്ടുള്ളത്. കേരള ത്തിൽ പലയിടത്തും വികസനപ്രവർത്തനങ്ങൾ വേണ്ടത്രയുണ്ടായിട്ടില്ലെന്ന് നമുക്കറിയാം. ചിലയിടങ്ങളിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ഒരു അൺഎയിഡഡ് കോളേജുപോലുമില്ലാത്ത, 4000 കുട്ടികൾ ഒരു വർഷം പരീക്ഷ എഴുതി പുറത്തിറങ്ങുന്ന എന്റെ നിയോജകമണ്ഡലത്തിലാണ് ഒരു കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയത്. അതുപോലെ എല്ലായി ടത്തും ഇടപെടുന്നുണ്ട്. കൊച്ചിയിൽ ഒരുപാട് വൻകിട പദ്ധതികൾ വരുന്നു ണ്ട്. 1000 കോടി രൂപയുടെ കുടിവെള്ള പദ്ധതി, 6000 കോടി രൂപയുടെ പെട്രോകെമിക്കൽ പ്രോജക്ട്, 800-ലധികം കോടി രൂപയുടെ മെഗാ ടൂറിസം പദ്ധതി, 1200 കോടി രൂപയുടെ ടൂറിസം പ്രോജക്ട്, കൊച്ചി വളരണം. അവിടെ കൊച്ചിയാണോ മലപ്പുറമാണോ എന്ന് കണക്കുകൂട്ടി നിൽക്കരുത്. കൊച്ചി കേരളത്തിന്റെ എക്കണോമിക് സോണാണ്. കൊച്ചി വളർന്നാലേ കേരളം വളരുകയുള്ളൂ. കൊടുക്കേണ്ടത് കൊടുക്കണം, അതിൽ രണ്ടഭിപ്രായ മില്ല. ഓരോ പ്രദേശത്തിനും അനുഗുണമായുള്ളത് നൽകണം, നമുക്കറിയാം ഒരിക്കലും കൈക്കുഞ്ഞിന് ബിരിയാണി കൊടുക്കാൻ കഴിയില്ല, കൈക്കു ഞ്ഞിന് മുലപ്പാലേ കൊടുക്കാൻ കഴിയൂ. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി

യോട് പറയാനുള്ളത് കൈക്കുഞ്ഞിനുള്ള മുലപ്പാൽ നിഷേധിക്കുന്ന സാഹചര്യം ഒരിക്കലും അങ്ങയിൽ നിന്നുണ്ടാകരുത്. തീർച്ചയായും ഈ ബഡ്ജറ്റ് കേരളത്തിൽ ഒരുപാട് ഗുണകരമായ മാറ്റങ്ങളുണ്ടാക്കും. കള്ളിനും പുകയിലയ്ക്കും നികുതി കൂട്ടി അരിക്കും ഭക്ഷ്യധാനങ്ങൾക്കും നികുതി കുറച്ചും കേരളത്തിലെ പാവപ്പെട്ടവരോടൊപ്പം നിൽക്കുന്ന ഈ ബഡ്ജറ്റിനെ മുക്തകണ്ഠം പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, മാണിസാറിന്റെ കഴിഞ്ഞതവണത്തെ ബഡ്ജറ്റിന്റെ സമാപനം ഇടശ്ശേരി കവിതയോടുകൂടിയായിരുന്നു. അതിൽ അദ്ദേഹം പറഞ്ഞത് "എനിക്ക് തികഞ്ഞ ശുഭാപ്തി വിശ്വാസമുണ്ട്. നമ്മുടെ കഴിവുകൾ വെട്ടിനിരത്താനും കൊത്തിനുറുക്കാനുമല്ല ഉപയോഗിക്കേണ്ടത്" എന്നാണ്. എന്നാൽ ഈ ബഡ്ജറ്റിൽ അദ്ദേഹം നേരെ ഭഗവത്ഗീതയിലാണ് ചെന്നത്. ബഡ്ജറ്റിന്റെ അവസാനം ഉദ്ധരിച്ചത് ഞാൻ വായിക്കാം.

'ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേത്
ആത്മൈവ ഹ്യാത്മനോ ബന്ധു-
രാത്മൈവ രിപുരാത്മന:'

എന്നിട്ട് അദ്ദേഹം പറയുന്നത് നമ്മൾ തന്നെയാണ് നമ്മുടെ ശത്രു, നമ്മൾ തന്നെയാണ് നമ്മുടെ മിത്രം എന്നാണ്. സത്യത്തിൽ ഈ വൈരുദ്ധ്യം എങ്ങനെയാണ് വന്നത്. കഴിഞ്ഞ വർഷം അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇടശ്ശേരി കവിത ഉദ്ധരിച്ച് നമ്മൾ തന്നെയാണ് നമ്മുടെ ശത്രു എന്നും

നമ്മൾ തന്നെയാണ് നമ്മുടെ മിത്രമെന്നും പറഞ്ഞില്ല. ഇപ്പോൾ ശത്രു എന്നു പറയുന്നത് തീർച്ചയായും കേന്ദ്ര ഗവൺമെന്റാണെന്ന് ആർക്കും മനസ്സിലാകും. അദ്ദേഹം അടുത്തിരിക്കുന്ന മുഖ്യമന്ത്രിയേയാണ് ചൂണ്ടുന്നതെന്നും അദ്ദേഹം കൃഷ്ണനെപ്പോലെ നിന്ന് അർജ്ജുനനോടാണ് ഇത് പറയുന്നതെന്നും മനസ്സിലായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നമ്മിൽ തന്നെയാണ് ശത്രു എന്ന് സ്പീച്ചിൽ പറഞ്ഞത് ശ്രീ. മുല്ലക്കര രത്നാകരനെപ്പോലെ നിഷേധാത്മകമായി പ്രസംഗിക്കുന്നവരുടെ ശത്രുത മനസ്സിൽ കണ്ടുകൊണ്ടാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, അങ്ങയുടെ ഉള്ളും അങ്ങയുടെ നാക്കും എപ്പോഴും വ്യത്യസ്തമാണ്. നാക്ക് അസത്യവും ഉള്ള് സത്യവുമായി നിൽക്കുന്നതുകൊണ്ട് അങ്ങ് ഈ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ അത് ഒളിച്ചുവച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ പിന്നീട് പറയാം. ഇതിൽ മുഖ്യമന്ത്രിയും അങ്ങയോട് പറയുന്നത് മിക്കവാറും ഒരു ഗീതാ ശ്ലോകമായിരിക്കും. അത് ഇങ്ങനെയാണ്.

സർവ്വാരംഭാ ഹി ദോഷേണ

ധൂമേനാഗ്നിരിവാവൃതാ:

എന്നാണ്. അതായത് എല്ലാ പ്രവർത്തികളും തീ പുകയോടുകൂടിയാണ് ഇരിക്കുന്നത്, അത് ദോഷമില്ലാത്ത പ്രവർത്തി ഇല്ലെന്നാണ്. ഇപ്പോൾ യു.ഡി. എഫ്.-നെ മൊത്തം ആ തീയും പുകയും ബാധിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങളെല്ലാം ഉള്ളപ്പോൾ അങ്ങ് ഇതെല്ലാമാണെങ്കിലും അങ്ങയുടെ ആമുഖ പ്രസംഗത്തിൽ കുറച്ച് സത്യം വിളിച്ചു പറഞ്ഞിട്ടുണ്ട്. ഒന്നാമതായി അങ്ങ് പറയു

ന്നത്, ലോകം മുഴുവൻ ഒരു സാമ്പത്തിക തകർച്ചയിലാണ്. അതിന്റെ അർത്ഥം അങ്ങുതന്നെ അങ്ങയുടെ അദ്ധ്വാന വർഗ്ഗ സിദ്ധാന്തമെന്ന പുസ്തകത്തിൽ പറയുന്നതുപോലെ ലോകത്ത് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കു ശേഷം പിന്തുടരുന്ന മുതലാളിത്തനയം ലോകത്തിനൊന്നും ഗുണകരമല്ല. അത് മൊത്തം തകർച്ചയിൽ എത്തിനിൽക്കുകയാണ്. ആ തകർച്ച ഇൻഡ്യയെയും ബാധിച്ചിട്ടുണ്ട്. ഇതും അങ്ങ് ഇതിൽ പറഞ്ഞിട്ടുണ്ട്. ആ തകർച്ച ബാധിച്ച ഘട്ടത്തിൽ ഇൻഡ്യ പുറകോട്ട് പോയപ്പോൾ കേരളം മുമ്പോട്ടു പോയി എന്നാണ് അങ്ങ് പറയുന്നത്. അതിലാണ് ധനകാര്യ മാനേജുമെന്റിനെക്കുറിച്ചെല്ലാം അങ്ങ് പറയുന്നത്. സത്യത്തിൽ അങ്ങ് പറയുന്നത് ശ്രീ. ചിദംബരം തെറ്റും അങ്ങ് ശരിയുമെന്നാണ്. അതായത് മുഖ്യമന്ത്രി തെറ്റും അങ്ങ് ശരിയുമെന്നാണ്. ഞാനതിനെക്കുറിച്ചെല്ലാം ഒരുപാട് വിശദീകരിച്ച് പോകുകയല്ല. അങ്ങ് അത്തരം വരികൾക്കിടയിൽ ഒളിപ്പിച്ചുവച്ച ഒരുപാട് സത്യങ്ങൾ ഈ ബഡ്ജറ്റിൽ ഉള്ളതുകൊണ്ട് സത്യത്തിൽ ആ വരികൾക്കിടയിൽ ഒളിപ്പിച്ചുവച്ച, ലോകമിന്ന് കൊണ്ടുനടന്ന് നശിക്കുന്ന സാമ്പത്തിക സിദ്ധാന്തത്തെ എതിർത്ത് തോൽപ്പിക്കാനുള്ള ഒരു വഴി അങ്ങ് കണ്ടെത്തുകയാണെങ്കിൽ തീർച്ചയായിട്ടും അങ്ങ് ശരിയാണ്. പക്ഷേ, അങ്ങ് ഇതിവിടെ പറഞ്ഞിട്ട്, ഈ ബഡ്ജറ്റിൽ മുഴുവൻ പറഞ്ഞിരിക്കുന്നത് ഇവിടെ പറഞ്ഞതുപോലെ കേന്ദ്രത്തിന്റെ നയങ്ങൾ മിക്കവാറും...... അത് അങ്ങനെയെ ഒക്കൂ എന്നെനിക്കറിയാം. ഒരുപാട് പരിമിതികളുടെ പത്മവ്യൂഹത്തിനകത്താണ് അങ്ങ്. അതിൽപ്പെട്ടാണ് അങ്ങ് ഇതിൽ വിശദീകരിച്ചിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്ന ക്ഷേമപദ്ധതികൾക്ക് വർദ്ധനവ്..... അതെല്ലാം നല്ല കാര്യങ്ങളാണ്. പക്ഷേ, കേരളത്തിലെ 9.5 ശതമാനം സാമ്പത്തിക വളർച്ചയും കേരള

ത്തിലെ ആളോഹരി കാര്യത്തെക്കുറിച്ചും അങ്ങ് പൊതുവായി ഈ സാമ്പത്തിക നയത്തിൽ പറയുന്നുണ്ട്. കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സേവന മേഖലയാണ് കേരളത്തിലെ വളർച്ചയുടെ ഒരു പ്രധാനപ്പെട്ട ഘടകം. കഴിഞ്ഞ വർഷം അങ്ങയുടെ സാമ്പത്തിക സർവ്വേ അനുസരിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ വന്നത് ഗൾഫിൽ നിന്നുള്ള പണമാണ്. ആ പണം വളരാനുള്ള ഒരു കാരണം രൂപയുടെ മൂല്യത്തകർച്ചയാണ്. കാരണം ഒരു വർഷം മുമ്പ് ഗൾഫിൽ നിന്ന് അയയ്ക്കുന്ന പണം 12000 രൂപയാണെങ്കിൽ ഇപ്പോൾ അതിന് 14000 രൂപയുടെ മൂല്യമുണ്ടാകും. 48000-ത്തിലധികം കോടിരൂപയാണ് 2012-ൽ ഗൾഫിൽ നിന്ന് കേരളത്തിലേയ്ക്ക് വന്നത്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വിദേശ പണം വരുന്നത് കേരളത്തിലാണ്. രണ്ടാം സ്ഥാനംമാത്രമേ തമിഴ്നാടിനുപോലുമുള്ളു. ഇതൊക്കെ നമുക്ക് തിരിച്ചറിയുമ്പോൾ കയറ്റുമതിക്കാർക്ക് സ്വാഭാവികമായി കുറച്ച് കൂടുതൽ കിട്ടുന്നുണ്ട്. അത് ഈ രൂപയുടെ മൂല്യത്തകർച്ച കൊണ്ടാണ്. വിലക്കൂടുതൽകൊണ്ട് സ്വാഭാവികമായും കേരളത്തിൽ ടാക്സിന്റെ കൂടുതലുണ്ട്. പക്ഷേ, ഞാൻ അങ്ങയോട് പരിശോധിക്കണമെന്ന് പറയുന്നത്, ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാൽ, നമ്മുടെ വളർച്ചാനിരക്കും പരിശോധിച്ചാൽ, നമ്മുടെ ടാക്സ് ഇത്ര കൂടിയാൽ മതിയോയെന്നുള്ളത് വേറൊരു തരത്തിൽ പരിശോധിക്കണം. ടാക്സിൽ ചോർച്ചയുണ്ടോ എന്ന കാര്യത്തിൽ അങ്ങ് പരിശോധിക്കുകകൂടി ചെയ്യണം. ഞാനതിന്റെ കണക്കുകൾ പറഞ്ഞുപോകുകയല്ല. ഞാനൊരു ധനകാര്യ വിദഗ്ദ്ധനൊന്നുമല്ല. പക്ഷേ, ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, അങ്ങ് പറയുന്നതുപോലെ കേരളത്തിന്റെ സുസ്ഥിര വികസന മേഖലയുടെ പാതയിലേയ്ക്ക് എങ്ങനെ സഞ്ചരിക്കും എന്നുള്ളത് കേരളത്തിലെ പ്രധാന

പ്പെട്ട ഒരു വിഷയമാണ്. രണ്ട്, ഇവിടെ തൊഴിൽ വകുപ്പുമന്ത്രി ഇല്ല. 48,000 കോടി രൂപയിലധികം വിദേശത്തുനിന്ന് കേരളത്തിലേയ്ക്ക് വരുമ്പോൾ 18,000 കോടി രൂപയിലധികം രൂപ കേരളത്തിൽ വന്ന് തൊഴിലെടുക്കുന്നവർ കേരളത്തിൽനിന്ന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നു. ആ അനുപാതം വർദ്ധിക്കുകയും പുറത്തുനിന്നുള്ള വരവിന്റെ അളവ് കുറയുകയും ഇവിടെ നിന്ന് പോകുന്നത് കൂടുകയും കേരളത്തിലെ അദ്ധ്വാനമില്ലാത്ത മനുഷ്യരുടെ ഒരു അലസജീവിത ഭൂമിയായി മാറുകയും ചെയ്താൽ സാർ പറയുന്ന **ബ്രിക്സ്** രാജ്യങ്ങളുടെ ആളോഹരി വരുമാന നിലവാരത്തിലേയ്ക്ക്, ഐശ്വ ര്യത്തിലേയ്ക്ക് എത്തിച്ചേരാൻ ഒക്കുകയില്ല. ലോകം സത്യത്തിൽ പുതിയ സാമ്പത്തിക നയങ്ങളുടെ ഫലമായി കുഴഞ്ഞുനിൽക്കുകയാണ്. അതു കൊണ്ട് ഈ കാര്യങ്ങളൊക്കെ അങ്ങേയ്ക്കറിയാം. അങ്ങ് ഇതിൽ അതിനെ ക്കുറിച്ചെല്ലാം പറഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞ മംഗല്യനിധിയെക്കുറിച്ച് കുറച്ചു കൂടി വിശദീകരണം വേണ്ടതാണ്. മംഗല്യനിധിയെക്കുറിച്ച് അങ്ങ് പറയു ന്നത് സംഭാവനയായിട്ടാണ്. സംഭാവനയായിട്ടാണ് അത് പരിഗണിക്കുന്നതെ ങ്കിൽ അതിൽ പ്രശ്നമുണ്ടാകും. കാരണം 500 സീറ്റിലധികമുള്ള ഒരു ഹാളെ ടുക്കുകയും സ്ത്രീധനമായി അവർ 100 പവൻ ഇടുകയുമാണെങ്കിൽ 50 ലക്ഷം രൂപ ചെലവാകുന്നു. അതിന്റെ മൂന്നു ശതമാനം ഒന്നര ലക്ഷം രൂപ തരണമെന്നുപറഞ്ഞാൽ സംഭാവനയായിട്ട് ആരും തരികയില്ല. ഒന്നുകിൽ സെസ്സാക്കണം. അല്ലെങ്കിൽ ടാക്സാക്കണം. സെസ് ആകുന്നതാണ് കൂടു തൽ നല്ലത്. അതായത് അങ്ങ് ഉദ്ദേശിക്കുന്ന മംഗല്യനിധിയിലേയ്ക്ക് അത്രയും കിട്ടണമെങ്കിൽ, കിട്ടുമെന്ന് ഉറപ്പുണ്ടാകണമെങ്കിൽ ആ ഉറപ്പിന് സംഭാവനയെന്നതല്ല നല്ലത്. സംഭാവന എന്നത് തീർച്ചയായിട്ടും പ്രശ്നങ്ങൾ

ഉണ്ടാക്കും. അപ്പോൾ അവർ പറയുന്ന കണക്കുകൾ മാത്രമേ ബാധകമാകുകയുള്ളു. അത് നല്ല കാര്യമാണ്. നല്ല കാര്യമാണ് എന്നുമാത്രമല്ല ആർഭാടപൂർവ്വമായി ഇത്തരം ആഘോഷങ്ങൾ നടത്തുന്നവരിൽ നിന്ന് ഇനിയും കൂടുതൽ പണം പിരിച്ചെടുത്ത് ഏറ്റവും പാവപ്പെട്ടവർക്ക് കൊടുത്താലും അത് നല്ല കാര്യമാണ്. അങ്ങ് നിർദ്ദേശിച്ചിരിക്കുന്ന കാര്യം നടപ്പാക്കാൻ വിഷമമുണ്ട്. ഞാൻ അങ്ങയോടും എക്സൈസ് വകുപ്പു മന്ത്രിയോടുംകൂടി ഒരു കാര്യം പറയുന്നത്, മദ്യത്തിൽ നിന്നുള്ള വരുമാനം പാപത്തിന്റെ കൂലിയാണ് എന്നു പറഞ്ഞിട്ടുള്ളത് മഹാത്മാഗാന്ധിയാണ്. ഞാൻ ചില രേഖകൾ വായിച്ചതിൽനിന്നും മനസ്സിലാക്കിയത്, കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടപ്പെടുന്നതും അദ്ധ്വാനം നഷ്ടപ്പെടുന്നതും കേരളത്തിലെ ചെറുപ്പക്കാർ ഇത്രയധികം മദ്യപിക്കുന്നതുകൊണ്ടാണ്. അവരെ ഒരു ദിവസംകൊണ്ട് മാറ്റാൻ സാധിക്കുകയില്ല. അങ്ങ് ഇപ്പോൾ 100 ശതമാനം എന്നത് 105 ശതമാനമാക്കിയതുകൊണ്ട് അതിന് പരിഹാരം കാണാൻ ഒക്കുകയില്ല. പക്ഷേ, അതിന് എങ്ങനെയാണ് കേരളത്തിൽ ബോധമുള്ള ഒരു യൗവ്വനത്തെ, മാനസികമായി അദ്ധ്വാനത്തോട് ബഹുമാനമുള്ള യൗവ്വനത്തെ തയ്യാറാക്കുക എന്നത് ആലോചിച്ചില്ലെങ്കിൽ എത്ര വരുമാനം വന്നാലും അത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താനാകുകയില്ല. നമുക്ക് ഇപ്പോഴും എക്സൈസ് ടാക്സായി കിട്ടുന്നത് കൂടുതലാണെങ്കിലും അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാൻ ഒക്കുകയില്ല. എന്നുമാത്രമല്ല 2007 മുതൽ 2012 വരെ കേരളത്തിലുണ്ടായിട്ടുള്ള രോഗങ്ങളുടെ വളർച്ചാനിരക്ക് പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടിലുണ്ട്. അതിൽ എല്ലാം 50 ശതമാനം മുതൽ 100 ശതമാനംവരെ വളർച്ചയാണ്. ഹൃദ്രോഗം, ശ്വാസകോശരോഗം, ലെപ്രസി തുടങ്ങി – ജീവിത

ശൈലി രോഗങ്ങളല്ല - നമ്മൾ പറഞ്ഞുവിട്ട മാരകരോഗങ്ങൾ പോലും കേരളത്തിൽ 2007-നും 2012-നും ഇടയിൽ 50 ശതമാനം മുതൽ 100 ശതമാനംവരെ വർദ്ധിച്ചിരിക്കുകയാണ്.

<u>ശ്രീ. സാജു പോൾ</u> : മദ്യാസക്തിക്കെതിരായ ശക്തമായ നടപടി വേണമെന്നതിൽ ഒരു തർക്കവുമില്ല. പക്ഷേ, ലോകത്ത് ഒരിടത്തും ഇല്ലാത്തതുപോലെ 500 ml മദ്യം വാങ്ങുന്ന ഒരാളെ ജയിൽപ്പുള്ളികളെപ്പോലെ നിർത്തി പീഡിപ്പിക്കുന്ന ഒരു സംവിധാനം കേരളത്തിൽ മാത്രമാണുള്ളത്. ഒരു ജില്ലയിൽ ഒരു സ്ഥാപനമെങ്കിലും, സ്വർണ്ണം പോലും നേരിട്ടുപോയി അടുത്തിരുന്ന് സെലക്ട് ചെയ്ത് വാങ്ങാൻ അവകാശമുണ്ട്. മദ്യപാനികൾക്കുമാത്രം അത് നിഷേധിക്കുന്നത് ശരിയാണോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : മദ്യപാനികളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചയിൽ എന്തായിരുന്നാലും പങ്കെടുക്കാനുള്ള അറിവില്ലാത്തതുകൊണ്ട് അത് ബന്ധപ്പെട്ടവരെല്ലാംകൂടി ചർച്ച ചെയ്ത് തീരുമാനിക്കണം. എന്തായാലും ആ വരുമാനത്തിന്റെ പുറത്തുമാത്രം കേരളത്തിന്റെ ധനസ്ഥിതിയുടെ വലിയ ഒരു പങ്ക് നിലനിർത്തുന്നത് നമ്മുടെ ഭാവിക്കും കേരളത്തിന്റെ ഭാവിക്കും ദോഷമാണ്. മൂന്നാമതായി എനിക്ക് ഒരു കാര്യം പറയാനുള്ളത് കേരളത്തിന്റെ രാഷ്ട്രീയത്തിൽ നമ്മൾ വളർത്തിക്കൊണ്ടുവന്ന ധാർമ്മികമായ മൂല്യത്തിന് ഇൻഡ്യൻ രാഷ്ട്രീയത്തെ നിയന്ത്രിക്കാനും സ്വാധീനിക്കാനുമുള്ള കരുത്ത് ഉണ്ടായിരിക്കണം. നമ്മൾ അവകാശപ്പെട്ടത്, ശ്രീ. പി. സി. ജോർജ് അവകാശപ്പെട്ടത് ഈ നിയമസഭയിലുള്ളവരും രാഷ്ട്രീയ നേതാക്കന്മാരും റോൾ മോഡലായിരിക്കണമെന്നാണ്. കേരളത്തിൽ ഇപ്പോൾ നമ്മളെല്ലാം അവകാശപ്പെടുന്നത് കേരളത്തിന് മലയാളഭാഷയുടെ ശ്രേഷ്ഠഭാഷാ

പദവി കിട്ടുമെന്നാണ്. ശ്രീ. പി. സി. ജോർജ് നാല് പ്രസംഗം നടത്തിയാൽ ശ്രേഷ്ഠഭാഷയില്ലെങ്കിലും ചീത്ത ഭാഷാ പദവി കിട്ടും. നമുക്ക് നമ്മളെക്കുറിച്ച്, ശ്രീ. പി. സി. ജോർജ് ചെറിയ കുട്ടിയൊന്നുമല്ല. ഒരുപാട് കാലത്തെ പരിചയമുള്ള, നിയമസഭാ പ്രവർത്തനത്തിൽ ധാരണയുള്ള, അതിന്റെ പ്രത്യേകതകൾ മനസ്സിലാക്കിയിട്ടുള്ള, ഒരു മൂല്യം സൂക്ഷിക്കാൻ ബാധ്യതയുള്ള, പരസ്പര ബഹുമാനം നിലനിർത്തണമെന്ന താല്പര്യം മനസ്സിൽ ഉടലെടുത്തുണ്ടായി അടിവരയിട്ട് നടപ്പാക്കേണ്ട ആളാണ്. അദ്ദേഹം ടി.വി. തോമസിനെക്കുറിച്ച് പറഞ്ഞു. ടി.വി. തോമസ്, പുന്നപ്ര-വയലാർ സമരകാലത്ത് അതിന്റെ നായകനായി സി.പി. രാമസ്വാമിയുമായിട്ടുള്ള ചർച്ചക്ക് വന്നപ്പോൾ, ടി.വി. തേമസിനോട് സി.പി. രാമസ്വാമി പറഞ്ഞത് പ്രായപൂർത്തി വോട്ടവകാശമൊഴിച്ച് നിങ്ങൾ പറയുന്ന വേറെന്തും അംഗീകരിക്കാമെന്നാണ്. എന്നാൽ ടി.വി. അദ്ദേഹത്തോട് തിരിച്ച് പറഞ്ഞത് ബാക്കിയെല്ലാം ഒഴിയാമെന്നാണ്. ഇതുമാത്രം... ഞങ്ങൾ ഇതിൽ നിന്ന് മാറുകയില്ല എന്നാണ്. അങ്ങനെയുള്ള ടി.വി. തോമസ് കേരളത്തിലെ ഒരു വെളിച്ചമാണ്, നിലാവാണ്. ചില ജീവികളുണ്ട്. ഈ നിലാവ് കാണുമ്പോൾ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കും. അതുകൊണ്ട് ആ ജീവി മങ്ങി പോകുകയേയുള്ളു, നിലാവ് മങ്ങില്ല. ടി.വി. തോമസ് നിലാവാണ്, മങ്ങാത്തതാണ്. അതുകൊണ്ട് അദ്ദേഹത്തിനെതിരെ സംസാരിച്ച് സ്വയം വ്യക്തിത്വം നഷ്ടപ്പെടുത്താനൊന്നും ഒരുങ്ങരുത്.

ശ്രീമതി ഗൗരിയമ്മയ്ക്കെതിരെയും അങ്ങനെയൊന്നും പറയരുത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കെ.എം. മാണി സാറിനോടും ഒരു കാര്യം പറയുന്നു, നിങ്ങൾ രണ്ടുപേരും ശ്രദ്ധിക്കാനുള്ളത് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ അഞ്ചാം അദ്ധ്യായത്തിലെ 30-ാം വാക്യത്തിൽ

'നിനക്ക് വലംകൈ ഇടർച്ച വരുന്നുവെങ്കിൽ അതിനെ വെട്ടിയെറിഞ്ഞു കളയുക നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ' എന്നാണ് പറയുന്നത്. മുഖ്യമന്ത്രിയും മാണിസാറും അങ്ങനെ വെട്ടിയെറിഞ്ഞാൽ ഇപ്പോൾ വേദനിച്ചാലും ഭാവിയിൽ വേദനിക്കേണ്ടി വരില്ല. കേരള രാഷ്ട്രീയത്തിന് ഒരു വിശുദ്ധിയും നന്മയുമുണ്ട്. അത് കാത്തുസൂക്ഷിക്കാൻ നമ്മളെല്ലാം ബാധ്യസ്ഥരാണ്. അത് സി. കേശവനും ടി.എം. വർഗ്ഗീസും പട്ടം താണുപിള്ളയും ഇ.എം.എസും അച്ചുതമേനോനും എം.എൻ.-ഉം, ടി.വി.യുമെല്ലാവരുംകൂടി കേരളത്തിൽ നടപ്പാക്കിയ നമ്മുടെ ഭൂതകാലത്തിന്റെ നന്മയും വർത്തമാനകാലത്തിന്റെ, പ്രായമായവരുടെ സാഹസികവും ത്യാഗപൂർണ്ണവുമായ ജീവിതത്തിന്റെ വരദാനവുമാണ്. അത് കേരളത്തിനുകിട്ടിയ ഒരുതരം മോക്ഷമാണ്. അതിനെ നഷ്ടപ്പെടുത്തുന്ന തരത്തിൽ യു.ഡി.എഫ്-ൽ ഒരുപാട് പ്രവർത്തനങ്ങളും തർക്കങ്ങളും അലമ്പുകളും ഉണ്ടാകുന്നുണ്ട്. അതിനെ നിയന്ത്രിക്കാനും ശരിയാക്കാനും കേരള രാഷ്ട്രീയത്തെ ശുദ്ധീകരിക്കാനും കുറച്ചു വേദന സഹിച്ചാലും ശ്രീ. കെ.എം. മാണിയും കേരളത്തിലെ മുഖ്യമന്ത്രിയും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തെ മുന്നോട്ടുനയിക്കുന്നതിന്, സമയമില്ലാത്തതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല. മാണിസാർ വരികളിലൊളിപ്പിച്ചുവച്ച കേന്ദ്രത്തിന്റെ നയങ്ങളോടും ലോകത്തിലെ സാമ്പത്തിക നയങ്ങളോടുമുള്ള അങ്ങയുടെ മനസ്സിന്റെ എതിർപ്പ് അങ്ങയുടെതന്നെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാവിക്ക് ഒരു വെളിച്ചമായി മുന്നിൽ നിൽക്കട്ടെ എന്നുമാത്രം ആഗ്രഹിച്ചുകൊണ്ട് 'ആസ്തി വികസന ഫണ്ട്'

പ്രഖ്യാപിക്കണമെന്നുകൂടി അങ്ങയോട് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു, അഭിവാദനങ്ങൾ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു. മാർപാപ്പയുടെ ഇലക്ഷനിൽ കോൺക്ലേവിൽ ഒരു ധാരണ എത്തിയാൽ ചിമ്മിനിയിലൂടെ വെളുത്ത പുക പുറത്തേയ്ക്ക് വരും. ഏതാനും നിമിഷങ്ങൾ കഴിയുമ്പോൾ ഒരു കർദ്ദിനാൾ വന്ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ കെട്ടിടത്തിന്റെ മട്ടുപ്പാവിൽ നിന്ന് ഹബേമൂസ് പാപ്പാ (നമുക്കൊരു പാപ്പയെ ലഭിച്ചിരിക്കുന്നു) എന്ന് പ്രഖ്യാപിക്കും. ഏതാനും നിമിഷങ്ങൾ കഴിയുമ്പോൾ പുതിയ പാപ്പ വന്ന് റോമാ നഗരത്തോടും ലോകത്തോടും ഓബിയത്ത് ഓർബി എന്നൊരു സന്ദേശം കൊടുക്കും. അതുപോലെ മാണി സാറിന്റെ ഓബിയത്ത് ഓർബിയാണ് ഈ ബഡ്ജറ്റ്. കേരളത്തോടും ഇന്ത്യയോടുമുള്ള അദ്ദേഹത്തിന്റെ സന്ദേശമാണ് ഈ ബഡ്ജറ്റ്. കേന്ദ്രത്തിൽ ശ്രീ.പി. ചിദംബരം അവതരിപ്പിച്ച ബഡ്ജറ്റിന്റെ പാതയിലൂടെയാണ് ഇത്രയേറെ ജനോപകാരപ്രദമായ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്രത്തിൽ ശ്രീ. പി. ചിദംബരം 1000 കോടിരൂപയുടെ ഒരു ബാങ്ക് സ്ത്രീകൾക്കുവേണ്ടി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ കേരളത്തിൽ മിക്കവാറും എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇവിടെ ശ്രീ. എസ്. ശർമ്മ വർദ്ധിപ്പിക്കാത്ത പെൻഷന്റെ കാര്യം പറഞ്ഞു. ഞാൻ തിരിച്ച് ചോദിക്കുന്നു, നിങ്ങളുടെ കാലത്ത് ഇത്രയേറെ പെൻഷൻസ് ഒരുമിച്ച് വർദ്ധിപ്പിച്ചിട്ടുണ്ടോ? മാണി സാർ വിട്ടുപോയതായിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. പത്രോസിന്റെ പിൻഗാമികളായ, വേദവ്യാസന്റെ പിൻഗാമികളായ കേരളത്തിലെ ഫിഷർമെന്റെ കാര്യംകൂടി

അങ്ങയുടെ മനസ്സിലുണ്ടാകുമെന്ന് എനിക്കറിയാം. അങ്ങ് വിട്ടുപോയതായിരിക്കും, അതുകൊണ്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കൂടി മറുപടി പ്രസംഗത്തിൽ വർദ്ധിപ്പിച്ചതായി പ്രഖ്യാപിക്കും എന്നുമാത്രമല്ല ആതുക ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിന് ഗ്രാന്റായി അങ്ങ് നൽകുമെന്ന് ഉറപ്പുള്ള ആളാണ് ഞാൻ. ഇവിടെ എല്ലാ മേഖലകളിലും വികസനത്തിന്റേതായ കാഴ്ചപ്പാട് വ്യക്തമാക്കിയിട്ടുള്ള ബഡ്ജറ്റാണ് അങ്ങ് അവതരിപ്പിച്ചിട്ടുള്ളത്. കൃഷിയാണ് കേരളത്തിലെ പ്രധാന വരുമാന മാർഗ്ഗം എന്ന കാര്യത്തിൽ സംശയം ഇല്ല. പക്ഷെ ഇവിടെ പലരും പറഞ്ഞതുപോലെ കൃഷിപ്പണി ചെയ്യാൻ നമുക്ക് ആളെ ലഭിക്കുന്നില്ല. 45 ലക്ഷംപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവരിൽ പലരും കൃഷിപ്പണി ചെയ്യാൻ തയ്യാറാകുന്നില്ല. നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ 18000 കോടിരൂപ പുറത്തേയ്ക്കു പോകുന്നു എന്നുപറഞ്ഞു. കൃഷിപ്പണിയടക്കമുള്ള ജോലി ഏറ്റെടുക്കാൻ യുവാക്കൾ തയ്യാറാകുന്നില്ല. പെരുമ്പാവൂരിനടുത്ത് ബംഗാളി യുവാക്കൾ പാടത്ത് പണിയെടുക്കുന്ന ചിത്രം മാധ്യമങ്ങളിൽ വന്നിരുന്നു. കേരളത്തിന്, ഇന്ത്യയ്ക്കുവെളിയിൽ നമ്മുടെ സഹോദരന്മാർ ഏത് ജോലിയും ചെയ്ത് ഇങ്ങോട്ടേയ്ക്കയയ്ക്കുന്ന 50000-ൽ അധികം വരുന്ന റെമിറ്റൻസ്, അതേ ജോലി അവരും ഇവിടെയുള്ള ചെറുപ്പക്കാരും കേരളത്തിൽ എന്തുകൊണ്ട് ചെയ്യുന്നില്ല എന്നതിനെക്കുറിച്ചുള്ള ഒരു വിശകലനം നടത്തണ്ടേ; എന്തുകൊണ്ട് നമ്മുടെ തൊഴിൽ സംസ്കാരത്തിൽ മാറ്റം വരുന്നില്ല; നഗരത്തിൽ തെങ്ങുകയറണമെന്നുണ്ടെങ്കിൽ ഇപ്പോൾ ഒരു തെങ്ങിന് 35 രൂപ മുതൽ 50 രൂപ വരെ നൽകണം. അതിനുപോലും ആളെ കിട്ടുന്നില്ല. എറണാകുളം നഗരത്തിൽ ശനിയാഴ്ച ജോലിക്കുവന്നാൽ തിങ്കളാഴ്ച

ജോലിക്ക് വരില്ല. രണ്ട് ദിവസം അവധിയാണ്. 500-ഉം 600-ഉം രൂപ ലഭിക്കാത്ത ഫിസിക്കൽ ലേബറേഴ്സ് കുറവാണ്. പക്ഷെ ആ ജോലിക്ക് പോകുന്ന ആളുകളുടെ എണ്ണം കുറഞ്ഞുവരുന്നു. യുവജനസംഘടനകളടക്കം രാഷ്ട്രീയ പാർട്ടികളടക്കം അൺഎംപ്ലോയ്മെന്റിനെക്കുറിച്ച് ആവേശഭരിതരായി പറയുമ്പോഴും പല ജോലികൾക്കും ആളെ ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യവും നാം കാണണ്ടേ? അതുകൊണ്ട് കാർഷിക പ്രവർത്തനത്തിൽ പുതിയ മേഖലയാണ് മാണി സാർ തുറന്നിരിക്കുന്നത്. കൃഷിക്കുവേണ്ടി ടെക്നോളജി സെന്റർ തുടങ്ങുമെന്ന് പറഞ്ഞിരിക്കുന്നു. ആധുനികമായ രീതിയിൽ കുറഞ്ഞ സ്ഥലത്ത് പ്രൊഡക്ഷനുണ്ടാക്കാൻ വേണ്ടി കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പദ്ധതി കുറച്ചുസ്ഥലത്ത് നടപ്പിലാക്കി. ഇന്ന് അതിന്റെ അപ്ഗ്രേഡിംഗായാണ് ടെക്നോളജി സെന്റർ എന്ന പുതിയ സങ്കല്പം കൊണ്ടുവന്നിരിക്കുന്നത്. അതുപോലെതന്നെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പലതും നടപ്പിലാക്കുന്നില്ല എന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ പറഞ്ഞത് ശരിയാണ്. എന്തുകൊണ്ട് നടപ്പാക്കാൻ കഴിയുന്നില്ല എന്നതിന്റെ മറുപടിയായാണ് ഇത് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി ഒരു പുതിയ സംവിധാനമുണ്ടാക്കുമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന് നാടാർ-മുസ്ലീം പെൺകുട്ടികളോടൊപ്പം ആംഗ്ലോ-ഇന്ത്യൻ പെൺകുട്ടികൾക്കും നൽകുന്ന സ്കോളർഷിപ്പ് 100 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ചതായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ച കാര്യം ഇതുവരെ നടപ്പായിട്ടില്ല. അദ്ദേഹത്തിന്റെ കുഴപ്പമല്ല. അത് മോണിറ്റർ ചെയ്യുന്നതിൽ അലംഭാവം നടക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ പുതിയ പ്രഖ്യാപനം പദ്ധതികൾ നടപ്പാക്കുന്നത് മോണിറ്റർ ചെയ്യാൻ ചീഫ് സെക്രട്ടറി തലത്തിൽ ഉദ്യോഗ

സ്ഥനെ നിയമിക്കുകയും ഓരോ വകുപ്പിനും പ്രത്യേകം ഉദ്യോഗസ്ഥൻ വരുന്നു എന്നുള്ളത് പുതിയൊരു മാറ്റമായി ഞാൻ കണക്കാക്കുന്നു. അതു പോലെ വിലക്കയറ്റത്തെക്കുറിച്ച് ഇവിടെ ആരും പറഞ്ഞുകേട്ടില്ല. വിലക്കയറ്റം തടഞ്ഞുനിർത്താനുള്ള നടപടികൾ കഴിഞ്ഞ കുറെ നാളുകളായി ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല ബഡ്ജറ്റിൽ മറ്റ് ടാക്സുകൾ കൂട്ടി യപ്പോഴും അരി, പലവ്യഞ്ജനങ്ങളുൾപ്പെടെയുള്ള സാധനങ്ങൾ ടാക്സ്ഫ്രീ ആക്കിയതിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. ശ്രീ. സാജു പോളിനു പോലും മാർക്കറ്റിൽ അരിവില എത്രയാണെന്ന് പറയാൻ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല ജനത ഹോട്ടൽ പണ്ടുണ്ടായിരുന്നു. പക്ഷെ അത് പരാജയമാ യിരുന്നു. ഇപ്പോൾ ഇവിടെ പുതിയൊരു നയം പ്രഖ്യാപിച്ചിരിക്കുന്നു. 'തൃപ്തി' ന്യായവില ഹോട്ടലുകൾ വളരെ sustainable – ആയി ഇത് നില നിർത്തിക്കൊണ്ട് നടപ്പാക്കാനുള്ള പദ്ധതികൾ നമുക്കുണ്ടാക്കണം. അങ്ങ യുടെ നല്ല ആശയമാണ്. ഈ ആശയം എങ്ങനെ ഫലപ്രദമായി, ഒരു വർഷ മല്ല സാധാരണക്കാർക്ക് ഇനിയുള്ള കാലങ്ങളിൽ ന്യായമായ നിരക്കിൽ ഭക്ഷണം കൊടുക്കാൻ ഇതെങ്ങനെ നിലനിർത്താൻ കഴിയും എന്നതിനെക്കു റിച്ച് നാം ആലോചിക്കണം.

അതുപോലെ ഈ ബഡ്ജറ്റിൽ വേറൊരു എംഫസിസുള്ളത് റോഡുക ളുടെ അടിസ്ഥാന വികസനമാണ്. ഇൻഫ്രാസ്ട്രക്ച്ചറില്ലാതെ ഒരു നാടിന്റേയും പുരോഗതി സാധ്യമല്ല. അതുകൊണ്ട് തന്നെ റോഡുകളുടെ വിക സനത്തിനുവേണ്ടി ലോകബാങ്കിന്റെ രണ്ടാം പദ്ധതി ആരംഭിക്കുന്നു. എന്നുമാ ത്രമല്ല ഫോർട്ട് കൊച്ചി മുതൽ ആലപ്പുഴ വരെയുള്ള തീരദേശ ഹൈവേയ്ക്ക് പണം അനുവദിച്ചുവെന്ന് മാത്രമല്ല അത് വടക്കോട്ട് നീട്ടി മുനമ്പം-അഴീ

ക്കോട് വഴി പൊന്നാനി വരെയെത്തുന്ന തീരദേശത്തിന്റെ സ്വപ്നമായ ആ ഹൈവേ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രീ. കെ. എം. മാണിസാറിലൂടെ ആ പണമെത്തുമ്പോൾ, ആശയമെത്തുമ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് അതിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. മറ്റൊരു കാര്യം, വിവരസാങ്കേതിക വിദ്യയുടെ എഫക്ടീവായ ആപ്ലിക്കേഷനാണ്. കഴിഞ്ഞ വർഷം Student Entrepreneurship പദ്ധതി നടപ്പാക്കിയിരുന്നു. അതിന്റെ പ്രയോജനം കിട്ടി. ഞാൻ മനസ്സിലാക്കിയിടത്തോളം പത്ത് അറുന്നൂറ് ഐ.ടി. കമ്പനികൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു. ബി.ടെക്-ന് പഠിക്കുന്ന കുട്ടികൾ തന്നെ മുൻകയ്യെടുത്ത് അവർ കമ്പനി രജിസ്റ്റർ ചെയ്യുകയും ഗവൺമെന്റ് അവരെ സഹായിക്കുകയും ചെയ്യുന്നു. അത് ഇഫക്ടീവായതുകൊണ്ടാകാം അദ്ദേഹം ഈ ബഡ്ജറ്റിൽ ഒരു ഇന്നൊവേഷൻ സോൺ കൊച്ചിയിൽ സ്ഥാപിക്കാൻ തീരുമാനമെടുത്തിരിക്കുന്നു. തീർച്ചയായും ഏത് ഐ.ടി. കമ്പനികളും ചെറുപ്പക്കാർ ആരംഭിച്ചാലാണ് മുന്നോട്ട് പോകുക. തീർച്ചയായും ഈ പുതിയ ആശയങ്ങൾ നമ്മുടെ ബഡ്ജറ്റിൽ കൊണ്ടുവരാൻ ശ്രീ. കെ.എം. മാണിസാറിന് കഴിഞ്ഞത് അദ്ദേഹത്തിന്റെ മനസ്സിലെ യൗവ്വനമായാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് തീർച്ചയായും അദ്ദേഹം പ്രഖ്യാപിച്ചത് നടപ്പാക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. തീരദേശത്തിനുവേണ്ടി അങ്ങ് ധാരാളം കാര്യങ്ങൾ പ്രഖ്യാപിച്ചെങ്കിലും ഇത്തവണ പ്രഖ്യാപിച്ച ഹൗസിംഗിന്റെ കാര്യത്തിൽ പ്രത്യേകമായി മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഒരു നിശ്ചിത ക്വാട്ട മാറ്റിവയ്ക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തീരദേശ വികസന കോർപ്പറേഷൻ വഴി ഒത്തിരിയേറെ മാറ്റങ്ങൾ ആഗ്രഹിക്കുന്ന, പുതിയ ഫിഷ് മാർക്കറ്റ് വരുന്നുണ്ടെ

ങ്കിലും മത്സ്യബന്ധനത്തിന് മത്സ്യഫെഡ് വഴി ലോൺ കൊടുക്കാനുള്ള തുകയ്ക്ക് പ്രൊവിഷൻ ഈ ബഡ്ജറ്റിൽ കാണുന്നില്ല. അതുംകൂടി അങ്ങ് ഈ ബഡ്ജറ്റിൽ വകയിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ സിഗര റ്റിന്റെ വാറ്റ് ടാക്സ് കൂട്ടി. ഞാൻ അതിനെ എതിർക്കുന്നില്ല. നമ്മുടെ തൊട്ട ടുത്ത സംസ്ഥാനമായ കർണ്ണാടകത്തിലാണ് ഇതിന്റെ കമ്പനികൾ മുഴുവനുള ളത്. അതുപോലെതന്നെ മാഹി നമ്മുടെ അടുത്തതന്നെയുള്ള സ്ഥലമാണ്. അവിടെ അതിന്റെ വാറ്റ് ടാക്സ് എന്നുപറയുന്നത് 15 ശതമാനം മാത്രമാണ്. ഇപ്പോൾത്തന്നെ നമുക്ക് 400 കോടിയോളം രൂപ ഒരു വർഷം സെയിൽ ടാക്സ് കിട്ടുന്നുണ്ട്. ഇത്രയും ടാക്സ് കൂട്ടിക്കഴിഞ്ഞാൽ മറ്റ് സംസ്ഥാനങ്ങൾ കൂട്ടാതിരിക്കുകയും ചെയ്യുമ്പോൾ കളളക്കടത്തായി ഈ സാധനം നമ്മുടെ നാട്ടിലേയ്ക്ക് വരില്ലേ? അത് തടയാൻ നമുക്ക് കഴിയുമോയെന്നതിനെക്കുറിച്ച് അങ്ങ് ഒരു റിവ്യൂ നടത്തണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. അതു പോലെ തന്നെ ഇന്നലെയായിരുന്നു കൊച്ചി മുസിരിസ് ബിനാലെയുടെ സമാപനം. ഞാനും കേന്ദ്രമന്ത്രി ശ്രീ. കെ.വി. തോമസും ശ്രീ. എം.എ. ബേബിയുമൊക്കെ അവിടെ ആ ബിനാലെയിൽ പങ്കെടുത്തിരുന്നു. ഇത്രയേറെ കേരളത്തിന്റെയും ഇന്ത്യയുടേയും അഭിമാനം ലോകത്തിന് കാണിച്ചുകൊടുത്ത മറ്റൊരു വേദിയുണ്ടായിരുന്നില്ല. കൊച്ചി മുസിരിസ് ബിനാലെ എന്ന് പറയുന്നത് ഇന്ത്യയുടെതാണ്. കൊച്ചിയേയും കേരളത്തേയും ലോകത്തിന് കാണിച്ചുകൊടുക്കാനും പതിനായിരക്കണക്കിന് ടൂറിസ്റ്റുകൾ - അതിൽ വിദേശികളും ഇന്ത്യാക്കാരുമുണ്ട്. നാം കാണാത്ത പല കാഴ്ചകളും കണ്ട് വളരെ ഫലപ്രദമായി നടപ്പാക്കിയ കൊച്ചി മുസിരിസ് ബിനാലെ-യെ സാമ്പത്തികമായി സഹായിക്കണം. അവർക്കെതിരായിട്ടുള്ള

അന്വേഷണം പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ വളരെ വർഷങ്ങൾക്ക് ശേഷം സന്തോഷ് ട്രോഫി മത്സരത്തിൽ നമുക്ക് രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി. നമ്മൾ അതിൽ ജയിക്കേണ്ടതായിരുന്നു. നമ്മുടെ കഷ്ടകാലംകൊണ്ട്, ദൗർഭാഗ്യം കൊണ്ട് നാം പരാജയപ്പെട്ടു. ആ രണ്ടാം സ്ഥാനം നേടിയ ടീം അംഗങ്ങൾക്ക് ഓരോ ലക്ഷം രൂപയെങ്കിലും കൊടുത്ത് അവർക്ക് പ്രോത്സാഹനം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ കൊച്ചി മെട്രോ റെയിൽ വളരെ ഫാസ്റ്റായി മുന്നോട്ട് നീങ്ങുകയാണ്. സ്ഥലമെടുപ്പ് സംവിധാനമൊക്കെ അവിടെ ഉണ്ടായി. പക്ഷെ ഈ വർഷവും ബഡ്ജറ്റിൽ അതിന് അലോട്ട്മെന്റ് കണ്ടില്ല. അതിന് മാണിസാർ അലോട്ട്മെന്റ് വയ്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കൊച്ചിയിൽ ഒരു പുതിയ കുടിവെള്ള പദ്ധതി പ്രഖ്യാപിച്ചതിൽ ഞാൻ നന്ദി പറയുകയാണ്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജൻറം പദ്ധതി, അത് ഈ വർഷം പൂർത്തിയാക്കണം. അതിന് കോർപ്പറേഷന്റെ കോൺട്രിബ്യൂഷൻ കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റാണ് കൊടുത്തത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജൻറം കുടിവെള്ള പദ്ധതിയെ സഹായിക്കാൻ നടപടിയുണ്ടാകണം. അതോടൊപ്പം അങ്ങ് പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ വിഹിതം അങ്ങ് ബഡ്ജറ്റിൽ വകയിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കുന്ദംകുളം മെമ്പർ പോകുന്ന പോക്കിൽ ചില ആരോപണങ്ങളൊക്കെ ഇവിടെ ഉന്നയിച്ചു. ബഹുമാനപ്പെട്ട കെ. ബാബു അതിന് മറുപടി പറയുമെന്ന് എനിക്കറിയാം. മണിച്ചന്മാരെ സൃഷ്ടിച്ചവരല്ലേ നിങ്ങൾ? മണിച്ചന്റെ ഡയറിയൊക്കെ പുറത്തുവന്നതല്ലേ? എത്ര പേരുടെ പേരായിരുന്നു അതിനകത്ത് ഉണ്ടായിരുന്നത്? ഞാൻ ആ പേര് പറയുന്നില്ല. പക്ഷേ ആ വാർത്ത കേരളം മുഴുവൻ വന്നതല്ലേ? യു.ഡി.എഫ്-ന് വ്യക്തമായ

മദ്യനയമുണ്ട്. ആവശ്യമില്ലാത്ത പുകമറയുണ്ടാക്കി എന്തോ ഇവിടെ നട ക്കുന്നുവെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത് ഇവിടെ ഏശില്ല, തീർച്ച യായും ബഹുമാനപ്പെട്ട മന്ത്രി തന്നെ അതിന് മറുപടി പറയുമെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ഈ ഗവൺമെന്റ് വളരെ സുതാര്യമായി മുന്നോട്ട് പോകുന്നൊരു ഗവൺമെന്റാണ്. ഞങ്ങൾക്ക് ഒളിക്കാനൊന്നുമില്ല. ഞങ്ങ ളുടെകൂടെ എന്തെങ്കിലും പാളിച്ചയുള്ളവരുണ്ടെങ്കിൽ ഞങ്ങളത് തിരുത്തും. ആ കാര്യത്തിൽ ഒരു സംശയം വേണ്ട. തിരുത്തപ്പെടാനുള്ളത് തിരുത്തപ്പെടും. ഇന്ന് ആരൊക്കെയാണ് ഇവിടെ സുവിശേഷം വായിച്ചത്. ഏതായാലും ശ്രീ. മുല്ലക്കര രത്നാകരൻ മത്തായിയുടെ സുവിശേഷം വായിച്ചത് നന്നായി. എന്തുകൊണ്ടെന്നാൽ അങ്ങനെയെങ്കിലും അത് വായിച്ചല്ലോ. അങ്ങ് ഇവിടെ സോവിയറ്റ് യൂണിയന്റെ തകർച്ചയെക്കുറിച്ച് പറഞ്ഞു. എന്തുകൊണ്ട് തകർന്നുവെന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? ഞങ്ങളാരും സോവിയറ്റ് യൂണിയന്റെ തകർച്ചയിൽ ആഹ്ളാദിക്കുന്നവരല്ല. മറിച്ച് സോവിയറ്റ് ബ്ലോക്ക് ഉൾപ്പെടെയുള്ള രാജ്യങ്ങൾ പിന്തുടർന്നുവന്ന സാമ്പത്തിക നയങ്ങളുടെ തകർച്ചയായിരുന്നില്ലേ അത്? ചൈനപോലും ഇപ്പോൾ ആ പാതയിൽ നിന്നും മാറിയില്ലേ? അതുകൊണ്ട് തെറ്റുണ്ടായിരുന്നെങ്കിൽ അത് തിരുത്താനുള്ള ഒരു സമീപനം കൂടി ആലോചിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ഒരി ക്കൽകൂടി കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും സ്പർശിക്കുന്ന, അവരെ സഹായിക്കുന്ന ഒരു ജനകീയ മുഖമുള്ള, സാധാരണക്കാരന്റെ മുഖ മുള്ള ആത്മിയായ ഈ ബഡ്ജറ്റിനെ ഞാൻ സഹർഷം പിന്താങ്ങുന്നു.

ശ്രീ. എളമരം കരീം: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. പുതിയ ബഡ്ജറ്റിലേയ്ക്ക് കടക്കുന്നതിന് മുമ്പ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ്

പുസ്തകമൊന്ന് മറിച്ചുനോക്കി. 350-ലേറെ പദ്ധതികൾ പ്രഖ്യാപിച്ച കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ മഹാഭൂരിപക്ഷം പദ്ധതികളും കടലാസ്സുപണിപോലും ആരംഭിക്കാതെ വെറുതെ ഏട്ടിൽ കിടക്കുകയാണ്. ഇങ്ങനെയാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതെങ്കിൽ കുറേക്കൂടി വാഗ്ദാനങ്ങൾ ശ്രീ. കെ.എം. മാണി സാറിന് ഇതിൽ ചേർക്കാമായിരുന്നു. സ്വപ്നം കാണുകയാണെങ്കിൽ പിന്നെ എന്തിനാണ് കഞ്ഞി കുടിക്കുന്നത്? ഏതെങ്കിലും ഫൈവ് സ്റ്റാർ ഡിന്നർ തന്നെ കഴിച്ചൂകൂടെ; ബിൽ കൊടുക്കണ്ടല്ലോ. ജനക്ഷേമ ആശ്വാസ നടപടി കൾ വഴി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ ഇന്ന് രാജ്യ വ്യാപകമായി അംഗീകാരം ലഭ്യമായിയെന്നത് സമസ്ത കേരളീയർക്കും ആഹ്ളാദം പകരുന്ന കാര്യമാണ് എന്നത് കഴിഞ്ഞ ബഡ്ജറ്റിലെ വാചകമാണ്. ആ ആഹ്ളാദമാണ് ശ്രീ. ആര്യാടൻ മുഹമ്മദും കാസർഗോഡ് മെമ്പറായ ശ്രീ. എൻ.എ. നെല്ലിക്കുന്നും വളരെ ഉച്ചത്തിൽ ഇവിടെ പറഞ്ഞതും അപ്പുറത്തിരി ക്കുന്ന പല മെമ്പർമാരും നിശബ്ദമായി പറഞ്ഞുകൊണ്ടിരിക്കുന്നതും ആ ആഹ്ളാദമാണ്. ഈ ബഡ്ജറ്റിലൂടെ ഇങ്ങനെ കണ്ണോടിച്ചാൽ എല്ലാം പൊള്ളയായ വാഗ്ദാനങ്ങളാണ്. എട്ടാമത്തെ പേജിൽ പറയുന്നത് അതിവേഗ റെയിൽ കോറിഡോർ എന്ന ബൃഹദ്പദ്ധതി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതാണ്. ആ പദ്ധതി എവിടെയെത്തി? അതിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ടോ? എന്നിട്ടല്ലേ ബാക്കിയുള്ള കാര്യം. ഈ ഗവൺമെന്റ് വന്നിട്ട് ഒന്നേമുക്കാൽ കൊല്ലമായി ല്ലേ? 45,000 കോടി രൂപയുടെ പദ്ധതിയാണ് പറഞ്ഞിരിക്കുന്നത്. വിഴിഞ്ഞം ഡീപ്പ് വാട്ടർ ഇന്റർനാഷണൽ കണ്ടെയിനർ & ട്രാൻഷിപ്മെന്റ് ടെർമിനൽ എന്ന പദ്ധതി എവിടെയെത്തി? ഏത് മോഡലിൽ നടപ്പാക്കുമെന്ന് തീരുമാനമാ

യിട്ടുണ്ടോ? ഇപ്പോൾ പ്രൈവറ്റ് പാർട്ട്ണർഷിപ്പിന്റെ ആശയം കേന്ദ്ര പ്ലാനിംഗ് ബോർഡിന് കത്തെഴുതി പുതിയ രൂപത്തിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ചർച്ചകളിലേയ്ക്ക് പോകുകയല്ലേ ഈ ഗവൺമെന്റ് ചെയ്യുന്നത്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ ബാബു): സർ, ഏത് മോഡലെന്ന് പറഞ്ഞു. ഞങ്ങൾ മോഡൽ മാറ്റാൻ തീരുമാനിച്ചിട്ടില്ല. ലാന്റ്ലോർഡ് മോഡലിൽ നടപ്പാക്കാനാണ് തീരുമാനിച്ചത്. ആ മോഡലിൽ തന്നെ തുടരാനാണ് തീരുമാനം എന്നുമാത്രമല്ല മാക്സിമം വി.ജി.എഫ്. കിട്ടാൻ വേണ്ടി ഞങ്ങൾ ശ്രമിക്കുന്നുണ്ട്.

ശ്രീ. എളമരം കരീം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്ലാനിംഗ് ബോർഡിനെഴുതിയ കത്ത് ഈയിടെ പരസ്യപ്പെടുത്തി. ആ കത്തിൽ ഇതുവരെയുള്ള ഗവൺമെന്റിന്റെ നയത്തിൽ നിന്ന് വ്യത്യസ്തമായ ഒരു പുതിയ നയം, ചർച്ചയ്ക്ക് തയ്യാറാണെന്ന് ഗവൺമെന്റ് അറിയിച്ചു കഴിഞ്ഞു. ഇനി അതിന്റെ പുറത്ത് തീരുമാനമാകാതെ എങ്ങനെയാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പദ്ധതി മുന്നോട്ട് പോകുന്നത്? കഴിഞ്ഞ ബഡ്ജറ്റിൽ കേരളത്തിന്റെ നെല്ലറകളായ കുട്ടനാടും പാലക്കാടും രണ്ട് റൈസ് ബയോ പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. നെൽകൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ. ആ പദ്ധതി എവിടെയെത്തി നിൽക്കുകയാണ്? അതിന്റെ പ്രാരംഭനടപടികളെങ്കിലും ആരംഭിക്കാൻ സാധിച്ചോ? ബഡ്ജറ്റിൽ ഒരു പരിപാടി പ്രഖ്യാപിച്ചാൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റാണ് അതിന്റെ പദ്ധതി തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷന് ധനകാര്യവകുപ്പിന്റെ മുന്നിൽ എത്തിക്കേണ്ടത്. തൊട്ടടുത്തിരിക്കുന്ന കൃഷി വകുപ്പുമന്ത്രി ശ്രദ്ധിക്കാതെ പോയതാണെങ്കിൽ ശ്രീ. കെ.എം. മാണിസാർ പറയണം. ഈ പദ്ധതി എന്താണ് നടപ്പാക്കാത്തത്? കേരളത്തിന്റെ നട്ടെല്ലായ കേര കൃഷിയെ സംര

ക്ഷിക്കാൻ നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എവിടെയാണ് ബയോപാർക്കുകൾ സ്ഥാപിച്ചത്? നാളികേരത്തിന് ഇത്രയേറെ വിലയിടിഞ്ഞ ഒരു കാലത്ത് നാളികേര കർഷകരെ സഹായിക്കാൻ എന്താണ് നിങ്ങൾക്ക് സാധിക്കാതിരുന്നത്? തെക്കൻ കേരളത്തിലും മധ്യകേരളത്തിലും വടക്കൻ മേഖലകളിലുമായി മൂന്ന് കോക്കനട്ട് ബയോപാർക്കുകളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. ഒന്നും ആലോചനയിൽ പോലും വന്നില്ലായെന്നതാണ് ഇവിടെയുണ്ടായത്. ഉറവിട മാലിന്യ സംസ്കരണം, കേരളത്തിൽ എവിടെയാണുള്ളത്? തിരുവനന്തപുരം നഗരത്തിലൂടെ അങ്ങ് യാത്ര ചെയ്യുന്നതല്ലേ; ഉറവിടങ്ങളിൽ മാലിന്യം കിടക്കുകയല്ലേ? സംസ്കരണത്തിന് എന്തെങ്കിലും നടപടിയുണ്ടോ? കേരളത്തിൽ എവിടെങ്കിലും അത്തരത്തിലുള്ള ഒരു പദ്ധതി സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ടോ? 17-ാമത്തെ പേജിൽ എല്ലാ ജില്ലകളിലും എയർ-സ്ട്രിപ്പുകൾ. ഏത് ജില്ലയിലാണ് എയർ-സ്ട്രിപ്പുകൾ? ആരംഭിച്ചോ അല്ലെങ്കിൽ തുടക്കം കുറിച്ചോ? ഇടുക്കിയിലും വയനാടിലും വിമാനത്താവളങ്ങൾ. സ്ഥാനാർത്ഥി സാറാമ്മ എന്ന പഴയ സിനിമയിലെ പാട്ട് ഓർമ്മയില്ലേ, അതിൽ നിന്ന് എന്ത് വ്യത്യാസമാണ് ഈ പ്രഖ്യാപനത്തിലുള്ളത്? ഇടുക്കിയിലും വയനാട്ടിലും വിമാനത്താവളങ്ങൾ ഉണ്ടാക്കാനുള്ള പ്രഖ്യാപനത്തിൽ എന്തെങ്കിലും ഒരു പുരോഗതി ഉണ്ടായതായി നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ഓരോ മേഖലയിലും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ ഒരു പൊതു രൂപം ഇന്ന് വ്യത്യസ്തമല്ല. ശ്രീ. ജോസഫ് വാഴക്കൻ പ്രസംഗിച്ചല്ലോ. പൈനാപ്പിൾ മിഷൻ എവിടെപോയി? വാഴക്കുളത്ത് ഉൽപ്പാദിപ്പിക്കുന്ന കൈതച്ചക്കയ്ക്ക് 2009--ൽ 'ഭൂസൂചിക' അല്ല 'ഭൗമസൂചിക' പദവി കിട്ടി. ആരംഭിച്ചത് കടലാസ്സിലാണ്, ബഡ്ജറ്റിലല്ല. എവിടെയും

ആരംഭിച്ചിട്ടില്ല. 'പൈനാപ്പിൾ മിഷൻ' എന്ന പദ്ധതി ഇപ്പോഴും കടലാസ്സിൽ കിടക്കുകയാണ്. പദ്ധതി ഒരു വർഷത്തേയ്ക്കുള്ള ബഡ്ജറ്റായിരുന്നു. പഞ്ചവത്സര പദ്ധതിയല്ല പ്രഖ്യാപിച്ചത്. ഒരു വർഷത്തെ പദ്ധതിയിൽ ഒന്നുപോലും ആരംഭിക്കാൻ സാധിച്ചിട്ടില്ല. മത്സ്യഗ്രാമം പദ്ധതി ഇപ്പോൾ നടപ്പാക്കാൻ പ്രഖ്യാപിച്ചതാണ്. മത്സ്യഗ്രാമം പദ്ധതിയിൽ ഒരു പൈസപോലും ഈ ബഡ്ജറ്റ് ഇയറിൽ ചെലവഴിക്കപ്പെടുന്നില്ല. പശ്ചിമഘട്ട ത്വരിത വികസന പദ്ധതിക്കായി 54 കോടി രൂപ വകയിരുത്തിയതിൽ ഈ വർഷത്തെ ബഡ്ജറ്റിൽ 54 പൈസ ചെലവഴിക്കപ്പെടുമോ?

'പുര' (Providing Urban Facilities in Rural Areas) പദ്ധതി തൃശ്ശൂർ ജില്ലയിലെ തളിക്കുളം പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പഞ്ചായത്തിലും ആരംഭിച്ചുകഴിഞ്ഞു എന്നാണ് പറഞ്ഞത്. അത് നടപ്പാവില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. അത് പ്രായോഗികമല്ലെന്നാണ് ഇംപ്ലിമെന്റിംഗ് ഏജൻസി പറയുന്നത്. പിന്നെ എന്തിനാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്? അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്തായി? ഏതെങ്കിലും ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? വൈദ്യുതി മേഖല - വൈദ്യുതി മേഖലയുടെ പ്രതിസന്ധിയെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. 50 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്ന 5 ചെറുകിട പദ്ധതികൾ ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ചിരുന്നു. എവിടെയാണ് അത് ആരംഭിക്കുന്നത്? അതിനെക്കുറിച്ച് ആലോചനപോലും ഇതുവരെ നടന്നിട്ടില്ല.

ശ്രീ. എ.കെ. ബാലൻ: സർ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 60 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി പ്രഖ്യാപിച്ചിട്ടുണ്ട്. 8 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 60 മെഗാവാട്ടിന് 600 കോടി രൂപ വേണം. അതിനാണ് 8 കോടി രൂപ വകയിരുത്തിയത്. ഈ വർഷം റഗുലേറ്ററി കമ്മീഷന് കെ.എസ്.ഇ.ബി കൊടുത്തത് 1,600 കോടി രൂപയുടെ റവന്യൂ കമ്മിയാണ്. പത്ത് പൈസ സബ്സിഡി കൊടുക്കുമെന്ന് ഇതിൽ പറഞ്ഞിട്ടില്ല. ഏത് വ്യവസായമാണ് ഇവിടെ വരുന്നത്? താങ്കൾ മുമ്പ് വ്യവസായ വകുപ്പുമന്ത്രി ആയിരുന്നല്ലോ; എങ്ങനെയെങ്കിലും ഇവിടെ വ്യവസായം വരുമെന്ന് കരുതുന്നുണ്ടോ?

ശ്രീ. എളമരം കരീം: സർ, വൈദ്യുതിയുടെ ക്ഷാമം ഏറ്റവും കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇവിടെ അടിയന്തരമായി വൈദ്യുതി ഉൽപ്പാദന പദ്ധതികൾ വേണം. എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ചീമേനി വൈദ്യുത പദ്ധതിക്കുവേണ്ടി ഒരു ജോയിന്റ് വെഞ്ച്വർ കമ്പനിയുണ്ടാക്കി പ്രോജക്ട് തയ്യാറാക്കി പരിസ്ഥിതി ക്ലിയറൻസിനുവേണ്ടി അയച്ചിരുന്നു. അതിന്റെ നടപടികൾ ഒരിഞ്ച് മുന്നോട്ട് പോയോ? ഇപ്പോൾ പെറ്റ്കോക്ക് വൈദ്യുത പദ്ധതിയെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ട്. ഈ വൈദ്യുത പദ്ധതി എന്ന് യാഥാർത്ഥ്യമാകും? ഒരു യൂണിറ്റ് വൈദ്യുതിയെങ്കിലും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വിധത്തിൽ എന്ത് പദ്ധതിയാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്? സൗരോർജ്ജ പദ്ധതി, സൗരഗൃഹ പദ്ധതി ഇവ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അതിന്റെ കടലാസ് പണികൾപോലും ചെയ്തിട്ടില്ല. ഇവയൊക്കെ വളരെ സുന്ദരമായ വാഗ്ദാനങ്ങളാണ്. ബഹുമാനപ്പെട്ട എ.കെ. ബാലൻ ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. വൈദ്യുതി ക്ഷാമമുള്ള ഈ സംസ്ഥാനത്ത് ആരാണ് നിക്ഷേപിക്കാൻ വരുന്നത്? എമർജിംഗ്

കേരള സംരംഭത്തോട് ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ ആരാണ് ഇവിടെ നിക്ഷേപിക്കുന്നത്? അൺഇന്ററപ്റ്റഡ് പവർ സപ്ലൈ ഇല്ലാതെ ഐ.റ്റി പദ്ധതി വരുമോ; ഏത് വ്യവസായിയാണ് വരുന്നത്?. സമ്മേളനത്തിൽ പങ്കെടുക്കാൻ പ്രതിനിധികൾ വരികയും അവർ ആവേശപൂർവം ചർച്ച നടത്തുകയും ചെയ്തു. പക്ഷേ പദ്ധതികൾ മുന്നോട്ട് വച്ചാൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ഗവൺമെന്റിന് കഴിയില്ലെങ്കിൽ ഏത് പദ്ധതി കേരളത്തിൽ സ്ഥാപിക്കപ്പെടും; ആർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും; എങ്ങനെയാണ് തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുന്നത്? ഇവിടെ നാഷണൽ മാനുഫാക്ച്ചറിംഗ് പോളിസി നടപ്പാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുമെന്ന് പറഞ്ഞു. അതിന് ആരായിരുന്നു തടസ്സം? നിങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചോ? കൊച്ചി-കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോറെന്ന് പറയപ്പെടുന്ന പ്രദേശത്ത് ആ പദ്ധതിയുടെ രൂപരേഖ തയ്യാറായോ; അതിനുവേണ്ടി സ്ഥലമെടുക്കുകയോ നോഡൽ ഓഫീസറെ നിയമിക്കുകയോ ചെയ്തോ; എന്തെങ്കിലും ഒരാലോചന ഇതിനുവേണ്ടി നടത്തിയിട്ടുണ്ടോ? എന്തിനാണ് ഇങ്ങനെ പദ്ധതികൾ പ്രഖ്യാപിക്കുന്നത്? ആമ്പല്ലൂരിൽ ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് പാർക്ക് സ്ഥാപിക്കുന്നതിന്റെ നടപടികൾ ഏതുവരെയായി? പിറവം തെരഞ്ഞെടുപ്പ് കാലത്ത് ഏറ്റവും വലിയ പ്രചരണം നടത്തിയതല്ലേ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അവിടെ സ്ഥലമെടുക്കാൻ തീരുമാനിച്ചത്. നിങ്ങൾ അതിന്റെ പിതൃത്വം ഏറ്റെടുത്തു. ആ തെരഞ്ഞെടുപ്പിനുശേഷം അതിനുവേണ്ടി എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുമെന്ന് പറഞ്ഞിട്ട് എന്തായി? ഈ ബഡ്ജറ്റിലും ഇതിനെക്കുറിച്ച് പറഞ്ഞി

ട്ടുണ്ട്. റോഡിലൂടെ വരാൻ ഭയമുള്ളതുകൊണ്ട് കോഴിക്കോടുനിന്ന് തിരുവന ന്തപുരത്തേക്ക് സീപ്ലെയിനിലൂടെ വരാൻ ഞാൻ കാത്തിരിക്കുകയാണ്. ഇതെല്ലാം സ്വപ്നപദ്ധതികളാണ്. ഈ ജന്മത്ത് ഇതൊന്നും സാധ്യമല്ല.

മി. സ്പീക്കർ: ഇങ്ങനെ അറുത്തുമുറിച്ച് പറയരുത്.

ശ്രീ. എളമരം കരീം: കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞത് ഈ ബഡ്ജറ്റിലും ആവർത്തിച്ചിരിക്കുന്നു. ബഹുനില വ്യവസായ എസ്റ്റേറ്റുകൾ എവിടെയാണ് സ്ഥാപിച്ചത്; ഏതെങ്കിലുമൊരു സ്ഥലം ചൂണ്ടിക്കാണിക്കാമോ? ആശയം നല്ല താണ്. കളമശ്ശേരിയിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച......

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അങ്ങ് പറയുന്ന പദ്ധതികളെല്ലാം വിവിധ സ്റ്റേജി ലാണ്. പാലക്കാട് കോറിഡോറിന്റെ ലാന്റ് അക്വിസിഷൻ ആരംഭിച്ചുകഴിഞ്ഞു. അത്രയല്ലേ ഒരു വർഷത്തിനുള്ളിൽ സാധിക്കുകയുള്ളൂ. അതുപോലെ സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന്റെ നടപടികൾ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. അത് ആരംഭിക്കുന്ന ഡേറ്റ് വരെ പറഞ്ഞിട്ടുണ്ട്. ആമ്പല്ലൂർ പാർക്കിന്റെ അക്വിസിഷൻ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ബഹുനില വ്യവസായ എസ്റ്റേറ്റ്, തൃശ്ശൂർ വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ഇതൊക്കെ നോക്കാതെ പറയുന്നത് ശരിയല്ല.

ശ്രീ. എളമരം കരീം: സർ, 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപി ച്ചിട്ടുള്ള പദ്ധതികളെല്ലാം ഏട്ടിലെ പശുപോലെ കിടക്കുകയാണ്. സീപ്ലെയിൻ ഇല്ല, ബഹുനില ഇൻഡസ്ട്രിയൽ പാർക്കില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജ റ്റിലെ 176-ാം പോയിന്റ് - കേരളത്തിന്റെ തീവ്ര വ്യവസായ വികസനം ലക്ഷ്യ മാക്കിക്കൊണ്ട് നാല് വ്യവസായ വികസന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി. തുറമു

ഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സീ-പോർട്ട്-എയർപോർട്ട് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇത് കോഴിക്കോടായിരുന്നു. ഇക്കാര്യത്തിൽ വലിയ സന്തോഷമുണ്ടായിരുന്നു. കരിപ്പൂർ-ബേപ്പൂർ, കണ്ണൂരിലെ മട്ടന്നൂർ-അഴീക്കൽ, തിരുവനന്തപുരത്തെ വിഴിഞ്ഞം-ശംഖുമുഖം തുടങ്ങിയ വ്യവസായ വികസന കേന്ദ്രങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. ഈ പദ്ധതി എവിടെവരെയായി? എങ്ങനെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്? ഇങ്ങനെ പദ്ധതികൾ പ്രഖ്യാപിച്ച് നാടുമുഴുവൻ വാഗ്ദാനങ്ങളുടെ പെരുമഴ നടത്തിയാൽ എങ്ങനെയാണ് ഇവയെല്ലാം നടപ്പാക്കുന്നത്? കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഭക്ഷ്യസംസ്കരണ മിഷൻ ആരംഭിച്ചോ? ഭക്ഷ്യസംസ്കരണ വ്യവസായം കേരളത്തിന് ഏറ്റവും അനുയോജ്യമാണ്, കാർഷികമേഖലയ്ക്ക് വലിയ താങ്ങാണ് എന്നെല്ലാം പറഞ്ഞെങ്കിലും അത് നിങ്ങൾ ആരംഭിച്ചോ? ആദ്യത്തെ ഐ.ടി. ബിൽഡിംഗ്, കോഴിക്കോട് സൈബർ പാർക്ക് ഒരുവർഷം കൊണ്ട് പൂർത്തീകരിക്കുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നത്, അതിന്റെ നിർമ്മാണംപോലും ആരംഭിച്ചിട്ടില്ല. തുറമുഖ വികസന പദ്ധതികൾ ഇന്നും പ്രവൃത്തി ആരംഭിക്കുന്ന നിലയിലേക്ക് എത്തിയിട്ടില്ല. മലയോര മേഖലയിലെ വികസനത്തിനുവേണ്ടി സ്ഥാപിക്കുമെന്ന് പറഞ്ഞ ഈസ്റ്റേൺ കോറിഡോർ ഇക്കോ സർക്യൂട്ട് പദ്ധതി എവിടെവരെയായി? കടലാസിൽപോലും പണി നടന്നിട്ടില്ല. വിദ്യാഭ്യാസ മേഖല - അക്കാഡമിക് സിറ്റിയും നോളഡ്ജ് സിറ്റിയും എവിടെയാണ് സ്ഥാപിച്ചത്? ഒന്നുപോലും സ്ഥാപിച്ചിട്ടില്ല. സാങ്കേതിക സർവകലാശാല തിരുവനന്തപുരത്ത് സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. സാങ്കേതിക സർവകലാശാല സ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്? നിങ്ങൾ കഴിഞ്ഞ ബഡ്ജറ്റിൽ വളരെ ആവേശക

രമായി പറഞ്ഞ പദ്ധതിയാണ് സ്വയംസംരഭക വികസന മിഷൻ. യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ. പി. സി. വിഷ്ണുനാഥുൾപ്പെടെയുള്ളവർ അതിനെ ആവേശകരമായി പിന്തുണയ്ക്കുന്നത് കേട്ടു. ആരൊക്കെയാണ് സ്വയംസംരംഭക വികസന മിഷനിൽനിന്ന് ലോണെടുത്ത് സംരംഭം ആരംഭിച്ചത്; എത്ര പേർക്ക് തൊഴിൽ കൊടുക്കുമെന്നായിരുന്നു വാഗ്ദാനം? നമ്മൾ ഇന്ന് നൽകുന്ന വായ്പയുടെ അടിസ്ഥാനത്തിൽ, ഈ വൈദ്യുതി ക്ഷാമത്തിന്റെ കാലത്ത് ആദായകരമായി നടത്താവുന്ന സംരംഭങ്ങൾ എന്തൊക്കെയാണ്? അതിന്റെ പ്രോജക്ടുകൾ നമ്മുടെ കൈയിലുണ്ടോ? ഈ ആകർഷണീയത കണ്ട് രംഗത്ത് വരുന്നവരെ പ്രതിസന്ധിയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്ന പദ്ധതികളെന്നല്ലാതെ ഇതിനെ തൊഴിൽ സംരംഭക പദ്ധതി എന്ന് പറയാൻ സാധിക്കുമോ? 2000 പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്നായിരുന്നു മറ്റൊരു വാഗ്ദാനമെങ്കിലും അത് നടന്നില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 93-ാമത്തെ പേജിൽ 354-ാം പോയിന്റായി സിവിൽ സപ്ലൈസ് വകുപ്പ് തലശ്ശേരി, കൊല്ലം, ചവറ, തിരുവല്ല എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. ഏതെങ്കിലുമൊരു സ്ഥലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹൈപ്പർ മാർക്കറ്റ് ആരംഭിച്ചോ? ഞാൻ ബഹുമാനപ്പെട്ട കൊല്ലം മെമ്പറോട് ചോദിച്ചു. അവിടെ ആരംഭിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഒരു സ്ഥലത്തും ആരംഭിച്ചിട്ടില്ല. അതുപോലെ ന്യൂ ഡൽഹി, നവി മുംബൈ എന്നിവിടങ്ങളിലെ കേരളാ ഹൗസിൽ പ്രീമിയം വിൽപ്പനശാലകൾ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. മാത്രമല്ല, മാണിസാറിന്റെ സ്വപ്നം ചിറകുവിരിച്ചു - സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്നും കഴിഞ്ഞ ബഡ്ജ

റ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇവിടെ വിലകുറച്ച് വിൽക്കുന്നത് പോരാഞ്ഞിട്ടാണോ ഗൾഫിലേയ്ക്ക് വ്യാപിപ്പിക്കുന്നത്? ഇങ്ങനെയുള്ള ഈ പുസ്തകം വായിച്ചാൽ അങ്ങയുടെ ഇന്നത്തെ ബഡ്ജറ്റിനും ഇതേ ഗതി തന്നെയാണെന്ന് ആളുകൾക്ക് മനസ്സിലാക്കാൻ യാതൊരു പ്രയാസവും ഉണ്ടാകില്ല. അതുകൊണ്ട് ഈ ബഡ്ജറ്റിനെക്കുറിച്ച് അധികം പറയേണ്ട കാര്യമില്ല. സാമ്പത്തിക വളർച്ചയുടെ തോത് 9.5 ശതമാനം ഉയർന്നതാണ് അങ്ങ് ഏറ്റവും വലിയ നേട്ടമായി പറയുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പ്രോജക്ട് പ്രഖ്യാപിച്ചാൽ ആ വർഷത്തിൽത്തന്നെ അതിന്റെ പ്രൊഡക്ഷൻ ആരംഭിക്കണമെന്നുപറഞ്ഞാൽ സാധിക്കുമേ? അതിന്റെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

ശ്രീ. എളമരം കരീം: സർ, ശ്രീ. കെ. എം. മാണി പറഞ്ഞ ആ പോയിന്റിനോട് ഞാൻ യോജിക്കുന്നു, അത് ശരിയാണ്. പക്ഷേ, ഒരു കൊല്ലത്തിനുള്ളിൽ അതിന്റെ കടലാസ്സ് പണിയെങ്കിലും ആരംഭിക്കണ്ടേ? അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് പ്രോജക്ട് തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനുവേണ്ടി ധനകാര്യവകുപ്പിന് നൽകണ്ടേ? നിങ്ങൾ തയ്യാറാക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി അതെങ്കിലുമൊന്ന് പരിശോധിച്ച് ഈ നിയമസഭയിൽ റിപ്പോർട്ട് വയ്ക്കുമോ; ഏതിനെല്ലാം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നെങ്കിലും പറയണ്ടേ? 9.5% ശതമാനം വളർച്ചാ നിരക്ക് - വളർച്ചയെന്നുപറയുന്നതും വികസനമെന്നുപറയുന്നതും രണ്ടാണ്. വളർച്ചയുടെ സ്ഥിതിയെന്താണ്? ഇത് സസ്റ്റെയിനബിൾ

അല്ല. ഇവിടെ പ്രൈമറി സെക്ടറിലും സെക്കൻഡറി സെക്ടറിലും വളർച്ച മൈനസ് ആണ്. ഉണ്ടായ വളർച്ച ടെർഷ്യറി സെക്ടറിലാണ്. അത് യാദൃശ്ചികവും നൈമിഷികവുമാണ്. ഇവിടത്തെ മഹാഭൂരിപക്ഷം ജന ങ്ങൾക്കും ഈ വളർച്ചയുടെ ഗുണം കിട്ടുന്നില്ല. കഴിഞ്ഞ 8 വർഷക്കാലം രാജ്യത്തിന്റെ ജി.ഡി.പി. ഗ്രോത്ത് ലോകത്തിലെ ഏറ്റവും വലിയ വളർച്ചാ നിരക്കായ 8% ആയിരുന്നില്ലേ? എന്നിട്ടും എന്തുകൊണ്ടാണ് ഇൻഡ്യയിലെ ജനങ്ങളുടെ ജീവിതനിലവാരത്തിൽ ആ വളർച്ചയുടെ പ്രതിഫലനം കാണാ ത്തത്? വളർച്ചയുടെ ഭാഗമായി ഉണ്ടായ സമ്പത്ത് മഹാഭൂരിപക്ഷവും ഒരു പിടി കുത്തകകളുടെ കൈകളിലേയ്ക്ക് പോയി എന്നത് എല്ലാവരും അംഗീക രിക്കുന്ന കാര്യമല്ലേ. വളർച്ചയല്ല, വികസനമാണ് പ്രശ്നം. സസ്റ്റെയിനബിൾ ഗ്രോത്ത് സംസ്ഥാനത്തുണ്ടാവുന്നില്ല എന്നുള്ളത് സമ്മതിച്ചുകൊണ്ടുള്ള ഒരു അപ്രോച്ച് ഈ ബഡ്ജറ്റിൽ വേണ്ടതായിരുന്നു. ഇവിടെ ധനക്കമ്മിയെക്കുറിച്ച് വലിയ വിവാദം വന്നു - മാർക്കറ്റിലെ പണം സർക്കാർ വായ്പയെടുത്ത് ചെലവഴിക്കുന്നതിനേക്കാൾ നല്ലത് മാർക്കറ്റ് ഫോഴ്സസ്തന്നെ അത് ചെലവഴി ച്ചാൽ പോരേ? അതൊരു കാഴ്ചപ്പാടാണ്. അതുപോരാ. സ്വകാര്യ വ്യക്തി കൾ അങ്ങനെ നിക്ഷേപം നടത്തിയാൽ അതിൽനിന്ന് ജനറേറ്റ് ചെയ്യുന്ന റവന്യൂ ലാഭം അവരുടെ കൈകളിലേയ്ക്കാണ് പോകുന്നത്. ഗവൺമെന്റ് അതെടുത്ത് നിക്ഷേപം നടത്തിയാൽ അതുവഴിയുണ്ടാകുന്ന വരുമാനം സമൂഹത്തിന് പൊതുവിൽ ചെലവഴിക്കാം. അതുകൊണ്ടാണ് ഗവൺമെന്റ് എക്സ്പെൻഡിച്ചർ വർദ്ധിപ്പിക്കണമെന്ന് പറയുന്നത്. ഗവൺമെന്റിന്റെ ചെല വഴിക്കാനുള്ള ശേഷി കുറച്ച് സ്വകാര്യ മൂലധനനിക്ഷേപത്തെ എല്ലാ രംഗത്തും പ്രോത്സാഹിപ്പിക്കുന്ന വേൾഡ് ബാങ്കിന്റേയും ഐ.എം.എഫ്.-

ന്റേയും നയമാണ് കടം കുറച്ചുകൊണ്ടുവരികയെന്ന സിദ്ധാന്തത്തിന്റെ പുറകിലുള്ളത്. അതുതന്നെയാണ് ശ്രീ. കെ. എം. മാണിയുടെ സിദ്ധാന്തവും. അത് ഒരു നയപരമായ പ്രശ്നമാണ് എന്ന് നിങ്ങൾ കാണേണ്ടതുണ്ട്. കാർഷിക മേഖലയ്ക്ക് വലിയ ഊന്നൽ നൽകുന്നുവെന്ന് ശ്രീ. കെ.എം. മാണി അവകാശപ്പെട്ടില്ലേ; ഒരു ഉദാഹരണം ഞാൻ ചോദിക്കാം. കേരളത്തിലെ നാളികേര കൃഷി - 700 കോടി നാളികേരമാണ് ഒരുവർഷം ഉല്പാദിപ്പിക്കുന്നത്. ഒരു നാളികേരത്തിന് ശരാശരി 7 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 5 രൂപയുടെ കുറവ് കണക്കാക്കിയാൽത്തന്നെ 3500 കോടി രൂപയുടെ നഷ്ടം അല്ലെങ്കിൽ വരുമാനക്കുറവ് കേരളത്തിലെ കൃഷിക്കാർക്കുണ്ടാകുമ്പോൾ നിങ്ങൾ പരിഹാരമായി പറഞ്ഞത് പച്ചത്തേങ്ങ സംഭരണത്തിന് 50 കോടി രൂപ നൽകുമെന്നാണ്. 3,500 കോടി രൂപയുടെ നഷ്ടം നികത്താൻ 50 കോടി രൂപ! ഇത് എങ്ങനെയാണ് കാർഷികമേഖലയ്ക്ക് ഉത്തേജനമാകുന്നത്; ചെറുകിട വായ്പയ്ക്ക് പലിശ സബ്സിഡി കൊടുക്കുന്നതുപോലുള്ള ചൊട്ടുവിദ്യകൾകൊണ്ട് പരിഹരിക്കുന്നാവുന്നതാണോ ഇന്നത്തെ കാർഷിക പ്രതിസന്ധി? യഥാർത്ഥ പ്രശ്നങ്ങൾ കാണാതെ ഇങ്ങനെ പുറമെ മരുന്ന് തേച്ചതുകൊണ്ട് ഇന്നത്തെ സമ്പദ്ഘടനയുടെ രോഗത്തിന് പരിഹാരമുണ്ടാവുകയില്ല. രാസവളത്തിന്റെ വിലവർദ്ധനവ് എല്ലാ കൃഷിക്കാരേയും ബാധിക്കുന്നതാണ്. എന്താണ് നമുക്ക് പ്രതിവിധി നിർദ്ദേശിക്കാനുള്ളത്? കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെകൂടി ഭാഗമാണ്. വ്യവസായ മേഖലയിൽ പൊതുമേഖലയ്ക്ക് 80 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. പൊതുമേഖല ഗൗരവമായ പ്രതിസന്ധിയെ നേരിടുകയാണ്. അതിലൊരു പ്രശ്നം വൈദ്യുതിയുടെ കമ്മിയും നിരക്ക് വർദ്ധനയുമാണ്. അതുമൂലമുണ്ടാകുന്ന നഷ്ടമോ അല്ലെ

ങ്കിൽ പ്രതിസന്ധിയോ ഉൽപ്പാദനക്കുറവോ നേരിടത്തക്ക നിലയിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സമഗ്രമായ പാക്കേജ് ഈ ബഡ്ജറ്റിലുണ്ടോ? ഈ കിട്ടിയ തുകകൊണ്ട് എന്തുചെയ്യാൻ പറ്റും? വലിയ പ്രതിസന്ധിയിലായിരിക്കുകയാണ് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്നത് പരമ്പരാഗത വ്യവസായങ്ങളിലാണ്. കഴിഞ്ഞ വർഷങ്ങളിലൊക്കെ അനുവദിച്ചതുപോലുള്ള തുക മാത്രമാണ് പരമ്പരാഗത മേഖലയ്ക്ക് അനുവദിച്ചത്. അതിനെ സമഗ്രമായി പുനരുദ്ധരിക്കുന്ന പാക്കേജില്ല. കശുവണ്ടി, കയർ, കൈത്തറി, മത്സ്യബന്ധനം എന്നീ പരമ്പരാഗത മേഖലകളിലെല്ലാംകൂടി 15 ലക്ഷത്തിലധികം തൊഴിലാളികൾ ഉപജീവനം കഴിക്കുന്നുണ്ട്. ആ മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. കഴിഞ്ഞ വർഷവും അതിനുമുമ്പത്തെ വർഷവുമൊക്കെ കൊടുത്ത 70 കോടി രൂപയും 100 കോടി രൂപയുമൊക്കെ ഒരു ഫിനാൻസിംഗ് മാത്രമാണ്, അതൊരിക്കലും പുനരുദ്ധാരണമല്ല. അങ്ങനെയൊരു കാഴ്പ്പാടു പോലും ഈ ബഡ്ജറ്റിലുണ്ടായില്ല എന്നത് വളരെയേറെ ദുഃഖകരമാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞതാണ്. എങ്കിലും ശ്രീ. കെ. എം. മാണിയുടെ അവതരണത്തിൽ ഒരു ഭംഗിയുണ്ടായിരുന്നു. പുതിയ ബസ്സ് വാങ്ങാനും അതുപോലുള്ള മൂലധനച്ചെലവുകൾക്കും വേണ്ടി 238 കോടി രൂപ. എത്ര 500 ബസ്സാണ് വാങ്ങുന്നത്. എൽ.ഡി.എഫ് ഭരണകാലത്ത് അവസാനത്തെ 3 വർഷം 1000 ബസ്സുകൾ വീതമാണ് റോഡിലിറക്കിയത്. സൂപ്പർ ഫാസ്റ്റ് ഡീലക്സ് ബസ്സുകൾ 4 വർഷം കഴിയുമ്പോൾ

റീപ്ലേസ് ചെയ്യണം. ഇല്ലെങ്കിൽ റോഡിലത് മുടങ്ങിക്കിടക്കും. സ്വകാര്യ ബസ്സുകൾ ഹൈടെക് ബസ്സുകളാണ്. അവയോട് മത്സരിച്ച് ഓടാൻ കഴിയില്ല. അപ്പോൾ ദീർഘദൂര ബസ്സുകൾ റീപ്ലേസ് ചെയ്യപ്പെടുന്നത് ഓർഡിനറിയാക്കി മാറ്റണം. അതിനുള്ള മൂലധന ചെലവ് ഉണ്ടോ? ഇപ്പോൾ ഡീസൽ പ്രതിസ ന്ധിയും മറ്റ് പ്രശ്നങ്ങളാലും വന്ന പ്രയാസങ്ങൾ നേരിടാൻ എത്ര തുകയാണ് അനുവദിച്ചത്? ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യവ കുപ്പുമന്ത്രി വളരെ നാടകീയമായിട്ട് അവതരിപ്പിച്ചു. '*കെ.എസ്.ആർ.ടി.സി.യെ സഹായിക്കാൻ...*' ഒന്നു നിറുത്തിയതിനുശേഷം.. '*കെ.എസ്.ആർ.ടി.സി. യെ സഹായിക്കാൻ.... 100 കോടി രൂപ* ' - നല്ല അവതരണമായിരുന്നു. മുൻനിര യിൽനിന്ന് ഉടൻ പ്രതികരണം വന്നു. അദ്ദേഹം പ്രതികരിച്ചതിന് അദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷൻ കൈകാര്യം ചെയ്യുന്നത് കേരളത്തിലെ പാസ്സഞ്ചർ ട്രാൻസ്പോർട്ടിന്റെ 27 ശതമാനമാണ്. 46 ലക്ഷം യാത്രക്കാർ ദിവസേന യാത്രചെയ്യുന്നു. 40000 ജീവനക്കാരും 35000 പെൻഷനേഴ്സുമുണ്ട്, അവർ ഒന്നിച്ച് ആത്മഹത്യ ചെയ്യും. ഈ ഗവൺമെന്റ് അതിനെ സംരക്ഷിക്കാനുള്ള സമഗ്രമായ പാക്കേജ് ഉണ്ടാക്കണം. അത് നഷ്ടമൊന്നുമല്ല. ഈ നാട്ടിലെ ജനങ്ങളുടെ യാത്രയെന്ന പ്രശ്നം കൈകാര്യം ചെയ്യാൻ ഗവൺമെന്റ് ചെലവഴിക്കുന്ന പണമാണ്, അതുകൊണ്ട് അതൊരിക്കലും നഷ്ടമല്ല. അതുപോലെ വൈദ്യുതി മേഖലയ്ക്ക് ഇനിയും പണം അനുവദിക്കണം. വൈദ്യുതി മേഖലയ്ക്ക് ശ്രീ. എ.കെ. ബാലൻ പറഞ്ഞതുപോലെ സർക്കാർ നൽകേണ്ട വിഹിതംപോലും കൊടുത്തിട്ടില്ല. അത് കൊടുക്കുന്നില്ലെങ്കിൽ കേരളത്തിലെ എല്ലാ വികസനവും മുരടിച്ചുപോ കും. രണ്ട് കാര്യങ്ങൾകൂടി ഞാൻ പറയാം. ഒന്ന് നേരത്തെ ഇവിടെ സൂചിപ്പി

ച്ചതാണ് ഈ ആയുർവ്വേദ മരുന്നുകളുടെ ഒരു പിൽക്കാല പ്രാബല്യത്തിന്റെ പ്രശ്നം സംബന്ധിച്ച് അങ്ങേയ്ക്ക് നിവേദനം തന്നിട്ടുണ്ട്. അത് ന്യായമായ പരിഹാരം കാണേണ്ട ഒരു പ്രശ്നമാണെന്നെനിക്കുതോന്നുന്നു. ഇതുപോലെ സംസ്ഥാനത്തിന്റെ ക്ഷേമപെൻഷൻ പദ്ധതികൾ വർദ്ധിപ്പിച്ചതിൽ പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമപെൻഷനുകളിലൊന്നും ഒരു മാറ്റവും ഉണ്ടായിട്ടില്ല. എല്ലാ മെമ്പർമാരും പറഞ്ഞുകഴിഞ്ഞു. അംഗൻവാടി ജീവനക്കാർക്ക് 400 രൂപയുടെ വേതന വർദ്ധനവാണ് നൽകിയത്. അവർ ഗവൺമെന്റ് പറയുന്ന മുഴുവൻ ജോലിയും ചെയ്യുന്ന ഒരു വിഭാഗമാണ്. അവർക്ക് ചുരുങ്ങിയത് 1,000 രൂപയെങ്കിലും വർദ്ധിപ്പിച്ചുകൊടുക്കണം. അവരുടെ പെൻഷനിലും കാലോചിതമായ മാറ്റം കൊടുക്കേണ്ടതാണ്. ആശാവർക്കേഴ്സിന് 100 രൂപ വർദ്ധിപ്പിച്ചു. കഴിഞ്ഞ വർഷം 600 രൂപയായി വർദ്ധിപ്പിച്ചിരുന്നെങ്കിലും ആ തുക കൊടുത്തിട്ടില്ല. ഇപ്പോഴത് 700 രൂപയാക്കുമെന്നാണ് പറയുന്നത്. കഴിഞ്ഞവർഷം പ്രഖ്യാപിച്ചതും ഈ വർഷം പ്രഖ്യാപിച്ചതും കൊടുക്കണം. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നവർക്ക് കഴിഞ്ഞ ബഡ്ജറ്റിൽ അവർക്ക് 50 രൂപ വർദ്ധിപ്പിച്ചു, ഈ ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. കുറേ ജീവകാരുണ്യം പ്രഖ്യാപിച്ചുവെന്നാണല്ലോ പറയുന്നത്. ഇങ്ങനെയുള്ള ദരിദ്രരെ ഗൗരവമായി കണക്കിലെടുക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. കെ. ബാബു)

<u>**വ്യക്തിപരമായ വിശദീകരണം**</u>

<u>മി. സ്പീക്കർ</u>: ശ്രീ. കെ. ബാബു, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ...... (ബഹളം) ......................

മി. സ്പീക്കർ: നിങ്ങൾ ഇങ്ങനെ ബഹളമുണ്ടാക്കേണ്ട കാര്യമില്ല. ഒരു മന്ത്രിക്കോ മെമ്പറിനോ എതിരെ അലിഗേഷൻ ഉണ്ടായാൽ അന്നുതന്നെ മറുപടി പറയാമെന്ന് ഇവിടെ കീഴ്വഴക്കമുണ്ട്. ശക്ധർ & കൗളിന്റെ Practice & Procedure of Parliament-ൽ ഇത് വളരെ ക്ലിയറായി പറയുന്നുണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണനേയും ബേബി ജോണിനേയും ബന്ധപ്പെട്ടുള്ള റൂളിംഗ് ഉണ്ട്. നിങ്ങൾ ഇവിടെ പ്രശ്നമുണ്ടാക്കുമെന്ന് അറിഞ്ഞുകൊണ്ട് ഇതെല്ലാം ഞാനെടുത്ത് വച്ചിട്ടുണ്ട്. അത് ഞാൻ വായിക്കാം. ശക്ധർ ആന്റ് കൗളിൽ - “When an allegation is made against a Minister or member, it is for that Minister or member to take any course of action to refute the allegation. A Minister may be permitted to refute then and there allegations made against him in his capacity as a Minister without being required to furnish written text of the statement to be made by him. So, Shri.Baby John is allowed to refute the allegations now or afterwards.” അതുകൊണ്ട് ഇവിടെ കീഴ്വഴക്കമുണ്ട്. ഇക്കാര്യം വളരെ വ്യക്തമായി ശക്ധർ & കൗളിന്റെ Practice & Procedure of Parliament എന്ന പുസ്തകത്തിലെ 964-ാം പേജിൽ ആദ്യത്തെ ഖണ്ഡികയിൽ പറയുന്നുണ്ട് അതുകൊണ്ട് ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് സംസാരിക്കാം.

(ശ്രീ. കെ. ബാബു)